1086

കലാകൗമുദി

ജൂലൈ 7, 1996

വില: 7 രൂപ

മുഖക്കുറിപ്പ്
5
സ്വന്തം തറവാടിന്റെ അഭിമാനം
രാഷ്ട്രീയ ലേഖകൻ

ലേഖനം
6
1969 ന്റെ പ്രാധാന്യം
ശ്രീ. എം.പി. നാരായണപിള്ള

43
ഇങ്ങനെയും ഒരു മനുഷ്യൻ
ശ്രീ. കൊളാടി ഗോവിന്ദൻകുട്ടി

48
നൈമിഷികാവതാരങ്ങളുടെ ദർശനസമൃദ്ധി
ശ്രീ. വി.എം. വിനയകുമാർ

61
അവളുടെ വിധി
ശ്രീ. ഇ.വി.ശ്രീധരൻ

റിപ്പോർട്ട്
24
രഹസ്യക്കരാർ തുറക്കുന്നു
ശ്രീ. കള്ളിക്കാട് രാമചന്ദ്രൻ

59
പാമോയിലിനും
യൂറിയയ്ക്കുമപ്പുറം
ശ്രീ. വിജു വി. നായർ

കഥ
27
മുട്ടത്തുവർക്കി - ഒരു സമാന പഠനം
ശ്രീ. ഉണ്ണി ബാലകൃഷ്ണൻ

36
വിധി ന്യായങ്ങൾ ഇല്ലാതെ
ശ്രീ. വിജയൻ എസ്. കല്ലുനാട്

കവിത
31
ഗ്രാമത്തിലെ ദേവാലയം
ശ്രീ. എസ്. ജോസഫ്

41
യാത്ര
ശ്രീ. ഗിരീഷ് പുലിയൂർ



ആരു രക്ഷിക്കും?

ശ്രീ. എം.ബി. സന്തോഷ്

സാഹിത്യ പ്രവർത്തക സഹകരണ സംഘം ലിക്വിഡേഷനിലേയ്ക്കാണോ? മലയാള സാഹിത്യകാരന്മാരുടെ ആലയമായ സംഘം നേരിടുന്ന പ്രശ്നങ്ങളും അവ പരിഹരിക്കാനുള്ള മാർഗ്ഗങ്ങളും കേരളത്തിലെ പ്രമുഖ സാഹിത്യകാരന്മാർ ചർച്ചചെയ്യുന്നു.

ചർച്ചയിൽ പങ്കെടുക്കുന്നവർ

സർവ്വശ്രീ തകഴി ശിവശങ്കരപ്പിള്ള, മാധവിക്കുട്ടി, ഡി.സി. കിഴക്കേമുറി, ടി. പത്മനാഭൻ, പി. വത്സല, കെ. ആനന്ദക്കുട്ടൻ, ഒ.എൻ.വി. കുറുപ്പ്, കെ. സുരേന്ദ്രൻ, എസ്. ഗുപ്തൻ നായർ, ഒളപ്പമണ്ണ, അക്കിത്തം, ഇ. വാസു, ജി.എൻ. പണിക്കർ, കെ.എൽ. മോഹനവർമ്മ, സി.പി. ശ്രീധരൻ, എം. അച്യുതൻ, ചെമ്മനം ചാക്കോ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻകുട്ടി, യു.കെ. കുമാരൻ, മുണ്ടൂർ സേതുമാധവൻ

നോവൽ
36
കണ്ണുകെട്ടിക്കളിയിലെ നിയമങ്ങൾ
ശ്രീ. ബാബു ഭരദ്വാജ്

39
അലിഖിതം
ശ്രീ. ജോസ് പനച്ചിപ്പുറം

യാത്രാവിവരണം
42
ഇക്കരെപ്പച്ച
ഡോ. മാത്യു ജോർജ്ജ്

ഓർമ്മക്കുറിപ്പ്
45
നിയമസഭയിൽ നിശ്ശബ്ദനായി
ഡോ. ആർ. പ്രസന്നൻ

66
വെള്ളിയാഴ്ച മുതൽ വെള്ളിയാഴ്ച വരെ
സ്റ്റാഫ് ലേഖകൻ

മുഖചിത്രം
കോട്ടയത്തെ എസ്.പി.സി.എസ്
വക പ്രസ്സും മന്ദിരവും
ഡിസൈൻ : ഭട്ടതിരി

62
സാഹിത്യവാരഫലം
ശ്രീ. എം. കൃഷ്ണൻനായർ

മണിയടി വസന്തം

പ്രൊഫ. എസ്.കെ. വസന്തന്റെ കത്ത്. (കലാകൗമുദി-1085) പ്രൊഫ. വസന്തൻ എന്റെ ചിരകാല സുഹൃത്താണ്. അദ്ദേഹത്തോടോ. സംസ്കൃത സർവ്വകലാശാലയിൽ ആരോടെങ്കിലുമോ എനിക്കു വ്യക്തിവിദ്വേഷമില്ല. ആ മഹാസ്ഥാപനത്തിൽ നടമാടുന്ന 'അഴിമതിക്കും. സ്വജനപക്ഷപാതത്തിനും, വിദ്യാഭ്യാസക്കച്ചവടത്തിനു'മെതിരേ ഹാസ്യത്തിന്റെ അമ്പെയ്യുമ്പോൾ, അതിലെ ഗുണഭോക്താക്കളിലൊരാൾ അതിൽ വ്യക്തിവിദ്വേഷവും പരപീഡനരതിയും കണ്ടാൽ രോഗമെന്തെന്ന് ഏതു മണ്ടനും മനസ്സിലാക്കാവുന്നതേയുള്ളൂ. "നർമ്മം" (Humour) '-ആത്മാവിന്റെ മന്ദഹാസ'മാകുന്നു. അതു വിലമതിക്കാൻ കഴിയാതെ പോയ മാരാർക്ക് കുഞ്ചൻനമ്പ്യാർ കവിയായിരുന്നില്ല: പദ്യകാരനായിരുന്നു. ഈ വ്യത്യാസം പ്രൊഫസർ കുട്ടികളെ പറഞ്ഞു മനസ്സിലാക്കണം. "ഇതു പട്ടിയുടെ കാഷ്ഠം (പഴയ 'മൂയൽക്കാട്ട'ത്തിനു തിരിച്ചിടി.) കടിച്ചു ചവച്ച് ശത്രുവിന്റെ മുഖത്തു തുപ്പുന്നതുപോലെയായി" എന്ന നർമ്മപ്രയോഗത്തിൽനിന്നും വസന്തസഖന്റെ 'ആത്മാവിന്റെ മന്ദഹാസ'ത്തിന്റെ മേന്മ മനസ്സിലായി. അദ്ദേഹം, -നത്തിന്റെ കാഷ്ഠം കടിച്ചു ചവച്ച്- മ്മയുടെ മുഖത്തു തുപ്പിയാൽ ഉടനടി പ്രമോഷനും, ആത്മാവിനു രോഗശാന്തിയും ലഭിച്ചേക്കും. ആശംസകൾ!

ചെമ്മനം ചാക്കോ

കുഞ്ഞുണ്ണിമാഷിന്റെ നിർദ്ദേശം

ജൂൺ 16-ാം തീയതിയിലെ വാരികയിൽ മുഖ്യമന്ത്രിക്കു കുഞ്ഞുണ്ണിമാഷ് അയച്ച തുറന്ന കത്തിൽ വിദ്യാഭ്യാസരീതിയിൽ വരുത്തേണ്ട ചില മാറ്റങ്ങളെക്കുറിച്ചു പരാമർശിച്ച കൂട്ടത്തിൽ മുഖ്യമായ ഒരു വിഷയം പറഞ്ഞില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സമരം കർശനമായി നിരോധിച്ചാൽ മാത്രമേ മാഷ് പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുവാൻ പറ്റുകയുള്ളൂ. പഠിക്കുവാനും പഠിപ്പിക്കുവാനും വേണ്ടതായ ശാന്തമായ, സമാധാനപരമായ ഒരന്തരീക്ഷം സൃഷ്ടിക്കണം. രാഷ്ട്രീയ സംഘടനകൾ ഒരു കാരണവശാലും സ്കൂൾ/കോളേജ് പരിസരങ്ങളിൽപ്പോലും വരാൻ പാടില്ല. പഠിപ്പു മുടക്കാനല്ല കുട്ടികൾ വിദ്യാലയങ്ങളിൽ പോകുന്നത്. പഠിക്കാനാണ്. പക്ഷേ, ഇത് 'സമരവും ഭരണവും' എന്ന മുദ്രാവാക്യം മുഴക്കുന്ന ഒരു പ്രമുഖ രാഷ്ട്രീയപ്പാർട്ടിയുടെ നേതൃത്വം വഹിക്കുന്ന മുഖ്യമന്ത്രിക്ക് അംഗീകരിക്കാൻ വയ്യല്ലോ.

അതുപോലെ ഉന്നത വിദ്യാഭ്യാസത്തിനു പ്രവേശന യോഗ്യത മാഷ് നിർദ്ദേശിച്ചതു സ്വീകാര്യമാണ്. മാർക്ക് എന്ന മാനിയ മറക്കണം: അപ്പാടേ മാറ്റണം. പകരം ഗ്രേഡിംഗ് നല്കുക. എ. ബി. സി. ഡി എന്നിങ്ങനെ. മറ്റൊരു പ്രധാന വിഷയം എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. കഷ്ടിച്ചു പിച്ചവയ്ക്കാറാകുമ്പോഴേക്കും കഴുത്തിൽ 'കണ്ാകോണം' കെട്ടിവച്ച് കറുത്ത ഷൂസും തല്ലിക്കേറ്റി, മുതുകിൽ ഒരുകെട്ടു പുസ്തകവും, ചോറ്റുപാത്രവും വാട്ടർബോട്ടിലും എല്ലാം താങ്ങിനിർത്തി, ഓട്ടോറിക്ഷയിലും മറ്റു വാഹനങ്ങളിലും കുത്തിനിറച്ച് ടൈനീടോട്ട്. നേഴ്സറി, ഡേ കെയർ, അപ്പർ/ലോവർ കെ.ജി എന്നീ 'വിദ്യാഭ്യാസ' കച്ചവടസ്ഥാപനങ്ങളിലേക്ക് തങ്ങളുടെ പിഞ്ചുപൈതങ്ങളെ തള്ളിപ്പറഞ്ഞയയ്ക്കുന്ന 'മാനിയ' നിറുത്തണം. അഞ്ചുവയസ്സുവരെ വിദ്യാലയങ്ങൾ സ്വന്തം ഗൃഹമാകട്ടെ: മാതാപിതാക്കളോ. രക്ഷിതാക്കളോ ആകട്ടെ. അവരുടെ ടീച്ചർമാർ. പുസ്തകമില്ലാത്ത ഒരു ലോകത്ത്, വായുവും വെളിച്ചവും വെള്ളവുമുള്ള പ്രകൃതിയുടെ മടിയിൽക്കിടന്ന് അവർ വളരട്ടെ. അമ്മിഞ്ഞപ്പാലു നുണഞ്ഞിറക്കി അമ്മയുടെ മുഖത്തുനിന്നും ആദ്യക്ഷരങ്ങൾ കേട്ടുപഠിക്കട്ടെ.

എ.വി.എൻ. നമ്പൂതിരിപ്പാട്
ഒറ്റപ്പാലം.

ഹാസസാഹിത്യത്തെ പഴിക്കരുത്

കേരളകൗമുദിയിൽ വന്ന ചെമ്മനം ചാക്കോയുടെ കവിതയ്ക്കെതിരേ പ്രൊഫ. എസ്.കെ. വസന്തൻ നടത്തിയ കടുത്ത ഭർത്സനം വായിച്ചു. ശ്രീശങ്കരാചാര്യ സർവ്വകലാശാലയിൽ നടമാടുന്ന അനീതി കാവ്യവിഷയമായതിലാണ് വസന്തനു കുണ്ഠിതം.

എന്നാൽ 1042-ാം ലക്കത്തിൽ 'ആദിശങ്കരനെ അവഹേളിക്കാൻ ഒരു സർവ്വകലാശാല' എന്ന ശീർഷകത്തിൽ വന്ന വസ്തുനിഷ്ഠമായ കവർസ്റ്റോറിക്കെതിരേ മൗനമാചരിച്ച വസന്തൻ ചില യാഥാർത്ഥ്യങ്ങൾ വിസ്മരിക്കരുത്. ആക്ഷേപ കവിതകളിലൂടെ സാമൂഹ്യവിമർശനം എന്ന ശ്രേഷ്ഠകർമ്മം അനുഷ്ഠിച്ചുവരുന്ന പ്രതിഭാധനനാണ് ചെമ്മനം ചാക്കോ. ആ നിലയിൽ അദ്ദേഹത്തിന് ആസ്വാദകലോകത്തിന്റെ അംഗീകാരവുമുണ്ട്. 'ആളില്ലാക്കസേരകൾ' എന്ന കവിതയിലൂടെ ബ്യൂറോക്രസിയുടെപോലും കണ്ണു തുറപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. സമൂഹത്തിൽ അരുതായ്മകളുടെ ഭിത്തി ദുർബലപ്പെടുത്തുകൊണ്ടിരിക്കയാണ്. ഈ കാലഘട്ടത്തിൽ സാമൂഹ്യവിമർശനം എന്ന ശ്രേഷ്ഠകർമ്മത്തെ ഭർത്സിക്കുന്നവർ സ്വയം ഇകഴ്ത്തപ്പെടുകയേയുള്ളൂ. എഴുത്തുകാരൻകൂടിയായ വസന്തനിൽനിന്ന് ഇത്തരമൊരു പ്രതികരണം ഖേദകരമായി.

അജിതൻ മേനോത്ത്
കൺവീനർ
മലയാള സാഹിത്യ സംഘം.

നിർത്തൂ..... ഈ മാനഭംഗം

സമൂഹ മനസ്സാക്ഷിയെ ഞെട്ടിച്ച സൂര്യനെല്ലിക്കേസ് കെട്ടടങ്ങുന്നുവോയെന്ന സംശയമാണ് ഈ പ്രതികരണത്തിനാധാരം. പ്രതികളെ വലവീശിയിട്ടുണ്ടെന്ന പൊലീസിന്റെ സ്ഥിരം പല്ലവിയും സാംസ്കാരിക നായകന്മാരുടെ മുതലക്കണ്ണീരും. രാഷ്ട്രീയ നേതാക്കന്മാരുടെ ശക്തമായ ഞെട്ടലും മാത്രമാണ് ഒരു പെൺകുട്ടിയുടെ മാനം കവർന്നെടുത്ത പൈശാചികതയ്ക്കെതിരായി നാം കണ്ടത്.

കേവലം 'ആങ്ങളമാർ എവിടെ' യെന്ന കവിവാക്യത്തിനു പകരം സമൂഹത്തിന്റെ തിരിച്ചറിവില്ലായ്മയെ തിരിച്ചറിയുകയാണു വേണ്ടത്., വസ്തുനിഷ്ഠമായി പ്രതികരിക്കുകയാണു വേണ്ടത്. സൺ ടി.വിയും സ്റ്റാർ ടി.വിയും ബി.ബി.സി, ദൂരദർശൻ, രാജ്യ എന്നുവേണ്ട തിന്മയുടെ ഉഗ്രമൂർത്തികളായ ഇവരുടെ ലഹരിമുറ്റിയ കരസ്പർശം പടിഞ്ഞാറൻ കാറ്റിലൂടെ നമ്മെ തഴുകുമ്പോൾ അമ്മപെങ്ങന്മാരെ തിരിച്ചറിയാൻ കഴിഞ്ഞെങ്കിലല്ലേ അതിശയപ്പെടേണ്ടതുള്ളൂ. വൻ മീഡിയക്കാർ ഒരുക്കുന്ന മൃഷ്ടാന്നഭോജനമുണ്ട് ഞരമ്പിൽ അഗ്നിയുരുക്കുന്ന കാമഭ്രാന്തുമായിക്കഴിയുന്ന യുവതല മുറയ്ക്ക് മണ്ണിന്റെയും പെണ്ണിന്റെയും കണ്ണീരിന്റെ വിലയറിയാൻ കഴിയുമോ? ഈ മീഡിയക്കാർ നികൃതി കുറച്ചുകിട്ടുവാൻവേണ്ടി ആഴ്ചതോറും റേഷനായി നല്കുന്ന അവാർഡെന്ന 'സംതിംഗ്' കൈപ്പറ്റി കാലം കഴിക്കുന്ന സാംസ്കാരിക നായകന്മാരുടെ നാവ് എങ്ങനെ സത്യം വിളിച്ചു പറയും? ഇനി ആങ്ങളമാരെക്കുറിച്ചാണെങ്കിൽ-മൈക്രോമിനിയും ലിപ്സ്റ്റിക്കും ബനിയനുമുള്ള, അടിവസ്ത്രമിടാത്ത ഈ സംസ്കാരം ഞങ്ങളുടെ പെങ്ങന്മാർക്ക് അറിവില്ലാത്തതായിരുന്നു. സൂര്യനെല്ലിക്കുശേഷം പാലക്കാട്, തിരുവനന്തപുരം, അടിമാലി പേരുകൾ നിരത്താൻ ഏറെയുണ്ട്.

സന്തോഷ്.ഡി
ഇടപ്പള്ളി.

Just Arrived!

1.	MODERN POEMS FROM BENGAL Ed. Surabhi Banerjee	Rs. 125.00
2.	THE CULTIVATION OF HATRED Peter Gay	Rs. 327.85
3	THE INVENTION OF TRADITION Ed. Eric Hobsbawm, Terence Ranger	Rs. 225.00
4.	CULTURE AND SOCIETY Raymond Williams	Rs. 330.60
5.	ART AND ITS OBJECTS Richard Wollheim	Rs. 225.00
6.	THE USES OF ERROR Frank Kermode	Rs. 275.50
7.	IN ANOTHER PART OF THE FOREST: THE FLAMINGO ANTHOLOGY OF GAY LITERATURE Ed. Alberto Manguel Craig Stephenson	Rs. 327.85
8.	ART AND LIES Jeanette Winterson	Rs. 165.30
9.	BHASKARA PATTELAR AND OTHER STORIES Paul Zacharia	Rs. 95.00

D. C. BOOKS

Karimpanal Statue Avenue Statue Junction
Thiruvananthapuram - 695 001 Phone/Fax: 0471 - 77693

CREDIT CARDS ACCEPTED OPEN ON SUNDAYS 1 to 5 p.m

സ്വന്തം തറവാടിന്റെ അഭിമാനം

രാഷ്ട്രീയക്കാർ പരമ വൃത്തികെട്ടവരെന്നാണ് നാമെല്ലാം വിശ്വസിച്ചുപോരുന്നത്. അങ്ങനെയൊരു വിശ്വാസം ഉണ്ടാക്കിയത് രാഷ്ട്രീയക്കാരാണ്. അവർ ആ വിശ്വാസത്തെ ബലപ്പിക്കുകയും ചെയ്തു.

സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പുറത്തുവന്നു തുടങ്ങിയതോടെ രാഷ്ട്രീയക്കാർ ദൈവദൂതന്മാരാണെന്ന് ആർക്കും തോന്നിപ്പോകും. രാഷ്ട്രീയക്കാർക്കു നാല്പതു നാല്പത്തഞ്ചു കൊല്ലം വേണ്ടിവന്നു ഈ നാടിനെ മുടിക്കാൻ. സാഹിത്യ പ്രവർത്തക സംഘത്തിന് ഈ രാജ്യത്തെ ഏല്പിച്ചുകൊടുത്തിരുന്നെങ്കിൽ മൂന്നു രാത്രികൊണ്ട് ഈ നാടിനെ വെളുപ്പിച്ചുതരുമായിരുന്നു എന്നുപോലും തോന്നിപ്പോകുന്നു, അറപ്പിക്കുന്ന, നാറുന്ന കഥകളാണ് കേൾക്കുന്നത്. ഇതൊന്നും കാണാനും കേൾക്കാനും നില്ക്കാതെ കാരൂർ ഉയിരുംകൊണ്ട് "മുകളിൽ" പോയത് ആ നല്ല മനുഷ്യന്റെ സുകൃതംതന്നെ.

സാഹിത്യകാരന്മാരുടെ ഈ സഹകരണ സംഘം ഏഷ്യയിൽ ഒന്നേയുള്ളൂ. അന്യഭാഷയിലെ സഹിത്യകാരന്മാർ കൊതിയോടെയാണ് ഇതിനെ നോക്കിക്കണ്ടിരുന്നത്. മുപ്പതു ശതമാനം റോയൽറ്റി നല്കി, സാഹിത്യകാരന്മാർക്ക് ഒരു ജീവിതമുണ്ടാക്കിക്കൊടുത്ത ഈ സ്ഥാപനം ഇപ്പോൾ ലികിഡേഷനിലാണത്രേ. പ്രോവിഡന്റ് ഫണ്ട് കൂടിശ്ശികയായി മുപ്പതു ലക്ഷം രൂപ കൊടുത്തുതീർക്കാനുണ്ടത്രേ. കോടികൾ വിലമതിക്കുന്ന പുസ്തകങ്ങൾ ഗുദാമിൽ കെട്ടിനിറച്ചിട്ടിരിക്കയാണത്രേ. റോയൽറ്റി ഇനത്തിൽ പല എഴുത്തുകാർക്കും ലക്ഷക്കണക്കിനു രൂപ കൊടുക്കാനുണ്ടത്രേ!

എങ്ങനെ ഇതു സംഭവിച്ചു? പുസ്തകങ്ങൾ വാങ്ങാൻ ആളുകളില്ലാത്തതുകൊണ്ടാണോ? ഈടുറ്റ സാഹിത്യകൃതികൾ രചിക്കപ്പെടാത്തതുകൊണ്ടാണോ? അല്ല. മറിച്ച് സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ഭരണം നടത്തിയവർ മാത്രമാണ് ഈ ദുരന്തത്തിന് ഉത്തരവാദികൾ. ഒന്നോ, രണ്ടോ പേരെ മാത്രമായി ഇതിന്റെ പേരിൽ കുരിശിലേറ്റിയതുകൊണ്ടൊന്നും കാര്യമില്ല. എല്ലാവരും, സംഘത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാവരും, ഇതിൽ ഒരേപോലെ കുറ്റവാളികളാണ്. ഞങ്ങൾ മാന്യന്മാരായിരുന്നു, മറ്റുള്ളവർ അമാന്യന്മാരായിരുന്നു എന്നു ചേരിതിരിഞ്ഞ് ആരോപണങ്ങൾ ഉന്നയിക്കുന്നവർ രാഷ്ട്രീയക്കാരുടെ വിലകുറഞ്ഞ തന്ത്രം സ്വീകരിച്ചവരാണ്. ആരും മാപ്പ് അർഹിക്കുന്നില്ല. ഈ ദുഃസ്ഥിതിയുടെ ഉത്തരവാദിത്വം സ്വയമേറ്റെടുത്ത് അവർ മിണ്ടാതിരിക്കുകയാണു വേണ്ടത്.

ഏതെങ്കിലും ഒരുദ്യോഗസ്ഥനെ ഇറക്കുമതി ചെയ്താൽ പ്രതിസന്ധി അവസാനിക്കുമോ? കുറേ സ്ഥലം വിറ്റു കടം തീർത്താൽ എല്ലാം ഭദ്രമാകുമോ? ഗവൺമെന്റ് കുറേ പണം കൊടുത്താൽ സംഘത്തിനു പൂർവസ്ഥിതി വീണ്ടെടുക്കാനാവുമോ? അത്തരം കാര്യങ്ങളിലൊന്നും ആർക്കും ഒരു നിശ്ചയവുമില്ല.

സാഹിത്യ പ്രവർത്തക സഹകരണ സംഘത്തെ രക്ഷിക്കുകയെന്നത് മലയാളികളുടെ ആത്മാഭിമാനത്തിന്റെ പ്രശ്നമാണെന്നിരിക്കേ, ഇതിൽ ഇടപെടേണ്ടത് എല്ലാവരുടെയും ആവശ്യമായിത്തീർന്നിരിക്കുന്നു. അന്യോന്യം പഴിപറയുന്ന സാഹിത്യകാരന്മാർ ഇതിൽനിന്നും മാറിനില്ക്കട്ടെ. അതുപോലെതന്നെ, കൈയെഴുത്തുപ്രതികളുമായി സംഘമോഫീസിൽ ഇറങ്ങിക്കയറുന്ന പ്രതിഭാ കുഡ്മളങ്ങളേയും ഒഴിവാക്കി നിറുത്തണം. സംഘത്തിൽനിന്നും എന്തെങ്കിലും കീശയിലാക്കണം എന്ന് ആഗ്രഹമില്ലാത്തവരുണ്ടല്ലോ. അവരെ കണ്ടെത്തി സംഘത്തെ ഏല്പിക്കണം. അതോടൊപ്പം ഒരു സമയബന്ധിത പദ്ധതിയും ആവിഷ്കരിക്കണം.

ലികിഡേഷനിലാകുന്ന സംഘങ്ങളെ സഹകരണ വകുപ്പ് ഉദ്യോഗസ്ഥന്മാരെ ഏല്പിക്കുന്ന ആ പഴയ പതിവു വേണ്ട. കുറേക്കൂടി വിശാലാടിസ്ഥാനത്തിൽ ഭരണാധികാരികൾ ഇക്കാര്യത്തിൽ ചിന്തിക്കണം. അങ്ങനെ ഗവൺമെന്റിന്റെ പിൻബലത്തോടെ സംഘത്തെ രക്ഷിക്കാൻ, ഒരു "സംഘ"ത്തെ കണ്ടെത്താൻ സാഹിത്യകാരന്മാർക്കു കഴിയണം. അതിനവർക്കു സാധിക്കുന്നില്ലെങ്കിൽ, അക്ഷര കേരളം അവരോടു പൊറുക്കുകയില്ല.

സ്വന്തം തറവാടിന്റെ അഭിമാനത്തിന്റെ പ്രശ്നമാണിത്. ആ തറവാട്ടിൽ നിറദീപംപോലെ വിളങ്ങേണ്ട സ്വന്തം അമ്മയുടെ അന്തസ്സിന്റെ കാര്യവുമാണിത്.

രാഷ്ട്രീയ ലേഖകൻ



എം.പി.നാരായണപിള്ള

1969 ന്റെ പ്രാധാന്യം

നമ്മുടെയൊക്കെ ലീഡറും ബി.പി. മൗര്യ മുതൽ മഞ്ജിത് സിംഗ് ബിട്ട വരെയുള്ള എഴുത്തു പരീക്ഷയില്ലാത്ത നിയമനത്തിലൂടെ ഉദ്യോഗസ്ഥന്മാരായ കോൺഗ്രസ് " നേതാക്കൾക്ക്" വിമത നായ കെ.കരുണാകരന്റെ ഭഗീരഥ പ്രയത്നത്തിന്റെ ഫലമായി "1969-ന് ശേഷം പുറത്തുപോയവരെ" തിരിച്ചെടുക്കാമെന്നൊരു ലൈൻ കോൺഗ്രസ് പാർട്ടി പുറത്തിറിക്കുകയാണ്.

വി. എൻ. ഗാഡ്ഗിൽ ദൂരദർശനത്തിൽ പറഞ്ഞാണ് ഞാൻ കേട്ടത്.

ആരാണ് ആ വർഷത്തിനുമുൻപ് പുറത്തുപോയവർക്കുള്ള അയോഗ്യത. 1940-കളിൽ കോൺഗ്രസ് സോഷ്യലിസ്റ്റുകളായി പുറത്തുപോയ ഇ. എം. എസ്സിനെപ്പോലുള്ളവരെ ഒഴിവാക്കാനാണോ?

വിശാലമായ കോൺഗ്രസ് ഐക്യം എന്നു പറയുമ്പോൾ സ്ഥലകാല ഭേദമില്ലാതെ പുറത്തുപോയവർക്കൊക്കെ വരാനൊരവസരം കൊടുത്തുകൂടെ? ഒരു പ്രത്യേക വർഷത്തെ 'പട്ടയം കൊടുക്കുന്നതിലെ മാനദണ്ഡം' പോലെ കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി സ്വീകരിക്കുന്നതിന് ഒരു കാരണം വേണ്ടേ?

ഇന്ദിരാഗാന്ധിയോടുള്ള ഭക്തിയാണ് 1969 - തിരഞ്ഞെടുക്കാൻ കാരണമായ തെങ്കിൽ മാഡം പ്രധാനമന്ത്രിയായി വന്ന 1966 വേണമെടുക്കാൻ. കോൺഗ്രസ്സുകാർ ഇന്ത്യൻ ഭരണഘടന അട്ടിമറിച്ച കാലമാണ് 'കട്ട് - ഓഫ് പോയിന്റായി' എടുക്കേണ്ടതെങ്കിൽ അത് 1975 ജൂൺ 25 രാത്രി 1 മണി നാല്പത്തെട്ടു മിനിട്ടാണ്. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത് അന്നാണ്. 29 വയസ്സുള്ള സഞ്ജയഗാന്ധിയെ പ്രിൻസ് ഓഫ് വെയിൽസ് ആയി വാഴിച്ച വർഷമാണെങ്കിൽ അത് 1975 ഡിസംബർ 30-ന് ചണ്ഡീഗഡിൽ നടന്ന കോൺഗ്രസ്സിന്റെ കോമഡാട്ടമാരു സമ്മേളനമായിരുന്നില്ലേ?

എങ്ങനെ നോക്കിയിട്ടും 1969-ന്റെ പ്രാധാന്യം എനിക്ക് മനസ്സിലായില്ല - ഞാൻ കല്ല്യാണം കഴിച്ച് ഗൃഹസ്ഥനായ വർഷമാണെന്നതൊഴിച്ചാൽ. കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി അംഗങ്ങളാരും അതറിയാനിടയില്ല. കാരണം നരസിംഹറാവുവിനോ ബി.പി. മൗര്യയ്ക്കോ ഞാൻ കല്ല്യാണകുറി അയച്ചിരുന്നില്ല.

ഇങ്ങനെയൊരു മിസ്റ്ററി പാടില്ലല്ലോ എന്നു കരുതി ചരിത്രപുസ്തകങ്ങൾ തപ്പി. കുത്തിയിരുന്നു വായിച്ചപ്പോഴല്ലേ 'അപസർപ്പ'ത്തിന്റെ ചുരുളുകൾ വിടരുന്നത്?

1969 നവംബർ ഒന്നാംതീയതി ഡൽഹിയിലെ ജന്തർമന്തർ റോഡിലെ ആപ്പീസിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ വർക്കിംഗ് കമ്മിറ്റി കൂടി ഇന്ദിരാഗാന്ധിയെ പാർട്ടിയുടെ പ്രാഥമികാംഗത്വത്തിൽ നിന്ന് ആറുവർഷത്തേക്ക് പുറത്താക്കി. കുറ്റം പാർട്ടി വിരുദ്ധപ്രവർത്തനം. അതാണ് 1969-നു ശേഷം എന്ന ലൈനിന്റെ കാരണം.

എന്തായിരുന്നു ടി പാർട്ടി വിരുദ്ധപ്രവർത്തനം?

1967-ലെ പൊതുതിരഞ്ഞെടുപ്പിലാണ് കോൺഗ്രസ്സിന് ആദ്യമായി ഒരു തിരിച്ചടിയുണ്ടാകുന്നത്. ഇതു പോരാഞ്ഞിട്ട് വരാൻപോകുന്ന അനർത്ഥം കോൺഗ്രസുകാരെ പഠിപ്പിക്കാൻ വേണ്ടി ദൈവം ഒരു കാര്യം കൂടി ചെയ്തു. പ്രധാനമന്ത്രിയായി ഇന്ദിരഗാന്ധി ശപഥമെടുക്കുന്ന ദിവസം എയർ ഇന്ത്യാവിമാനം തകർന്ന് ഇന്ത്യയുടെ ഏറ്റവും പ്രധാനപ്പെട്ട അറ്റോമിക് ശാസ്ത്രജ്ഞൻ ഡോക്ടർ ഹോമിഭാഭ മരിച്ചു. തീർന്നില്ല. ഇന്ദിര ചുവപ്പുകോട്ടയിൽ നിന്ന് ആദ്യം പ്രസംഗിച്ച ദിവസം ഡൽഹിയിൽ ഒരു ഭൂമികുലുക്കമുണ്ടായി. കെടുതികളിൽ വച്ചേറ്റവും വലിയ കെടുതി രണ്ടുവർഷത്തിനകം സംഭവിച്ച രാഷ്ട്രപതി ഡോക്ടർ സക്കീർ ഹുസൈന്റെ അകാലമരണമായിരുന്നു -1969 ഏപ്രിൽ മാസത്തിൽ. പുതിയ രാഷ്ട്രപതി ആരായിരിക്കണമെന്ന ആലോചന തുടങ്ങി.

ജൂലൈ 12 നു ചേർന്ന കോൺഗ്രസ് പാർലമെന്ററി ബോർഡ് മീറ്റിംഗിൽ വേണ്ടിയിരുന്നു ഈ തീരുമാനമെടുക്കാൻ. ടി മീറ്റിംഗിൽ എല്ലാ അംഗങ്ങളും സന്നിഹിതരായിരുന്നു. ഗൗരവമായ ആലോചനയ്ക്കുശേഷം വോട്ടിനിട്ടു. അഞ്ച് വോട്ടുകൾ നീലം സഞ്ജീവറെഡ്ഡിക്ക് കിട്ടി. മൂന്നുവോട്ടുകൾ ജഗജ്ജീവൻ റാമിനും. (അതിലൊന്ന് ജഗജ്ജീവൻ റാമിന്റെ സ്വന്തം വോട്ടായിരുന്നു) രാഷ്ട്രപതി സ്ഥാനത്തേക്കുള്ള സഞ്ജീവറെഡ്ഡിയുടെ നാമനിർദ്ദേശപത്രിക ഇന്ദിരാഗാന്ധി ഒപ്പിട്ടു കൊടുക്കുകയും ചെയ്തു.

അടുത്ത ഇരുപത്തിനാലു മണിക്കൂറിൽ സംഭവിച്ചതായിരുന്നു ഇന്ദിരയുടെ ശരിക്കുള്ള കളി.

താൻ നാമനിർദ്ദേശം ചെയ്ത സ്ഥാനാർത്ഥിക്കെതിരെ ഉപരാഷ്ട്രപതി വി.വി. ഗിരിയെ സ്ഥാനാർത്ഥിയാക്കി നിറുത്തി ഇന്ദിര വോട്ടുപിടിത്തം ആരംഭിച്ചു. പരസ്യമായി പ്രസ്താവനയിറക്കി - പാർട്ടിയുടെ സ്ഥാനാർത്ഥിക്കെതിരെ വോട്ടു ചെയ്യണമെന്ന്. അതും താൻ നാമനിർദ്ദേശപത്രിക ഒപ്പിട്ട സ്ഥാനാർത്ഥിയ്ക്കെതിരെ.

ഇത്തരമൊരു അംഗത്തിന്റെ പുറത്ത് നടപടിയെടുക്കാത്ത ഏതെങ്കിലും ഒരു രാഷ്ട്രീയപ്പാർട്ടി ഈ ലോകത്തുണ്ടാകുമോ? ' അച്ചടക്കം' എന്നു പറഞ്ഞാൽ അങ്ങാടി മരുന്നോ പച്ചമരുന്നോ എന്ന് ചോദിക്കുന്ന ജനതാദളും പോലും നടപടിയെടുക്കില്ലേ?

അങ്ങനെ ഇന്ദിരാഗാന്ധി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് പുറത്തായി - 1969-ൽ.

പുറത്താക്കപ്പെട്ട ഇന്ദിര സ്വന്തമായി ഒരു പാർട്ടിയുണ്ടാക്കി. അതിന്റെ അക്കാലത്തെ പേര് കോൺഗ്രസ് (ആർ) എന്നായിരുന്നു. പിന്നെ കോൺഗ്രസ് (ഐ) ആയിട്ടോ മറ്റോ ഉപനയനം നടന്നു.

അതായത് ഇപ്പോൾ നരസിംഹറാവു പ്രസിഡന്റായിരിക്കുന്നതും കേരളത്തിൽ എ. കെ. ആന്റണി പ്രതിപക്ഷനേതാവായിരിക്കുന്നതും വയലാർ രവി കെ. പി. സി. സി പ്രസിഡന്റായിരിക്കുന്നതും ചെറിയാൻ ഫിലിപ്പ് ഉത്സാഹകമ്മിറ്റിയായിരിക്കുന്നതുമായ ഈ ചരക്ക് എ. ഒ. ഹ്യൂം എന്ന സായിപ്പുണ്ടാക്കിയ യഥാർത്ഥ കോൺഗ്രസ്സല്ല. സ്വാതന്ത്ര്യസമരം നടത്തിയ കോൺഗ്രസ്സുമല്ല. ചേറ്റൂർ ശങ്കരൻനായരും മുഹമ്മദാലി ജിന്നയും അംഗമായിരുന്ന കോൺഗ്രസ്സല്ല. 1920-ൽ ഗാന്ധിജി കയ്യേറിയ കോൺഗ്രസ്സല്ല.

ഇതിനെ കോൺഗ്രസ്സുമായി കാണുന്നത് എം.വി. രാഘവന്റെ സി. എം. പിയെ യഥാർത്ഥ മാർക്സിസ്റ്റുപാർട്ടിയായി കാണുന്ന പോലത്തെ മതിഭ്രമം മാത്രമാണ്. എ. കെ. ആന്റണിയുടെ കോൺഗ്രസ്സിന്റെ ചരിത്രമാരംഭിക്കുന്നതു 1969-ൽ മാത്രമാണ്. 27 വർഷത്തെ ചരിത്രം മാത്രമേ ഈ പാർട്ടിക്കുള്ളു.

ഈ പാർട്ടിയെ പറ്റി കൊട്ടാരം ജ്യോത്സ്യന്മാർ തയ്യാറാക്കിയ ജാതക മനുസരിച്ച് ഗ്രഹനില രണ്ടിൽ ചൊവ്വ; മൂന്നിൽ രാഹു, അഞ്ചിൽ ചന്ദ്രൻ, ശനിയും ഒമ്പതിൽ കേതു, പതിനൊന്നിൽ വ്യാഴവും ശുക്രനും പന്ത്രണ്ടിൽ ബുധനും സൂര്യനുമാണത്രെ. ഇപ്പോൾ വളരെ മോശപ്പെട്ട കാലമാണ്. ഇതിനകത്ത് കളിച്ചിട്ട് കാര്യമല്ല.

ഇതിനൊരു പരിഹാരം മാത്രമേയുള്ളു.

ഇപ്പോഴത്തെ കോൺഗ്രസ് - അതായത് മാഡം ജന്മം കൊടുത്ത കോൺഗ്രസ്സ്

(ശേഷം 61-ാം പേജിൽ)

എം.ബി. സന്തോഷ്

നാട്ടകത്തെ ഇന്ത്യാപ്രസ്സ്

ആരു രക്ഷിക്കും?

പത്തുകോടി രൂപയുടെ ആസ്തിയുള്ള സാഹിത്യപ്രവർത്തക സഹകരണസംഘമാണ് കടക്കെണിയിൽപ്പെട്ട് നട്ടം തിരിയുന്നത്. മലയാളികളുടെ അഭിമാനമായ ഈ മഹാസ്ഥാപനത്തിന്റെ ഈ ദുസ്ഥിതി എങ്ങനെ സംഭവിച്ചു എന്ന് ആരായുകയാണ് ഈ പേജുകളിൽ

നഗരത്തിലെ തിരക്കേറിയ കവലയിലെ പുസ്തകവില്പനശാല. പുസ്തകം വാങ്ങാനുള്ള ആഗ്രഹവുമായി അകത്തേക്കു കയറുമ്പോൾ തന്നെ അവിടത്തെ ജീവനക്കാർ പറയും - സ്റ്റോക്കില്ല.

തിരുവനന്തപുരവും കൊല്ലവും കോട്ടയവും എറണാകുളവും തൃശൂരും കോഴിക്കോടും ഉൾപ്പെടെയുള്ള കേരളത്തിലെ പത്ത് നഗരങ്ങളിലെ പ്രധാനപ്പെട്ട പുസ്തകവില്പനശാലയിലെ അവസ്ഥയാണിത്.

ആവശ്യക്കാർ തേടിയെത്തുന്ന പുസ്തകങ്ങളൊന്നും 'സ്റ്റോക്കില്ല'ത്ത ഈ പുസ്തകവില്പനശാലയുടെ പേര് - നാഷണൽ ബുക്ക് സ്റ്റാൾ. ലോകത്തൊരിടത്തും ഇതിനു സമാനമായി മറ്റൊന്നില്ലായെന്ന് ലേശം അഹങ്കാരം കലർന്ന അഭിമാനത്തോടെ മലയാളി വിളിച്ചുപറഞ്ഞിരുന്ന സാഹിത്യപ്രവർത്തകസഹകരണസംഘത്തിന്റെ പുസ്തകവില്പനശാലയാണിപ്പോൾ ഇങ്ങനെയൊരു ഗതികേടിലെത്തി നിൽക്കുന്നത്.

അദ്ധ്യയനവർഷത്തിന്റെ തുടക്കത്തിലെ കഥയെടുക്കാം. ആധികാരികതയിൽ ഇപ്പോഴും ഏറ്റവും മുന്നിലുള്ള നിഘണ്ടുക്കളുടെയും ഇതര റഫറൻസ് ഗ്രന്ഥങ്ങളുടെയും പ്രസാധകർ സാഹിത്യപ്രവർത്തക സഹകരണസംഘം തന്നെയാണ്. ശബ്ദതാരാവലി, ഇംഗ്ലീഷ് - മലയാളം നിഘണ്ടു, മലയാളം - ഇംഗ്ലീഷ് നിഘണ്ടു, ഹിന്ദി - മലയാളം നിഘണ്ടു തുടങ്ങി പുരാണചരിത്ര നിഘണ്ടുക്കൾ വരെ നാഷണൽ ബുക്ക് സ്റ്റാൾ എന്ന എൻ. ബി. എസ്സിന്റെ പുസ്തകലിസ്റ്റിലുണ്ട്. അതുകൊണ്ടുതന്നെ എൻ. ബി. എസ് ശാഖകളിലേക്ക് ഈ പുസ്തകങ്ങൾ വാങ്ങാനെത്തുന്നവരുടെ തിരക്കാണിപ്പോൾ. ഈ സീസണിൽ ഏറ്റവും കൂടുതൽ വില്പനയുണ്ടാവേണ്ട ഈ പുസ്തകങ്ങളിലൊന്നുപോലും സ്റ്റോക്കില്ലാത്ത സ്ഥിതിയാണിവിടെ.

അടുത്തമാസം രാമായണമാസമായി ആചരിക്കപ്പെടുകയാണ്. കർക്കിടകത്തിൽ രാമായണവായന കേരളീയ ഗൃഹങ്ങളിൽ അത്ര പതിവൊന്നുമല്ലെങ്കിൽ പോലും രാമായണമാസാചരണത്തിനുശേഷം ഈ കാലയളവിൽ രാമായണം ഉൾപ്പെടെയുള്ള ആദ്ധ്യാത്മികഗ്രന്ഥങ്ങൾ ചൂടപ്പംപോലെയാണ് വിറ്റുപോകുന്നത്. രാമായണം, മഹാഭാരതം, ഭാഗവതം എന്നിവയുടെ മൂപ്പതോളം ടൈറ്റിലുകൾ എൻ. ബി. എസ് പുസ്തക ലിസ്റ്റിലുണ്ട്. പ്രശസ്തരായ വ്യാഖ്യാതാക്കളുടെ വ്യാഖ്യാനങ്ങൾ സഹിതമുള്ള ഈ ഗ്ര

ന്ഥങ്ങൾക്ക് എല്ലാക്കാലത്തും വില്പനയുള്ളതാണെന്നിരിക്കേ രാമായണമാസത്തിലെ കഥ പറയേണ്ടതില്ല. എന്നാൽ എൻ . ബി. എസ് ശാഖകളിൽ ഇവയൊക്കെ 'സ്റ്റോക്കില്ല'തായിട്ട് കാലം [illegible]യായി. ഇത്തവണ അദ്ധ്യയന വർഷാരംഭത്തിൽ നിഘണ്ടുക്കൾപോലും പ്രസിദ്ധീകരിക്കാൻ കഴിയാത്ത സാഹിത്യപ്രവർത്തകസംഘത്തിന് വരുന്ന ഒരു മാസത്തിനുള്ളിൽ രാമായണം വില്പനയ്ക്കെത്തിക്കാനും കഴിയില്ല.

അമ്പത്തൊന്നു വയസ്സു പിന്നിട്ട സാഹിത്യപ്രവർത്തകസഹകരണസംഘം ആശുപത്രിക്കിടക്കയിൽ മരണം കാത്തുകിടക്കുകയാണെന്നുള്ളതിന് ഇതിലും വലിയ 'രോഗലക്ഷണ'ങ്ങളുടെ ആവശ്യമുണ്ടോ? വിദഗ്ദ്ധരായ 'ഡോക്ടർ'മാരുടെ വരവുമാത്രമാണ് ഇനിയുള്ള ഏകപ്രത്യാശ.

1945 ഏപ്രിൽ 30നാണ് സാഹിത്യപവർത്തക സഹകരണസംഘം പ്രവർത്തനമാരംഭിച്ചത്. എം. പി. പോൾ, കേശവദേവ്, കാരൂർ നീലകണ്ഠപിള്ള തുടങ്ങിയ 12 സ്ഥാപകാംഗങ്ങളിൽ ഇപ്പോൾ മൂന്നുപേരെ ജീവിച്ചിരിപ്പുള്ളൂ. ഹാസ്യസാഹിത്യകാരനായ എം. എൻ. ഗോവിന്ദൻനായർ, ഡി.സി. കിഴക്കേമുറി, സീതാരാമൻ എന്നിവരാണവർ. എട്ടു ലക്ഷം രൂപയുടെ മൂലധനത്തോടെ പ്രവർത്തനമാരംഭിച്ച സംഘം 1945 ഡിസംബർ 15-നാണ് ആദ്യ പുസ്തകം പ്രസിദ്ധീകരിച്ചത്. ആയിരാമത്തെ പുസ്തകത്തിന്റെ പ്രസിദ്ധീകരണം 1959 ഒക്ടോബർ 11 നായിരുന്നു. രണ്ടായിരാമത്തെ പുസ്തകം 1967 ഒക്ടോബർ 12നും മൂവായിരാമത്തെ പുസ്തകം 1974 നവംബർ 11 നും നാലായിരാമത്തെ പുസ്തകം 1980 ഡിസംബറിലും പ്രസിദ്ധപ്പെടുത്തി. ആറുവർഷത്തിനുശേഷം സംഘം പ്രസിദ്ധീകരണരംഗത്ത് 5000 പുസ്തകങ്ങൾ തികച്ചു. ഈ കാലയളവിൽ പ്രസിദ്ധീകരിക്കുന്നതിന്റെ ഏതാണ്ട് അത്രയും തന്നെ പുസ്തകങ്ങൾ വിതരണത്തിനും എടുക്കുന്നുണ്ടായിരുന്നു.

നാഷണൽ ബുക്ക് സ്റ്റാളിന്റെ ആദ്യശാഖ കോട്ടയം കളരിക്കൽ ബസാറിൽ ആരംഭിക്കുന്നത് 1949 ജൂൺ 15-നാണ്. തിരുവനന്തപുരത്ത് 1956 ജൂലൈ 10-നും എറണാകുളത്ത് 1958 ജൂലൈ 28 നും തൃശൂരിൽ 1959 ജനുവരി 25നും ശാഖകൾ ആരംഭിച്ചു. 1969 മേയ് 10-ന് കോഴിക്കോട്ട് പ്രവർത്തനമാരംഭിച്ച എൻ.ബി. എസ് ശാഖ 1977 ഫെബ്രുവരി 20-ന് അവിടെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി. കല്പറ്റയിലാണ് ഏറ്റവും ഒടുവിൽ ശാഖ ആരംഭിച്ചത്. 1983 ജനുവരി 29-ന്. കോട്ടയത്ത് കളരിക്കൽ ബസാറിനു പുറമേ ഹെഡ് ഓഫീസിനടുത്തും ശാഖയുള്ള എൻ. ബി. എസ്സിന്റെ മറ്റ് ശാഖകൾ പാലക്കാട്, കണ്ണൂർ, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിലാണ്.

ഒരു കാലത്ത് സദാതിരക്കായിരുന്ന എൻ. ബി. എസ് ശാഖകളുടെ ഇപ്പോഴത്തെ അവസ്ഥ പരിതാപകരമാണ്. ആദ്യശാഖയായ കോട്ടയം കളരിക്കൽ ബസാറിൽ ഇന്ന് അത് സ്കൂട്ടർ പാർക്കിംഗ് സ്ഥലമായി പ്രയോജനപ്പെടുത്തുന്നു. ആയിനത്തിൽ ഒരു നിശ്ചിത ഫീസ് ഈടാക്കാൻ തുടങ്ങിയാൽ അവിടെ നിന്ന് പുസ്തകവില്പനയിലൂടെ ലഭിക്കുന്നതിനേക്കാൾ വരുമാനം ലഭിച്ചേക്കാം!

ആർക്കും വേണ്ടാത്ത മൂന്നാംകിട പുസ്തകങ്ങളുടെ ഗോഡൗണുകളാണ് ഇന്ന് എൻ. ബി. എസ് ശാഖകൾ. സാഹിത്യപ്രവർത്തകസഹകരണസംഘത്തിന്റെ കോട്ടയത്തെ നാല് ഗോഡൗണുകളിലായി കെട്ടിക്കിടക്കുന്ന ഇത്തരം പുസ്തകങ്ങളുടെ മുഖവില നാലരകോടിയോളം രൂപയാണ്. സൗജന്യമായി കൊടുത്താൽ പോലും ആവശ്യക്കാരില്ലാത്ത 'സാഹിത്യമാണ്' ഇങ്ങനെ ശാഖകളിലും ഗോഡൗണുകളിലുമായി വർഷങ്ങളായി കെട്ടിക്കിടക്കുന്നത്. ഇത് മുഴുവൻ തൂക്കി വിൽക്കുകയോ കത്തിച്ചുകളയുകയോ ചെയ്താൽ ഗോഡൗണുകൾ വാടകയ്ക്കു കൊടുക്കുന്നതിനെപ്പറ്റിയെങ്കിലും ആലോചിക്കാം. പഞ്ഞക്കർക്കിടകത്തിൽ വിത്തെടുത്തുകുത്തുന്ന ഗൃഹനാഥയുടെ അവസ്ഥയിലേക്ക് ആസ്തി വിറ്റ് കടംവീട്ടാനൊരുങ്ങുന്ന സംഘം ഒരു മെടുമ്പോൾ ' ആർക്കും വേണ്ടാത്ത ചപ്പുചവറുകൾ' ഒഴിവാക്കി ആ സ്ഥലം ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ചും ആലോചിച്ചുകൂടേ?

ക്രാന്തദർശിയായ കാരൂർ

മലയാളത്തിലെ ഒന്നാംകിട എഴുത്തുകാർ സാഹിത്യപ്രവർത്തകസഹകരണസംഘത്തിനെ കൈവിട്ടിരിക്കുന്നു. മികച്ച പുസ്തകങ്ങൾ ലഭ്യമല്ലാതെ വരികയും നിഘണ്ടുക്കൾ, റഫറൻസ് ഗ്രന്ഥങ്ങൾ, പുരാണപുസ്തകങ്ങൾ എന്നിവ യഥാസമയം അച്ചടിച്ചെത്തിക്കാൻ കഴിയാതെ വരികയും ചെയ്തതോടെ മലയാളത്തിന്റെ അഭിമാനമായിരുന്ന ഒരു പ്രസ്ഥാനം തകർച്ചയിലേക്ക് നീങ്ങുകയായിരുന്നു.

തകഴിയുടെ ചെമ്മീൻ, ഒ. വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസം, എം.ടി. വാസുദേവൻനായരുടെ കാലം, രണ്ടാമൂഴം, എം.മുകുന്ദന്റെ മയ്യഴി പുഴയുടെ തീരങ്ങളിൽ, സി.രാധാകൃഷ്ണന്റെ മണ്ണേ പറക്കുന്ന പക്ഷികൾ, മലയാറ്റൂർ രാമകൃഷ്ണന്റെ യന്ത്രം, എസ്.കെ. പൊറ്റക്കാടിന്റെ ഒരു ദേശത്തിന്റെ കഥ എന്നിവ മാത്രമല്ല വി.കെ.എൻ. കൃതികൾ , കേശവദേവിന്റെ പുസ്തകങ്ങൾ തുടങ്ങി എല്ലാക്കാലത്തും ആവശ്യക്കാർ തേടിയെത്തുന്ന പുസ്തകങ്ങൾ സംഘത്തിനു നഷ്ടപ്പെട്ടത് ഭരണകർത്താക്കളുടെ കെടുകാര്യസ്ഥത നിമിത്തമാണ്. അവാർഡുകൾ വാരിക്കൂട്ടിയതും ആവശ്യക്കാരേറെയുള്ളതുമായ പുസ്തകങ്ങൾ റീപ്രിന്റിംഗ് കാത്തുകിടക്കേണ്ടിവരികയും ആർക്കും വേണ്ടാത്ത പുസ്തകങ്ങൾ ടൺകണക്കിന് പ്രസിദ്ധപ്പെടുത്തുകയും ചെയ്തതാണ് സംഘത്തെ ഇപ്പോൾ ഓക്സിജൻ കൊടുക്കേണ്ട അവസ്ഥയിലേക്ക് കൊണ്ടെത്തിച്ചത്.

ആദ്യപതിപ്പിന്റെ റോയൽറ്റി കൃത്യമായി കിട്ടാതിരുന്നിട്ടും അടുത്ത പതിപ്പിന് അനുമതി നൽകിയ പ്രശസ്തരായ എഴുത്തുകാരുണ്ട്. അവരിൽ പലരും കുടിശ്ശിക ഏറെയുണ്ടെങ്കിലും സ്വന്തം സ്ഥാപനം എന്ന പരിഗണനയോടെ പുതിയ കൃതികൾ സാഹിത്യപ്രവർത്തകസഹകരണസംഘത്തിനു തന്നെ നൽകിവരികയും ചെയ്തിരുന്നു. ഒന്നും രണ്ടും വർഷങ്ങൾ പുസ്തകങ്ങൾ മാർക്കറ്റിലില്ലാത്ത അവസ്ഥ വന്നപ്പോൾ അവരിൽ പലരും വീട്ടുപടിക്കൽ കാത്തുനിന്ന സ്വകാര്യപ്രസാധകർക്ക് പുതിയ പതിപ്പുകളും പുതിയ പുസ്തകങ്ങളും പ്രസിദ്ധീകരണത്തിന് നൽകാൻ നിർബന്ധിതരായി എന്നതാണ് വാസ്തവം.

എം.ടി., ഒ.വി. വിജയൻ, സി.രാധാകൃഷ്ണൻ തുടങ്ങിയ ഒട്ടേറെ പ്രശസ്തർക്ക് സംഘം റോയൽറ്റി ഇനത്തിൽ ലക്ഷക്കണക്കിന് രൂപയാണ് കൊടുക്കാനുള്ളത്. ഇവരുടെ പുസ്തകങ്ങൾ മിക്കവാറുമെല്ലാം വിറ്റ തീർന്നിട്ട് വർഷങ്ങളായി എന്നു മോർക്കണം. അതേസമയം , ഗോഡൗണിൽ ദശകങ്ങളായി കെട്ടിക്കിടക്കുന്ന പുസ്തകങ്ങളുടെ രചയിതാക്കളിൽ പലരും അധ്വാൻസായി തന്നെ റോയൽറ്റി കിശയിലാക്കുകയും ചെയ്തു!

ഈയടുത്ത കാലത്ത് 'ചെമ്മീൻ' സാഹിത്യപ്രവർത്തകസഹകരണസംഘത്തിന് നഷ്ടമായി. ഒന്നരവർഷത്തിലേറെയായി പുതിയ പതിപ്പിന് കാത്തിരുന്ന് മടുത്താണ് തകഴി ഈ കൃതി സ്വകാര്യ പ്രസാധകനെ ഏല്പിച്ചത്. 'ചെമ്മീൻ' സ്വകാര്യ പ്രസാധകന്റെ കൈയിലെത്തിയപ്പോൾ സംഘത്തിന് ഭീമമായ നഷ്ടമാണ് നേരിട്ടത്. ചെമ്മീന്റെ 32 പേജ് ഒഴികെ ബാക്കിയത്രയും അച്ചടിച്ച് ഇന്ത്യാപ്രസ്സിൽ കൂട്ടിയിട്ടിരിക്കുകയാണ്. അതിനുവേണ്ടി ചെലവാക്കിയ ലക്ഷക്കണക്കിന് രൂപ വെള്ളത്തിലായി. 19 പതിപ്പിറക്കി 20-ാം പതിപ്പിറക്കാൻ ശുഷ്കാന്തി കാട്ടാത്തതിനെ തുടർന്ന് 'ചെമ്മീൻ' മറ്റൊരു പ്രസാധകന്റെ വലയിലായി.

വേണമെങ്കിൽ ചക്ക വേരിലും കായ്ക്കുമെന്നാണ് സാഹിത്യപ്രവർത്തകസഹകരണസംഘത്തിലെ അനുഭവങ്ങൾ വിളിച്ചു പറയുന്നത്. ഇപ്പോഴത്തെ ചീഫ് സെക്രട്ടറി സി.പി. നായർ 'തൊഴിൽ വകുപ്പും എലികളും' എന്ന പുസ്തകത്തിന്റെ കൈയെഴുത്തുപ്രതി ഒന്നരവർഷം മുമ്പ് പ്രസിദ്ധീകരണത്തിനായി സംഘത്തെ ഏല്പിച്ചു. ഈയിടെ അദ്ദേഹം അത് തിരികെ ചോദിച്ചു. കോട്ടയം ജില്ലാ കളക്ടർ മുഖേനയായിരുന്നു ഇത്. കഴിഞ്ഞ ഏപ്രിൽ 22 മുതൽ സംഘം അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്. ചീഫ് സെക്രട്ടറി പുസ്തകം തിരികെ ചോദിച്ചതോടെ ' മെഷിനറി' ഉണർന്നു. റെക്കോർഡ് വേഗതയിലാണ് സി.പി.നായരുടെ പുസ്തകം പുറത്തുവന്നത്.

അതേസമയം, അച്ചടിപൂർത്തിയായ 'ശബ്ദതാരാവലി' ഇന്ത്യാപ്രസ്സിൽ കൂട്ടിയിട്ടിരിക്കുകയാണ്. ബയന്റിംഗിന് ആവശ്യമായ പശ, നൂല് എന്നിവ ലഭിക്കാത്തതാണ് കാരണം!

പ്രതിദിനം ഒന്നരപുസ്തകം പ്രസിദ്ധീകരിക്കാനുള്ള സൗകര്യം ഇന്ത്യാ പ്രസ്സിൽ ഉണ്ടായിരുന്നു. നാട്ടകത്തെ ഇന്ത്യാപ്രസ്സ് നാല് ഏക്കർ എട്ട് സെന്റിലായി വ്യാപിച്ചുകിടക്കുകയാണ്. ഇതിൽ നിന്ന് രണ്ട് ഏക്കർ വിറ്റാണ് കടം വീട്ടാൻ ഇപ്പോൾ അധികൃതർ ഉദ്ദേശിക്കുന്നത്.

കോട്ടയത്തെ എസ്.പി.സി.എസ്സിന്റെ ആസ്ഥാനം

പ്രതിദിനം ഒന്നരപുസ്തകം ഇറക്കാൻ ശേഷിയുണ്ടായിരുന്ന സംഘം പ്രതിവർഷം ഒരു പുസ്തകം പുറത്തിറക്കേണ്ടിവരുന്ന അവസ്ഥയിൽ വരെ ചെന്നെത്തി. 1994 ജൂലൈയിൽ എം. ഗോപിനാഥൻനായരുടെ 'പാണ്ഡവൻകാടും പാഞ്ചാലിപ്പുഴയും' എന്ന നോവൽ പ്രസിദ്ധീകരിച്ച സംഘം 1995 മേയിൽ പവനന്റെ 'കേരളം ചുവന്ന പ്പോൾ' ആണ് പിന്നീട് പ്രസിദ്ധീകരിച്ചത്.

കാലാകാലങ്ങളിൽ ഭരണസമിതികളിലെത്തിയവർ സംഘത്തിന്റെ താത്പര്യങ്ങളേക്കാൾ സ്വാർത്ഥതാത്പര്യത്തിനു മുൻതൂക്കം കൊടുത്തതോടെയാണ് ഈ മഹാപ്രസ്ഥാനം അവതാളത്തിലായത്. കാട്ടിലെ തടി, തേവരുടെ ആന, വലിയെടാവലി എന്ന നിലയിൽ വാളെടുത്തവനെല്ലാം വെട്ടിച്ചുപോടാകുന്നതുപോലെ സംഘത്തിൽ വോട്ടവകാശമുള്ളവരെല്ലാം ഗ്രന്ഥകാരൻമാരാകുന്ന അവസ്ഥ വന്നതോടെ സംഘത്തിന്റെ നിലനില്പുതന്നെ പ്രശ്നത്തിലായി.

ഒന്നാംകിട എഴുത്തുകാരുടെ പുസ്തകങ്ങളുടെ പ്രസിദ്ധീകരണം വൈകിക്കാനും വിറ്റുതീർന്ന വയുടെ പുതിയ പതിപ്പ് അനിശ്ചിതമായി നീണ്ടുപോകാനും കാരണമായത് ചില ഭരണസമിതി അംഗങ്ങളാണെന്ന് ആരോപണമുണ്ട്. ഒന്നാംകിടക്കാരാണെന്ന് സ്വയംവിശ്വസിക്കുന്ന ഈ ഭരണസമിതി അംഗങ്ങൾക്ക് തങ്ങളുടെ പുസ്തകങ്ങൾ ചെലവാകാത്തതിലുള്ള അസൂയയാണ് ഇപ്രകാരം ഇരിക്കുന്ന കൊമ്പുമുറിക്കാൻ അവരെ പ്രേരിപ്പിച്ചതെന്നാണ് കിഞ്ചനവർത്തമാനം. അതെന്തായാലും തകഴി ശിവശങ്കരപ്പിള്ള, പി. കേശവദേവ്, വൈലോപ്പിള്ളി ശ്രീധരമേനോൻ, ഒ. എൻ. വി. കുറുപ്പ് തുടങ്ങിയ കുറേപ്പേർ സംഘം ഭരണസമിതി തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു എന്നത് യാഥാർത്ഥ്യമാണ്. ഏതുരംഗത്തും ഒന്നാംകിടക്കാർ എണ്ണത്തിൽ കുറവും താഴേതട്ടിലുള്ളവർ എണ്ണകൂടുതലുമാകുമ്പോൾ ഇത്തരം പരാജയം 'താഴേക്കിടക്കാരുടെ മനപ്പൊരുത്തം' മൂലമുണ്ടാകുന്നതാണെന്ന് ഒരു സാഹിത്യകാരൻ ചൂണ്ടിക്കാട്ടി.

സാഹിത്യകാരൻമാർ തമ്മിലുള്ള ചേരിതിരിവ് ചില ജീവനക്കാർ കാര്യമായി മുതലാക്കി. ഒരു വർഷം മുമ്പ് സ്റ്റോക്കെടുപ്പ് നടന്നപ്പോൾ 20 ലക്ഷത്തോളം രൂപയുടെ പുസ്തകങ്ങൾ കാണാനില്ലായിരുന്നതായി കഴിഞ്ഞഭരണസമിതിയിലെ തന്നെ ഒരംഗം സമ്മതിക്കുന്നു. ഇത് വളരെപ്പെട്ടെന്ന് സംഭവിച്ചതല്ല. വർഷങ്ങളായി ചില ജീവനക്കാർ നടത്തിവന്ന തട്ടിപ്പാണ്. ഒന്നോ രണ്ടോ ശാഖകളിലല്ല. മിക്കവാറും സ്ഥലങ്ങളിൽ ജീവനക്കാരുടെ ഇത്തരം തട്ടിപ്പുകൾ അരങ്ങേറി. വളരെക്കുറച്ച് ജീവനക്കാരാണ് ഇത്തരം തട്ടിപ്പുകൾക്കുത്തരവാദിയെങ്കിലും അതിന്റെ നാണക്കേടിൽ ബഹുഭൂരിപക്ഷത്തിനും ശിരസ്സുകുനിക്കേണ്ട സ്ഥിതിയാണുള്ളത്. യഥാസമയം കണക്കുകൾ പരിശോധിക്കാൻ ആർക്കും താത്പര്യമില്ലായിരുന്നു. ഇക്കാര്യത്തിൽ ഭരണസമിതികളിലെ ഒരംഗമെങ്കിലും നിഷ്കർഷ പുലർത്തിയിരുന്നെങ്കിൽ ആയിരവും രണ്ടായിരവും രൂപയുടെ തട്ടിപ്പുകളിൽ തന്നെ പ്രതികൾ കുടുങ്ങുമായിരുന്നു. നാമനില്ലാക്കളരിയായതല്ല, മറിച്ച് ഒരുപാട് നാമൻമാരുണ്ടായതുകൊണ്ടും അവരെല്ലാം കളരിഗുരുക്കളാവുകയും ചെയ്തതാണ് സംഘത്തിന്റെ ശാപം. പ്രോവിഡന്റ് ഫണ്ട് കുടിശ്ശികയെക്കാൾ വലുതാണ് ഇത്തരം തട്ടിപ്പിനെ തുടർന്ന് സംഘത്തിനു നഷ്ടപ്പെട്ട തുക. ഇത് വീണ്ടെടുക്കാനാവാത്ത അവസ്ഥയാണിപ്പോൾ. അങ്ങനെ നഷ്ടക്കണക്കിൽ ജീവനക്കാരിൽ ചിലരും തങ്ങളുടേതായ പങ്കുവഹിച്ചു.

തട്ടിപ്പുകേസുകളിലെ വില്ലൻമാർ ഒരു പോരാലും കൂടാതെ രക്ഷപ്പെട്ടതിന് നിരവധി ഉദാഹരണങ്ങളുണ്ട്. അത് സംഘത്തിനകത്തെ ക്രമക്കേടുകളുമായി ബന്ധപ്പെട്ടതാണ്. അച്ചടി സാമഗ്രികൾ, കടലാസ് എന്നിവ ഗുണനിലവാരം കുറഞ്ഞത് വാങ്ങുകയും അതുതന്നെ നിശ്ചയിച്ച അളവിൽ വാങ്ങാതിരിക്കുകയും ചെയ്തശേഷം ഭരണസമിതി അംഗങ്ങളും ജീവനക്കാരും തമ്മിലുള്ള 'കൂട്ടായ്മ'യിലൂടെ എല്ലാം ഭദ്രമാണെന്ന് സ്ഥാപിക്കുകയും ചെയ്യുന്നു. ഈ കളികൾ അറിയാവുന്ന ജീവനക്കാരെ തൊടാൻ ഭരണസമിതി അംഗങ്ങൾക്ക് മടിയാണ്. കുറ്റം ചെയ്ത പ്രസ്തുത ജീവനക്കാർക്കെതിരെ നടപടിയെടുത്താൽ അവർ സത്യങ്ങൾ വിളിച്ചുപറഞ്ഞാൽ ചെളിതെറിക്കുന്നത് സ്വന്തം മുഖത്തേക്കാണെന്ന് തിരിച്ചറിയുന്ന ചില ഭരണസമിതി അംഗങ്ങൾ ഇത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള അവസരം പോലും ഭരണസമിതിയിൽ ഒഴിവാക്കുക പതിവായിരുന്നു.

ഇതിനൊരു മറുവശവുമുണ്ട്. സംഘത്തിൽ ശമ്പളപരിഷ്കരണം നടന്നിട്ട് 11 വർഷമായി. 3 ഡി. എ. ഇതുവരെ കിട്ടിയിട്ടില്ല. ഏപ്രിലിലെ ശമ്പളം മേയ് മാസത്തിൽ പത്തിലേറെ ഗഡുക്കളായാണ്

പലർക്കും കിട്ടിയത്. ഈ സാഹചര്യത്തിൽ ചിലർ പുസ്തകം വിറ്റുകിട്ടുന്ന തുക സ്വന്തം ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ നിർബന്ധിതരാവുന്നു എന്ന യാഥാർത്ഥ്യവും കാണാതിരിക്കാനാവില്ല.

ഏറ്റവും ഉയർന്ന റോയൽറ്റി നൽകുന്ന സ്ഥാപനം സാഹിത്യപ്രവർത്തകസഹകരണസംഘമാണ്. 30 ശതമാനമാണ് എഴുത്തുകാർക്ക് സംഘം നൽകുന്ന റോയൽറ്റി. പ്രസാധകനും ഗ്രന്ഥകാരനും ഒന്നായതിനാൽ ഇടനിലക്കാരനെ ഒഴിവാക്കുമ്പോൾ ലഭിക്കേണ്ടുന്ന ലാഭം എഴുത്തുകാരനിലേക്കെത്തുന്നു എന്നാണ് ഇതിനുള്ള വിശദീകരണം.

ഫലത്തിൽ, ഈ ഉയർന്ന റോയൽറ്റി സംഘത്തിനു ബാധ്യതയായിട്ട് വർഷങ്ങളായി. റോയൽറ്റി കുറയ്ക്കണമെന്ന് പി.കെ. ബാലകൃഷ്ണനെപ്പോലുള്ള എഴുത്തുകാർ നിരന്തരം വാദിച്ചിരുന്നതായി സംഘം മുൻസെക്രട്ടറി എം.കെ. മാധവൻനായർ ഓർക്കുന്നു.

കോപ്പിനൈറ്റ് ഉള്ള പുസ്തകങ്ങൾ വിറ്റുകിട്ടുന്ന ലാഭം മുഴുവൻ ഈ ഉയർന്ന റോയൽറ്റി കൊടുക്കാൻ വിനിയോഗിക്കുകയായിരുന്നു. റോയൽറ്റി കുറയ്ക്കുന്ന കാര്യം ചർച്ച ചെയ്യാൻ പോലും ഭരണസമിതി അംഗങ്ങൾ തയ്യാറല്ലായിരുന്നു. റോയൽറ്റി കുറച്ചാൽ വോട്ടുകിട്ടിയില്ലെങ്കിലോ എന്ന ഭയമായിരുന്നു അതിനു പിന്നിൽ. വിതരണത്തിനെടുക്കുന്ന പുസ്തകങ്ങൾക്ക് 40 ശതമാനം കമ്മിഷൻ സംഘം ഈടാക്കും.

ഇപ്പോൾ സംഘത്തിൽ 148 ജീവനക്കാരാണുള്ളത്. ഇവർക്ക് ശമ്പളം നൽകാൻ പ്രതിമാസം 3,63,000 രൂപ വേണം. എന്നാൽ വിറ്റുവരവ് മൂന്നു ലക്ഷം പോലുമില്ല.

രണ്ടുകോടി 10 ലക്ഷം രൂപയാണ് കടബാദ്ധ്യതയായി കണക്കാക്കിയിട്ടുള്ളത്. റോയൽറ്റി ഉൾപ്പെടെയുള്ളവയുടെ കുടിശ്ശികക്കണക്ക് സംഘത്തിൽ ഇപ്പോഴും വ്യക്തമായി സൂക്ഷിച്ചിട്ടില്ല. എല്ലാവർഷവും മാർച്ച് 31-നു മുമ്പു ലഭിക്കേണ്ട സ്റ്റോക്ക് സ്റ്റേറ്റ്മെന്റ് ഇതുവരെയും ലഭിച്ചിട്ടില്ലെന്ന് സംഘം അഡ്മിനിസ്ട്രേറ്റർ കൂടിയായ കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ എം. എ. തമ്പി അറിയിച്ചു. ജൂലൈ 21 വരെയാണ് അഡ്മിനിസ്ട്രേറ്ററുടെ കാലാവധി.

നാട്ടകത്തെ ഇന്ത്യാപ്രസ്സിട്ടിരിക്കുന്ന 4 ഏക്കർ എട്ട് സെന്റിൽ നിന്ന് 2 ഏക്കർ വിൽക്കുന്നതിനോട് മൊത്തത്തിൽ അനുകൂലമായ പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്. സംഘം പൊതുയോഗം മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ ഇത് അംഗീകരിച്ചാൽ സഹകരണ രജിസ്ട്രാറുടെ അനുമതിക്കായി അയയ്ക്കണം. രജിസ്ട്രാറുടെ കൂടി അനുമതി കിട്ടിക്കഴിഞ്ഞാൽ സ്ഥലം വിൽക്കാം. 2 ഏക്കറിനുള്ളിൽ ലോറിപോകത്തക്കവഴി സൗകര്യമുണ്ടാക്കി 5 സെന്റ് വീതമുള്ള പ്ലോട്ടുകളാക്കി തിരിച്ച് വില്പന നടത്താനാണുദ്ദേശിക്കുന്നത്. മുൻവശത്തെ 2 ഏക്കർ വിൽക്കില്ല. ഒരു കോടിയോളം രൂപ ഇതിൽ നിന്നു പ്രതീക്ഷിക്കുന്നതായി അഡ്മിനിസ്ട്രേറ്റർ പറഞ്ഞു.

പ്രോവിഡന്റ് ഫണ്ട്, എംപ്ലോയീസ് വെൽഫയർ ഫണ്ട്, ഗ്രാറ്റുവിറ്റി കുടിശ്ശികയായ 39 ലക്ഷത്തോളം രൂപ ഇതിൽ നിന്ന് അടയ്ക്കണം. ഇല്ലാ സഹകരണബാങ്കിന്റെ വായ്പയായ 47 ലക്ഷം രൂപ അടച്ചുതീർത്ത് 50 ലക്ഷം രൂപ പുതിയതായി വായ്പയെടുക്കണം. ആ തുകയ്ക്ക് ഡി. ടി.പി. ഓഫ്സെറ്റ് പ്രസ്സ് എന്നിവ സ്ഥാപിക്കുകയും അച്ചടിക്കാവശ്യമായ സാമഗ്രികൾ വാങ്ങുകയും വേണം - ജനറൽ ബോഡി സ്ഥലവില്പനയ്ക്ക് അംഗീകാരം നൽകുകയാണെങ്കിൽ തുടർന്നു ദ്ദേശിക്കുന്ന പദ്ധതികൾ അഡ്മിനിസ്ട്രേറ്റർ വിശദീകരിച്ചു.

ആറുമാസത്തിനുള്ളിൽ സ്ഥിതിഗതി മെച്ചപ്പെടുത്താനാകും എന്നാണ് പ്രതീക്ഷ. പഴയതൊഴിലാളികളെ വിവിധ മേഖലകളിലേക്ക് തിരിച്ചുവിടും. കമ്പോസിംഗ് തൊഴിലാളികളെ ബയന്റിംഗിലേക്ക് മാറ്റാം. പ്രായവും മറ്റും കണക്കിലെടുത്ത് ചിലരെ ഡി.ടി.പി പരിശീലിപ്പിക്കാം - അഡ്മിനിസ്ട്രേറ്റർ തമ്പി പറഞ്ഞു.

ഈ വില്പന നടന്നാൽ തന്നെ അതിനെ തുടർന്ന് ലഭിക്കുന്ന തുക കാര്യക്ഷമമായി വിനിയോഗിക്കാൻ കഴിയുമോ? ആറേഴുമാസം മുമ്പ് 30 ലക്ഷം രൂപ സംഘത്തിന് വായ്പ ലഭിച്ചിരുന്നു. അതിന്റെ പലിശ കൂടി ബാധ്യതയായെന്നതല്ലാതെ അതുകൊണ്ട് സംഘത്തിന് ഒരു പ്രയോജനവും ലഭിച്ചില്ല. പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക പോലും അടയ്ക്കാൻ ആ തുക വിനിയോഗിച്ചില്ല. ഇതിനെക്കാൾ ആവശ്യമുള്ള മറ്റെന്തിനെങ്കിലും ആ തുക വിനിയോഗിച്ചോ എന്നു പറയാൻ ഉത്തരവാദപ്പെട്ടവർ ബാദ്ധ്യസ്ഥരാണ്.

അതുപോലെ തന്നെ വസ്തുവില്പന കാര്യക്ഷമമായും പ്രയോജനപ്രദമായും നടക്കുമോയെന്നും ആശങ്കയുണ്ട്. ജനറൽബോഡി അംഗീകാരം നൽകിയാലും വസ്തുവില്പനയിൽ ഒത്തുകളിയുണ്ടാവാനുള്ള സാധ്യതയുണ്ടെന്ന് ചിലർ ആരോപിക്കുന്നു.

എറണാകുളത്ത് മറൈൻഡ്രൈവിൽ സി. രാധാകൃഷ്ണൻ സംഘം പ്രസിഡന്റായിരിക്കേ 10 സെന്റ് വാങ്ങി. അവിടത്തെ ഷോറും മാറേണ്ടിവന്നപ്പോൾ, ചെറിയ ഒരു കടയ്ക്ക് മൂന്നുലക്ഷത്തിലേറെ പകിടിയായി ചോദിച്ചു. ഇതിനെ തുടർന്നാണ് സ്ഥലം വാങ്ങാൻ ആലോചിച്ചത്. അന്ന് എറണാകുളം ജില്ലാ കളക്ടറും ജി. സി. ഡി. എ ചെയർമാനും കോർപ്പറേഷൻ കമ്മിഷണറും ഒരാളായിരുന്നു കെ. ആർ. രാജൻ. സി. രാധാകൃഷ്ണൻ അദ്ദേഹവുമായി സംസാരിച്ചു. പിറ്റേന്ന് പണം നൽകാമെങ്കിൽ 10 സെന്റ് മറൈൻഡ്രൈവിൽ നൽകാമെന്ന് കളക്ടർ സമ്മതിച്ചു. രാധാകൃഷ്ണൻ കോട്ടയത്തെത്തിയപ്പോൾ രാജാറാം മോഹൻറായ് ഫൗണ്ടേഷന് പുസ്തകം നൽകിയതിന് അവർ അയച്ച മൂന്നുലക്ഷത്തിന്റെ ഡി.ഡി വന്നിട്ടുണ്ട്. രണ്ടുലക്ഷം രൂപ സ്വന്തംനിലയിൽ പ്രസിഡന്റ് സംഘടിപ്പിച്ചു. അന്ന് അഞ്ചുലക്ഷം മുടക്കി മറൈൻഡ്രൈവിൽ ഭൂമി വാങ്ങിയത് പ്രസിഡന്റ് കൊച്ചിക്കാരനായതിനാലാണെന്ന് ആക്ഷേപമുയർന്നിരുന്നു. (കൊച്ചിയിലാണ് താമസമെങ്കിലും സി.രാധാകൃഷ്ണൻ പൊന്നാനിക്കാരനാണ്.) 10 വർഷം മുമ്പ് അഞ്ചുലക്ഷത്തിനു വാങ്ങിയ ആ ഭൂമിക്ക് ഇന്ന് രണ്ടരക്കോടിയോളം രൂപ വിലയുണ്ട്.

ഈ വസ്തുവില്പന നടത്താനും ഇടയ്ക്ക് ആലോചനയുണ്ടായി. കടം വീട്ടുന്നതിനെന്നായിരുന്നു വിശദീകരണം. 54 ലക്ഷത്തിനു വിൽക്കാമെന്ന് പിന്നീടുവന്ന പ്രസിഡന്റ് പറഞ്ഞപ്പോൾ അതിന്റെ ഇരട്ടിയിലേറെ രൂപ കിട്ടുമെന്ന് വാദമുണ്ടായി. തുടർന്ന് ഇതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റി 1 കോടി 31 ലക്ഷത്തിന് വില്പനയ്ക്ക് കമ്മിറ്റേഷൻ തന്ന ആളുമായി കരാർ

ആളൊഴിഞ്ഞ ബുക്സ്റ്റാളിൽ സ്കൂട്ടർ പാർക്കിംഗ്

ഉറപ്പിക്കാൻ ശ്രമിക്കവേ നാടകീയമായ സംഭവവികാസങ്ങളുണ്ടായി. രണ്ടാമതും മൂന്നാമതും ടെന്റർ നൽകിയവർ 'വാങ്ങലിൽ' നിന്ന് പിൻമാറി. ഒരു കോടി 31 ലക്ഷത്തിന് ടെന്റർ നൽകിയ ആൾ ആ വിലയ്ക്ക് വസ്തുവാങ്ങുന്നത് നഷ്ടമായതിനാൽ വിലക്കുറയ്ക്കണമെന്ന ആവശ്യവുമായി രംഗത്തെത്തി. ഭരണസമിതിയിലെ ചില അംഗങ്ങളുടെ ചരടുവലികളാണിതിന്റെ പിന്നിലെന്ന് ആരോപണമുയർന്നു. ഈ വസ്തു 10 വർഷം കഴിഞ്ഞേ വില്പന നടത്താവൂ എന്ന് ജി. സി. ഡി. എ യുമായി കരാറുണ്ടായിരുന്നതിനാൽ അതിപ്പോഴും നിലനിൽക്കുന്നു. അന്നത്തെ വില്പനശ്രമം പൊലിഞ്ഞു.

എനിക്കു നിരാശയുണ്ട്

സി.രാധാകൃഷ്ണൻ

'എനിക്ക് സാഹിത്യപ്രവർത്തകസഹകരണസംഘത്തെപ്പറ്റി ആലോചിക്കാതിരിക്കാനാണിഷ്ടം. അത്രയ്ക്ക് നിരാശയുണ്ട്'' - സംഘം മുൻപ്രസിഡന്റ് സി.രാധാകൃഷ്ണൻ പറഞ്ഞു.

അദ്ദേഹം തുടർന്നു: 'അവിടെ എന്താണ് പ്രശ്നമെന്ന് ഇനിയും മനസ്സിലായിട്ടില്ല. അതാണതിന്റെ ദയനീയത. 10 കോടി രൂപയുടെ ആസ്തിയുണ്ട്. ആകെയുള്ള കടമാണെങ്കിൽ രണ്ടുകോടി രൂപയുടേയും. നേരെ കൊണ്ടുനടക്കാൻ ഒരു പ്രയാസവുമില്ല. സമ്പാദ്യം നന്നായെടുത്ത് വീടുകൊണ്ടു നടക്കുന്ന ഏതു ഗൃഹനാഥനും ചെയ്യാവുന്നതേയുള്ളൂ. അത് ആര് ചെയ്യണം എന്നതേയുള്ളൂ പ്രശ്നം. പുതിയ അംഗങ്ങളുണ്ട്. തിരഞ്ഞെടുപ്പ് വന്നാൽ ചിലപ്പോൾ പുതിയ ആശയക്കാർ ഭരിക്കാൻ വന്നുകൂടായ്കയില്ല. അവർക്ക് വഴി ഒഴിഞ്ഞുകൊടുക്കണം. രണ്ടും മൂന്നും തവണ ഭരിക്കാനിരുന്നവർ ഇനിയങ്ങോട്ടും ഭരിക്കാനായി ശ്രമിക്കരുത്.'

ഇന്ത്യാ പ്രസ്സിലെ രണ്ടേക്കർ സ്ഥലം വിൽക്കാതിരിക്കുകയാണ് വേണ്ടത്. വിൽക്കാതെ നിവൃത്തിയില്ലെങ്കിൽ വിറ്റെങ്കിലും കാര്യം നടത്തണം. അതോടൊപ്പം പിന്നിടുള്ളവ വിൽക്കാതിരിക്കാനുള്ള മാർഗ്ഗങ്ങൾ കൂടി നോക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

നോക്കാനാളില്ലാത്തതാണ് സംഘത്തിൽ പ്രശ്നം രൂക്ഷമാക്കിയതെന്ന് സി.രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. എഴുത്തുകാരന് ഏകമനസ്സായി സഹകരിക്കാൻ സാധിക്കുന്നില്ല. സാമർത്ഥ്യം എഴുത്തുകാരന്റെ മുഖമുദ്രയാണെന്നു സമ്മതിച്ചുകൊടുത്താൽ, തന്നെ സംഘം നിലനിൽക്കാനുള്ള സ്വാർത്ഥപരമായ കുട്ടായ്മ'യെങ്കിലും ഉണ്ടാക്കിയെടുക്കാൻ എഴുത്തുകാരന് കഴിയുന്നില്ല. അപ്പോൾ മറ്റുള്ളവരെ കുറ്റപ്പെടുത്തിയിട്ട് എന്തുകാര്യം?'- അദ്ദേഹം ചോദിച്ചു.

'സാഹിത്യകാരൻമാർക്കും ജീവനക്കാർക്കുമാണ് സംഘം കൊണ്ടുള്ള ഗുണം. അവർക്കിതുവർക്കും ഇതിൽ താത്പര്യമില്ല.'- മുൻസെക്രട്ടറി എം. കെ. മാധവൻനായർ ചൂണ്ടിക്കാട്ടി. 1956 മുതൽ 1974 വരെ സംഘത്തിന്റെ പബ്ലിക്കേഷൻ സെക്രട്ടറിയായിരുന്ന മാധവൻനായർ 10 വർഷം സെക്രട്ടറിയായിരുന്നു. കഴിഞ്ഞ ഭരണസമിതിയിലും അംഗമായിരുന്നു.

' ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് പരസ്പരധാരണയില്ല. ഭാരിൽ മനസ്സുമടുത്തുപോയി. പുസ്തക പ്രസാധനം സങ്കീർണ്ണമാണ്. അതിന്റെ വെല്ലുവിളികൾ ഏറ്റെടുത്ത് പ്രവർത്തിക്കാൻ തയ്യാറുള്ളവർ ഭരണസമിതിയിൽ വരണം. ഒറ്റമൂലികൾ കൊണ്ട് സംഘത്തെ രക്ഷപ്പെടുത്താനാവില്ല. ചെറിയ ചെറിയ 'പ്രസിദ്ധീകരണശാലകൾ തന്നെ ഇവിടെ 120 ലേറെയുണ്ട്. അവർ ഒന്നാംകിട പുസ്തകങ്ങളാണ് പ്രസിദ്ധീകരിക്കുന്നത്. ആ സാഹചര്യത്തിൽ അവയോട് കിടപിടിക്കത്തക്കവിധം കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും മേൻമ പുലർത്തുന്ന പുസ്തകങ്ങൾ പ്രസിദ്ധീകരിക്കണം. അതിന് ആത്മാർത്ഥതയുള്ള ആരെങ്കിലും നേതൃസ്ഥാനത്ത് വരണം. തെറ്റു ചെയ്ത ജീവനക്കാരെ രക്ഷിക്കാൻ പോലും ചിലർ ശ്രമിച്ചു. അതിനി ആവർത്തിക്കാൻ പാടില്ല. പെർമാറ്റച്ചട്ടം അനിവാര്യമാണ്.'- മാധവൻനായർ പറഞ്ഞു.

കഴിഞ്ഞ ഒന്നരവർഷത്തിനിടയിൽ സംഘത്തിൽ നിന്ന് റോയൽറ്റിയായി കൊടുത്തത് 45 ലക്ഷം രൂപയാണ്. എഴുത്തിൽ നിന്ന് മാത്രം ജീവിതച്ചെലവ് കഴിച്ചുകൂട്ടുന്നവർ വിരളമാണ്. ആ സാഹചര്യത്തിൽ, ഈ തുക സംഘത്തിന്റെ പുനരുദ്ധാരണത്തിനു വിനിയോഗിക്കാൻ എഴുത്തുകാർ തയ്യാറായിട്ടുണ്ടോ? എഴുത്തുകാർ സംഘത്തിന്റെ പുരോഗതിക്കുവേണ്ടി എത്ര പങ്കുവഹിച്ചെന്ന് വിലയിരുത്താൻ തയ്യാറാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

കാലാകാലങ്ങളിൽ ചെയ്യേണ്ടത് ചെയ്തില്ല. ഭാവന ഉപയോഗിച്ച് പുസ്തകമെഴുതാം. എന്നാൽ അതുകൊണ്ട് കച്ചവടം നടക്കില്ല. ഈ സംഘത്തെ രക്ഷപ്പെടുത്താൻ നോക്കുന്നതിനേക്കാൾ പുതിയൊരു സംഘം തുടങ്ങണമെന്ന എം.പി. നാരായണപിള്ളയുടെ അഭിപ്രായം പരിഗണിക്കേപ്പെടേണ്ടതാണ്. കാരൂർ പോലും പറഞ്ഞിട്ടുണ്ട് സംഘം അതിന്റെ ദൗത്യം നിർവഹിച്ചു കഴിഞ്ഞാൽ വേണ്ടിവന്നാൽ ഭാവിയിൽ മാറ്റം വരുത്തണമെന്ന്. സംഘം നിലനിൽക്കുന്നതുവഴി തൊഴിൽ പോകുന്ന കുറേ പാവങ്ങളുണ്ട്. അവരുടെ കാര്യം സർക്കാർ നോക്കണം. സ്ഥലം വിറ്റു കിട്ടുന്ന പണം കൊണ്ട് കടമെല്ലാം തീർക്കാം. സാഹിത്യം നിലനിൽക്കാൻ ഇങ്ങനൊരു സ്ഥാപനമൊന്നും ആവശ്യമില്ല.

എൻ.ബി.എസ്സിനെ ഒരു സിക്ക് യൂണിറ്റായി സർക്കാരിനു കരുതാവുന്നതാണ്. സമൂഹം നന്നാകണമെങ്കിൽ കളപറിക്കുന്നതുപോലെ രോഗം ബാധിച്ച ഇത്തരം സ്ഥാപനങ്ങൾ പിഴുതെറിയണം. പക്ഷെ പണി ഇല്ലാതാകുന്ന നൂറോളം പേരുണ്ടെന്നുകേട്ടു. അവർക്ക് ഭാര്യമാരും അമ്മമാരും ഒക്കെ കാണുമല്ലോ. സാഹിത്യത്തിന്റെ പേരിലല്ലെങ്കിലും ഒരു കൊല്ലക്കാലം ഇപ്പോഴുള്ള വേതനത്തിന്റെ പകുതിയെങ്കിലും സർക്കാർ അവർക്ക് തൊഴിലില്ലായ്മ വേതനമായി നൽകണം. എഴുത്തുകാരുടെ ചോര കുടിച്ച ഒരു അട്ടയാണ് എസ്.പി.സി.എസ്, അത് തകർന്നതിൽ അദ്ഭുതമില്ല. ആദർശം പറഞ്ഞ് ആളുകൾ ഇറങ്ങും. അതൊക്കെ വെറും അഭിനയം.

'പത്തു കഥകൾ' എന്നപേരിൽ എന്റെ ഒരു പുസ്തകം വളരെമുമ്പ് സംഘം ഇറക്കി. ''കാൽക്കാശ് തന്നിട്ടില്ല.'' അതു സാരമില്ല പിന്നിട് ഞാൻ പുസ്തകം കൊടുത്തിട്ടില്ല. സംഘം ആരാ ഭരിക്കുന്നത്. എന്താ അവരു ചെയ്യുന്നത് എന്നൊന്നും ഞാൻ ശ്രദ്ധിക്കാറില്ല.

അടച്ചു പൂട്ടട്ടെ

മാധവിക്കുട്ടി

'എഴുത്തുകാരെ ചതിച്ച ചരിത്രം മാത്രമുള്ള സാഹിത്യപ്രവർത്തക സഹകരണസംഘം അടച്ചുപൂട്ടുന്നതാണു നല്ലതെന്ന് മാധവിക്കുട്ടി അഭിപ്രായപ്പെടുന്നു. എൻ.ബി.എസ്സിലൂടെ പടച്ചുവിടുന്നത് സാഹിത്യമല്ല. സാഹിത്യമെന്ന പേരിൽ പുറത്തുവരുന്ന സാധനങ്ങളിൽ 20 ശതമാനം പോലും സാഹിത്യമല്ല.

എസ്.പി.സി.എസ് ഇല്ലാതാകുന്നതുവഴി തൊഴിൽ പോകുന്ന കുറേ പാവങ്ങളുണ്ട്. അവരുടെ കാര്യം സർക്കാർ നോക്കണം. സ്ഥലം വിറ്റു കിട്ടുന്ന പണം കൊണ്ട് കടമെല്ലാം തീർക്കാം. സാഹിത്യം നിലനിൽക്കാൻ ഇങ്ങനൊരു സ്ഥാപനമൊന്നും ആവശ്യമില്ല.

എൻ.ബി.എസ്സിനെ ഒരു സിക്ക് യൂണിറ്റായി സർക്കാരിനു കരുതാവുന്നതാണ്. സമൂഹം നന്നാകണമെങ്കിൽ കളപറിക്കുന്നതുപോലെ രോഗം ബാധിച്ച ഇത്തരം സ്ഥാപനങ്ങൾ പിഴുതെറിയണം. പക്ഷെ പണി ഇല്ലാതാകുന്ന നൂറോളം പേരുണ്ടെന്നുകേട്ടു. അവർക്ക് ഭാര്യമാരും അമ്മമാരും ഒക്കെ കാണുമല്ലോ. സാഹിത്യത്തിന്റെ പേരിലല്ലെങ്കിലും ഒരു കൊല്ലക്കാലം ഇപ്പോഴുള്ള വേതനത്തിന്റെ പകുതിയെങ്കിലും സർക്കാർ അവർക്ക് തൊഴിലില്ലായ്മ വേതനമായി നൽകണം. എഴുത്തുകാരുടെ ചോര കുടിച്ച ഒരു അട്ടയാണ് എസ്.പി.സി.എസ്, അത് തകർന്നതിൽ അദ്ഭുതമില്ല. ആദർശം പറഞ്ഞ് ആളുകൾ ഇറങ്ങും. അതൊക്കെ വെറും അഭിനയം.

'പത്തു കഥകൾ' എന്നപേരിൽ എന്റെ ഒരു പുസ്തകം വളരെമുമ്പ് സംഘം ഇറക്കി. ''കാൽക്കാശ് തന്നിട്ടില്ല.'' അതു സാരമില്ല പിന്നിട് ഞാൻ പുസ്തകം കൊടുത്തിട്ടില്ല. സംഘം ആരാ ഭരിക്കുന്നത്. എന്താ അവരു ചെയ്യുന്നത് എന്നൊന്നും ഞാൻ ശ്രദ്ധിക്കാറില്ല.

ഭൂമി വില്ക്കരുത്

ഡി.സി. കിഴക്കേമുറി

സംഘത്തിന്റെ ആദ്യ ഡയറക്ടർമാരിൽ ഒരാളും മൂപ്പതു വർഷത്തോളം സംഘ ചരിത്രഭാഗമായി നില്ക്കുകയും ചെയ്ത ഡി.സി. കിഴക്കേമുറി സ്ഥലം വില്പനയെ ശക്തിയുക്തം എതിർക്കുന്നു. "നാടുകത്തെ സ്ഥലം വിറ്റാൽ എൺപതു ലക്ഷത്തിൽ കൂടുതൽ കിട്ടില്ലെന്നു ഡി.സി ഉദാഹരണസഹിതം സമർത്ഥിക്കുന്നു. ഇത്രയും വിലയ്ക്ക് ഒന്നിച്ചെടുക്കാൻ ആളെ കിട്ടില്ല. ഫ്ളാറ്റ് പണിയാനാണെങ്കിൽ നീന്തൽക്കുളവും മറ്റും വേണം. ഒന്നിച്ചെടുത്തു പ്ളോട്ടായി വില്ക്കണമെങ്കിൽ സെന്റിന് അമ്പതിനായിരം വച്ച് ആരും വാങ്ങില്ല. രണ്ടേക്കർ വിറ്റാൽ കൂടിവന്നാൽ എൺപതുലക്ഷം കിട്ടിയാലായി. ഇതുകൊണ്ട് കടം തീരാതെ വരുമ്പോൾ. ബാക്കി സ്ഥലവും വില്ക്കേണ്ടിവരും. വീണ്ടും കടബാദ്ധ്യത വരുമ്പോൾ എറണാകുളത്തെ സ്ഥലവും വില്ക്കേണ്ടിവരും. അവസാനം കോട്ടയത്ത് സംഘം ഹെഡ് ഓഫീസ് മാത്രമേ ഉണ്ടാകൂ.

സ്ഥലം വില്പന പ്രശ്നപരിഹാരമല്ല. സംഘത്തെ രക്ഷപ്പെടുത്താൻ ഗവൺമെന്റ് മുന്നോട്ടുവരണം. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ എങ്ങനെ സംഘത്തെ രക്ഷിക്കാം എന്നതിനെക്കുറിച്ച് ചർച്ച ചെയ്തിരുന്നു. തിരഞ്ഞെടുപ്പിനു മുമ്പ് ടി.കെ.രാമകൃഷ്ണനും ഇക്കാര്യം ചോദിച്ചിരുന്നു. കടം തീർക്കാനും മുന്നോട്ടുകൊണ്ടുപോകാനും ഏജന്റുതന്നെ രംഗത്തു വരണം. തൃശ്ശൂരിൽ സഹകരണമേഖലയിലുള്ള ഒരു സ്പിന്നിംഗ് മില്ലിന് മുൻ മുഖ്യമന്ത്രി കരുണാകരൻ മുൻകൈ എടുത്ത് മൂന്നുകോടി നല്കിയിരുന്നു. ഇത്രയും പ്രശസ്തമായ സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന് രണ്ടുകോടി പത്തു ലക്ഷം രൂപയുടെ കടം വീട്ടാൻ ഗവൺമെന്റിന് സഹായിക്കാവുന്നതേയുള്ളൂ. ഡി.സി. ചൂണ്ടിക്കാട്ടുന്നു.



ഗവൺമെന്റ് കടംവീട്ടിയതുകൊണ്ടായില്ല. അടുത്ത നാലുവർഷത്തേക്ക് ഗവൺമെന്റിന്റെ നിയന്ത്രണത്തിലായിരിക്കണം സംഘം ഭരണം. സാഹിത്യസ്നേഹിയും ബിസിനസ്സ് താത്പര്യമുള്ളതുമായ ഒരു ഐ.എ.എസ്.ഐ.പി. എസ് ഉദ്യോഗസ്ഥന് സംഘത്തിന്റെ പൂർണ്ണ ഭരണച്ചുമതല നല്കിയാലേ സംഘം രക്ഷപ്പെടൂ. അല്ലാതെ രണ്ടുകോടി പത്തുലക്ഷം രൂപ നാളെ കൊണ്ടുകൊടുത്താലും എസ്.പി.സി.എസ് രക്ഷപ്പെടില്ല. കെടുകാര്യസ്ഥതയാണ് പ്രധാന പ്രശ്നം അല്ലാതെ കടബാധ്യതയല്ല. കുത്തഴിഞ്ഞ പുസ്തകം പോലെതന്നെയാണ് ഇന്ന് സംഘം. കൊള്ള രുതാത്ത, അടച്ചുകെട്ടില്ലാത്ത കേൾപ്പോരും കേൾവിയുമില്ലാത്ത സ്ഥിതിക്ക് ആദ്യം മാറ്റമുണ്ടാകണം. ഒരു ഐ.എ.എസ്. ഐ.പി.എസ് ഉദ്യോഗസ്ഥൻ ഭരണച്ചുമലത ഏറ്റെടുത്താൽ സംഘത്തിന്റെ മുഖച്ഛായ തന്നെ മാറും. തലപ്പത്ത് കഴിവുള്ളവരുണ്ടെന്ന തോന്നൽ പൊതുജനങ്ങൾക്കുണ്ടാകും. നാലുവർഷം കൊണ്ട് സംഘത്തെ നല്ലൊരു നിലയിൽ എത്തിച്ചശേഷം ജനകീയ സമിതിക്ക് ഭരണം കൈമാറുന്നതിനെക്കുറിച്ചാലോചിക്കാം. സംഘം രക്ഷപ്പെടാൻ ഞാൻ കാണുന്ന ഒരേയൊരു മാർഗ്ഗം ഇതാണ്. സ്ഥലംവില്പന സംഘത്തെ താഴത്തെ പടിയിലേ എത്തിക്കൂ. പണ്ടുള്ളവർ ഏറെ കഷ്ടപ്പെട്ട് ഉണ്ടാക്കിയ സ്വത്തുക്കൾ വിറ്റുള്ള സംഘത്തെ രക്ഷിക്കേണ്ടത്. അത് നിലനിർത്തിക്കൊണ്ട് മറ്റു രക്ഷാമാർഗ്ഗങ്ങൾ തേടണം. അല്ലെങ്കിൽ കാശിനുകൊള്ളാത്ത കുറേ പുസ്തകങ്ങളും കാശിനുകൊള്ളാത്ത കുറേപ്തമായി പണ്ട് കേരളത്തിന്റെ അഭിമാനമായിരുന്ന സാഹിത്യപ്രവർത്തക സഹകരണസംഘം മാറുമെന്നും ഡി.സി കൂട്ടിച്ചേർത്തു.

കഴിഞ്ഞ അമ്പതു വർഷം ഭരിച്ചവരാണ് സംഘത്തിന്റെ ഇന്നത്തെ ദുഃസ്ഥിതിക്ക് കാരണമെന്ന അഭിപ്രായത്തോട് മുൻ സംഘം സെക്രട്ടറി കൂടിയായ ഡി.സി യോജിക്കുന്നില്ല. 1945 മുതൽ 1974 ആദ്യം സംഘത്തൽനിന്ന് ഞാൻ പിരിയുന്നതുവരെ ഒരു രൂപയുടെ കടബാധ്യതപോലും സംഘത്തിനുണ്ടായിരുന്നില്ല. പിന്നിട്ടുള്ള ഇരുപത്തിരണ്ടുവർഷത്തെ കാര്യത്തെക്കുറിച്ച് എനിക്കറിയില്ലെങ്കിലും ആ 22 വർഷം കൊണ്ടാണ് രണ്ടുകോടിയിൽപ്പരം രൂപയുടെ കടബാധ്യത ഉണ്ടായിട്ടുള്ളത്. അതിന് ഉത്തരവാദികൾ ആരെന്ന് എനിക്കറിയില്ല. കഴിഞ്ഞ രണ്ടുപതിറ്റാണ്ട് സംഘം ഭരിച്ചവർ പറയട്ടെ എന്നാണ് ഡി.സിക്കും പറയാനുള്ളത്.

സംഘത്തിന്റെ വലിപ്പത്തിനനുസരിച്ചുള്ള ചിന്ത അതിനുള്ളിലുള്ളവർക്കില്ലാത്തതാണ് ഇപ്പോഴത്തെ പ്രതിസന്ധിക്കുകാരണം - എം. കെ. മാധവൻനായർ ഉപസംഹരിച്ചു.

സംഘത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കാൻ എന്തുവിട്ടുവീഴ്ചയ്ക്കും തൊഴിലാളികൾ തയ്യാറാണ്. ആനുകൂല്യങ്ങൾ നൽകി തൊഴിലാളികളെ പിരിച്ചുവിടുന്നതിന് എതിരല്ലെന്ന് പ്രസ്സ് വർക്കേഴ്സ് യൂണിയൻ (സി. ഐ. ടി. യു) ഇന്ത്യാ പ്രസ്സ് യൂണിറ്റ് കൺവീനർ എൻ. കെ. വാസു പറഞ്ഞു. റോയൽറ്റി കൊടുക്കേണ്ടാത്ത സംഘം വകപ്രസിദ്ധീകരണങ്ങൾക്ക് പുറത്തിറക്കിയാൽ ആറുമാസത്തിനകം സംഘം രക്ഷപ്പെടും. വില്പനയുള്ള ശബ്ദതാരാവലി. ഡിക്ഷണറികൾ എന്നിവ പ്രസിദ്ധീകരിച്ചാൽ മതി - വാസു വിശദീകരിച്ചു.

ഇന്ത്യാ പ്രസ്സിൽ കഴിഞ്ഞ കുറേനാളുകളായി തൊഴിലാളികൾ രാവിലെ വരുന്നു. വൈകിട്ട് പോകുന്നു. ജോലിയൊന്നുമില്ല. മുമ്പ് ശമ്പളം മുടങ്ങിയിരുന്നില്ല. ഇപ്പോൾ മാസശമ്പളം പതിനഞ്ചോളം തവണകളായി വാങ്ങേണ്ട അവസ്ഥയിലാണ്!

' ഇന്ത്യാ പ്രസ്സ് ജീവനക്കാരന്റെ മകൻ പട്ടിണി കാരണം സ്കൂളിൽ തലചുറ്റിവീണു. കിലോയ്ക്ക് 4 രൂപയ്ക്ക് അരി കിട്ടിയിരുന്ന കാലത്തുള്ള ശമ്പളമാണ് ഞങ്ങൾക്കിപ്പോഴും ലഭിക്കുന്നത്. ഇന്ന് അരിക്ക് 12 രൂപയാണ് വില. ബോർഡിലിരുന്നവർ ഞങ്ങളെ ഊറ്റിപ്പിഴിഞ്ഞ് വലിയവരായി. ഞങ്ങളുടെ കുഞ്ഞുങ്ങൾ കഞ്ഞികുടിക്കാൻ വകയില്ലാതെ പള്ളികൂടങ്ങളിൽ തലചുറ്റിവീഴുന്നു'- മുപ്പതുവർഷമായി ഇന്ത്യാപ്രസ്സിൽ ജോലി ചെയ്യുന്ന ഒരു തൊഴിലാളി പരിതപിച്ചു.

' തീറ്റതിന്നാൻ ഇവിടെ വരികയും മുട്ടയിടാൻ അയൽപക്കത്ത് പോവുകയും ചെയ്യുന്ന കോഴിയെപ്പോലെയാണ് ഭരണസമിതി അംഗങ്ങൾ. അവരിലേറെപ്പേർക്കും കൂറ് സ്വകാര്യപ്രസിദ്ധീകരണക്കാരോടാണ്. തിന്നാനും കുടിക്കാനും ഫോൺ ചെയ്യാനും വേണ്ടി മാത്രമാണ് അവർ സംഘത്തിൽ വരുന്നത്.'- മറ്റൊരു തൊഴിലാളി രോഷാകുലനായി.

ഭൂമിയുടെ പകുതി വിൽക്കാം

ടി.പത്മനാഭൻ

കാൽനൂറ്റാണ്ട് കാലമായി സാഹിത്യപ്രവർത്തകസഹകരണസംഘത്തിലെ അംഗമായ പ്രശസ്തകഥാകൃത്ത് ടി. പത്മനാഭൻ സംഘത്തിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ ദുഃഖിതനാണ്. സമീപകാലത്തൊന്നും തന്നെ പത്മനാഭൻ തന്റെ കഥാസമാഹാരങ്ങൾ പ്രസിദ്ധീകരിക്കാൻ എസ്.പി. സി. എസ്സിനെ ഏല്പിച്ചിട്ടില്ല. എങ്കിലും, ലോകത്തിലാദ്യമായി രൂപീകരിച്ച സാഹിത്യകാരന്മാരുടെ ഈ സംഘത്തിനു നേരിടുന്ന തകർച്ചയിൽ അസ്വസ്ഥനാണ്.

പത്മനാഭൻ പറയുന്നു: " സാഹിത്യവും കച്ചവടവും രണ്ടാണ്. വളരെ ചുരുക്കം പ്രഗല്ഭർക്കു മാത്രമേ ഈ രണ്ടു മേഖലയേയും ഭംഗിയായി കൊണ്ടുപോകാൻ കഴിയുകയുള്ളൂ. കാരൂരിനും ഡി.സിക്കും ഇതു സാധിച്ചു. പക്ഷേ. അവർ സംഘത്തിൽ നിന്നും പോയതോടെ അധഃപതനവും ആരംഭിച്ചു.

കാരൂരും ഡി.സി കിഴക്കേമുറിയും സംഘത്തിന്റെ തലപ്പത്തു ഉണ്ടായിരുന്നപ്പോൾ, എസ്. പി.സി. എസ്സിന്റെ ഖ്യാതി കേരളത്തിലോ ഇന്ത്യയിലോ മാത്രമായി ഒതുങ്ങിയില്ല - ലോകത്തിന്റെ നാനാഭാഗങ്ങളിലും സംഘം ശ്രദ്ധാകേന്ദ്രമായി. അന്നൊക്കെ സാഹിത്യപ്രവർത്തകസഹകരണസംഘം പ്രസിദ്ധീകരിക്കുന്ന കഥാസമാഹാരങ്ങളിൽ കഥ അച്ചടിച്ചു വരിക എന്നതു ഒരെഴുത്തുകാരൻ അംഗീകാരവും അന്തസ്സുമായി കണ്ടിരുന്നു. പിന്നീടാ നിലമാറി - ആർക്കും കഥയോ നോവലോ പ്രസിദ്ധീകരിക്കാനുള്ള രംഗഭൂമിയായി.



സാഹിത്യപ്രവർത്തകസഹകരണസംഘം നിലനില്ക്കണമെന്ന് ആത്മാർത്ഥമായ ആഗ്രഹമുണ്ട്. ഇതുസംബന്ധിച്ച് എനിക്ക് ചില കാര്യങ്ങൾ പറയാനുണ്ട്. ഇതുപറയുന്നതിൽ എനിക്ക് യാതൊരു സ്ഥാപിത താത്പര്യവും ഇല്ലെന്നു കൂടി മനസ്സിലാക്കണം. കാരണം. ഈ ദശകങ്ങൾക്കിടയിൽ ഞാനൊരു കാലത്തും സംഘത്തിന്റെ തിരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടില്ല. സ്നേഹപൂർവ്വമായ നിർബന്ധങ്ങളെ അവഗണിച്ചുകൊണ്ടാണ് ഇതിൽ നിന്നും ഒഴിവായത് - ഇനിയൊട്ട് മത്സരിക്കാനും താത്പര്യമില്ല.

എന്റെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ ഞാൻ സംഘത്തെ നിർബന്ധിക്കുകയുമില്ല. പക്ഷേ. സംഘം നിലനിന്നുകാണാനുള്ള ആഗ്രഹം എല്ലാ എഴുത്തുകാർക്കുമുണ്ട്: അതൊരു ആവശ്യവുമാണ്. ഇതിനായി ചില നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുന്നു.

ഒന്ന്: സംഘത്തിന്റെ പ്രസ്സ് നില്ക്കുന്ന ഭൂമിയുടെ പകുതി വിറ്റിട്ട് കടത്തിന്റെ ഒരു ഭാഗമെങ്കിലും പരിഹരിക്കുന്നതു ഉചിതമായ നടപടിയായിരിക്കും. പക്ഷേ. ഇതു കഴിഞ്ഞാലോ? പഴയ കാര്യങ്ങളുടെ തനിയാവർത്തനം തന്നെയായിരിക്കില്ലേ ഉണ്ടാവുക?

കടത്തിന്റെ ഒരു ഭാഗം പരിഹരിച്ച തിനുശേഷം, പുതിയ ഭരണസമിതി നിലവിൽ വരുമല്ലോ. രണ്ടോ മൂന്നോ വർഷത്തേക്ക് ഈ ഭരണസമിതി ശ്രദ്ധിക്കേണ്ടത്, ധാരാളം വിറ്റഴിവുള്ളതും വളരെ ലാഭമുണ്ടാക്കുന്നതുമായ റഫറൻസ് ഗ്രന്ഥങ്ങൾ മാത്രം പ്രസിദ്ധീകരിക്കുക.

രണ്ട്: ഒരു ഭരണകാലം തീരുന്നതുവരെയെങ്കിലും ഡയറക്ടർമാരുടെ ഒരു പുസ്തകവും പ്രസിദ്ധീകരിക്കരുത്.

മൂന്ന്: ഭരണസമിതിയിലെ പഴയ അംഗങ്ങളും പുതിയ അംഗങ്ങളും തങ്ങളുടെ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു കാണാനാണ് ആഗ്രഹിക്കുക; ശ്രമിക്കുക. എന്നാൽ. ഏതൊരു പുസ്തകവും ഒരു പ്രത്യേക കമ്മിറ്റിയുടെ നിഷ്കൃഷ്ടമായ ഗുണപരിശോധനയ്ക്കു ശേഷം മാത്രമേ പ്രസിദ്ധീകരണത്തിന് എടുക്കാൻ പാടുള്ളൂ. ഇതു പ്രശസ്തരായ എഴുത്തുകാർക്കും പുതിയ എഴുത്തുകാർക്കും

(ശേഷം 18-ാം പേജിൽ)

' തലപ്പത്തിരിക്കുന്നവർക്ക് താത്പര്യമുണ്ടായാലേ സംഘം രക്ഷപ്പെടൂ. സംഘത്തിന്റെ പുസ്തകങ്ങൾ ഇപ്പോഴും വിവിധ സർവകലാശാലകളിൽ പാഠപുസ്തകങ്ങളാണ്. അത് അച്ചടിച്ച് വിതരണം ചെയ്യാൻ സംഘത്തിന് താത്പര്യമില്ല. ഇവിടെ സംഘത്തിന്റെ ആവശ്യത്തിന് മന്ത്രിമാരെ കാണാൻ പോകാനൊന്നും ഭരണസമിതി അംഗങ്ങൾ തയ്യാറല്ല. അതിന് തൊഴിലാളികൾ ഓടിനടക്കണം. ആത്മാർത്ഥതയുള്ള ഒരു ഭരണസമിതി വരണം. അവർ വിചാരിച്ചാൽ സംഘത്തിന് റോയൽറ്റിയുള്ള പുസ്തകങ്ങളിൽ ഒന്നോ രണ്ടോ എണ്ണം ടെക്സ്റ്റ്ബുക്കാക്കാൻ കഴിയും. ഏതു ഗവൺമെന്റും സംഘത്തിനോട് മൃദുവായ സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. അല്ലെങ്കിൽ പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക ഇത്രയുമാവുമോ? കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിനും സംഘത്തോട് ഉദാരമായ സമീപനമായിരുന്നു. ആ സമീപനം ഇപ്പോഴും തുടരാനാണ് സാദ്ധ്യത. സാംസ്കാരിക മന്ത്രിക്കാണെങ്കിൽ ഇവിടത്തെ പ്രശ്നങ്ങൾ മനഃപാഠമാണ്. അതുകൊണ്ട് ആത്മാർത്ഥമായി പരിശ്രമിച്ചാൽ സംഘത്തിന് ഇനിയും ഒരു കുതിച്ചുചാട്ടത്തിന് ഒരു ബുദ്ധിമുട്ടുമില്ല.'- കമ്പോസിംഗ് സെക്ഷനിൽ രണ്ടരപതിറ്റാണ്ട് പൂർത്തിയാക്കിയ മറ്റൊരു തൊഴിലാളി വ്യക്തമാക്കി.

ഡി. പി. ഫൈയുടെ അഞ്ചുലക്ഷം രൂപയ്ക്കുള്ള ഒരു ഓർഡർ ഇതുവരെ കൊടുക്കാനുള്ള നടപടിയെടുത്തിട്ടില്ല. ഓർഡറിന്റെ കാലാവധിയും കഴിഞ്ഞു. ഇത്തരം കെടുകാര്യസ്ഥത ചോദ്യം ചെയ്യപ്പെടണമെങ്കിൽ ജീവനക്കാർക്കും ഭരണസമിതിയിൽ പ്രാതിനിധ്യം നൽകണം - ദീർഘനാളത്തെ പാരമ്പര്യമുള്ള തൊഴിലാളിയുടെ ആവശ്യമാണിത്.

മലയാളത്തിന് അഭിമാനിക്കാനുണ്ടായിരുന്ന മറ്റൊരു മാതൃകകൂടി പ്രതിസന്ധിയിലായിരിക്കുകയാണ്. ആ പ്രതിസന്ധിക്ക് പരിഹാരം കാണേണ്ട ബാദ്ധ്യത അക്ഷരമറിയാവുന്ന എല്ലാപേർക്കുമുണ്ട്. മുണ്ടുമുറുക്കി കഥയും കവിതയുമെഴുതിയിരുന്ന ഒരു കാലയളവിലേക്ക് ഇനിയും നമ്മുടെ എഴുത്തുകാരെ വലിച്ചെറിയണോ? കർമ്മഫലമാണ് പറഞ്ഞ് എഴുത്തുകാരന് തലയ്ക്കടിച്ച് പരിതപിക്കാം. എന്നാൽ എഴുത്തുകാരന്റെ മാന്യത വായനക്കാരന്റെ കൂടി ബാധ്യതയായിത്തീരുന്നതിനാൽ സാഹിത്യപ്രവർത്തകസഹകരണസംഘം നിലനിൽക്കേണ്ടത് ഓരോ മലയാളിയുടെയും ആവശ്യമായിമാറുന്നു. സാർത്ഥകമായ ഈ കർമ്മത്തിനായുള്ള ആത്മാർത്ഥ പരിശ്രമം എഴുത്തുകാർക്കിടയിൽ നിന്നുതന്നെയുണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ഇതൊന്നു പുനരുദ്ധരിച്ചു കാണാൻ കഴിഞ്ഞെങ്കിൽ

എന്നെ വളർത്തിക്കൊണ്ടിരുന്നതും എനിക്ക് മിക്കപ്പോഴും ചാക്കരിക്ക് കാശുതന്നതും സാഹിത്യപ്രവർത്തക സഹകരണസംഘമാണ്. ഈ കാണുന്നതെല്ലാം ഞാനുണ്ടാക്കിയത് സംഘത്തിന്റെ കൂടി സഹായത്താലാണ്-തകഴിയിലെ ശങ്കരമംഗലത്തെ വാരമുറിയിൽ വിശ്രമിക്കുകയായിരുന്ന തകഴി ശിവശങ്കരപ്പിള്ള പറഞ്ഞുതുടങ്ങി.

കാരൂർ നീലകണ്ഠപ്പിള്ളയും എം.പി.പോളും മറ്റും ചേർന്ന് സംഘം രൂപീകരിച്ചപ്പോൾ കോട്ടയത്ത് ചെന്നെത്താൻ ഒരുദിവസം വൈകിയതിനാലാണ് ഞാൻ സ്ഥാപകാംഗമാകാതെ പോയത്. എങ്കിലും സംഘത്തിന്റെ പതിനഞ്ചാമത്തെയോ പതിനാറാമത്തെയോ അംഗമാണ് ഞാൻ. ഒരു ടേമിൽ എക്സിക്യൂട്ടീവ് ബോർഡ് മെമ്പറായതൊഴിച്ചാൽ മറ്റു ഭാരവാഹിത്വമൊന്നും വഹിച്ചിട്ടില്ല. ഡി.സി.കിഴക്കേമുറികൂടി സംഘത്തിലെത്തിയതോടെ നല്ല ബിസിനസ്സായി. സംഘത്തിൽ ധാരാളം സ്വത്തുണ്ടായി. സംഘത്തിന്റെ വളർച്ചയ്ക്കായുള്ള പ്രവർത്തനങ്ങളിൽ ഞാനും ദേവും കാരൂരിനോടും പോൾ സാറിനോടുമൊപ്പം പ്രവർത്തിച്ചു.

പുസ്തകംകൊണ്ട് എഴുത്തുകാരന് ജീവിക്കാമെന്ന നിലയുണ്ടാക്കിക്കൊടുത്തത് സംഘമാണ്. പണ്ട് പുസ്തകമെഴുതിക്കൊണ്ടുചെന്നാൽ അഞ്ചോ പത്തോ രൂപയോ ഒരുകെട്ട് പുകയിലയോ മുണ്ടും നേര്യതുമോ ആയി വല്ലതും കൊടുത്ത് ആജീവനാന്ത പകർപ്പവകാശം എഴുത്തുകാരനിൽനിന്ന് തട്ടിയെടുക്കുകയായിരുന്നു കുന്നംകുളത്തെയും മറ്റും പ്രസാധകർ ചെയ്തിരുന്നത്. മംഗളോദയം പോലുള്ള അപൂർവം പ്രസാധകർ റോയൽറ്റി കൊടുക്കുന്നതിൽ ഔദാര്യം കാട്ടിയിരുന്നു.

എന്റെ 'ചങ്ങാതികൾ' എന്ന കഥാസമാഹാരത്തിനും ദേവിന്റെ 'അന്നത്തെ നാടകം' എന്ന പുസ്തകത്തിനും മംഗളോദയം ഉടമ എ.കെ.ടി. കെ.എം.വാസുദേവൻ നമ്പൂതിരിപ്പാട് 150 രൂപ വീതം അഡ്വാൻസായി തന്നത് അക്കാലത്തെ റിക്കാർഡായിരുന്നു. അത്തരം ഒന്നോ രണ്ടോ ഉദാരമതികളൊഴിച്ചാൽ ശേഷിക്കുന്നവരെല്ലാം എഴുത്തുകാരനെ ചൂഷണം ചെയ്യുകയായിരുന്നു. എസ്.പി.സി.എസ് രൂപം കൊണ്ടതോടെ റോയൽറ്റി കാര്യത്തിൽ ചില വ്യവസ്ഥകളുണ്ടായി. ആറുമാസം കൂടുമ്പോൾ റോയൽറ്റി സ്റ്റേറ്റ്മെന്റ് എടുക്കുകയും തുക അപ്പപ്പോൾ എഴുത്തുകാരന് നൽകുകയും ചെയ്യുന്ന ഏർപ്പാടുണ്ടായതിന് സംഘമാണു വഴി തെളിച്ചത്.

സംഘം വിശ്വപ്രസിദ്ധമായ സ്ഥാപനമായി വളർന്നു. സഹകരണാടിസ്ഥാനത്തിൽ ഇതുപോലൊരു പ്രസിദ്ധീകരണസ്ഥാപനം ലോകത്തെങ്ങുമില്ല. പഞ്ചാബിലും മറ്റും എസ്.പി.സി.എസ്സിന്റെ മാതൃകയിൽ സ്ഥാപനമുണ്ടാക്കാൻ ഉറ്റ ശ്രമം നടന്നു. പഞ്ചാബിലെ സൊസൈറ്റിയിൽ ഞാൻ സന്ദർശിച്ചിട്ടുണ്ട്. അതൊന്നും ഇതുപോലെ വളർന്നില്ല.

മഹാന്മാരായ പല എഴുത്തുകാരും സംഘത്തിന്റെ ഭാരവാഹികളായി. സാഹിത്യകാരന് ബിസിനസ്സ്കണ്ണ് വേണ്ടത്രയില്ലാത്തതിനാൽ സംഘം ക്രമേണ അധോഗതിയിലായി. സംഘം സ്ഥാപിച്ച സാഹചര്യങ്ങളുടെ ജീവൻ ജോലിക്കാർ വഴി കൈവിട്ടുപോയി. അവർ സംഘത്തെ സ്നേഹിച്ചില്ല എന്നു ഞാൻ പറയുന്നില്ല. സംഘത്തിലെ പ്രവർത്തനം ചട്ടപ്പടിയുള്ള യാന്ത്രികമായി. ആരെങ്കിലും മോഷ്ടിച്ചു എന്നു ഞാൻ പറയുന്നില്ല. മിസ് മാനേജ്മെന്റ്(കെടുകാര്യസ്ഥത) അധോഗതിക്ക് കാരണം. സംഘാംഗങ്ങളായ സാഹിത്യകാരന്മാരുടെ കിടമത്സരവും കുഴപ്പമുണ്ടാക്കി. പലരും അവിടേക്കു തിരിഞ്ഞുകേറിയില്ല. ആദായം കുറഞ്ഞപ്പോഴും സംഘത്തിന്റെ ചെലവു കുറഞ്ഞില്ല. കടവും കടത്തിന്മേൽ കടവും വർദ്ധിച്ചു.

സർക്കാർ സഹായിച്ചേ പറ്റൂ. നാട്ടകത്തെ ഇന്ത്യാപ്രസ്സ് ഭൂമിയിൽ രണ്ടേക്കർ വിറ്റിട്ടായാലും കടം തീർത്ത് രക്ഷപ്പെടാൻ വഴിയുണ്ടാക്കണം. സാഹിത്യവുമായി ആത്മബന്ധമുള്ളവർക്ക് മെമ്പർഷിപ്പ് നൽകി കൂടുതൽ ഫണ്ടുണ്ടാക്കുന്ന കാര്യത്തെപ്പറ്റിയും ആലോചിക്കാവുന്നതാണ്. ജോലിക്കാർ കൂടി ചേർന്ന് സംഘത്തെ പൊക്കിക്കൊണ്ടുവരണം. കാലത്തിനനുസരിച്ച ഗുണമേന്മയോടെ സംഘത്തിന്റെ പ്രവർത്തനങ്ങളാകെ പുനരുജ്ജീവിപ്പിക്കണം.

ഞാൻ സംഘത്തെ വളരെയധികം സ്നേഹിക്കുന്നു. എന്റെ പ്രധാനപ്പെട്ട പുസ്തകങ്ങളെല്ലാം സംഘത്തിലാണ്. 'ചെമ്മീൻ' വിറ്റുതീർന്ന് വളരെക്കാലമായിട്ടും അതു രഹസ്യമാക്കി വച്ചുകൊണ്ട് അവർ റീപ്രിന്റ് ഇറക്കിയില്ല. നിവൃത്തിയില്ലാതെ വന്നപ്പോൾ ഞാൻ 'ചെമ്മീൻ' മറ്റൊരു പ്രസാധകന് നൽകി. എന്റെ വേറെ പല പുസ്തകങ്ങളും ഇപ്പോഴും സംഘത്തിലാണ്. രൂപ ഒരുപാടു തരാനുണ്ട്. പിന്നെ തരാം, പിന്നെ തരാമെന്നാണ് ചോദിക്കുമ്പോൾ മറുപടി. ഇന്നു രാവിലെയും സംഘത്തിലേക്കു ഫോൺ വിളിച്ചു, തരാനുള്ളതിന്റെ കണക്കെങ്കിലും അയയ്ക്കണമെന്ന് ആവശ്യപ്പെട്ടു.

ഈ വയസ്സുകാലത്ത് ഞാൻ എന്തു ചെയ്യാനാണ്? ഞാനും ഒരു നായരാണല്ലോ. ജനിച്ച തറവാട് ഇടിഞ്ഞുപൊളിഞ്ഞു പോകുന്നതു കാണുമ്പോൾ നായർക്ക് വലിയ ദുഃഖം തന്നെയാണ്. എല്ലാ ഐശ്വര്യവുമുണ്ടായിരുന്ന സാഹിത്യപ്രവർത്തക സഹകരണസംഘം എന്ന തറവാട് തകർന്നുപോകുന്നതു കണ്ടുകൊണ്ട് ഞാനങ്ങനെ പടിപ്പുരയിൽ നില്ക്കുകയാണ്. ഇതൊന്നു പുനരുദ്ധരിച്ചു കണ്ടിട്ട് കണ്ണടയ്ക്കണമെന്ന ആശയോടെ സംഘത്തിന്റെ പടിപ്പുരയിൽ ഞാൻ നില്ക്കുകയാണ്.

ഇതൊന്നു പുനരുദ്ധരിച്ചു കാണാൻ കഴിഞ്ഞെങ്കിൽ

എല്ലാ ഐശ്വര്യവുമുണ്ടായിരുന്ന സാഹിത്യപ്രവർത്തക സഹകരണസംഘം എന്ന തറവാട് തകർന്നുപോകുന്നതു കണ്ടുകൊണ്ട് ഞാനങ്ങനെ പടിപ്പുരയിൽ നില്ക്കുകയാണ്. ഇതൊന്നു പുനരുദ്ധരിച്ചു കണ്ടിട്ട് കണ്ണടയ്ക്കണമെന്ന ആശയോടെ സംഘത്തിന്റെ പടിപ്പുരയിൽ ഞാൻ നില്ക്കുകയാണ്.

പാപവും പരിഹാരവും

വള്ളത്തോളിന്റെ ജന്മശതാബ്ദി പ്രമാണിച്ച് കേരള സാഹിത്യ അക്കാദമി ഭാരതത്തിലെ വിവിധ സാഹിത്യകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് സമ്മേളനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. അങ്ങനെ വന്നുചേർന്ന സാഹിത്യകാരന്മാർക്ക് സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ വകയായി ഒരുദിവസം ഉച്ചഭക്ഷണത്തിന് ഏർപ്പാടു ചെയ്തിരുന്നു. സല്ക്കാരത്തിനുമുമ്പ് ചെറിയ തോതിൽ ഒരു സൗഹൃദസമ്മേളനം കൂടി. അന്ന് സംഘം പ്രസിഡന്റായിരുന്ന ഞാൻ, വിവിധ സംസ്ഥാനങ്ങളിൽനിന്നു വന്ന സാഹിത്യകാരന്മാർ പരസ്പരം പരിചയപ്പെടുന്നത് നന്നായിരിക്കും എന്നൊരു നിർദ്ദേശം വച്ചു. അതുകേട്ടപ്പോൾ തെലുങ്കു സാഹിത്യകാരനായ ബി. ഗോപാലറെഡ്ഡി (അദ്ദേഹം കേന്ദ്രമന്ത്രിയും ഗവർണ്ണരുമായിരുന്നു) എഴുന്നേറ്റ് പറഞ്ഞു:-

"സുഹൃത്തേ അതൊക്കെ പിന്നീടാവാം. നിങ്ങൾ ഇപ്രകാരം ഒരു സ്ഥാപനം വളർത്തിയെടുത്തു വിജയിപ്പിച്ചതെങ്ങനെയെന്നു ഞങ്ങൾക്കും കൂടി പറഞ്ഞുതരു. അതു കേൾക്കാൻ ഞങ്ങൾക്ക് അതിയായ താത്പര്യമുണ്ട്." ഇപ്രകാരം ഭാരതത്തിലാകമാനമുള്ള സാഹിത്യകാരന്മാരുടേയും സഹൃദയരുടേയും പ്രശംസ നേടിയ മലയാള സാഹിത്യകാരന്മാരുടെ അഭിമാനവും ആശ്രയവുമായിരുന്ന-സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ ഇന്നത്തെ ശോചനീയസ്ഥിതി നമ്മെ വേദനിപ്പിക്കുന്നതാണ്: സംഘത്തിന്റെ ആരംഭഘട്ടം മുതൽ അതിന്റെ ഭരണസമിതിയിൽ പല സ്ഥാനങ്ങളും വഹിച്ച ഒരാളെന്ന നിലയ്ക്ക് സംഘത്തിന്റെ വിജയത്തിനും പരാജയത്തിനും കാരണമായ ചില വസ്തുതകൾ എന്റെ അറിവിലും അനുഭവത്തിലുംപെട്ടിടത്തോളം ഇവിടെ തുറന്നുപറയുകയാണ്. കാലക്രമേണ അപചയത്തിലേക്കു വഴുതിവീണ സ്ഥാപനത്തിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് അതിന്റെ ഭരണരംഗത്തു പ്രവർത്തിച്ച സാഹിത്യകാരന്മാരെല്ലാം ഉത്തരവാദികളാണെന്നു പറയാതെതരമില്ല. ഏറ്റക്കുറച്ചിലുണ്ടാവാം എന്നുമാത്രമേയുള്ളു. അതുകൊണ്ട് കുറ്റവാളികളിൽ ഒരാളെന്ന പൂർണ്ണബോധ്യത്തോടെയാണ് ഞാൻ ഇതെഴുതുന്നത്.



കാരൂരിന്റെ പിശുക്കും ഡി.സി.യുടെ കണിശതയും ആണ് സംഘത്തിന്റെ അഭിവൃദ്ധിക്ക് അടിത്തറ പാകിയതെന്നു പറയുന്നത് അതിശയോക്തിയാവില്ല. പ്രവർത്തന മൂലധനം സ്വതേ കുറവായതുകൊണ്ട് കൈയിൽ കിട്ടിയ കാശ് കഴിയുന്നിടത്തോളം വിട്ടുകൊടുക്കാതെ ആ മുതൽ വീണ്ടും മുടക്കി വ്യവസായം വളർത്തുക എന്നതായിരുന്നു കാരൂരിന്റെ മാർഗ്ഗം. സാഹിത്യകാരന്മാർക്ക് ആവശ്യാനുസരണം അവർക്കു ചെല്ലാനുള്ള തുക കൃത്യമായി എത്തിച്ചുകൊടുക്കുകയും അങ്ങനെ അവർക്ക് സംഘവുമായുള്ള ബന്ധം അരക്കിട്ടുറപ്പിക്കുകയും ചെയ്യുന്നതിലായിരുന്നു ഡി.സി.യുടെ ശ്രദ്ധ. രണ്ടുപേരുടേയും പ്രയത്നം സംഘത്തിന് ഗുണം ചെയ്തു. മുതൽമുടക്കാൻ പണം ഉണ്ടായി. നല്ല പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്താൻ സൗകര്യവും ലഭിച്ചു. ഇരുവരുടേയും പരസ്പരം പൊരുത്തപ്പെടാത്ത ഈ നയത്തിന്റെ അടിസ്ഥാനത്തിൽ ഇടിസ്ഥാനത്തിൽ സംഘത്തിൽ തുടരുവാൻ സമ്മതമായിരുന്നു എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അന്നത്തെ അധികാരികളിൽ നിന്ന് അങ്ങനെ ഒരു നിർദ്ദേശം ഉണ്ടായില്ല. ഇന്ന് സംഘത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി ഡി.സി.യും അദ്ദേഹത്തിന്റെ സ്ഥാപനങ്ങളും ആണെന്ന് ഈ അവസരത്തിൽ ഓർമ്മിക്കുന്നതു നന്നായിരിക്കും.

ഡി.സി.ക്കുശേഷം സെക്രട്ടറിയായ ശ്രീ. എം. കെ. മാധവൻനായർ സത്യസന്ധനും ആത്മാർത്ഥതയുള്ളവനും ആയിരുന്നു. എല്ലാവരേയും പ്രീണിപ്പിക്കുക അദ്ദേഹത്തിന്റെ ജന്മപ്രകൃതമാണ്. അതുകൊണ്ട് ഗുണവും ദോഷവുമുണ്ടായി. സാഹിത്യകാരന്മാരുടെ സ്നേഹവും സഹകരണവും മാധവൻനായർക്ക് ആവോളം ലഭിച്ചു. എന്നാൽ ജോലിക്കാരുടെ കൃത്യനിഷ്ഠയിലും അച്ചടക്കത്തിലും അദ്ദേഹം വേണ്ടത്ര ശ്രദ്ധിച്ചു എന്നുപറയാൻ വയ്യ. അതിന് മറ്റൊരു കാരണം കൂടിയുണ്ട്. ചില ജോലിക്കാർ ഭരണാധികാരികളുടെ "വത്സല"ന്മാരായിരുന്നു. അന്നന്നത്തെ ചെയ്തികൾ യജമാനന്മാരെ രഹസ്യമായി ധരിപ്പിക്കുക എന്ന ചാരപ്പണിയും ഇവർ ചെയ്തുപോന്നു. അങ്ങനെയുള്ളവരെ തൊട്ടുകളിച്ചാൽ തലപ്പത്തുനിന്ന് അട്ട ഹാസങ്ങളും ഭീഷണികളും മുഴങ്ങുമായിരുന്നു. ആ പൊല്ലാപ്പിനൊന്നും പോകേണ്ടെന്നു കരുതി മാധവൻനായർ അടങ്ങിപ്പാർത്തിട്ടുണ്ട്. ജോലിക്കാരുടെ കാലഘട്ടം സംഘത്തിന്റെ സുവർണ്ണ കാലമായിരുന്നു എന്ന് സംശയംകൂടാതെ പറയാം.

സംഘം തിരഞ്ഞെടുപ്പിൽ പാനലുകൾ വന്നതോടെ സ്ഥാപനത്തിന്റെ അപചയത്തിന് തുടക്കം കുറിച്ചു. അന്നുമുതൽ അംഗങ്ങൾക്കിടയിൽ ഗ്രൂപ്പുകളുണ്ടായി. സ്വകക്ഷിയിലേക്ക് വോട്ടറന്മാരെ ആകർഷിക്കാൻ ഗ്രൂപ്പുകൾ പരസ്പരം മത്സരിച്ചു. അധികാരത്തിൽ വരുന്നവർ അവരെ സഹായിച്ച കൂട്ടർക്ക് അനർഹമായ ആനുകൂല്യങ്ങൾ നല്കി. അതിലേറ്റവും ആപല്ക്കരമായിത്തീർന്നത് വില്പനയില്ലാത്ത പുസ്തകങ്ങൾ സംഘം പ്രസിദ്ധീകരിച്ചതാണ്. ഇവയിൽ ഏറിയകൂറും ഗോഡൗണിൽ സുഖനിദ്രയിലാണ്ടു. മുടക്കുമുതൽ തിരിച്ചുകിട്ടാൻ സാദ്ധ്യതയില്ലാതെ വന്നപ്പോൾ സംഘത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ഇടിവുതട്ടിത്തുടങ്ങി. എങ്കിലും കാര്യങ്ങൾ വലിയ കുഴപ്പം കൂടാതെ മുമ്പോട്ടുപോയി. ഡി.സി.യുടെ കച്ചവടക്കണ്ണും സാഹസബുദ്ധിയും സംഘത്തെ ഉലച്ചിൽകൂടാതെ പുലർത്തുവാൻ ഒട്ടേറെ സഹായിച്ചു. ഇടക്കാലത്ത് ഡി.സി.യെ പുകച്ച് പുറന്തള്ളി കടിഞ്ഞാൺ കൈയിലെടുക്കുവാൻ ശ്രമം ഉണ്ടായി. അത് ഭാഗികമായി വിജയിക്കുകയും ചെയ്തു. ഡി.സി വീണ്ടും ചുമതലയേറ്റ് കുറേക്കാലം പ്രവർത്തിച്ചതിനുശേഷമാണ് വിരമിച്ചത്. അന്ന് അദ്ദേഹത്തിന് ഏതെങ്കിലും അ

പി. വത്സല



തകർന്ന കപ്പൽ

സാഹിത്യ പ്രവർത്തക സഹകരണസംഘം തകർന്ന കപ്പലായി മാറിയിരിക്കുന്നു എന്നു വിശ്വസിക്കുന്ന സംഘത്തിന്റെ മുൻ ഡയറക്ടർ കൂടിയായ പി.വത്സല ഇക്കാര്യത്തിൽ ഏറെ ദു:ഖിതയാണ്. എഴുത്തുകാരുടെ ഈ മഹത്തായ സ്ഥാപനത്തെ ഈ നിലയിൽ എത്തിച്ചവരോട് അടങ്ങാത്ത രോഷവുമുണ്ട് ഈ എഴുത്തുകാരിക്ക്.

വത്സല പറയുന്നു: "എസ്.പി.സി.എസ് തീർത്തും നിരുത്തരവാദപരമായ ഒരു സ്ഥാപനമായി മാറിക്കഴിഞ്ഞിട്ട് (ഭരണകാര്യത്തിൽ) ഏതാനും വർഷങ്ങളായി. എഴുത്തുകാരുടെ സഹകരണ സംഘത്തിന്റെ പ്രാഥമിക ലക്ഷ്യം മികച്ച പുസ്തകങ്ങൾ പുറത്തിറക്കുകയാണ്. ഒരുകാലത്ത് കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ അവാർഡുകളും ലഭിച്ചിരുന്ന പുസ്തകങ്ങൾ എസ്.പി.സി.എസ്സിലൂടെ പുറത്തു വന്നവയാണ്."

"ഇപ്പോൾ രണ്ടു വർഷമായി പുസ്തകങ്ങൾ ഒന്നും പ്രസിദ്ധീകരിക്കപ്പെടുന്നില്ല. ആസ്തികൾ തുച്ഛമായ വിലയ്ക്കു വിറ്റ് ദുഷ്ചെലവു നടത്താനാണ് ഭരണാധികാരികളുടെ താത്പര്യം. ജീവനക്കാരോടുള്ള ഉത്തരവാദിത്വങ്ങളൊന്നും സംഘം കുറച്ചുകാലമായി നിറവേറ്റിയില്ല.

ഒരു തകർന്ന കപ്പലായി സംഘം പരിണമിച്ചിരിക്കുന്നു. ഈ തകർച്ചയുടെ പ്രധാന കാരണം ഇപ്പോഴത്തെ സെക്രട്ടറിയുടെ തികഞ്ഞ അലസതയും ലാഘവബുദ്ധിയുമാണ്. മൂർത്തമായ അനീതിയും അഴിമതിയും കുറേക്കാലമായി സംഘത്തിൽ നടക്കുന്നു.

കേരളത്തിലെ എഴുത്തുകാരുടെ മാത്രമല്ല ഇന്ത്യയിലെ മൊത്തം എഴുത്തുകാരുടേയും പ്രസ്റ്റീജ് സ്ഥാപനമായിരുന്ന എസ്.പി.സി.എസ്സിനെ നാശത്തിൽനിന്നും രക്ഷിക്കാൻ ഇനിയും സമയമുണ്ട്. ഇതിന് ആദ്യമായി ചെയ്യേണ്ടത് നിലവിലുള്ള സെക്രട്ടറിയെ അധികാര പരിധിയിൽ നിന്ന് ഒഴിവാക്കണം. ഇവിടത്തെ ഭരണാധികാരികളുടെ പ്രവർത്തനത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം വേണം.

സംഘത്തിനുള്ള ഭീമമായ ബാധ്യതകൾ എന്തൊക്കെയാണെന്നു പരിശോധിച്ച് തിട്ടപ്പെടുത്തുകയും അവ കൊടുത്തുതീർക്കാൻ അവശ്യം വേണ്ട തുക ആസ്തിയുടെ ഒരു പങ്ക് നല്ല വിലയ്ക്കു വിറ്റ് ഉണ്ടാക്കുകയും വേണം.

അനർഹമായ പുസ്തകങ്ങൾ അച്ചടിച്ച് ഗോഡൗണുകളിൽ കൂട്ടിയിടാൻ കൂട്ടുനിന്ന ചുമതലക്കാരായ ഗോഡൗൺ മാനേജരേയും സെക്രട്ടറിയേയും തൽസ്ഥാനത്തുനിന്നു മാറ്റിയാൽ മാത്രമേ അന്വേഷണം സാദ്ധ്യമാകൂ.

നിലവിലുള്ള സെക്രട്ടറിക്ക് ഒരു സഹകരണസംഘം സെക്രട്ടറിക്കുവേണ്ട അടിസ്ഥാന യോഗ്യതപോലും ഇല്ല. ഏതാനും വർഷം മുമ്പ് അദ്ദേഹത്തെ നിയമിക്കുമ്പോൾ ഒരു വർഷത്തിനകം യോഗ്യത പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

മറ്റു കാര്യങ്ങളെല്ലാം പ്രസാധന നവീകരണം സംബന്ധിച്ചതാണ്. നിലനില്പ് സുസ്ഥിരമായതിനുശേഷം മാത്രം ചിന്തിക്കാവുന്ന കാര്യങ്ങൾ.

ണാവകാശം സമ്പാദിക്കുക എന്നിങ്ങനെ മുതൽമുടക്ക് അതിവേഗം വീണ്ടെടുക്കാൻ കഴിയുന്ന പലതും ചെയ്യാവുന്നതാണ്. നല്ല വില്പനയുള്ള റഫറൻസ് ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണവും പരിഗണിക്കാം. സംഘത്തിന്റെ സാമ്പത്തികനില മെച്ചപ്പെടുന്നതുവരെ വില്പനയുള്ള ഗ്രന്ഥങ്ങൾ മാത്രം പ്രസിദ്ധപ്പെടുത്തുന്നതിൽ പബ്ലിക്കേഷൻ വകുപ്പ് ഏർപ്പെടുത്തുന്ന നിയന്ത്രണം അനുവദിക്കാനും അനുസരിക്കാനും സംഘാംഗങ്ങൾ തയാറാകണം.

മറ്റൊരു പ്രധാന കാര്യം. സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെ ഭാഗമായി ഇന്നു പ്രവർത്തിക്കുന്ന ഇന്ത്യാപ്രസ്സിന്റെ ഇന്നത്തെ നില അത്ര ഭദ്രമല്ല. അതിനാൽ ആ സ്ഥാപനം സംഘത്തിൽ നിന്ന് വേർപെടുത്തുകയും മറ്റൊരു സഹകരണസംഘം രൂപീകരിച്ച് അതിന്റെ കീഴിലാക്കുകയും വേണം.

(ശേഷം 65-ാം പേജിൽ)

തിക്കോടിയൻ



എഴുത്തുകാർ തന്നെ കുറ്റക്കാർ

എഴുത്തുകാരാണ് സംഘത്തെ ഈ പതനത്തിലാക്കിയത്

സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെ ദുരവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യാൻ ഇപ്പോഴത്തെ അധികാരികൾ ദിവസങ്ങൾക്കു മുമ്പൊരു ജനറൽ ബോഡിയോഗം വിളിച്ചുകൂട്ടി. യോഗത്തിൽ പങ്കെടുക്കണമെന്ന കത്ത് തിക്കോടിയന്റെ കൈയിൽ കിട്ടുന്നത് യോഗതീയതിക്കുശേഷം.

പൊതുവേ സമാധാനപ്രിയനായ തിക്കോടിയൻ വൈകിക്കിട്ടിയ കത്തിന്റെ പേരിൽ രോഷംകൊണ്ടില്ല. ഇന്നോ നാളെയോ ജൂഫ്രി നടക്കുമെന്ന വാള് തലയ്ക്കു മുകളിൽ തൂങ്ങുമ്പോഴും ഇത്രയൊക്കെ "ശുഷ്കാന്തി"യോടെ കാര്യങ്ങൾ നടക്കുന്നുവെങ്കിൽ ഈ മഴയത്തു വീട്ടിൽ തനിച്ചിരുന്ന് ആലോചിച്ചു ചിരിക്കുകയല്ലേ വേണ്ടത് എന്നാണ് തിക്കോടിയന്റെ ചോദ്യം.

കത്തുകിട്ടിയ യോഗത്തിൽ തനിക്കെങ്ങനെ പങ്കെടുക്കാനാകുമെന്ന് തിക്കോടിയൻ മറുപടി എഴുതിയില്ല. പകരം യോഗത്തിൽ പങ്കെടുക്കാൻ പ്രയാസമുണ്ടെന്നുകാണിച്ച് മറുപടിയെഴുതി. ഒപ്പം ഒരു നിർദ്ദേശവും "എസ്.പി.സി.എസ്സിന്റെ ദുരിതത്തിനു പരിഹാരമായി തന്റെ മെമ്പർഷിപ്പ് ഉപയോഗിച്ച് എന്തൊക്കെ ചെയ്യാമോ അതൊക്കെ ചെയ്യാൻ സമ്മതിച്ചിരിക്കുന്നു" എന്നായിരുന്നു തിക്കോടിയന്റെ നിർദ്ദേശം.

ഇതിൽ തിക്കോടിയൻ പറയാത്ത ഒരു സൂചനയുണ്ടായിരുന്നു. സാഹിത്യകാരന്മാരുടെ സംഘത്തിനെ 'കരകയറ്റാൻ സാഹിത്യകാരന്മാരോരോരുത്തരും സ്വന്തം അംഗത്വ പണം പോലും ദാനം ചെയ്യാൻ തയ്യാറാകണമെന്ന ഉപദേശം. സാഹിത്യ പ്രവർത്തക സംഘം സാഹിത്യകാരന്റെ കറവപ്പശുവല്ല എന്ന ലഘു ഉപദേശം.

"എഴുത്തുകാരന്റെ പുസ്തക പ്രസാധകസംഘടനയെ ഈ നിലയിലെത്തിച്ചത് മറ്റാരുമല്ല എഴുത്തുകാർ തന്നെ. ഇത്തിരി പ്രഗല്ഭരായാൽ നാലു പുസ്തകം വിറ്റഴിയുമെന്നുകണ്ടാൽ മറ്റു പ്രസാധകരെ തേടിപ്പോകാത്ത എത്ര എഴുത്തുകാരുണ്ട്. എഴുത്തുകാർ ഉണ്ടാക്കിയ സംഘമാണിതെന്ന ബോധം എഴുത്തുകാർക്കുണ്ടാകണം"-തിക്കോടിയൻ പറയുന്നു.

സാഹിത്യപ്രവർത്തക സഹകരണസംഘം ചില ഡയറക്ടർമാരുടെ പുസ്തകങ്ങളുടെ രണ്ടും മൂന്നും എഡിഷനുകൾ ഇറക്കുമ്പോൾ ഈ സ്ഥാപനം വളരുകയല്ല തളരുകയാണു ചെയ്യുക. പുസ്തകങ്ങൾ വിറ്റഴിയണമെന്നും വിറ്റഴിയുന്ന പുസ്തകങ്ങളാണ് അച്ചടിച്ചിറക്കേണ്ടതെന്നുമുള്ള ബോധം സംഘത്തെ നയിക്കുന്നവർക്കുണ്ടാകണം.

സംഘത്തിന്റെ തകർച്ചതടയാൻ ആരും ശ്രമിച്ചില്ല എന്നതു സത്യം. ചില സാഹിത്യകാരന്മാരുടെ പുസ്തകങ്ങൾക്ക് വായനക്കാർക്കിടയിൽ കൂടുതൽ പ്രിയമുണ്ടാകും. അത്തരം സാഹിത്യകാരന്മാർ സംഘത്തിൽ അംഗങ്ങളായിരിക്കെത്തന്നെ 'ബെസ്റ്റ് സെല്ലറുകൾ' മറ്റു പ്രസാധകർക്കു കൊടുക്കാൻ തുടങ്ങിയാൽ സംഗതി എവിടെയെത്തും.

"എനിക്ക് ഊപ്പു പറയാനാകില്ല: എങ്കിലും ലോകത്തിൽ ഏറ്റവും കൂടുതൽ റോയൽറ്റി നൽകുന്ന പുസ്തക പ്രസാധക സ്ഥാപനമാണ് എസ്.പി.സി.എസ് എന്നാണു പറയുന്നത്. ഷെയർ ഉള്ളവർക്ക് 31.13 ശതമാനം റോയൽറ്റി ലഭിക്കും. എന്നിട്ടും എന്തുകൊണ്ട് നല്ല പുസ്തകങ്ങൾ എസ്.പി.സി.എസ്സിന്റെ വാതിൽ കടന്നെത്തുന്നില്ല"-തിക്കോടിയന്റെ ചോദ്യമിതാണ്.

അക്കിത്തം

കുറച്ചു ധർമ്മബോധം വേണം

'**സാ**ഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ഇപ്പോഴത്തെ തകർച്ചയിൽനിന്നു പുറത്തുകടക്കാനുള്ള ഏകമാർഗ്ഗം പ്രസ്സ് നില്ക്കുന്ന സ്ഥലത്തിന്റെ ഒരു ഭാഗമോ എറണാകുളത്തെ ഭൂസ്വത്തുക്കളുടെ ഒരു ഭാഗമോ വില്ക്കുക മാത്രമാണ് എന്നാണ് എനിക്കും തോന്നിയിട്ടുള്ളത്.

ഈയിടെയായി ഭൂമിയുടെ വില വളരെയധികം ഉയർന്നിട്ടുള്ളതുകൊണ്ട് കടങ്ങളെല്ലാം കൊടുത്തുതീർത്തശേഷവും സംഘത്തിനു പരിക്കില്ലാതെ പ്രവർത്തിക്കാൻ കഴിഞ്ഞേക്കും. അതിന് അച്ചടിയാകെ ആധുനികമാക്കേണ്ടി വരും.

മനുഷ്യൻ കുറച്ചുകൂടി ധർമ്മബോധത്തോടുകൂടി പ്രവർത്തിക്കുകയാണെങ്കിൽ സംഘം രക്ഷപ്പെടും എന്നാണ് എനിക്കു തോന്നിയിട്ടുള്ളത്.

സംഘത്തെ ഗവൺമെന്റ് സഹായിക്കുകയാണെങ്കിൽ ഈ വില്പന ഒഴിവാക്കാനാവുന്നതുമാണ്. സഹായം ലഭിച്ചില്ലെങ്കിൽ തൽക്കാലം വേറെ വഴിയുണ്ടാവില്ല.

സ്ഥലം വിറ്റ് തൽക്കാലം കടം വീട്ടിയാലും നടത്തിപ്പ് തകരാറിലായാൽ വീണ്ടും സംഘം കടത്തിലാവുകയില്ലേ എന്നും. വീണ്ടും സ്ഥലം വില്പന വേണ്ടിവരില്ലേ എന്നുമുള്ള സംശയത്തിന് അക്കിത്തം ഇങ്ങനെ പറഞ്ഞു.

സംഘത്തിൽ പ്രവർത്തിക്കുന്നവരുടെ ധർമ്മബോധത്തെപ്പറ്റി ഞാൻ സൂചിപ്പിച്ചത് അതാണ്. അടിസ്ഥാനമായി ആളുകൾ ധർമ്മബോധവും നീതിബോധവും ഉള്ളവരായിരിക്കണം.'

ഭൂമിയുടെ പകുതിവിൽക്കാം

(13-ാം പേജിൽ നിന്നും)

ബാധകമാകണം.

നാല്: എസ്.പി. സി. എസ്സിന് ഞാൻ പുസ്തകങ്ങൾ കൊടുക്കാറില്ല. കാരണം, കുറേകാലമായി അവിടുത്തെ സംവിധാനമാകെ കുത്തഴിഞ്ഞ നിലയിലാണ്. ഒന്നിനും ഒരു കണക്കുമുണ്ടാവില്ല. അച്ചടിച്ച പുസ്തകങ്ങൾ യഥാസമയം ബൈന്റ് ചെയ്യാറില്ല. അച്ചടിയാണെങ്കിൽ അങ്ങേയറ്റം വൃത്തികെട്ടത്. ഉപയോഗിക്കുന്ന കടലാസ്സും മഹാമോശം. വായനക്കാർ കണ്ടാൽ തന്നെ വെറുപ്പുവരും. അച്ചടിച്ച പുസ്തകങ്ങൾ ഗോഡൗണിൽ നിന്നും യഥാസമയം ബ്രാഞ്ചുകൾക്ക് എത്തിക്കാറില്ല. ഒന്നിനും കൈയ്യും കണക്കുമില്ല... പിന്നെങ്ങനെ പുസ്തകങ്ങൾ അച്ചടിക്കാൻ ഇവരെ ഏല്പിക്കാനാവും?

അഞ്ച്: സംഘം വളരെക്കാലം മേനിനടിക്കാറുണ്ടായിരുന്ന മൂപ്പതുശതമാനം റോയൽറ്റി കാര്യത്തിലും മാറ്റം വരണം. ഇനി ഇത്രയും റോയൽറ്റി കൊടുക്കാൻ കഴിയുകയില്ല. എന്റെ അറിവിൽ , നമ്മുടെ നാട്ടിൽ മാത്രമല്ല, അന്യനാട്ടിലും എഴുത്തുകാർക്ക് ആരും 30 ശതമാനം റോയൽറ്റി കൊടുക്കുന്നില്ല.

ഇനി ആർക്കെങ്കിലും എവിടെയെങ്കിലും കിട്ടുന്നുവെങ്കിൽ, അതു വല്ല പ്രത്യേക കാരണം കൊണ്ടാവാം. ഇന്നത്തെ സാഹചര്യത്തിൽ, ഒരു പുസ്തകത്തിനും 20 ശതമാനത്തിൽ അധികം റോയൽറ്റി നല്കരുത്. ഇതു ചെയ്താൽ, വീണ്ടും കടക്കെണിയിൽ സംഘം കുരുങ്ങും - (ഞാൻ റോയൽറ്റി കൊണ്ട് ജീവിക്കുന്ന എഴുത്തുകാരനായിട്ടുകൂടി ഇതുപറയുന്നതു സംഘം നിലനില്ക്കണമെന്ന ആഗ്രഹം കൊണ്ടുമാത്രമാണ്.)

ആറ്: ഇടതുമുന്നണി ഗവൺമെന്റിന്, സാഹിത്യപ്രവർത്തകസഹകരണസംഘം നിലനില്ക്കണമെന്ന ആഗ്രഹമുണ്ടെങ്കിൽ , ചെയ്യാവുന്ന സഹായങ്ങൾ ചെയ്തുകൊടുക്കണം. അക്ഷരങ്ങളെയും വായനയേയും സ്നേഹിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുന്ന വിഭാഗമാണ് ഇപ്പോൾ ഭരണത്തിലുള്ളതെന്ന വിശ്വാസത്തിന്റെ പുറത്താണ് ഈ അഭ്യർത്ഥന. സഹകരണമന്ത്രാലയത്തിനു ഇക്കാര്യത്തിൽ ക്രിയാത്മകമായ സഹായം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷ.

കേരളത്തിലെ സാഹിത്യകാരന്മാരുടെ അഭിമാനമായിരുന്ന ഒരു മഹാസംരംഭത്തിന് ദീർഘകാലം ഇനിയും നിലനില്പുണ്ടാവണമെന്ന ആഗ്രഹം ഒരിക്കൽകൂടി പ്രകടിപ്പിക്കുന്നു..."

പ്രശ്നം പരിശോധിക്കുന്നു

പിണറായി വിജയൻ

(സഹകരണവകുപ്പുമന്ത്രി)

സാഹിത്യപ്രവർത്തകസഹകരണസംഘത്തെ ഇന്നത്തെ പ്രതിസന്ധിയിൽ നിന്ന് കരകയറ്റാൻ ഗവൺമെന്റിന് എന്തു ചെയ്യാൻ കഴിയുമെന്ന് പരിശോധിച്ചു വരികയാണെന്ന് സഹകരണമന്ത്രി പിണറായി വിജയൻ പറഞ്ഞു.

അദ്ദേഹം ഇങ്ങനെ തുടർന്നു: എസ്. പി. സി. എസ് നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോട്ടയത്തെ സഹകരണ ലോയിന്റ് രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവിടത്തെ പ്രശ്നങ്ങൾ വിശദമായി പഠിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് നൽകാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. എസ്. പി. സി. എസ്സിന്റെ പുനരുദ്ധാരണത്തെക്കുറിച്ചുപല അഭിപ്രായങ്ങളുമുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കും. എസ്.പി.സി. എസ് പോലുള്ള സ്ഥാപനങ്ങൾ നശിക്കാൻ ഇടവരരുത്. ഇക്കാര്യത്തിൽ എല്ലാവരുടെയും അഭിപ്രായം അറിയാൻ ഗവൺമെന്റിന് താത്പര്യമുണ്ട്."

അഭയദേവ്

സംഘത്തിന്റെ ആദ്യകാല ഡയറക്ടറിലൊരാളും മുൻ പ്രസിഡന്റുമായ അഭയദേവ് സ്ഥലം വില്പനയെ ആദ്യം എതിർത്ത ആളാണ്. ഇന്ന് അദ്ദേഹം പറയുന്നു. "എന്റെ അഭിപ്രായം തിരുത്തേണ്ടിവന്നു. സ്ഥലം വില്ക്കുകയല്ലാതെ മറ്റൊരു പോംവഴിയില്ല. മറ്റൊരു വാതിലും എസ്. പി.സി.എസ്സിനു മുന്നിൽ തുറക്കുന്നില്ല. നാട്ടുകത്ത് സ്ഥലം വാങ്ങിയപ്പോൾ ഞാനും കാര്യങ്ങൾ കുറേ ചീത്തപ്പേരു കേട്ടതാണ്. 4.10 ഏക്കർ സ്ഥലം 65000 രൂപയ്ക്കാണു വാങ്ങിയത്. ഞങ്ങൾ കൈക്കൂലി വാങ്ങിയെന്നുവരെ ആരോപണം ഉയർന്നു. ഇന്നിപ്പോൾ ഈ സ്ഥലം വിറ്റാൽ രണ്ടുകോടി രൂപയെങ്കിലും കിട്ടും. ഇതിന്റെ പകുതിവിറ്റ് കടംതീർത്ത് രക്ഷപ്പെടാൻ ശ്രമിക്കുക. അതുമാത്രമാണ് മാർഗ്ഗം. സംഘം നിലനില്ക്കേണ്ടത് ആവശ്യമാണ്. ഇതിന് ഗവൺമെന്റും സഹായിച്ചേപറ്റൂ. സംഘം ഭാരവാഹികൾ പിറകേ നടന്നതല്ലാതെ ഗവൺമെന്റിൽനിന്ന് കാര്യമായ സഹായം ഇതുവരെ കിട്ടിയിട്ടില്ലെന്നും അഭയദേവ് പറയുന്നു.

അടിയന്തിരമായി കൊടുക്കേണ്ട കടങ്ങളെല്ലാം തീർത്ത് ബാക്കി തുകകൊണ്ട് ഓഫ്സെറ്റ് പ്രസ്സും ഡി.റ്റി.പിയും വാങ്ങാം. എത്ര ആയിരം അച്ചടിച്ചാലും ചെലവാകുന്ന കോപ്പിറൈറ്റുള്ളതും റോയൽറ്റി കൊടുക്കേണ്ടാത്തതുമായ പുസ്തകങ്ങൾ ഉണ്ട്. ഇതു വിറ്റുതന്നെ സംഘത്തിന് ലാഭം ഉണ്ടാക്കാം. അഭയദേവ് കൂട്ടിച്ചേർക്കുന്നു.

ഒ.എൻ.വി. കുറുപ്പ്

സംഘത്തെ ഉടച്ചുവാർക്കണം

സാഹിത്യപ്രവർത്തക സഹകരണസംഘത്തെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കാൻ സമാനഹൃദയരായ എഴുത്തുകാർ ഒന്നിച്ചിരുന്ന് ആശയവിനിമയം നടത്തി പരിപാടികൾ ആവിഷ്ക്കരിക്കണമെന്ന് ഒ.എൻ.വി

ഇന്ത്യയിലെതന്നെ "ഒന്നാമത്തേത്" എന്നോ, അദ്ഭുതകരം എന്നോ വിശേഷിപ്പിക്കാവുന്ന പലതും കേരളത്തിന്റെ ക്രെഡിറ്റ് ബുക്കിലുണ്ട്. അതിലൊന്നാണ് സാഹിത്യ പ്രവർത്തക സഹകരണ സംഘം. സാഹിത്യകാരൻ സ്വന്തം ചെലവിൽ പുസ്തകം അച്ചടിപ്പിച്ച് നാടുതോറും നടന്നു വിറ്റഴിക്കുന്ന ഏർപ്പാട് പണ്ടും ഇവിടെ ഉണ്ടായിരുന്നു. നാലപ്പാടന്റെ ' പാവങ്ങളും' വള്ളത്തോളിന്റെ ഋഗ്വേദ പരിഭാഷയും വാല്മീകി രാമായണ പരിഭാഷയും മറ്റും അത്തരത്തിലാണ് വായനക്കാരുടെ കൈയിൽ എത്തിച്ചേർന്നത്. ഇടനിലക്കാരൻ ഇല്ലായിരുന്നു എന്നു വേണമെങ്കിൽ പറയാം. പക്ഷേ, സർഗ്ഗാത്മകമാവേണ്ട എഴുത്തുകാരന്റെ വിലപിടിച്ച സമയമാണ് ഈ അച്ചടിവിതരണംവഴി ചെലവഴിക്കേണ്ടി വന്നത്. കൂടാതെ ശാരീരിക പരാധീനതകളും. അതിലുമുപരി സ്വന്തം കൃതികളുമായി പടിതോറും കയറിയിറങ്ങേണ്ട ഗതികേട്. എങ്കിലും മലയാളത്തിലെ വലിയ എഴുത്തുകാരിൽ പലരും ഇതു കുറേ അനുഭവിച്ചതാണ്. ചങ്ങമ്പുഴ തന്റെ പാഠ്യപുസ്തകാവകാശങ്ങൾക്കും മറ്റുമായി ബാഷ്പാഞ്ജലിയുടെ പ്രതികളുമായി ഇങ്ങനെ നടന്നിട്ടുണ്ട്.

ഈ സാഹചര്യത്തിലാണ് കോട്ടയം കേന്ദ്രമായി ഏതാനും സാഹിത്യകാരന്മാരുടെ ഭാവനയിൽ ഒരു പുതിയ ആശയം രൂപംകൊണ്ടത്. എം. പി. പോൾ, കാരൂർ നീലകണ്ഠപ്പിള്ള, പൊൻകുന്നം വർക്കി, ഡി.സി. കിഴക്കേമുറി തുടങ്ങിയ അന്നത്തെ പുരോഗമനവാദികളും യുവാക്കളുമായ ഏതാനും എഴുത്തുകാരാണ് സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെ രൂപവൽക്കരണത്തിനു മുൻകൈ എടുത്തത്. അതിന്റെ ചരിത്രം വിവരിക്കേണ്ടതില്ല. അത് ആധികാരികമായി വിവരിക്കാൻ കഴിവുള്ള വ്യക്തി ഡി.സിയാണ്.

ചരിത്രം വിടുന്നു. സംഘത്തിന്റെ പ്രസക്തിയും, പ്രാധാന്യവും വ്യക്തമാക്കാം. വ്യവസായത്തിൽനിന്ന് ഇടനിലക്കാരനെ ഒഴിച്ചുവിടുമ്പോൾ ഉല്പാദകനും, ഉപഭോക്താവിനും നേട്ടമുണ്ടാകുന്നു. ഈ രംഗത്ത് അത്രയും കാലം ഉല്പാദകൻ അക്ഷരമറിയാത്ത, പണം മുടക്കാൻ കഴിവുള്ള ചില മുതലാളിമാരായിരുന്നു. ആ ഉല്പാദകരുടെ സ്ഥാനത്തേക്കാണ് എഴുത്തുകാരുടെ സംഘം കടന്നുകയറിയത്. ആ നിലയ്ക്കു രൂപംപൂണ്ട സാഹിത്യപ്രവർത്തക സഹകരണസംഘം ഇന്ത്യയിലെതന്നെ ഒരു അദ്ഭുതമായിരുന്നു. ഏഷ്യയിലെതന്നെ ഒറ്റപ്പെട്ട സംഭവമെന്നു പറഞ്ഞു കേൾക്കുന്നു. ഇതുകൊണ്ടുണ്ടായ മാറ്റമെന്താണ്: മെച്ചമെന്താണ്? ഉല്പാദകന്റെ വിഹിതംകൂടി എഴുത്തുകാരനു കിട്ടുന്നു.

നീതിപൂർവ്വകമായ വിലയ്ക്കു പുസ്തകം വിറ്റഴിക്കാനുള്ള നിഷ്കർഷ പ്രാരംഭത്തിൽ ഉണ്ടായിരുന്നു. അത് ഉപഭോക്താവിനും ഗുണകരമായി. അങ്ങനെ കേരളത്തിലെ മുൻപന്തിയിലുള്ള എഴുത്തുകാർ തങ്ങളുടെ പുസ്തകം മുപ്പതു ശതമാനം റോയൽറ്റിക്ക് എസ്.പി.സി.എസ്സിൽ പ്രസിദ്ധപ്പെടുത്തി. അതു ചരിത്രം സൃഷ്ടിച്ച സംഭവമായിരുന്നു. ഇന്ത്യയിൽ എവിടെയുമുള്ള എഴുത്തുകാർ, മൂപ്പതു ശതമാനം റോയൽറ്റി കേരളത്തിലെ എഴുത്തുകാർക്കുണ്ടെന്ന് അദ്ഭുതത്തോടും അസൂയയോടും അവിശ്വാസത്തോടുമാണു കേട്ടത്. ഇത് ഇന്ത്യൻ സാഹിത്യകാരന്മാർക്കിടയിൽ ഒരു ചർച്ചാവിഷയമാവുകയും. ഇത്തരം സഹകരണ സംഘങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഒരു പ്രേരണ അവർക്കുണ്ടാവുകയും ചെയ്തു. ബംഗാളി, ഹിന്ദി. മറാത്തി തുടങ്ങിയ ഭാഷകളിലുള്ള പല നോവലിസ്റ്റുകളും തങ്ങളുടെ കൃതികൾ പരിഭാഷപ്പെടുത്തി എസ്. പി.സി.എസ്സിലൂടെ പ്രസിദ്ധീകരിച്ചപ്പോൾ കിട്ടിയ റോയൽറ്റി മൂലകൃതിക്കു കിട്ടിയതിനെക്കാൾ വലുതാണ് എന്നു പറഞ്ഞിട്ടുണ്ട്. സ്വന്തം അനുഭവത്തിൽനിന്ന് ഒരു സംഭവം ഞാനോർമ്മിക്കുന്നു.

തൊള്ളായിരത്തി എഴുപതുകളുടെ അവസാനത്തിൽ സംഘത്തിന്റെ അദ്ധ്യക്ഷനായിരുന്ന എസ്. കെ. പൊറ്റെക്കാട്ടും ഡയറക്ടർ ബോർഡ് അംഗമായിരുന്ന ഞാനും ഉൾപ്പെട്ട സാഹിത്യകാരന്മാരുടെ ഒരു സംഘം ബംഗാൾ സന്ദർശിക്കുകയുണ്ടായി. കൽക്കത്തയിൽവച്ചു ബംഗാളിലെ സുഹൃത്ത് സാഹിത്യകാരന്മാരെ കാണുന്നതിനും, ആശയവിനിമയം ചെയ്യുന്നതിനും ഒരു യോഗം അവിടത്തെ പബ്ലിക് റിലേഷൻസ് വകുപ്പ് ആസൂത്രണം ചെയ്തു. നൂറോളം സാഹിത്യകാരന്മാർ അവിടെ വന്നു ചേർന്നു. പബ്ലിക് റിലേഷൻസ് ഉദ്യോഗസ്ഥർ അദ്ഭുതപ്പെട്ടു. കാരണം മറ്റു ഭാഷകളിലെ സാഹിത്യകാരന്മാരെ കാണാൻ ഇത്രയൊന്നും സാഹിത്യകാരന്മാർ വരില്ല എന്നാണ് അവർ പറഞ്ഞത്. എന്നാൽ സാഹിത്യപരമായ ആശയവിനിമയം വളരെവേഗം കഴിഞ്ഞു. ഒട്ടുമിക്കപേരും അവിടെ സംഘം അദ്ധ്യക്ഷനായ എസ്.കെയെയും എന്നെയും ചുറ്റിപ്പറ്റി നില്ക്കുന്നത് ഞങ്ങളെ അദ്ഭുതപ്പെടുത്തി. സംഭവം: അതിനകം പ്രസിദ്ധീകരിച്ച തങ്ങളുടെ കൃതികൾ പരിഭാഷപ്പെടുത്തണമെന്ന് ഒരു വിഭാഗം. തങ്ങളുടെ കൃതികൾക്ക് റോയൽറ്റി കിട്ടണം എന്നു മറ്റു ചിലർ. എങ്ങനെ ഈ സാഹിത്യ പ്രവർത്തകരുടെ സഹകരണ സംഘം നടത്തുന്നു എന്നറിയാൻ വേറെ ചിലർ. ചുരുക്കത്തിൽ അവർക്കു മലയാള സാഹിത്യമോ. അതിന്റെ പ്രവണതകളോ ആയിരുന്നില്ല അറിയേണ്ടിയിരുന്നത്. മറിച്ച് സംഘത്തിന്റെ പ്രവർത്തകരുമായി ഒരു കരാറിലെത്തുകയായിരുന്നു വേണ്ടിയിരുന്നത്. പൊറ്റെക്കാടാണെങ്കിൽ മലയാളത്തിലുള്ള പരിഭാഷകൾ അന്നുതന്നെ വെറും പതിനഞ്ചണ്ണ

കെ. സുരേന്ദ്രൻ

ത്തിൽ കവിഞ്ഞിട്ടില്ലെന്നു ചൂണ്ടിക്കാട്ടുകയും ആ നിലയ്ക്ക് ഉടനേ കൂടുതൽ ബംഗാളി പരിഭാഷകൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നില്ല എന്ന് അല്പം കൂസൃതി കലർന്ന മറുപടി പറഞ്ഞ് അവസാനിപ്പിക്കുകയായിരുന്നു.

അങ്ങനെ സാഹിത്യ പ്രവർത്തക സഹകരണ സംഘം തുടങ്ങിയ കാലത്ത് ഇന്ത്യൻ സാഹിത്യ കാരന്മാർക്കിടയിൽ പല ചലനങ്ങളും ഉണ്ടാക്കി. മലയാളത്തിലെ സാഹിത്യകാരന്മാർക്ക് സംഘം "വീട്ടുചോറാ"യിരുന്നു. എന്നാൽ പ്രൈവറ്റ് പ്രസാധകന്മാർ അവർക്കു "വിരുന്നുചോറു" നല്കാൻ തയ്യാറായി. പൂർവ്വാഹ്നവും മദ്ധ്യാഹ്നവും കഴിഞ്ഞ് അപരാഹ്നത്തിലേക്കും സായാഹ്നത്തിലേക്കും എന്നപോലെ സംഘത്തിനും അപചയമുണ്ടായി. അത് ഇന്നും തുടരുന്നു. (ആ അസ്തമയം ഉണ്ടാകാതിരിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.)

ഈ അപചയം ഒരു സ്വാഭാവിക പരിണതിയായിരുന്നോ എന്ന ചോദ്യത്തിന് അല്ല എന്നാണ് എന്റെ മറുപടി. കഴിഞ്ഞ രണ്ടു പതിറ്റാണ്ടിനിടയിലെങ്കിലും അതിലെ കൈകാര്യ കർത്തൃത്വം വഹിച്ചവരുടെ അറിഞ്ഞോ. അറിയാതെയോ ഉള്ള തെറ്റായ നടപടികളാണ് പ്രധാന കാരണമായിത്തീർന്നത്.

ഇന്നു പുസ്തകവായന വർദ്ധിച്ചിട്ടുണ്ട്. പ്രസിദ്ധീകരണങ്ങളുടെ എണ്ണം വർദ്ധിക്കുന്നുണ്ട്. വായനാശീലം വിപുലമാവുന്നുണ്ട്. പൂർണ്ണ സാക്ഷരതയിലേക്കുള്ള പ്രയാണത്തിന് ആക്കം കൂടിയിട്ടുണ്ട്. ഒക്കെ ശരിയാണ്. പക്ഷേ. വായനക്കാരൻ പുസ്തകത്തിന്റെ വില കണ്ട് അമ്പരന്നു നില്ക്കുന്നു. അച്ചടിസാമഗ്രികളുടെ വില ഈ രണ്ടു പതിറ്റാണ്ടുകൾക്കിടയിൽ എത്രയോ വർദ്ധിച്ചിരിക്കുന്നു. സ്വാഭാവികമായും പുസ്തകം തിരഞ്ഞെടുത്തു വാങ്ങാൻ വായനക്കാരൻ നിർബന്ധിതനാകുന്നു. എന്റെ തല മുറയുടെ ചെറുപ്പത്തിൽ വായിക്കാൻ എന്തെങ്കിലും കിട്ടിയിരുന്നെങ്കിൽ എന്നാശിച്ചിരുന്നു. എന്നാൽ ഇന്നു കർശനമായി തിരഞ്ഞെടുക്കുന്ന വായനക്കാരനാണ്. പ്രശ്നം സാമ്പത്തികംതന്നെ. അപ്പോൾ വായിക്കേണ്ടപുസ്തകങ്ങളാണ് വായനക്കാരൻ തിരഞ്ഞെടുക്കുന്നത്. അഭിരുചി വ്യത്യാസം എത്രയായാലും വായിക്കുന്ന പുസ്തകങ്ങളുടെ എണ്ണം പരിമിതപ്പെടുത്തുന്നു. അങ്ങനെ ഇന്നു വായിക്കേണ്ട പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്നത് ഡി.സി. ബുക്സും തൃശൂർ കറന്റ് ബുക്സും മൾബറി തുടങ്ങിയ ചെറിയ പ്രസാധകരുമാണ്. സംഘത്തിനു ധാരാളം മോശപ്പെട്ട പുസ്തകങ്ങൾ പ്രസിദ്ധീകരിക്കേണ്ടി വന്നു. ഇന്നു ഗോഡൗണിൽ കെട്ടിക്കിടക്കുന്ന ഒട്ടുമിക്ക കൃതികളും ഇത്തരത്തിൽ വായനക്കാർ അവഗണിച്ചവയാണ്. അക്കൂട്ടത്തിൽ മുള്ളുകൾക്കിടയിൽ വിത്തെന്നപോലെ കൊള്ളാവുന്ന ചില പുസ്തകങ്ങളും കാണും.

തങ്ങളുടെ വോട്ടുബാങ്ക് വിപുലപ്പെടുത്താൻ സംഘത്തിന്റെ ഭരണകർത്താക്കളായവർ പലരെയും വിവേചനം കൂടാതെ അതിൽ അംഗങ്ങളാക്കി. അവരെ പ്രീണിപ്പിക്കാൻ അച്ചടിക്കുന്ന കൈയെഴുത്തുപ്രതിക്കു മാനദണ്ഡം വേണ്ടെന്നുവച്ചു. 1950-കളിലും മറ്റും പ്രസാധനകലയുടെ മാതൃകയായിരുന്നു എൻ.ബി.എസ് പുസ്തകങ്ങൾ. ഇന്ന് അവ പ്രസാധനകലയുടെ പൊതുധാരയിൽത്തന്നെ വളരെ പിന്നിലാണ്. അച്ചടിയും, പ്രസാധനവുമെല്ലാം ഇന്നു സാങ്കേതികമായ മാറ്റങ്ങൾ മൂലം വളർന്നിരിക്കുന്നു. പ്രീപബ്ളിക്കേഷൻ പ്രഖ്യാപിച്ചുകഴിഞ്ഞാൽ ആ പ്രസ്താവത്തോടു നീതി പുലർത്താൻ കഴിയാതിരുന്നത് പുസ്തകസംഘത്തിലുള്ള വിശ്വാസ്യത കുറച്ചു. ചുരുക്കത്തിൽ അച്ചടി, പ്രസാധനം, കൃതികളുടെ തിരഞ്ഞെടുപ്പ്, കൃത്യസമയത്തുള്ള പ്രകാശനം എല്ലാറ്റിനുമുപരി ജീവനക്കാരുടെ തൃപ്തി ഈ വക കാര്യങ്ങളിൽ സംഘം വളരെയേറെ പിന്നോട്ടു പോയി.

> "സംഘത്തെ ആകെയൊന്ന് ഉടച്ചുവാർത്ത് അതിനെ രക്ഷിക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. ഇതു വീട്ടുചോറാണ് എന്ന വിശ്വാസം എല്ലാ എഴുത്തുകാർക്കും ഉണ്ടാവണം. അത്തരമൊരു പുനരുദ്ധാരണത്തിന് ആത്മാർത്ഥമായി ശ്രമം ഉണ്ടാവേണ്ടതാണ്"

സംഘത്തെ ആകെയൊന്ന് ഉടച്ചുവാർത്ത് അതിനെ രക്ഷിക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. ഇതു വീട്ടുചോറാണ് എന്ന വിശ്വാസം എല്ലാ എഴുത്തുകാർക്കും ഉണ്ടാവണം. അത്തരമൊരു പുനരുദ്ധാരണത്തിന് ആത്മാർത്ഥമായ ശ്രമം ഉണ്ടാവേണ്ടതാണ്. അങ്ങനെ കഴിഞ്ഞാൽ സംഘത്തിന് ഇനിയും പുതിയ അദ്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും. സമാനഹൃദയരായ എഴുത്തുകാരുമായി ഒന്നിച്ചിരുന്ന് ആശയവിനിമയം നടത്തുമ്പോൾ മാത്രമേ പരിപാടികൾ വ്യക്തമായി രൂപംകൊള്ളുകയുള്ളൂ. ഒറ്റയ്ക്കിരുന്നു നിർദ്ദേശങ്ങൾ കുറിച്ചതുകൊണ്ടു പ്രയോജനമില്ല.



ദയാവധത്തിനല്ല അനുവദിക്കണം

ഞാൻ ഒരേയൊരു സംഘടനയിലേ പ്രവർത്തിച്ചിട്ടുള്ളൂ. അതു സാഹിത്യ പ്രവർത്തക സഹകരണ സംഘമാണ്. തിരിഞ്ഞുനോക്കുമ്പോൾ അതിൽ അഭിമാനമുണ്ട്. തികഞ്ഞ ആത്മാർത്ഥതയോടെയും. അർപ്പണമനോഭാവത്തോടെയുമാണ് അവിടെ പ്രവർത്തിച്ചത്. സംഘത്തിന്റെ ഇന്നത്തെ അവസ്ഥ കാണുമ്പോൾ എനിക്കു തോന്നുന്നു. ഇതിനെക്കാളും നല്ലത് സംഘത്തെ ദയാവധത്തിനു വിധേയമാക്കുന്നതാണെന്ന്.

> സാഹിത്യ പ്രവർത്തക സഹകരണസംഘം അതിന്റെ ചരിത്രപരമായ കടമ നിറവേറ്റി എന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് സംഘത്തെ മരിക്കാൻ അനുവദിക്കുക. മഹത്ത്വമില്ലാത്തവരെ മഹാന്മാരാക്കുന്ന നമ്മുടെ സാംസ്കാരിക നയം മാറ്റേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ കോടികൾ തിന്നുതീർക്കുന്ന മറ്റൊരു പരാഹന ഭുക്കായി ഈ സാംസ്കാരിക കേന്ദ്രം മാറും. അല്പം ആരോഗ്യമുള്ളപ്പോൾ മരിച്ചാൽ അതല്ലേ അന്തസ്സ്? കെ. സുരേന്ദ്രൻ ചോദിക്കുന്നു

എല്ലാവർക്കും തുല്യമായ അവകാശം എന്ന സഹകരണസംഘത്തിന്റെ നിയമസംഹിതയാണ് അതിന്റെ ദൗർബല്യം. പ്രത്യേകിച്ചും പുസ്തക പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട ഒരു വ്യവസായത്തിന്റെ രണഭിലിൽ സംഘടിക്കുന്ന ഒരു പ്രസ്ഥാനത്തെ സംബന്ധിച്ച് ജനാധിപത്യത്തിന്റെ ദോഷവശങ്ങൾ മാത്രം ഇവിടെ അടിഞ്ഞുകൂടുന്നു. ഇങ്ങനെയുള്ളൊരു പ്രസ്ഥാനത്തിന്റെ അപചയത്തിന് വ്യക്തികളുടെ നിക്ഷിപ്തതാത്പര്യങ്ങളും അധികാരപ്രമത്തതയും വേഗം കൂട്ടുന്നു. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ അപചയത്തിനു പിന്നിൽ ഇത്തരത്തിലുള്ള നിക്ഷിപ്തതാത്പര്യങ്ങളുണ്ട്: അധികാരപ്രമത്തതയുണ്ട്. സർവോപരി വ്യക്തികളുടെ കഴിവുകേടുകളുമുണ്ട്.

കാരൂർ നീലകണ്ഠപിള്ള കഠിനമായി അദ്ധ്വാനിച്ചാണ് ഏഷ്യയിൽ ആദ്യമായി എഴുത്തുകാരുടെ ഒരു സഹകരണസംഘമുണ്ടാക്കുന്നത്. പുസ്തക പ്രസാധനം മാത്രമല്ല, സാംസ്കാരികമായ ഒരു മുന്നേറ്റവും അദ്ദേഹം ലക്ഷ്യമാക്കിയിരുന്നു. ഉറപ്പുള്ള ഒരു കാരണവരെപ്പോലെയായിരുന്നു കാരൂർ. തകഴിയുടെ ചെറുകഥകൾ പ്രസിദ്ധീകരിച്ചുകൊണ്ടാണ് സഹകരണസംഘം പുസ്തകലോകത്തേക്കു വരുന്നത്. ആദ്യത്തെ അഞ്ചുവർഷം സംഘം വൻ ലാഭത്തിലായിരുന്നു. അതിന് കാരൂരിന്റെ കാര്യശേഷിയും, ജീവനക്കാരുടെ ആത്മാർത്ഥമായ പരിശ്രമവും കാരണമായി. കാരൂരിനുശേഷം ഡി.സി. കിഴക്കേമുറി സഹകരണസംഘം പ്രസിഡന്റായപ്പോഴും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. ഇന്ത്യയിൽ എഴുത്തുകാർക്ക് ഏറ്റവും കൂടുതൽ റോയൽറ്റി കൊടുത്തിരുന്നത് സംഘമാണ്. 30 ശതമാനം റോയൽറ്റി മറ്റൊരിടത്തുമുണ്ടായിരുന്നില്ല. എന്നാൽ അന്നു സംഘം ലാഭത്തിലായിരുന്നു. കാരണം സാമർത്ഥ്യമുള്ള ഒരു മാനേജ്മെന്റായിരുന്നു. അതുകൊണ്ട് നിഘണ്ടുക്കൾ, പുരാണങ്ങൾ, ഇതിഹാസങ്ങൾ തുടങ്ങി അഞ്ചോ, പത്തോ ശതമാനം മാത്രം റോയൽറ്റി കൊടുത്താൽ മതിയാവുന്ന പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിരുന്നു. ഇങ്ങനെ സാമ്പത്തികമായി തുലനപ്പെടാൻ മാനേജ്മെന്റിനു കഴിഞ്ഞിരുന്നു. മാത്രമല്ല പബ്ളിഷിംഗ് കമ്മിറ്റി നിലവാരമുള്ള പുസ്തകങ്ങൾ മാത്രമേ പ്രസിദ്ധീകരിച്ചിരുന്നുള്ളൂ.

കേശവദേവ് അന്നൊരു പുസ്തകത്തിനു വേണ്ടി ശുപാർശ ചെയ്യുന്നതു ഞാൻ നേരിട്ടു കണ്ടിട്ടുണ്ട്. തനിക്കു വേണ്ടപ്പെട്ട ഒരാൾ എന്ന് അന്നത്തെ സാഹിത്യപ്രമാണിമാരിൽ ഒരാളായ കേശവദേവ് പറഞ്ഞപ്പോൾ കാരൂർ തിരിച്ചു പറഞ്ഞത് "മടക്കി അയയ്ക്കാൻ വച്ചിട്ടുള്ള എല്ലാ കൈയെഴുത്തു പ്രതികളും നമുക്കു വേണ്ടപ്പെട്ടവരുടേതാണ്" എന്നാണ്. അതുപോലെ പണമിടപാടിൽ കൃത്യത സൂക്ഷിക്കാൻ കാരൂർ ശ്രമിച്ചിരുന്നു. അഞ്ചുപൈസപോലും അനാവശ്യമായി ചെലവിടാൻ അദ്ദേഹം തയ്യാറായിരുന്നില്ല. അങ്ങനെ ലുബ്ധത കാണിച്ചതിന്റെ ഫലമാണ് സംഘത്തിന് ഇന്നീ കാണുന്ന ആസ്തിയുണ്ടായത്.

അധികാരം നിലനിർത്തുന്നതിന് സി.പി. ശ്രീധരൻ ഉൾപ്പെടെയുള്ളവർ ചെയ്ത കുടിലതന്ത്രങ്ങളുടെ ഫലമായാണ് സംഘം ഇന്ന് ഈ നിലയിലെത്തിയത്. അധികാരത്തിന്റെ പ്രശ്നം ഡി.സി സംഘം പ്രസിഡന്റായിരുന്നപ്പോൾമുതൽ തുടങ്ങിയതാണ്. സംഘത്തെ പുരോഗമനോന്മുഖമായി നയിച്ചിരുന്ന ഡി.സിയെ അവിശ്വാസപ്രമേയത്തിലൂടെ പുറത്താക്കാൻ ശ്രമമുണ്ടായി. അന്നുമുതൽതന്നെ സംഘത്തിന്റെ അപചയം ആരംഭിച്ചിരുന്നു എന്നു പറയാം.

കൂടുതൽ കുതിരകളെ കെട്ടിയതുകൊണ്ടു കാര്യമില്ല; കുതിരകൾക്കു വലിക്കാനുള്ള ഭാരംകൂടി ആവശ്യമാണെന്ന് ഒരു ചൊല്ലുണ്ട്. അതുപോലെയായിരുന്നു സഹകരണ സംഘത്തിലെ ജീവനക്കാരുടെ നിയമനം. അതിനു പിന്നിൽ അഴിമതിയുണ്ടെന്നോ മറ്റോ പറയാൻ എന്റെ കൈയിൽ തെളിവുകളില്ല. അത്തരമൊരു വിശ്വാസവും എനിക്കില്ല. എന്നാൽ അനാവശ്യമായി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. അത് സംഘത്തിന് ഒരു ബാദ്ധ്യതയായി മാറിയിട്ടുമുണ്ട്. മാത്രമല്ല ഡയറക്ടർ ബോർഡ് അംഗങ്ങൾ കൈയിലുള്ളതുകൊണ്ട് ജീവനക്കാർ അലസതയുടെ സുഖം അനുഭവിച്ചു. എന്നാൽ സർക്കാർ ജീവനക്കാർക്കുള്ള ശമ്പള നിരക്ക് അവർക്കു ലഭിക്കുകയും ചെയ്തു. മാത്രമല്ല, പീരിയോഡിക്കൽ പേ റിവിഷൻ തുടങ്ങിയവയും സംഘത്തെ ഗുണകരമല്ലാത്ത രീതിയിൽ ബാധിച്ചു.

പ്രൊഫ. എസ്. ഗുപ്തൻനായരുടെ കാലം മുതൽക്കുതന്നെ സംഘത്തിന്റെ വരുമാനം കുറഞ്ഞിരുന്നു. എന്നാൽ ചെലവ് ക്രമാതീതമായി വർദ്ധിച്ചിരുന്നു. ഇതിനെതിരേ എന്തെങ്കിലും ചെയ്യാൻ അക്കാലത്തെയോ. തുടർന്നോ വന്ന ഭരണസമിതികൾക്കു കഴിഞ്ഞില്ല. ഇതിനിടയ്ക്ക് എടുത്തുപറയേണ്ട തൊഴിലാളിസമരങ്ങളും ഉണ്ടായിട്ടുണ്ട്. അന്നൊക്കെ സമരം പറഞ്ഞൊതുക്കിയത് വോട്ടിൽ കണ്ണുവച്ചുകൊണ്ടുതന്നെയായിരുന്നു.

വ്യവസായവീക്ഷണത്തിലുള്ള ദൗർബല്യങ്ങളെക്കാൾ കഴിവുകെട്ട ഒരു നേതൃത്വത്തിന്റെ സാന്നിദ്ധ്യമാണ് സംഘത്തെ കുളംതോണ്ടിയത്. കാലഘട്ടത്തെ മനസ്സിലാക്കി നിലവാരമുള്ള പുസ്തകങ്ങൾ അച്ചടിക്കുന്നതിനു പകരം പുസ്തകങ്ങൾ അതെത്ര ചവറായാലും പ്രസിദ്ധീകരിക്കുക എന്ന നിലയിലേക്കു സംഘം ഇറങ്ങിവന്നതാണ് ഇന്നത്തെ ദുസ്ഥിതിക്ക് ഒരു പ്രധാന കാരണം.

അല്പം വേദനയുണ്ടെങ്കിലും പറഞ്ഞുകൊള്ളട്ടെ. സംഘത്തെ ഇങ്ങനെ ജീവിപ്പിച്ചിട്ടു കാര്യമില്ല. ഇവിടെ ഒരു ദയാവധമാണ് ആവശ്യം. സംഘത്തിന്റെ കൂറേ ആസ്തി വിറ്റു കടം തീർക്കാം. ബാക്കിയുള്ള ആസ്തി ഈടുവച്ച് പുതിയ സംരംഭം ആരംഭിക്കാം എന്നൊക്കെയുള്ളത് ഭ്രാന്തൻ സ്വപ്നങ്ങളായേ എനിക്കു തോന്നുന്നുള്ളൂ. പ്രതിഭയും ആത്മാർത്ഥതയുമാണ് സംഘത്തിന് ഇന്ന് ആവശ്യമായിരിക്കുന്നത്. ഇതു രണ്ടുമില്ലാത്ത ആരു ശ്രമിച്ചാലും സംഘത്തെ രക്ഷിക്കാനാവില്ല.

സാഹിത്യ പ്രവർത്തക സഹകരണസംഘം അതിന്റെ ചരിത്രപരമായ കടമ നിറവേറ്റി എന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് സംഘത്തെ മരിക്കാൻ അനുവദിക്കുക. മഹത്ത്വമില്ലാത്തവരെ മഹാന്മാരാക്കുന്ന നമ്മുടെ സാംസ്കാരിക നയം മാറ്റേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ കോടികൾ തിന്നുതീർക്കുന്ന മറ്റൊരു പരാഹന ഭുക്കായി ഈ സാംസ്കാരിക കേന്ദ്രം മാറും. അല്പം ആരോഗ്യമുള്ളപ്പോൾ മരിച്ചാൽ അതല്ലേ അന്തസ്സ്?

എസ്. ഗുപ്തൻനായർ

നശിച്ച തറവാടു പോലെ



സാധാരണ അംഗം. ഭരണസമിതി അംഗം. അദ്ധ്യക്ഷൻ എന്നിങ്ങനെ വിവിധ നിലകളിൽ എനിക്ക് എസ്.പി.സി.എസ്സിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടാൻ ഇടവന്നിട്ടുണ്ട്. അന്നു സഹകരണ സംഘമായി പ്രവർത്തിക്കുന്നതിൽ ചില മെച്ചങ്ങളുണ്ടായിരുന്നു. പിന്നീടത് ഗുണത്തെക്കാളേറെ ദോഷമാണു ചെയ്തത്. പലരിൽനിന്നു പിരിച്ചെടുത്ത ചെറിയ സംഖ്യകൾകൊണ്ടു നടത്തിക്കൊണ്ടുപോകാൻ സാദ്ധ്യമല്ലാത്ത സ്ഥിതിയിൽ സംഘം വളർന്നു. ചെലവു വർദ്ധിച്ചു. സർക്കാർ സഹകരണ വകുപ്പിലെ ശമ്പളവും ക്ഷാമബത്തയും ബോണസ്സും ഇൻഷ്വറൻസ്തുകയുമെല്ലാം സംഘം ജീവനക്കാർക്കും കൊടുക്കേണ്ടതായി വന്നു. പുസ്തകം വിറ്റുണ്ടാക്കുന്ന ആദായത്തിൽനിന്ന് ഇത്രയൊക്കെ ധാരാളമായി ചെലവു ചെയ്യാൻ സാദ്ധ്യമല്ലെന്ന് അനുഭവം തെളിയിച്ചു. പക്ഷേ. ഈ ചെലവിൽ ഒട്ടും കുറവു വരുത്താൻ നിയമം സമ്മതിക്കുകയില്ല. എല്ലാ കമ്പനികളും ശമ്പളം നിശ്ചയിക്കുന്നത്. അവയുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ ഇവിടെ സഹകരണസംഘത്തിന്റെ ശമ്പളം നിശ്ചയിക്കുന്നത് സർക്കാരാണ്. ഇതിലെ പൊരുത്തക്കേട് സ്പഷ്ടമാണല്ലോ.

2. മറ്റെല്ലാ പ്രസിദ്ധീകരണശാലക്കാരും ഗ്രന്ഥകാരന്മാർക്ക് പത്തുമുതൽ പതിനഞ്ചുവരെ ശതമാനം പ്രതിഫലം കൊടുക്കുമ്പോൾ എസ്.പി.സി.എസ് ഇരുപത്തഞ്ചും മുപ്പതും ശതമാനം കൊടുത്തുപോന്നു. യാഥാർത്ഥ്യങ്ങളെ അവഗണിക്കുന്നതായിരുന്നു ഈ കൂടിയ റോയൽറ്റി. റോയൽറ്റിയുടെ ഈ ശതമാനം വെട്ടിക്കുറയ്ക്കണമെന്നു പൊതുയോഗത്തിൽവച്ച് ആരെങ്കിലും പറഞ്ഞാൽ അംഗങ്ങൾ ബഹളം കൂട്ടും. ഒടുവിൽ. പറഞ്ഞവൻ നാണംകെടും. കൊടുക്കാൻ പറ്റാത്ത സംഖ്യ കൊടുക്കാമെന്നു വാഗ്ദാനം ചെയ്താൽ കടം പറയുക മാത്രമാണല്ലോ പിന്നത്തെ രക്ഷാമാർഗ്ഗം. എസ്.പി.സി.എസ്സിൽ അതു സംഭവിക്കാൻ തുടങ്ങിയിട്ടു രണ്ടു പതിറ്റാണ്ടെങ്കിലുമായി.

3. ഭരണസമിതി അംഗങ്ങളിൽ ചിലരുടെ താത്പര്യം മാത്രം കണക്കാക്കി പലേടത്തും ശാഖകൾ തുടങ്ങി. പതിവായി നഷ്ടം പറ്റിയിട്ടും അവയിലൊന്നും അടച്ചുപൂട്ടാൻ നിർവാഹമില്ലാത്ത അവസ്ഥ വന്നു.

4. ജീവനക്കാരുടെ എണ്ണം അനാവശ്യമായി വർദ്ധിപ്പിച്ചു. ഒരു ജോലിയുമില്ലാതെ കുത്തിയിരിക്കുന്ന ജീവനക്കാരെ ശാഖകളിൽ കാണാൻ തുടങ്ങിയിട്ടു കാലം കുറേയായി. ഇപ്പോഴത്തെ കഥ പറയാനില്ല. കുരങ്ങു ചത്ത കാക്കാലനെപ്പോലയാണ് അവരുടെ ഇരുപ്പ്.

5. ആരംഭകാലത്ത് അച്ചടിയുടെ മികവിനു പേരെടുത്തിരുന്ന ഇന്ത്യാ പ്രസ്സ് ക്രമേണ വിപരീതദശയിലേക്കു നീങ്ങി. ആധുനിക യന്ത്രങ്ങളുടെയും സജ്ജീകരണങ്ങളുടെയും അഭാവം ആ അച്ചടിശാലയെ വെറുമൊരു മൂന്നാംകിട സ്ഥാപനമാക്കി.

6. അംഗത്വം എന്ന സ്വാധീനശക്തി അവഗണിക്കാനാവാത്തതുകൊണ്ട് അംഗങ്ങളുടെതന്നെ ധാരാളം ചവറുപുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടിവന്നു. അവയെല്ലാം ഗുദാമിന്റെ വിലയേറിയ സ്ഥലം മെനക്കെടുത്തി ഇന്നും അവിടെ പൊടിയടിച്ച് ഇരുപ്പുണ്ട്.

7. എല്ലാറ്റിലും പ്രധാനം ബിസിനസ്സ് മാനേജ്മെന്റിൽ വൈദഗ്ദ്ധ്യമുള്ളവർ അവിടെ ഇല്ലാതായി എന്നതാണ്.

സ്ഥാവരവസ്തുക്കൾ കുറേ വിറ്റു കടം വീട്ടുന്നതിൽ ഒരു തെറ്റുമില്ല. കടം വീട്ടിയാലേ പുതിയ കടമെടുപ്പു സാദ്ധ്യമാകൂ. സർക്കാരും കൈയയച്ചു സഹായിക്കേണ്ടിയിരിക്കുന്നു. കേരളീയരുടെ അഭിമാനമായിരുന്ന ഈ മഹാസ്ഥാപനം നശിക്കുന്നതു കൈയും കെട്ടി നോക്കിയിരിക്കുന്നത് ഒരു ഗവൺമെന്റിനും ഭൂഷണമല്ല. കേരളത്തിലെ സാഹിത്യ അക്കാദമിയെയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുതലായ സാംസ്കാരിക സ്ഥാപനങ്ങളെയും നോക്കിക്കാണുന്ന അതേ കണ്ണുകൊണ്ടുതന്നെ വേണം സർക്കാർ എസ്.പി.സി.എസ്സിനെയും കാണേണ്ടത്. മലയാള സാഹിത്യത്തിനു വിലതിരാത്ത സംഭാവനകൾ നല്കിയതാണ് ആ മഹാസ്ഥാപനം. നശിച്ച തറവാടുപോലെ, നാടകം കഴിഞ്ഞ അരങ്ങുപോലെ ഇങ്ങനെ തുടരാൻ ഒരു കാരണവശാലും ഇടയാവരുത്.

പ്രണയംപൂക്കുന്ന സംഘം

സാഹിത്യപ്രവർത്തക സഹകരണ സംഘമെന്ന സാംസ്കാരിക കേന്ദ്രത്തിന്റെ അകത്തളങ്ങളിൽ ജീർണ്ണതയുടെ പേക്കൂത്തുകൾ ധാരാളമായി അരങ്ങേറുന്നുണ്ട്. സംഘത്തിന് പുറത്ത് അധികമാരും അത് അറിയുന്നില്ലെങ്കിലും ദുർഗന്ധം ചിലപ്പോഴെല്ലാം മുറ്റം കടക്കാറുണ്ട്. സംഘത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനും ഉദ്യോഗസ്ഥയും തമ്മിലുള്ള പ്രണയത്തിന്റെ കഥവായിച്ച് സാഹിത്യകാരന്മാരായ ബോർഡുമെമ്പർമാർ രോമാഞ്ചമണിഞ്ഞിട്ട് അധികകാലമായില്ല. പ്രസ്തുത ഉദ്യോഗസ്ഥൻ ഉദ്യോഗസ്ഥയ്ക്കെഴുതിയ നാലുപേജുള്ള പ്രണയലേഖനത്തിൽ അവർതമ്മിൽ നടന്ന ശാരീരിക വേഴ്ചകളുടെ ഹ്രസ്വമായ വിവരണവും ഇനി നടക്കാനിരിക്കുന്ന വേഴ്ചകളുടെ ദീർഘവിവരണവും ഉണ്ടായിരുന്നു. സാഹിത്യകാരന്മാരുടെ കൈയെഴുത്തുപ്രതിയ്ക്കൊപ്പം കിട്ടിയ പ്രണയലേഖനത്തിന്റെ കോപ്പികളെടുത്ത് അംഗങ്ങൾക്ക് അയച്ചുകൊടുക്കാൻ സംഘത്തിന്റെ പണം തന്നെ വിനിയോഗിച്ചു എന്നത് സംസ്കാരത്തിന്റെയോ സാഹിത്യത്തിന്റെയോ പ്രശ്നമല്ല. സംഘത്തിൽ കുറേ നാളായി നടന്നുകൊണ്ടിരിക്കുന്നതിന്റെ തുടർച്ച മാത്രമാണ്.

ഒളപ്പമണ്ണ



'എസ്.പി.സി.എസ്സിന്റെ ഒരിഞ്ചു സ്ഥലവും വില്ക്കാൻ പാടില്ല. സ്ഥലം വില്ക്കലല്ല പുസ്തകം വില്ക്കലാണ് അതിന്റെ ജോലി. പക്ഷേ. ഇപ്പോൾ സ്ഥലം വിറ്റ് സംഘത്തെ ലികിഡേറ്റ് ചെയ്യാനാണ് ശ്രമം.'

സംഘത്തിന്റെ ആക്ടിംഗ് പ്രസിഡന്റും ദീർഘകാലം വൈസ് പ്രസിഡന്റുമായി പ്രവർത്തിച്ച മഹാകവി ഒളപ്പമണ്ണ പറഞ്ഞു.

'എന്റെ ഏഴെട്ടു പുസ്തകങ്ങൾ എസ്.പി.സി.എസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രതിഫലമായി ഒരുരൂപപോലും ലഭിച്ചിട്ടില്ല. എന്റെ പ്രസിദ്ധ കൃതിയായ നങ്ങേമക്കുട്ടി പാപുസ്തകമായിട്ടുമുണ്ട്. എന്നിട്ടുപോലും എസ്.പി.സി.എസ്സിൽനിന്നു പ്രതിഫലത്തുക ലഭിച്ചിട്ടില്ല. ഇപ്പോൾ ഞാൻ എന്റെ പുസ്തകങ്ങൾ ഡി.സിക്കും മാതൃഭൂമിക്കുമാണ് നല്കുന്നത്. എൻ.ബി.എസ് എന്ന ചിന്ത മനസ്സിൽനിന്നുപോലും പോയി.'

മൂന്നു ടേം സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ ഭാരവാഹിയായിരുന്നിട്ടുള്ള മഹാകവിയുടെ മനസ്സിൽനിന്നുപോലും സാഹിത്യ പ്രവർത്തക സഹകരണ സംഘം മാഞ്ഞുകഴിഞ്ഞിരിക്കുന്നു.

ഒളപ്പമണ്ണ ദീർഘമായി സംസാരിച്ചു. എസ്.പി.സി.എസ്സിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളെപ്പറ്റി: സാഹിത്യകാരന്മാർക്ക് റോയൽറ്റിയും മെംബർമാർക്ക് ഡിവിഡന്റും ജീവനക്കാർക്ക് ബോണസ്സും കൊടുത്തുപോന്ന പഴയകാല പ്രവർത്തനങ്ങളെപ്പറ്റി: അന്നത്തെ സാരഥികളെപ്പറ്റി: അവരുടെ നിസ്വാർത്ഥതയെപ്പറ്റി: ഇപ്പോഴുള്ളവരുടെ നിക്ഷിപ്തതാത്പര്യങ്ങളെപ്പറ്റി. ഏറ്റവുമൊടുവിൽ സംഘത്തെ രക്ഷപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും. എഴുപതിലാണ് ഞാൻ വൈസ് പ്രസിഡന്റാവുന്നത്. അന്ന് എന്റെ പാനലും. എൻ. കൃഷ്ണപിള്ളയുടെ പാനലും തമ്മിലായിരുന്നു മത്സരം. തിരഞ്ഞെടുപ്പിൽ ഇരു പാനലുകാർക്കും ഏഴു വീതം ഡയറക്ടർമാരെ കിട്ടി. ഒടുവിൽ നറുക്കെടുപ്പ് വേണ്ടിവന്നു. കൃഷ്ണപിള്ള പ്രസിഡന്റായി.

പാനലു തിരിഞ്ഞ് തമ്മിൽത്തല്ലു വേണ്ട എന്നായിരുന്നു ജനവിധിയുടെ സാരാംശം. പ്രസിഡന്റായശേഷം കൃഷ്ണപിള്ള സഹകരിക്കണമെന്ന് എന്നോടു പറഞ്ഞു. പാനൽ തിരഞ്ഞെടുപ്പിലേ ഉള്ളൂ എന്നും. തിരഞ്ഞെടുപ്പു കഴിഞ്ഞാൽ ഒറ്റക്കെട്ടാണെന്നും ഞാൻ പറഞ്ഞു. വൈസ് പ്രസിഡന്റായി കൃഷ്ണപിള്ള എന്നെ നിർദ്ദേശിക്കുകയും ചെയ്തു. രാഷ്ട്രീയത്തിന്റെയോ ചേരിപ്പോരിന്റെയോ അടിസ്ഥാനത്തിലായിരുന്നില്ല അന്നത്തെ മത്സരം. ഒരു സംഘം എഴുത്തുകാർ ഒരു പാനലും മറ്റൊരു സംഘം മറ്റൊരു പാനലുമായി മത്സരിച്ചു എന്നു മാത്രം.

അക്കാലത്തും പലവിധ പ്രതിസന്ധികളും ഉണ്ടായിരുന്നു. ഡി.സി. കിഴക്കേമുറിയെ പുറത്താക്കിയതും മറ്റും സംഘത്തെ പ്രതിസന്ധിയിലാക്കി. ഞങ്ങളിൽ ചിലരാണ് ഡി.സിയെ വീണ്ടും സംഘത്തിലേക്കു തിരിച്ചുകൊണ്ടു വന്നതും പിന്നീടു സെക്രട്ടറിയാക്കിയതും.

സമരത്തിന്റെ അന്തരീക്ഷം അന്നും ഉണ്ടായിരുന്നു. പക്ഷേ. എല്ലാം പറഞ്ഞുതീർത്തു. ഒരാളെപ്പോലും പിരിച്ചുവിട്ടിട്ടില്ല. മാത്രമല്ല. പിരിച്ചുവിട്ടവരെ തിരിച്ചെടുക്കുകയും ചെയ്തു. മെംബർമാർക്ക് ഡിവിഡന്റ് കൊടുക്കാൻ പറ്റി. എസ്.കെ. പൊറ്റെക്കാട്ട്. ഇടശ്ശേരി തുടങ്ങിയ വലിയ മനസ്സുള്ള എഴുത്തുകാർ അന്ന് സംഘത്തിന്റെ സാരഥികളായി ഉണ്ടായിരുന്നു.

ഇന്ന് എഴുത്തുകാർക്കു പ്രതിഫലമില്ല. മെംബർമാർക്ക് ഡിവിഡന്റില്ല. ജീവനക്കാർക്ക് ശമ്പളമില്ല. വായനക്കാർക്കാകട്ടെ. എസ്.പി.സി.എസ്സിൽനിന്നു പുസ്തകവുമില്ല. നല്ല നിലയിൽ നടന്ന ഒരു സ്ഥാപനത്തെ ഇങ്ങനെയാക്കിയത് കെടുകാര്യസ്ഥതയും ദുർഭരണവുമാണ്. അഗ്നിബാധയോ അതുപോലുള്ള അത്യാഹിതമോ സംഭവിച്ചാലേ ഇത്രത്തോളം സാമ്പത്തികതകർച്ച ഉണ്ടാവുമായിരുന്നുള്ളൂ. ഈ കെടുകാര്യസ്ഥതയ്ക്കു പിന്നിൽ രാഷ്ട്രീയമുണ്ടോ. അഴിമതിയുണ്ടോ എന്നൊന്നും എനിക്കറിയില്ല.

ഒരിഞ്ചു സ്ഥലവും വില്ക്കരുത്

ഞാനിപ്പോൾ എസ്.പി.സി.എസ്സിലെ ഒരു സാധാരണ മെംബറാണ്. സ്ഥലം വിൽക്കാൻ പോവുന്നു എന്നു പറഞ്ഞ് അഭിപ്രായം ചോദിച്ചുകൊണ്ട് സെക്രട്ടറിയും അഡ്മിനിസ്ട്രേറ്ററും ചേർന്ന് അയച്ച കത്ത് എനിക്കും കിട്ടി. ഞാൻ മറുപടി അയയ്ക്കുന്നില്ല. ഒരിഞ്ചു സ്ഥലവും വില്ക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം.

എന്റെ പ്രസിദ്ധമായ നങ്ങേമക്കുട്ടി അഞ്ചോ, ആറോ എഡിഷൻ ഇറക്കി. ഒരു പ്രതിഫലവും കിട്ടിയില്ല. അഞ്ചാറു പുസ്തകങ്ങൾ ഇതല്ലാതെയും പ്രസിദ്ധികരിച്ചു. അവയ്ക്കും പ്രതിഫലം കിട്ടിയില്ല. മറ്റുള്ളവർക്കു പ്രതിഫലം നല്കുന്നുണ്ടോ എന്ന് എനിക്കറിയില്ല.

പാപുസ്തകമായി തിരഞ്ഞെടുക്കപ്പെടുന്ന പുസ്തകങ്ങൾപോലും വിദ്യാലയവർഷത്തിന്റെ ആരംഭത്തിൽ വില്പനയ്ക്കെത്തിക്കാൻ സംഘത്തിനു കഴിയാതെ വന്നിരിക്കുന്നു. ഒടുവിൽ ആവശ്യം കഴിയുമ്പോഴാവും ആയിരക്കണക്കിനു കോപ്പി ഒന്നിച്ച് അച്ചടിക്കുക. അവയാകട്ടെ. കൂട്ടത്തോടെ ബാക്കിയാവുകയും ചെയ്യും.

എല്ലാ കാര്യത്തിലും നിഷ്കർഷയില്ലായ്മ വളർന്നു. "ദുഃഖമാവുക സുഖം" എന്ന എന്റെ ഒരു കവിതയിൽ നറുംപാൽ എന്ന ഒരു വാക്കുണ്ട്. ആദ്യപതിപ്പിൽ നാറുംപാൽ എന്നാണ് അച്ചടിച്ചു വന്നത്. പബ്ലിക്കേഷൻ മാനേജർക്ക് എഴുതിയപ്പോൾ രണ്ടാം പതിപ്പിൽ തിരുത്താമെന്നാണ് പറഞ്ഞത്. രണ്ടാം പതിപ്പിലും നാറുംപാൽതന്നെ. വൃത്തഭംഗമില്ലെങ്കിലും അർത്ഥം മാറിയല്ലോ.

ഇപ്പോൾ മാതൃഭൂമിക്കാണ് ചില കവിതകൾ ഞാൻ നല്കിയത്. ഓരോ ഫോറം അച്ചടിച്ചു കഴിയുമ്പോഴും അവർ അത് എനിക്കു നേരിട്ട് എത്തിച്ച് പ്രൂഫ് നോക്കാൻ അവസരം തരും. എന്നിട്ടേ അച്ചടി പൂർത്തിയാക്കൂ.

സഹകരണസ്ഥാപനമായതിന്റെ കുഴപ്പങ്ങളിൽ ഒന്നാണ് എസ്.പി.സി.എസ്സിന്റെ തകർച്ചയ്ക്കു കാരണം. വോട്ടു പിടിക്കാനും ലോബിയിംഗ് നടത്താനും സാമർത്ഥ്യമുള്ളവർ ജയിച്ചുവരും. അവർ നല്ല സാഹിത്യകാരന്മാരോ. നല്ല ഭരണാധികാരികളോ ആവണമെന്നില്ല.

ഇപ്പോൾ കുറച്ചു സ്ഥലം വിറ്റാൽ ലക്ഷങ്ങൾ ലഭിക്കും. തൽക്കാലം രക്ഷപ്പെടാം. അടുത്ത കടക്കെണി വരുമ്പോൾ വീണ്ടും സ്ഥലം വില്ക്കാം. ഇരിക്കുന്ന

(ശേഷം 51-ാം പേജിൽ)

രഹസ്യ അറകൾ തുറക്കുന്നു

കള്ളിക്കാട് രാമചന്ദ്രൻ

നിലവറകളിൽ ഭൂതത്താൻമാരെ നിയോഗിച്ച് നിധി സൂക്ഷിക്കുന്ന സ്വിസ് ബാങ്കുകൾ ഒടുവിലിതാ ചരിത്രത്തിന്റെ ചവറ്റുകുട്ടയിലേക്ക്. കുപ്രസിദ്ധമായ ചില നാസി ഭീകരപ്രവർത്തനങ്ങൾക്ക് കൊണ്ടുനിറഞ്ഞ ചില നാശവഴിപ്പുസ്തകങ്ങൾ തുറന്നുവയ്ക്കാൻ സന്മനസ്സു കാട്ടിയിരിക്കുന്നു. ഇതിന് നന്ദി ആരോട് നാം ചൊല്ലേണ്ടുവെന്ന് ചിന്തിക്കുമ്പോഴാകട്ടെ മനസ്സിൽ വാഴ്ത്തപ്പെട്ടവരായി പ്രത്യക്ഷപ്പെടുന്നത് യഹൂദനെന്നു കേൾക്കുന്ന മാത്രയിൽ ഞരമ്പുകളിൽ ചോര തിളപ്പിക്കുന്ന യഹൂദ സംഘടനകളാണ്. ത്രാസിന്റെ തട്ടിൽ മാംസം അറുത്തെടുത്തു വയ്ക്കാൻ ആവശ്യപ്പെടുന്ന തരത്തിലുള്ള പലിശാഭ്രമം കൊണ്ടാണല്ലോ ഇവർ പൊതു ശത്രുസ്ഥാനത്ത് നിർത്തപ്പെട്ടത്. അതിന് പ്രതികാരമെന്നോണം ചരിത്രം അവരിൽനിന്നും ആവശ്യത്തിലേറെ ചോരവസൂലാക്കിയെന്നത് വിധിവിലാസമെന്നുവേണം കരുതാൻ. യഹൂദന്മാരെ വേരോടെ പിഴുതെടുത്ത് ഫർണസുകളിലിട്ട് ചുട്ടു ഭസ്മമാക്കാനും ആ ഭസ്മം ഡാന്യൂബ് നദിയിലൊഴുക്കാനും ചരിത്രത്തോട് ആജ്ഞാപിച്ച ഹിറ്റ്ലറെ ദൈവം ശിക്ഷിച്ചത് മറ്റൊരു വാസ്തവം. യൂറോപ്പിൽ നാസിസത്തിന്റെ പ്ലേഗ് പടരുന്നതുകണ്ട് പരിഭ്രാന്തരായ യഹൂദന്മാർ ജീവനെക്കാളേറെ സ്നേഹിച്ചിരുന്ന സമ്പാദ്യങ്ങൾ രഹസ്യമായി സ്വിസ് ബാങ്കുകളുടെ നിലവറകളിലെത്തിച്ചു. സ്വിസ് ബാങ്കുകളിൽ തങ്ങളുടെ സമ്പാദ്യം സൂക്ഷിക്കാൻ കൊടുത്ത് രസീതും പാസ് ബുക്കും വാങ്ങി കീശയിൽ സൂക്ഷിച്ചിരുന്നവരിലേറെയും ഹിറ്റ്ലറുടെ ഗ്യാസ് ചേംബറുകളിലേക്ക് ആനയിക്കപ്പെടുകയും കറുത്ത ധൂമമായി ഉയർന്ന് മേഘങ്ങളിൽ ചെന്നു പടരുകയും ചെയ്തു. മേഘങ്ങൾ അവരുടെ നിലവിളികൾ അടക്കിപ്പിടിച്ചു. കാറ്റിനും മേഘങ്ങൾക്കുമെല്ലാം ഹിറ്റ്ലറെ ഭയമായിരുന്നുവല്ലോ. തടങ്കൽപ്പാളയങ്ങളിൽ നിന്ന് ഗ്യാസ് ചേംബറിലേക്കുള്ള യാത്രയ്ക്കിടയിൽ ഒരവശത്തുനിന്ന് റഷ്യൻ സൈന്യവും മറുവശത്തുനിന്ന് സഖ്യകക്ഷി സൈന്യവും ഇരച്ചുകയറി വന്നപ്പോൾ അസ്ഥിരൂപത്തിൽ രക്ഷപ്പെട്ടവരിൽ ചിലരാണ് സ്വിസ് ബാങ്കുകളുടെ രഹസ്യ അറയിൽ നിക്ഷേപിക്കപ്പെട്ട സമ്പാദ്യങ്ങളെക്കുറിച്ച് തളർന്ന ശബ്ദത്തിൽ മൊഴിഞ്ഞത്. തളർന്ന ആ മൊഴികളല്ലാതെ അവരുടെ പക്കൽ മറ്റൊരു തെളിവുമുണ്ടായിരുന്നില്ല. ക ടലാസ് രൂപത്തിലുള്ള തെളിവുകൾ മറിച്ചുനോക്കുന്നതുപോലും പാപകർമ്മമായി കരുതിയിരുന്നു. ബാങ്കുകൾക്ക് നിക്ഷേപകരേയും ഇടപാടുകാരേയും രഹസ്യമായി സൂക്ഷിക്കാനുള്ള സ്വാതന്ത്ര്യം സ്വിസ് ബാങ്കിങ് നിയമങ്ങൾ അനുവദിച്ചുകൊടുത്തു. നട്ടെല്ലില്ലാത്ത ബാങ്കിങ് നിയമങ്ങൾ ഒരു സാമ്പത്തിക അടവായിരുന്നു. വിവിധ ദേശങ്ങളിൽനിന്നുള്ള രഹസ്യ സമ്പാദ്യങ്ങൾ രഹസ്യ വഴികളിലൂടെ സ്വിസ് ബാങ്കുകളുടെ സ്ട്രോങ് റൂമുകളിലെത്തി. ആയുധക്കച്ചവടക്കാരും മയക്കുമരുന്നു കച്ചവടക്കാരും വാടകക്കൊലയാളികളും ഭീകര സംഘടനകളും കോഴക്കാരായ ഭരണാധിപന്മാരും കംപ്യൂട്ടർക്കുമാത്രം എണ്ണി തിട്ടപ്പെടുത്താവുന്ന വിധമുള്ള ഭാരിച്ച തുകകളാണ് രഹസ്യനിക്ഷേപമായി സ്വിസ് ബാങ്കുകളെ ഏല്പിച്ചിരിക്കുന്നത്. ഫിലിപ്പൈൻസിലെ പ്രസിഡന്റായിരുന്ന ഫെർഡിനന്റ് മാർക്കോസ് അവിടത്തെ ഖജനാവുകളിൽനിന്നു കൊള്ളയടിച്ചുകൊണ്ടുവന്ന് സ്വിസ് ബാങ്കുകളെ ഏല്പിച്ച ബില്യണുകളും മറികടന്നു പോകുന്ന തുകയുടെ തുമ്പു കണ്ടെത്താൻ പിന്നീടുവന്ന ഫിലിപ്പൈൻസ് ഭരണകൂടങ്ങൾ നിയോഗിച്ച രഹസ്യ ഏജൻസികൾക്ക് കഴിഞ്ഞില്ല. കോഡുവാക്കുകളാക്കി സ്വരൂപിച്ചുവച്ചിരിക്കുന്ന നിക്ഷേപങ്ങളും നിക്ഷേപകരുടെ നാമങ്ങളും സത്യത്തിനു മുമ്പിലെ പ്രഹേളികകളാണ്.

സ്വിസ് ബാങ്കുകൾ സൂക്ഷിക്കുന്ന ജൂത പുരാവൃത്തത്തിലേക്കു വരാം. യഹൂദന്മാരുടെ വാഗ്ദത്ത രാജ്യം ഇസ്രായേലായി രൂപമെടുത്തതിനുശേഷം നാസി യുദ്ധക്കുറ്റവാളികളെ തേടിയുള്ള രഹസ്യ വേട്ടയ്ക്കൊപ്പംതന്നെ സ്വിസ് ബാങ്കുകളുടെ അറകൾക്കുള്ളിൽ സുക്ഷുപ്താവസ്ഥയിൽ കിടക്കുന്ന 'ദുരന്ത സമ്പാദ്യ (HOLOCAUST CASH) ത്തെക്കുറിച്ചുള്ള അന്വേഷണവും നടക്കുന്നുണ്ടായിരുന്നു. കൊല്ലപ്പെട്ടവർ ഏല്പിച്ചുപോയതൊന്നും തങ്ങളുടെ രഹസ്യങ്ങളില്ലെന്ന് ആദ്യം പറഞ്ഞ ബാങ്ക് ഉടമകൾ ജൂത സംഘടനകൾ നിരന്തരം നടത്തിയ സമ്മർദ്ദത്തിനു വഴങ്ങി കഴിഞ്ഞ വർഷം ഒന്നു പരതിനോക്കി. ആ പരതലിൽ മുപ്പത്തിരണ്ടു ദശലക്ഷം ഡോളറിന്റെ നിക്ഷേപം തങ്ങളുടെ പഴക്കം ചെന്ന നാൾവഴികളിൽനിന്ന് കണ്ടെത്തിയെന്ന് അവർ സമ്മതിച്ചു. ബാങ്കുകൾ വെളിപ്പെടുത്തിയ തുക സത്യത്തിൽ നിന്ന് നൂറു യോജന അകലെ നിൽക്കുന്നുവെന്നതായിരുന്നു വാസ്തവം. മരിച്ചവർ നിക്ഷേപം ചോദിക്കാൻ തിരിച്ചുവരികയില്ലെന്ന കാര്യം 'സത്യസന്ധരായ' ബാങ്കുകാർക്ക് അറിയാമല്ലോ. ജൂതസംഘടനകളുടെ ഏകദേശ കണക്കനുസരിച്ച് സ്വിസ് ബാങ്കുകൾ പതുക്കിവച്ചിരിക്കുന്ന 'ഹോളോകാസ്റ്റ് ക്യാഷ്' അനേകം ബില്യണുകൾ വരുമെന്നാണ്.

ജൂതന്മാർ വിറ്റുപെറുക്കിക്കൊണ്ടു വന്ന സമ്പാദ്യം സ്വീകരിച്ച അതേ കൈകൾ തന്നെ ജൂതന്മാരിൽനിന്ന് നാസികൾ കൊള്ളയടിച്ചുകൊണ്ടുവന്ന വിലപിടിപ്പുള്ള ദ്രവ്യങ്ങളും സ്വീകരിക്കുന്നുണ്ടായിരുന്നു. മുപ്പതുകളിൽ തങ്ങളുടെ പണം വിദേശത്തു നിക്ഷേപിക്കുന്നതിന് ജർമ്മനിയിലെ ജൂതന്മാർക്ക് വിലക്കുണ്ടായപ്പോൾ പലരും ജൂത ഇതരരായ ജർമ്മൻ സ്നേഹിതന്മാരെ സമ്പാദ്യമേല്പിക്കുകയുണ്ടായി. ജർമ്മൻകാർ അത് അവരുടെ സ്വന്തം പേരിൽ സ്വിസ് ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്തു. ബില്യൺ കണക്കിന് ഡോളറാണ് ആ വഴിക്ക് ബാങ്കുകളിൽ ചെന്നടിഞ്ഞത്. ജർമ്മനിയുടെ പരാജയത്തോടെ എലികളെപ്പോലെ പുറത്തേക്കുപാഞ്ഞ നാസി യുദ്ധക്കുറ്റവാളികൾക്ക് ഒളിച്ചോട്ടത്തിനുള്ള ധനം സ്വിസ് ബാങ്കുകളിൽ നിന്നു ലഭിക്കുകയും ചെയ്തു. നിഷ്പക്ഷ രാജ്യമായ സ്വിറ്റ്സർലണ്ടിലൂടെയുള്ള ഒളിച്ചുപോകലിന് വലിയ തടസ്സങ്ങളുമുണ്ടായില്ല. ഏകാധിപതികൾ ഭരിച്ചിരുന്ന ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ ചെന്ന് പ്രവാസികളായി രഹസ്യജീവിതം നയിച്ച കുറ്റവാളികളിൽ പലർക്കും സ്വിസ് ബാങ്ക് നിക്ഷേപങ്ങളിൽനിന്ന് പണം ഒഴുകിച്ചെല്ലുന്നുണ്ടായിരുന്നു.

ഹോളോകാസ്റ്റ് ക്യാഷിന്റെ സത്യസ്ഥിതി വെളിപ്പെടുത്തണമെന്ന ആവശ്യത്തിന് അരനൂറ്റാണ്ടിന്റെ പഴക്കമുണ്ട്. നാസികൾ ഡെപ്പോസിറ്റ് ചെയ്ത 250 മില്യൺ ഡോളർ വിലപിടിപ്പുള്ള സ്വർണ്ണം ജേതാക്കളായ സഖ്യകക്ഷികൾക്ക് വിട്ടുകൊടുക്കാമെന്ന്1945 ഒടുവിൽ സ്വിസ് ബാങ്കുകൾ സമ്മതിച്ചിരുന്നു. ഈ സ്വർണ്ണക്കൂമ്പാരത്തിൽ നല്ലൊരു പങ്ക് നാസികൾ ജൂതന്മാരിൽനിന്ന് കവർന്നെടുത്തതായിരുന്നു. ജൂത സംഘടനകളുടെ നിർബന്ധത്തിനു വഴങ്ങി ആയിരത്തിതൊള്ളായിരത്തി അറുപതുകളുടെ തുടക്കത്തിൽ ബാങ്കറകളിൽ ഒരു പരതൽ നടത്തുകയുണ്ടായി. വെറും പത്തുദശലക്ഷം സ്വിസ് ഫ്രാങ്കിൽ ഒതുങ്ങുന്ന തുക മാത്രമേ അന്നു കൈയിൽ തടഞ്ഞുള്ളുവത്രെ. അതു ജൂതന്മാർ നടത്തുന്ന കാരുണ്യസംഘടനകൾക്ക് കൈമാറുകയുണ്ടായി.

അമേരിക്കൻ രഹസ്യാന്വേഷണ ഏജൻസി ഈയിടെ പഴയ കാലത്തിൽനിന്നും കണ്ടെടുത്ത രേഖകളാണ് വീണ്ടും സംഗതി ചൂടുപിടിപ്പിച്ചത്. യുദ്ധത്തിന്റെ മണം മേഘങ്ങൾ വർഷിക്കാൻ തുടങ്ങുന്നതിനു മുമ്പ് തങ്ങളുടെ സമ്പാദ്യങ്ങൾ സുരക്ഷിത സ്ഥാനങ്ങളിലെത്തിക്കാൻ ജൂതന്മാർ വെമ്പൽകൊണ്ടു. സുരക്ഷിത സ്ഥാനങ്ങൾ അവർ കണ്ടത് നിഷ്പക്ഷതയുടെ തണുപ്പിൽ ഒതുങ്ങിക്കൂടി നിന്നിരുന്ന സ്വിറ്റ്സർലണ്ടിലെ ബാങ്കുകളിലായിരുന്നു. അമ്പരപ്പിക്കുന്ന തരത്തിലുള്ള തുകയായിരുന്നു ജൂതന്മാർ സ്വിസ് ബാങ്കുകളുടെ വിശ്വാസ്യതയിൽ കൊണ്ടുചെന്നു നിക്ഷേപിച്ചതെന്ന് അമേരിക്കൻ രഹസ്യാന്വേഷണ ഏജൻസി തപ്പിയെടുത്ത രേഖകൾ വെളിപ്പെടുത്തുന്നു. ഈ വെളിപ്പെടുത്തലുകൾ ജൂത സംഘടനകളുടെ സമ്മർദ്ദത്തിന് തീവ്രത നൽകി. ക്ളിന്റൻ ഭരണകൂടം സ്വിസ് ബാങ്കുകളുടെ നെഞ്ചിൽ ചോരയില്ലാത്ത നിലപാടിനെ ചോദ്യം ചെയ്തു. ഇക്കഴിഞ്ഞ ഏപ്രിലിൽ യോഗം ചേർന്ന അമേരിക്കൻ സെനറ്റിന്റെ ബാങ്കിങ് കമ്മിറ്റിയുടെ താക്കീതിൽ അഗ്നിസ്പർശമുണ്ടായിരുന്നു-'അറുപതുലക്ഷം മനുഷ്യജീവികളുടെ മരണം പേരറിയാത്ത ചിലർക്ക് മുതൽകൂട്ടിക്കൊടുക്കുന്ന പരിപാടി വെറുതെ നോക്കിനിൽക്കാനാവില്ല."

അമേരിക്കൻ വിരട്ടൽ അടുത്ത പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ അമേരിക്കയിലെ ജൂതവംശജരുടെ വോട്ടടിക്കാനുള്ള ഒരു തന്ത്രമാണെന്നു പറഞ്ഞ് കുറ്റപ്പെടുത്തലുകളിൽനിന്ന് ഒഴിഞ്ഞുമാറാനുള്ള ബാങ്കുകളുടെ ശ്രമം വിജയിച്ചില്ല. അമേരിക്കൻ പിന്തുണയുടെ ഇന്ധനം പകർന്നുകിട്ടിയതോടെ ജൂതസംഘടനകളുടെ പ്രതിഷേധത്തീ കത്തിയാളി. ഒടുവിൽ സ്വിസ് ബാങ്കുകൾ ചരിത്രത്തിന്റെ ആവശ്യത്തിന് വഴങ്ങിക്കൊടുക്കുകതന്നെ ചെയ്തു. വിവിധ ജൂതസംഘടനകളുടെ നേതാക്കന്മാരുമായി മേയ്മാസം രണ്ടാം തീയതി ഒരു ഉടമ്പടി ഒപ്പുവച്ചു. ഉടമ്പടി പ്രകാരം ഒരു സ്വതന്ത്ര സംയുക്ത കമ്മീഷൻ ആരോപണങ്ങളുടെ നിജസ്ഥിതി അന്വേഷിക്കും. ചെയർമാനെ നിയമിച്ചുകഴിയുന്നതോടെ ആറംഗ കമ്മീഷൻ അഞ്ഞൂറോളം സ്വിസ് ബാങ്കുകളിൽ അരനൂറ്റാണ്ടുകാലത്തിന്റെ പൊടിപിടിച്ചു കിടക്കുന്ന ഇടപാടു രേഖകൾ തപ്പിപ്പിടിക്കാൻ തുടങ്ങും. രേഖകളിൽ അധികവും അഗ്നിനാവുകൾക്ക് എറിഞ്ഞുകൊടുത്തിരിക്കുമെന്നുള്ളത് തീർച്ച. എങ്കിലും ഒരു അന്വേഷണത്തിന്റെ മുമ്പിലും തങ്ങളുടെ നാൾവഴിപ്പുസ്തകങ്ങളും അറകളും തുറക്കപ്പെടുകയില്ലെന്ന ഖ്യാതിയിൽ വളർന്നുപന്തലിച്ച സ്വിസ് ബാങ്കുകൾക്ക് ഭയത്തിന്റെ അർത്ഥം മനസ്സിലായിത്തുടങ്ങിയിരിക്കുന്നു.

രണ്ടു മഹായുദ്ധങ്ങൾ ദുരന്തങ്ങളുടെ പ്രളയം സൃഷ്ടിച്ചപ്പോഴും ശീതയുദ്ധത്തിന്റെ പിരിമുറുക്കം അങ്കലാപ്പ് ഉയർത്തിയപ്പോഴും നിഷ്പക്ഷതയുടെ സുരക്ഷിത സ്ഥാനം നേടിയ സ്വിറ്റ്സർലണ്ടിനോട് അമേരിക്കയ്ക്കും പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങൾക്കുമുള്ള വിദ്വേഷത്തിന് കുറവൊന്നുമില്ല. പിന്നെ സ്വിറ്റ്സർലണ്ട് ബാങ്കിങ് വ്യവസായത്തിലൂടെ നേടിയെടുത്ത സമൃദ്ധിയോടുള്ള അസൂയയും. അതുകൊണ്ട് സ്വിറ്റ്സർലണ്ടിന്റെ തൂവെള്ള മുഖത്ത് ചെളി വീഴുന്നത് അവരെ കുറച്ചൊന്നുമല്ല സന്തോഷിപ്പിക്കുന്നത്. 'ബാലി' എന്ന സ്വിറ്റ്സ് ഷൂ കമ്പനി യുദ്ധത്തിനു തൊട്ടുമുമ്പ് ഒട്ടനവധി ജർമ്മൻ തുകൽ കച്ചവടസ്ഥാപനങ്ങൾ വാങ്ങിയ ഇടപാടിൽ ചോരക്കറയുണ്ടായിരുന്നുവെന്ന ആരോപണമാണ് ഇപ്പോൾ സ്വിറ്റ് സർലണ്ടിനെ വിഷമിപ്പിക്കുന്നത്. ജർമ്മനിയിൽ അവർ വാങ്ങിയ കടകളെല്ലാം ജർമ്മൻകാർ ജൂതവ്യാപാരികളിൽനിന്ന് തട്ടിയെടുത്തതാണത്രേ. പടിഞ്ഞാറൻ കാറ്റിൽ വീശിവരുന്ന വിശേഷങ്ങൾ സ്വിറ്റ്സ് ഭരണാധികാരികൾ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. ലോകത്തിനു മുമ്പിൽ വേലികെട്ടി ആ വേലിക്കുള്ളിൽ ഇനിയും ഒതുങ്ങിനിന്നാൽ ചരിത്രനിന്ദയുണ്ടാകുമെന്ന് അവർ അറിഞ്ഞിരിക്കുന്നു. ലോകമഹായുദ്ധകാലത്ത് അഭയാർത്ഥികളെ വേലി കടത്താതെ ആട്ടിയോടിച്ചിരുന്ന സ്വിറ്റ് സർലണ്ട് സമീപ വർഷങ്ങളിൽ നാലുലക്ഷത്തോളം യൂഗോസ്ളാവ്യൻ അഭയാർത്ഥികളെ സ്വീകരിച്ചത് അതിനു തെളിവാണ്. ബോസ്നിയയിൽ സമാധാനം കാക്കാൻ പോയ നാറ്റോ സൈന്യത്തിനെ സ്വിറ്റ്സർലണ്ടിലൂടെ കടന്നുപോകാൻ അനുവദിച്ചതും വേലിക്കെട്ടുകൾ പൊളിക്കുന്നതിന്റെ ലക്ഷണം തന്നെ.



സ്വിറ്റ്സർലന്റിലെ ബാങ്കിംഗ് കേന്ദ്രമായ സൂറിക്ക്

104 രൂപ ലാഭിക്കൂ

കലാകൗമുദി

ഇക്കൊല്ലം 289 രൂപയ്ക്കു ലഭിക്കും

കലാകൗമുദി സ്പെഷ്യൽ ഓഫർ സ്കീം പ്രകാരം വരിക്കാരായാൽ കലാകൗമുദി വാരിക യ്ക്ക് ഈ വരുന്ന ഒരു വർഷത്തേക്ക് 289 രൂപ അടച്ചാൽ മതി. 1996 സെപ്തംബർ ആദ്യവാരം മുതൽ ഒരു കൊല്ലക്കാലം കലാകൗമുദി വാരിക വരിക്കാർക്ക് എത്തിച്ചുകൊണ്ടിരിക്കും. വിലയിൽ ഇക്കാലത്ത് ഉണ്ടാകുന്ന വർദ്ധനവ് ഈ സ്കീമിൽ ചേരുന്നവർക്ക് ബാധകമല്ല. വിശേഷാൽ പ്രതി കളും പോസ്റ്റേജിനത്തിൽ വരുന്ന ചെലവും സൗജന്യമായിരിക്കും. 1996 ആഗസ്റ്റ് 15-ാം തീയതി വരെ ലഭിക്കുന്ന കൂപ്പണുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. മലയാളത്തിലെ മികച്ച പ്രസിദ്ധീകര ണത്തിന്റെ ഒരു വർഷത്തെ ലക്കങ്ങൾ സ്വന്തമാക്കാനുള്ള ഏറ്റവും ലാഭകരമായ ഈ പദ്ധതി പ്ര യോജനപ്പെടുത്തുക.. ഇന്ത്യയ്ക്കു പുറത്തുള്ളവർക്ക് ഈ പദ്ധതി ബാധകമല്ല. എങ്കിലും നാട്ടി ലുള്ള ബന്ധുക്കൾക്കോ, സുഹൃത്തുക്കൾക്കോ വേണ്ടി വിദേശ മലയാളികൾക്ക് ഈ പദ്ധതി യിൽ ചേരാവുന്നതാണ്. ഇതോടൊപ്പമുള്ള കൂപ്പൺ പൂരിപ്പിച്ച് 'മാനേജർ, കലാകൗമുദി'ക്ക് 289 രൂപയുടെ ക്രോസ് ചെയ്ത ഡ്രാഫ്റ്റോ, ചെക്കോ, മണി ഓർഡറോ അയയ്ക്കുക. 104 രൂപ ലാഭി ക്കുക. ചെക്കുകൾക്ക് 20 രൂപ ബാങ്ക് ചാർജ് കൂടി ചേർത്ത് 309 രൂപ അയയ്ക്കുക.

ഒരു നിശ്ചിത എണ്ണം വരിക്കാർക്കായി ഈ സ്കീം പരിമിതപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ആഗസ്റ്റ് 15 വരെ കാത്തിരിക്കാതെ എത്രയുംപെട്ടെന്ന് സ്കീമിൽ അംഗമാകുക.

ജനറൽ മാനേജർ
കലാകൗമുദി പബ്ലിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്
കൗമുദി ബിൽഡിംഗ്സ്, പേട്ട, തിരുവനന്തപുരം - 24

ഡ്രാഫ്റ്റ്/ചെക്ക് നമ്പർ ..... തീയതി .....

ബാങ്കിന്റെ പേര് ..... ശാഖ .....

പേര്: ശ്രീ/ശ്രീമതി ..... ഒപ്പ് .....

പ്രസിദ്ധീകരണം കിട്ടേണ്ട വിലാസം .....

.....

.....

ഉണ്ണിബാലകൃഷ്ണൻ

മുള്ളാത്തയുടെ രുചിഭേദം

സിമാഓ ബക്കാമാർത്തെ എന്നൊരാൾ ഈ കഥയിൽ ഇടപെടാൻ സാദ്ധ്യതയുണ്ട്. മരിയാ മച്ചാഡോ അസീസ്സ് എന്ന ബ്രസീലിയൻ കഥാകൃത്തിന്റെ 'ദ സൈക്കാർട്ടിസ്റ്റ്' എന്ന കഥയിലെ കഥാപുരുഷനാണ് ഇയാൾ. ഇതാഗ്വായിൽ ആദ്യമായി ഒരു മാഡ്ഹൗസ് ഉണ്ടാക്കിയത് ബക്കാമാർത്തെയാണ്. ഇതാഗ്വായിലെ മുഴുവൻ ജനതയും ഭ്രാന്തുള്ളവരാണെന്ന് കണ്ടെത്തുകയും ഒടുവിൽ തനിക്കുതന്നെയായിരുന്നു ഭ്രാന്ത് എന്ന് തിരിച്ചറിയുകയും ചെയ്ത ഈ മനഃശാസ്ത്രജ്ഞൻ മാഡ് ഹൗസിൽ സ്വയം തടവുപാർത്തത് ഒരു നൂറ്റാണ്ടു മുമ്പാണ്. ഇപ്പോൾ ഇദ്ദേഹം കോട്ടയത്തും പരിസരപ്രദേശങ്ങളിലും കറങ്ങിനടക്കുന്നു എന്നൊരു വാർത്തയുണ്ട്.

കഥാരംഭം

കാരേറ്റുകുഴിയിൽ കൗപീനധാരികളായി അടിയാളർ പണിയെടുക്കുന്ന അറുന്നൂറേക്കർ കാപ്പിത്തോട്ടവും ടാപ്പിങ്ങിലും കൃഷിനടത്തിപ്പിലും അത്രയൊന്നും ശ്രദ്ധിക്കാൻ സമയമില്ലാത്തതിനാൽ പാട്ടത്തിനു കൊടുത്തിരിക്കുന്ന ഇരുന്നൂറേക്കർ റബ്ബറും കൊച്ചിയിൽനിന്നും പണ്ട് പത്തേമാരിവഴിയും ഇപ്പോൾ കാർഗൊ വഴിയും കയറ്റി അയയ്ക്കാൻ മലഞ്ചെരുവിൽ വെറുതേ നട്ടുവളർത്തിയ കുരുമുളകും ഏലവും കൂടി കൂടിയാൻമാരെ അടിച്ചുപുറത്താക്കിയാൽ ഒരു മുന്നൂറേക്കറും ഇടുക്കി-പാലാ റേഞ്ചിലെ ചാരായം വാറ്റിന്റെ സർക്കാരുടമ്പടിയും ലേശം കേരളാ കോൺഗ്രസ്സ് മാഹാത്മ്യവുമുള്ള മത്തായി ലൂക്കോസ് വേലങ്ങാടന്റെ അമ്മമകളും അലയാഴിയിലേക്കു കുതിക്കുന്ന കനകകല്ലോലിനിയെപ്പോലെ മുഗ്ദ്ധവതിയും ഓമനക്കൈയിൽ ഒലീവിലക്കൊമ്പുമായ് ഓശാനപ്പെരുന്നാളുവന്നു എന്ന പാട്ടുമാത്രം തിരുസഭയിൽ വിശ്വസ്തയായി മുളിപ്പാടാൻ തിരഞ്ഞെടുത്തവളും ആരെങ്കിലും ഞാൻ നിന്നെ പ്രേമിക്കുന്നു മാൻകിടാവേ എന്ന പാട്ടോ അതിനു പാകത്തിലുള്ള ഭാവമോ കാണിച്ചാൽ തന്റെ കടക്കണ്ണുകളിൽ പോലും അവർക്കിടം നൽകാത്തവളും സിൽക്കുസാരിയിൽ തന്റെ സിൽക്കു മേനി നന്നായി പൊതിഞ്ഞു സൂക്ഷിക്കുന്നവളും വാളയാർ-വണ്ടിപ്പെരിയാർ വഴി വടക്കോട്ടേക്കോ തെക്കോട്ടേക്കോ പോകുന്ന ഒരു പാസഞ്ചർ വണ്ടിയിൽ ചൂരം കടന്ന് തനിക്കൊരു കാമുകൻ വരുമെന്ന സ്വപ്നം നാളിതുവരെ കാണാത്തവളും പ്രണയാവശ്യത്തിനായി ഒരു ലക്കോട്ടുപോലും ചെലവാക്കിയിട്ടില്ലാത്തവളുമായ വിശുദ്ധ മേരി മത്തായി ലൂക്കോസ് വേലങ്ങാടൻ... എന്റെപ്രിയപ്പെട്ടവളേ... പ്രണയപരവശേ ശുഭേ... എന്നൊന്നും മൊഴിയാതെ പവിത്രവതിയും പവിഴാധരങ്ങളുള്ളവളുമായ കത്രീന എന്ന കൂട്ടുകാരി അപ്പോൾ വായിച്ചുതീർത്ത സൂപ്പർ സ്റ്റാർ മോഹൻലാലിന്റെ ഒരു സിനിമാ നോട്ടീസിലെ കഥാസാരം മനസ്സിൽ മണിപ്രവാളംപോലെ പന്താടി വരുമല്ലോ രാവിൽ പ്രിയതമൻ എന്ന ചേലിൽ ആരംഭിച്ചു.

"നീ ബാങ്കുടെസ്റ്റെഴുതിയതും നിനക്കതു കിട്ടിയതും വസ്തിപ്പിണ്ണാണങ്ങളിൽ ആനമാർക്കു കാപ്പിയും പപ്പടബോളിയും വിൽക്കുന്ന കടകളുള്ള കോട്ടയം നഗരത്തിൽ. കണ്ണിൽ പെണ്ണുപെട്ടാൽ വിസിലൂതി ലൈലൻഡ് വണ്ടിനിർത്തുന്ന കിളികളുള്ള കോട്ടയം നഗരത്തിൽ ഒരു ബാങ്കുദ്യോഗസ്ഥനായി നേരം പോക്കുന്നതും നല്ലതുതന്നെയെങ്കിലും മേരീ.... വിശുദ്ധ മേരീ.... മത്തായി ലൂക്കോസ് വേലങ്ങാടന്റെ മകളായി മന്നിലവതരിച്ച നിനക്കതിന്റെ ആവശ്യമുണ്ടോ കൊച്ചേ..... കൊച്ചിങ്ങേ....."

എന്നിങ്ങനെ കൊഞ്ചിച്ച് കത്രീന അവളുടെ കവിളിൽ തലോടി.

അപ്പോൾ ഞാൻ പറഞ്ഞു എന്ന് മേരി എന്നോടു പറഞ്ഞു: "കണിയാപുരത്തുനിന്നും കാളച്ചന്തയ്ക്കു പോകും വഴി കഴുത്തിലൊരുളുക്കുവീണ് മടങ്ങിവന്ന് പിടലിയനക്കാനാവാതെ തിണ്ണയിൽ കുത്തിയിരുന്ന കറിയാച്ചനെന്ന വിരമിച്ച കാളക്കൃഷിക്കാരന്റെ കണ്ണിലുണ്ണി മകനും എല്ലാ ക്ളാസ്സിലും ഒന്നാമനായി ജയിച്ച് ബാങ്ക് പരീക്ഷയെഴുതി ഇപ്പോൾ കോട്ടയം ശാഖയിൽ കണക്കിന്റെ കളികളിൽ ഉല്ലസിച്ചു വാഴുന്നവനും കോമളനും മനോജ്ഞനുമായ തോമസ് സോളമനെന്ന എൻ പ്രിയനാഥൻ-വിശുദ്ധ ഗീതങ്ങൾ മുന്തിരി വീഞ്ഞുപോലെ എന്നിൽ പകരുന്ന ശലമോൻ-കുരുമുളക്. ഏലം. റബർ. കാപ്പി. വാറ്റ് എന്നീ വാക്കുകളിലും പണം എന്ന പന്ത്രണ്ടാം പകിടയിലും വീർപ്പുമുട്ടിത്തിരിയുന്ന എന്റെ വീട്ടുജീവിതത്തിൽ നിന്നും എന്നെ കൈയിലെടുത്ത് താരാട്ടി സ്വപ്നസന്നിഭയാക്കുന്ന കോട്ടയം ജില്ലയിലെ കോട്ടയം ശാഖയിലെ ജീവിതം.... ഹോ കത്രീനേ പറയൂ.... ഞാൻ പുണ്യവതിയും പുലരിക്കാറ്റുപോലെ സന്തുഷ്ടയുമല്ലേ...."

അപ്പോൾ കത്രീന പറഞ്ഞു എന്ന് മേരി എന്നോടു പറഞ്ഞു: "ശലമോന്റെ വിശുദ്ധ ഗീതങ്ങളിൽ വിശ്വാസമില്ലാത്തതുകൊണ്ടല്ല. ഹം തും ഷീക് കമ്രേ മേം ബന്ധ് ഹോ എന്ന പാട്ട് നീ കേട്ടിട്ടില്ലേ. ഓലിക്കൽവച്ച് വർഗ്ഗീസ് എന്ന വരട്ടുതത്ത്വ



വാദി എന്നു നോക്കിപ്പാടിയ പാട്ടാണത്. ആ പാട്ട് ഒരു കാളലാണോമലേ. എന്തുതന്നെ സംഭവിച്ചാലും നി അബോർഷന് സമ്മതിക്കരുത്."

ശനിയാഴ്ച ഉച്ചയ്ക്കുശേഷം പാലായ്ക്കു വണ്ടികയറി ഞായറാഴ്ചപ്പെരുന്നാളിനു കൂടി കുമ്പസരിച്ച്, മത്തായി ലൂക്കോസ് വേലങ്ങാടന്റെ മകൻ ജോർജ്ജ് ലൂക്കോസ് വേലങ്ങാടൻ രാത്രിക്കുരാത്രി വെടിവെച്ചുപിടിച്ച കാട്ടുമുയലിറച്ചി കൂട്ടി കുശാലായി ഉച്ചയൂണ്. അത്താഴം എന്നിവകൾ കഴിച്ച്. ഡൺലപ്പ് മെത്തയിൽ സുഖശയനം നടത്തി, തിങ്കളാഴ്ച പ്രഭാതത്തിൽ 6.30 എ.എമ്മിന് പുറപ്പെടുന്ന എ. 242 പാലാ-കോട്ടയം ബസ്സിൽ 26-ാം

നമ്പർ സീറ്റിലിരുന്ന് കണ്ടക്ടർക്ക് കൃത്യമായി ചില്ലറ നൽകി ഒരു കോട്ടയം ടിക്കറ്റ് വസൂലാക്കി മണ്ഡലപ്രഭാതത്തിലെ മന്ദാനിലനിലേക്ക് തലചായ്ച്ച് ഒരു സുന്ദരസ്വപ്നത്തിലെന്നവണ്ണം ചരിച്ച് കോട്ടയം പൂകി ശാഖയിലെത്തി ഫയലിൽ കണ്ണുംനട്ടെന്ന വ്യാജേന ഇടയ്ക്കിടെ തന്നെ പാളിനോക്കിയ വിശുദ്ധ മേരി ഉച്ചയ്ക്കൂണ്ണാൻ പോയപ്പോൾ ഗോയ്ഥേ. ഷേക്സ്പിയർ. തോമസ്ഗ്രേ എന്നിവരെ പ്രണമിച്ച് മുട്ടത്തുവർക്കിയെഴുതിയ പാടാത്ത പൈങ്കിളി എന്ന നോവൽ കൈമാറ്റം ചെയ്യാനെന്ന വ്യാജേന അടുത്തുകൂടിയ എന്നോട് മലയാറിലെ ചിറ്റോളങ്ങളിൽ നോക്കിയിരുന്നുകൊണ്ട് തങ്ങൾ നടത്തിയ സംഭാഷണം മേരീ-കൃതിനാ സംവാദം എന്ന തലക്കെട്ടോടെ അവൾ പറഞ്ഞുകേൾപ്പിച്ചു.

കഴിഞ്ഞ ദിനരാത്രങ്ങളിൽ തന്നെ വിരട്ടിയതും അലട്ടിയതുമായ ചില ചിന്താശകലങ്ങൾ. ഇപ്പോൾ സൗദാമിനി അടുത്ത സാറീസെന്ററിൽ തന്റെ മെറുൺസാരിക്കിണങ്ങുന്ന ഒരു ബ്ലാക്കറ്റിന് തുണിമുറിക്കാൻ പോയിരിക്കുന്ന ഈ തക്കത്തിൽ ഒറ്റയ്ക്കിരിക്കുന്ന മേരിയോടു പറഞ്ഞാലോ എന്ന് ഞാൻ ഇംഗിതപ്പെട്ടതറിഞ്ഞെന്നോണം മേരി ചോദിച്ചു: "തോമച്ചായനെന്താ ഒരു വീർപ്പുമുട്ടൽ."

"മേരീ ഞാൻ പറയട്ടെ... നിന്റപ്പൻ മത്തായി ലൂക്കോസ് വേലങ്ങാടൻ ഒരു വെറും മലങ്കൃഷിക്കാരനായിരുന്നെങ്കിൽ എനിക്ക് വേവലാതിപ്പെടേണ്ടതില്ലായിരുന്നു. പക്ഷെ മഹാനുഭാവൻ ഒരു വാറ്റ് കോൺട്രാക്ടർ എന്ന നിലയിൽ വഴിപിഴച്ചവനും കേരളാ കോൺഗ്രസ്സ് എന്ന നിലയിൽ വഷളനുമാണ്. അതുപോകട്ടെ. ഏതെങ്കിലും ഫാൻസ് അസോസിയേഷനിൽ പ്രവർത്തിക്കേണ്ട പ്രായത്തിൽ നിന്റെ ചേട്ടൻ ജോർജ്ജ് ലൂക്കോസ് വേലങ്ങാടൻ എന്തിനാണ് തോക്കുമായി വേട്ടയ്ക്കിറങ്ങിയിരിക്കുന്നത്."

എന്റെ വേവലാതികളിൽ കുണ്ഠിതപ്പെട്ടും ആവലാതികളിൽ സഹതാപപ്പെട്ടും മേരി പറഞ്ഞു: "അച്ചായാ... ഏതു മൃതലാളിത്ത വ്യവസ്ഥിതിയിലും അതിനെതിർനിൽക്കുന്ന ഒരു വിപ്ലവചേരി ഉണ്ടാവും. എന്റെ കൊച്ചപ്പൻ സണ്ണിക്കുട്ടി ലൂക്കോസ് വേലങ്ങാടൻ ഒരു നക്സലൈറ്റാണ്. ഇന്ത്യയിൽ ഒരു ദല്ലാൾ ഭരണകൂടമാണ് നിലവിലുള്ളതെന്നും അത് അമേരിക്കൻ സാമ്രാജ്യത്വത്തിന് വിടുപണി ചെയ്യുകയാണെന്നും കൊച്ചപ്പൻ ഇന്നലെക്കൂടിയും പറഞ്ഞു. ദക്ഷിണാഫ്രിക്കയിൽ നിന്നും പ്രിട്ടോറിയാ ഭരണകൂടത്തെ പുറത്താക്കിയെങ്കിലും അതിൽ താൻ സംതൃപ്തനല്ല എന്നുകൂടിയും പറഞ്ഞു. തോമാച്ചായാ.... മനുഷ്യനിൽ വിശ്വസിച്ചില്ലെങ്കിലും നാം മാർക്സിസത്തിൽ വിശ്വസിക്കണം. അടിമത്തത്തിൻ ചങ്ങല പൊട്ടിച്ചായിരങ്ങൾ ചിരിച്ചു എന്ന യുഗ്മഗാനം തോമാച്ചായൻ കേട്ടിട്ടില്ലേ...."

ബക്കാമാർത്തെ ഇടപെടുന്നു

സിമാഓ ബക്കാമാർത്തെ എന്ന മനശ്ശാസ്ത്രജ്ഞൻ ഈ കഥാഗാത്രത്തിലേക്കു പ്രവേശിപ്പാൻ സാദ്ധ്യതയുണ്ടെന്ന് ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പു നൽകിയത് ഓർമ്മിക്കുമല്ലോ. ബക്കാമാർത്തെ തന്റെ ഭാര്യ ഡോൺ ഇവാരസ്തയ്ക്ക് റിയോ ഡി ജനീറോയിലേക്ക് ടെലിഫോൺ ചെയ്തശേഷം കോട്ടയത്ത് ഒരു കോഫീഹൗസിൽ സായാഹ്ന ഭക്ഷണത്തിന് എത്തിച്ചേർന്നതായിരുന്നു. കോഫീ ഹൗസിൽ എനിക്കു പ്രതിമുഖം ഇരുന്ന് ഒരു ലമൺ കോഫിക്ക് ഓർഡർ നൽകിയശേഷം ബക്കാമാർത്തെ മുരടനക്കി സ്വരശുദ്ധി വരുത്തി ഞാനുമായി നടത്തിയ അഭിമുഖം ഇപ്രകാരം സംഗ്രഹിക്കാം.

ബക്കാമാർത്തെ:- മാനനിയ സഹോദരാ.... താങ്കൾ ഒരു മലയാളിയും ചേരശെങ്കുട്ടുവൻമാരുടേയും വീരപാണ്ഡ്യ കട്ടബൊമ്മൻമാരുടേയും ദക്ഷിണേന്ത്യൻ സംസ്കൃതിയിൽ അഭിമാനം കൊള്ളുന്നവനുമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്റെ പേര് സിമാഓ ബക്കാമാർത്തെ, ഒരു ഭിഷഗ്വരനാണ്. എന്റെ സ്നേഹിതൻ ഡോക്ടർ ഷിവാഗോയെ അന്വേഷിച്ചാണ് ഞാൻ ഇവിടെ എത്തിയിട്ടുള്ളത്. താങ്കൾക്ക് ഇക്കാര്യത്തിൽ എന്നെ സഹായിക്കാനാവുമെന്ന് ഞാൻ പ്രതീക്ഷിക്കട്ടെയോ?

ഞാൻ:- താങ്കൾ ഉദ്ദേശിക്കുന്നത് പേപ്പട്ടി വിഷത്തിന് മരുന്നു കണ്ടുപിടിച്ച ലൂയി പാസ്റ്ററിന്റെ മകൻ ഡോക്ടർ ഷിവാഗോയെത്തന്നെയല്ലേ?

ബക്കാമാർത്തെ:- മലയാളിയുടെ സഹജമായ വിവരക്കേടിനോട് ഞാൻ പൊറുക്കുന്നു. ബോറിസ് പാസ്തർനാക്കിന്റെ ഡോക്ടർ ഷിവാഗോയെക്കുറിച്ചായിരുന്നു എന്റെ സൂചന. തന്നെയുമല്ല, അയാൾ പാസ്തർനാക്കിന്റെ മകനാവാനിടയുമില്ല. ഒരുപക്ഷെ പാസ്തർനാക്കിന്റെ സഹോദരനായിരിക്കാം അയാൾ. കാരണം കഥയുടേയോ കഥാപാത്രത്തിന്റെയോ സൃഷ്ടികർത്താക്കളാകാൻ ഞങ്ങളുടെ സാഹിത്യകാരന്മാർ ഇപ്പോൾ ഇഷ്ടപ്പെടുന്നില്ല. ബാർത്തിന്റെ ഡെത്ത് ഓഫ് ദ ഓതർ അവരെ വല്ലാതെ അലട്ടുന്നുണ്ട്. ഇവിടെ. അറംപറ്റാതിരിക്കാൻ പൈങ്കിളിയെക്കൊണ്ട് പാടിക്കുംപോലെ ഒരു ട്രിക്കാണ് ഈ ഭ്രാതൃബോധം. അത്രയേയുള്ളൂ.

ഞാൻ:- അതെന്തുമാകട്ടെ. ഷിവാഗോയെ അന്വേഷിച്ച് നിങ്ങൾ കോട്ടയത്തെത്താനുള്ള കാരണം എന്താണ്?

ബക്കാമാർത്തെ:- ദീർഘമായ ഒരു വിശദീകരണം ആവശ്യപ്പെടുന്ന ചോദ്യമാണെങ്കിൽക്കൂടിയും ലഘുവായ ഒരു മറുപടി നൽകാൻ ഞാൻ തത്പരപ്പെടുന്നതാണ്. ഡോക്ടർ ഷിവാഗോ അന്യാദൃശമായി ആരെയും സ്വാധിനിക്കാൻ കഴിവുള്ള ഒരു മനുഷ്യനായിരുന്നു. മുട്ടത്തുവർക്കിയാണ് ഡോക്ടർ ഷിവാഗോ മലയാളത്തിലേക്ക് തർജ്ജമ ചെയ്തതെന്ന് താങ്കൾക്ക് അറിയുമല്ലോ. അതുകൊണ്ട് മുട്ടത്തുവർക്കിയും ഷിവാഗോയും തമ്മിൽ വളരെ അടുത്ത ഒരു ബന്ധമുണ്ടായിരിക്കാൻ സാദ്ധ്യതയുണ്ട്. പക്ഷേ അദ്ഭുതകരമെന്നു പറയട്ടെ, ഷിവാഗോയുമായി അടുത്ത സഹവാസം പുലർത്തിയിട്ടുകൂടിയും മുട്ടത്തുവർക്കി നന്നായില്ല. പാസ്തർനാർക്ക് അതിൽ ക്ഷുഭിതനായിരുന്നു എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. യൂറോപ്യൻ കമ്മ്യൂണിറ്റിയിൽ നിന്നും ഷിവാഗോയെ അവർ പുറത്താക്കിയിരിക്കുകയാണ്. ഷിവാഗോയെ തന്റെ സ്വത്വം വിണ്ടെടുക്കാൻ സഹായിക്കുന്ന ഒരു തീസിസ് എന്റെ പക്കലുണ്ട്. അതയാളെ ഏൽപ്പിച്ചശേഷം ഇതാഗ്വയിലേക്ക് മടങ്ങിപ്പോകാമെന്ന് ഞാൻ വിചാരിക്കുന്നു.

ഞാൻ:- താങ്കളുടെ തീസിസ് കേൾക്കാൻ എനിക്ക് കൗതുകമുണ്ടെന്നറിയിക്കട്ടെ.

ബക്കാമാർത്തെ:- നിസ്സാരമാണത്. മുട്ടത്തുവർക്കി മനശ്ശാസ്ത്രപരമായ ഒരു പ്രതിസന്ധിയിലായിരുന്നു. ആദ്യം അദ്ദേഹം അനുഭവിച്ചിരുന്നത് ഡിമൻഷിയാ എന്ന ഒരു രോഗമാണ്. ഏതു തിരഞ്ഞെടുക്കണം എന്നറിയാതെ ഉഴലുന്ന ഒരു മാനസികാവസ്ഥയാണത്. എന്റെ ഭാര്യ ഡോൺ ഇവാരിസ്തയ്ക്ക് ഈ അസുഖമുണ്ടായിരുന്നു. അത് ഞാൻ വിശദമാക്കാം. ഇവാരിസ്തയ്ക്ക് രണ്ട് നെക്ളസ്സുകൾ ഉണ്ട്. ഒരു ഗാർനറ്റ് നെക്ളസ്സും ഒരു സഫയർ നെക്ളസ്സും. അടുത്ത ദിവസത്തെ വിരുന്നുസൽക്കാരത്തിനണിയാൻ ഏതു തിരഞ്ഞെടുക്കണം എന്ന ആശങ്കയിൽ അവൾ ഒരു രാത്രി മുഴുവൻ ഉറങ്ങാതെയിരുന്നു. അവളുടെ രോഗം ഡിമൻഷിയായുടെ ഭാഗമായ വെസ്റ്റിമാനിയ ആയിരുന്നു. എല്ലാ സാഹിത്യകാരന്മാർക്കും ഈ രോഗം ബാധകമാണ്. സങ്കേതസംബന്ധമായ ആകുലതകൾ ഡിമൻഷിയാ അവരിൽ സൃഷ്ടിച്ചുകൊണ്ടിരിക്കും. അതൊരു പ്രധാന രോഗമല്ല. മുട്ടത്തുവർക്കിയെ ബാധിച്ച കഠിനമായ പ്രതിസന്ധി പെട്രോഫീലിയാ എന്ന മാനസികാവസ്ഥയാണെന്നതാണ് എന്റെ കണ്ടെത്തൽ. മാത്യൂസ് എന്നൊരാളെ ഈ രോഗത്തിന് ഞാൻ ചികിത്സിച്ചിട്ടുണ്ട്. മാത്യൂസ് മനോഹരമായ ഒരു വീട് നിർമ്മിച്ചു. ഇതാഗ്വയിലെ ഏറ്റവും മനോഹരമായ വീടായിരുന്നു ഒരുപക്ഷെ അത്. എല്ലാ ദിവസവും പ്രഭാതം മുതൽ പ്രദോഷംവരെ അയാൾ തന്റെ വീടിനെ നോക്കിനിൽക്കും. വൈകിട്ട് റോഡിൽ തിരക്കു വർദ്ധിക്കുമ്പോൾ വീടിന്റെ നടുവിലെ ജനാലയിൽ വന്ന് മാത്യൂസ് പ്രൗഢിയോടെ നിൽക്കും. എഴുത്തുകാർക്ക് തങ്ങളുടെ രചനാസങ്കേതങ്ങളോട് ഇത്തരത്തിലൊരു അടിമപ്പെടൽ ഉണ്ടാകാം. ആർക്കും അടിയിളക്കാനാവാത്ത ഒരു ഖരാവസ്ഥയിൽ അവരുടെ മാനസികാവസ്ഥ എത്തിപ്പെടാം. മുട്ടത്തുവർക്കിക്ക് പെട്രോഫീലിയാ എന്ന മനശ്ശാസ്ത്ര പ്രതിസന്ധി ഉണ്ടായിരുന്നു. അതാണ് ഷിവാഗോയുടെ സഹവാസം ഉണ്ടായിരുന്നിട്ടുകൂടിയും അദ്ദേഹം നന്നാകാതിരുന്നത്.

ഞാൻ:- വളരെ വിചിത്രമായിരിക്കുന്നു ഡോക്ടർ താങ്കളുടെ തീസിസ്. അതുപോകട്ടെ.... മുട്ടത്തുവർക്കിയിൽനിന്നും മലയാളകഥയ്ക്ക് ഇഞ്ഞാനസിദ്ധാന്തപരമായി വിച്ഛേദിക്കണമെങ്കിൽ ഇനി എന്തു ചെയ്യണം?

ബക്കാമാർത്തെ:- ഞാൻ രാഷ്ട്രീയം സംസാരിക്കുകയാണെന്നു കരുതരുത്. താങ്കൾ മുട്ടത്തുവർക്കിയാൽ പ്രചോദിതനായി ഒരു കഥയെഴുതുന്നു എന്ന് എനിക്കൂഹിക്കാം. മുട്ടത്തുവർക്കിയിൽനിന്നും താങ്കളുടെ കഥ ഇഞ്ഞാനസിദ്ധാന്തപരമായി വിച്ഛേദിച്ചുകഴിഞ്ഞിട്ടുണ്ട്. അത് സണ്ണിക്കുട്ടി ലൂക്കോസ് വേലങ്ങാടൻ എന്ന നക്സലൈറ്റിന്റെ രംഗപ്രവേശത്തോടെയാണ്. അതിന്റെ വിശദീകരണം ലെനിന്റെ ഭരണകൂടവും വിപ്ളവവും എന്ന കൃതിയിൽ നിന്നും ലോക കമ്മ്യൂണിസവും ഇ. എം. എസ്സിന്റെ മാർക്സിസവും മലയാളസാഹിത്യവും എന്ന കൃതിയിൽനിന്നും ലാവണ്യശാസ്ത്രവും മുന്നോറിയതിന്റെ സംക്ഷിപ്തമായ ഒരു വിശകലനം കൂടിയാണ്. ഭരണകൂടവും വിപ്ളവവും എന്ന സാഹിത്യത്തിൽ സാമൂഹ്യാവസ്ഥ ചൂറ്റപ്പെട്ടിരുന്ന കാലത്താണല്ലോ ശ്രീമുട്ടത്തുവർക്കി തന്റെ കഥകളും നോവലുകളും രചിച്ചിരുന്നത്. ഇ. എം. എസ്സിനോട് അദ്ദേഹം നീതി കാണിച്ചില്ല എന്നു പറഞ്ഞുകൂടാ. പാവപ്പെട്ട തൊഴിലാളി വനിതകളെ പ്രേമത്തിന്റെ ഇടവഴിയിലൂടെ മുതലാളി യുവാക്കളുടെ ഹൃദയത്തിലേക്കു കടത്തിവിടുംവഴി ഒരു പ്രണയ-ഹരിത വിപ്ളവത്തിനുതന്നെയല്ലേ മുട്ടത്തുവർക്കി ചൂട്ടുകൊളുത്തിയത്. എന്നാൽ അതിൽ പിന്നീട് കൊളോണിയലിസം പുത്തൻ കൊളോണിയലിസമായി പരിവർത്തിക്കപ്പെടുകയും കോംപ്രഡോർ ബൂർഷ്വാസി എന്ന പുതിയൊരിനം ജന്തു ദേശാധികാരം നേടിയെടുക്കുകയും ഒപ്പം സാർവ്വദേശീയമായി ഒരു മൂന്നാം വിപ്ളവചേരി കരുത്താർജ്ജിക്കുകയും ചെയ്തു. പ്രസ്തുത സാഹചര്യങ്ങളെ നന്നായി ബോദ്ധ്യപ്പെടുന്നതിന് ചാരുമജുംദാർ കൃതികൾ, സുനീതി കുമാർ ഘോഷിന്റെ ഇന്ത്യൻ വൻകിട മുതലാളിത്തം. കെ. വേണുവിന്റെ വിപ്ളവത്തിന്റെ ദാർശനിക പ്രശ്നങ്ങൾ എന്നീ ഗ്രന്ഥങ്ങൾ മനസ്സിരുത്തി വായിച്ചാൽ മതിയാകും.) ഈ ഘട്ടത്തിൽ മലയാള കഥാസാഹിത്യത്തിന് ഇനി മുന്നോട്ടു നീങ്ങണമെങ്കിൽ സണ്ണിക്കുട്ടി ലൂക്കോസ് വേലങ്ങാടൻ എന്ന നക്സലൈറ്റ് വിശുദ്ധമേരിയുടെ കൊച്ചപ്പനായി വന്നേതീരൂ. ജയ് ജവാൻ.

ഞാൻ:- ജയ് കിസാൻ.

കഥാവസാനം

തന്നേതീരൂ.... തന്നേതീരൂ.... അവകാശങ്ങൾ തന്നേതീരൂ എന്ന മുറവിളിയോടെ അടുത്തുകൊണ്ടിരുന്ന ജാഥയെ കാറ്റേറ്റുകുഴി കോട്ടയ്ക്കൽ മുക്കിൽ വച്ച് അഭിസംബോധന ചെയ്യുമ്പോൾ സണ്ണിക്കുട്ടി ലൂക്കോസ് വേലങ്ങാടൻ ഇങ്ങനെ പറഞ്ഞു: "സാമ്രാജ്യത്വ ശക്തികളെ ചൊറുത്തുതോൽപ്പിക്കുക എന്നതാണ് നമ്മുടെ അടിയന്തിര കടമ. (അത് വളരെ വളരെ അടിയന്തിരമാണെന്ന് ശ്രോതാക്കൾക്കും തോന്നി.) സാമ്രാജ്യത്വത്തിനും ദല്ലാൾ ഭരണത്തിനുമെതിരേ തൊഴിലാളി കർഷകാദി ബഹുജനങ്ങളെ ഒന്നിപ്പിച്ച് കാർഷിക വിപ്ളവത്തിലൂന്നിയ ഒരു പുത്തൻ ജനാധിപത്യ കൊളോണിയൽ വിരുദ്ധ ബഹുനില സമരം കെട്ടിപ്പടുക്കുക മാത്രമാ

പുസ്തകവാർത്ത

ഞാൻ
(ആത്മകഥ)
എൻ.എൻ. പിള്ള
ജീവിതത്തിന്റെ വിവിധ മുഖങ്ങൾ മാറിമാറി പ്രതിഫലിപ്പിക്കുന്ന ദർപ്പണമാണ് "ഞാൻ" എന്ന ആത്മകഥ. എൻ.എൻ. പിള്ളയ്ക്കൊഴികെ മറ്റാർക്കും പകർന്നുനല്കാൻ കഴിയാത്ത ഒരനുപമ സാഹിത്യാനുഭൂതി ഈ കൃതി വായനക്കാരിലുള വാക്കുന്നു.
നേരത്തെ പുസ്തകരൂപത്തിൽ വരാതിരുന്ന ആത്മകഥയുടെ ഉത്തരഭാഗം(28 അദ്ധ്യായങ്ങൾ)വും ആത്മകഥാംശമുള്ള ലേഖനങ്ങളും ഉൾപ്പെടെ. 180.00

കർട്ടൻ
എൻ.എൻ. പിള്ള
താത്ത്വികമായ നാടകാവബോധത്തെ സനിഷ്കർഷമായ പരിചിന്തനത്തിനും വിമർശനത്തിനും വിധേയമാക്കുന്ന നാടകപഠനഗ്രന്ഥം. എൻ.എൻ. പിള്ളയുടെ പ്രസിദ്ധ കൃതി. 70.00

വിപ്ലവസ്മരണകൾ Vol. 4
പുതുപ്പള്ളി രാഘവൻ
കർഷകത്തൊഴിലാളികളുടെ മുന്നേറ്റം, എണ്ണയ്ക്കാട്ടെ പോലീസ് വേട്ട, രാജവാഴ്ചയുടെ അന്ത്യം, ശൂരനാട് സമരം, പട്ടത്തിന്റെ കാലുമാറൽ, പനമ്പിള്ളിയുടെ പതനം തുടങ്ങിയ സംഭവങ്ങളാണ് 4-ാം ഭാഗത്തിലെ ഉള്ളടക്കം. 60.00

സേതുവിന്റെ കഥകൾ
സേതു
ദ്രാവിഡത്തനിമയുടെ ശക്തിയും സൗന്ദര്യവും ഊടും പാവുമായി നില്ക്കുന്ന ദാഹിക്കുന്ന ഭൂമി, കരയും കടലും, പുക, യാത്ര, അരങ്ങ്, ദൂതി, ജഗന്നാഥൻ, ഉച്ച തുടങ്ങി 39 കഥകൾ. സേതുവിന്റെ മാന്ത്രികരചനയുടെ നിതാന്തഭംഗിയാണ് ഈ കഥാസമാഹാരം. 100.00

ചുതാട്ടം
ഉണ്ണിക്കൃഷ്ണൻ തിരുവാഴിയോട്
ജീവിതത്തിന്റെ ചുതാട്ടക്കളങ്ങളിൽ വിലപിടിപ്പുള്ളതൊന്നുമില്ലാതോ നഷ്ടപ്പെട്ട മനുഷ്യമനസ്സുകളുടെ തേങ്ങലുകൾ...
തിരുവാഴിയോടിന്റെ ഏറവും പുതിയ നോവൽ. 65.00

ഹാ! പാരീസ്
ഉണ്ണിക്കൃഷ്ണൻ തിരുവാഴിയോട്
ഹാ! പാരീസ്, സൗരിനി, സമയമാപിനിയിലെ മണൽത്തരികൾ, സ്വാഗതം: ഇന്നു നിങ്ങളുടെ ദിവസമാണ് തുടങ്ങി ശൈലിയുടെ ഗഹനസൗന്ദര്യം തുടിച്ചുനില്ക്കുന്ന 21 കഥകളുടെ സമാഹാരം. 50.00

വൃശ്ചികം
രാവുണ്ണി
ചുറ്റുമുള്ള സത്തകളും സത്യങ്ങളും പ്രതിഫലിപ്പിക്കുന്ന, പ്രത്യാശയ്ക്കും ആശ്വാസത്തിനും വകതരുന്ന രാവുണ്ണിയുടെ 34 കവിതകൾ. ഡോ. എം. ലീലാവതിയുടെ അവതാരിക. 25.00

ഡിസിബി പ്രസിദ്ധീകരണം.
വിതരണം **കറന്റ് ബുക്സ്**
17 ശാഖകൾ DC - 236

ണ് അതിനുള്ള പോംവഴി. (അതവർക്ക് നന്നായി ബോദ്ധ്യപ്പെട്ടു.) സാമ്രാജ്യത്വത്തിനെതിരേ ദേശീയ ബൂർഷ്വാസിയോടുപോലും നമുക്ക് ഐക്യപ്പെടാവുന്നതേയുള്ളൂ എന്ന് അടുത്തകാലംവരെ നാം കരുതി. പക്ഷെ ദേശീയ ബൂർഷ്വാസി സാമ്രാജ്യത്വത്തിന്റെ ദല്ലാളന്മാരായി അധ:പതിച്ചു. (അവരല്ലെങ്കിലും വകതിരിവുകെട്ടവരാണല്ലോ.) സായുധസമരം മാത്രമാണു സഖാക്കളേ നമുക്കു മുന്നിലെ ഏക മാർഗ്ഗം. അതിനിനിയും നാം വൈകുന്നത് വേണ്ടത്ര ആയുധങ്ങൾ സമാഹരിക്കാൻ പാർട്ടിക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല എന്നുള്ളതിനാൽ മാത്രമാണ്. അമേരിക്കയ്ക്കെതിരേ വിയറ്റ്നാം വിരചിച്ച വീരഗാഥയ്ക്ക് കോട്ടയം, പാല. ഇടുക്കി ഭാഗത്തു നിന്നും ഒരു പുതിയ അദ്ധ്യായം കൂടി നാം എഴുതിച്ചേർക്കാൻ പോകുന്നു. ലോറൻസ് കുരുവിള എന്ന തോട്ടമുടമ ഒരു സാമ്രാജ്യത്വ ഏജന്റും സി. ഐ. എ ചാരനുമാണ്. കുരുവിളയ്ക്കെതിരേ ഒരു കൊടുങ്കാറ്റുപോലെ ആഞ്ഞടിക്കുന്ന ഈ മലയോര കർഷക മഹാസമരം രലസ്ഥാനത്തെ ആക്രമിക്കുക എന്ന മാവോ സൂക്തത്തിന്റെ പേരിൽ നടന്ന ചൈനീസ് മുന്നേറ്റങ്ങൾ പോലെ ഉജ്ജ്വലമാണ്. അഭിവാദനങ്ങൾ."

സണ്ണിക്കുട്ടി ലൂക്കോസ് വേലങ്ങാടന്റെ ആസ്തികതയിൽ മെത്രാനച്ചൻമാർ വേദനിച്ചു. മലയോര കർഷക തൊഴിലാളികളുടെ പഞ്ഞിപ്പഴ്ണിയിൻ മേൽ ചെങ്കൊടി താഴ്ത്തി അലമുറയിടുന്ന സണ്ണിക്കുട്ടിക്ക് മലയോര കർഷക മുതലാളിമാരുടെ കണ്ണീരിലും കഷ്ടപ്പാടിലും കാല്പനികമായ അഭിനിവേശം പോലുമില്ലല്ലോ എന്നോർത്ത് കേരളാ കോൺഗ്രസ്സുകാർ വേദനിച്ചു. നാലു പ്ളേറ്റ് ചിക്കൻ ബിരിയാണി ഒറ്റയിരിപ്പിനു തട്ടുന്ന ആ പരാഹ്ന ഭോജിയെ ഈ പടിക്കകത്തു കയറ്റരുതെന്നും അവൻ വർഗ്ഗവഞ്ചകനാണെന്നും മത്തായി ലൂക്കോസ് വേലങ്ങാടൻ തന്റെ നല്ല പകുതിയിൽ വാമഭാഗമായ ശോശാമ്മയോട് ആക്രോശിച്ചു.

തദവസരത്തിൽ പാടാത്ത പൈങ്കിളി എന്ന നോവൽ വായിച്ചശേഷം വിശുദ്ധ മേരി അത് തോമസ് സോളമന് കൈമാറുമ്പോൾ, താഴ്ചയിൽ ചിന്നമ്മ എന്ന തൊഴിലാളി സുന്ദരിയുടെയും മലേൽ തങ്കച്ചനെന്ന മുതലാളി യുവാവിന്റെയും പ്രണയകുതൂഹലങ്ങളെക്കുറിച്ചും കൊച്ചേലിയുടെയും ലൂക്കാസാറിന്റെയും കഷ്ടപ്പാടുകളെക്കുറിച്ചും പുതുപ്പണക്കാരൻ വെണ്ടർകുട്ടി. ഭാര്യ ഒറോച്ചി. മകൾ ലൂസി എന്നിവറ്റകളുടെ ധാർഷ്ട്യത്തെക്കുറിച്ചും കുഞ്ഞണ്ടാമ്മയുടെ സന്മനസ്സിനെക്കുറിച്ചുമൊക്കെ നിരൂപണബുദ്ധ്യാ സംസാരിച്ചു. അനിർവ്വചനീയമായ ആനന്ദാനുഭൂതിയിൽ തരംഗിതങ്ങളായ മൃദുല വികാരങ്ങൾ അവളെ കിക്കിളിയിട്ട് കിന്നരം പാടുന്നതുപോലെയും അവളുടെ മധുര ചിന്തകൾ നീലാകാശത്തെ നക്ഷത്രമലർക്കാവിൽ കെട്ടപ്പെട്ട പൊന്നമ്പിളിക്കലയിലിരുന്ന് ഊഞ്ഞാലാടുന്നതുപോലെയും അവൾക്കു തോന്നി എന്ന വരികൾക്കു താഴെ വിശുദ്ധമേരി അടിവരയിട്ടിരിക്കുന്നതുകണ്ട്. ലൈബ്രറിപ്പുസ്തകത്തെ സ്വകാര്യാവശ്യത്തിനായി വിനിയോഗിച്ചതിൽ വ്രണപ്പെട്ട പൗരബോധത്തോടെയാണെങ്കിലും തോമസ് സോളമൻ സന്തോഷിച്ചു. ആനന്ദാതിരേകനായും പുളകിതഗാത്രനായും നിന്ന തോമസ് സോളമനോട് മേരി ഇത്രയും കൂടി പറഞ്ഞു: "തോമാച്ചായൻ കൊച്ചച്ചനെ ചെന്നുകാണണം. കൊച്ചച്ചൻ നമ്മുടെ കാര്യത്തിൽ ഒരു നീക്കുപോക്കുണ്ടാക്കാതിരിക്കില്ല."

കോട്ടയത്തുനിന്ന് പാലായ്ക്കു പുറപ്പെടുന്ന സൂപ്പർ ഫാസ്റ്റ് ബസ്സിൽ അടുത്ത പ്രഭാതത്തിൽത്തന്നെ തോമസ് സോളമൻ സണ്ണിക്കുട്ടി ലൂക്കോസിനെ കാണാൻ യാത്ര പുറപ്പെട്ടു. യാത്രയിലുടനീളം അയാൾ ആലോചിച്ചിരുന്നത് എന്തു ചെയ്യണം എന്നതിനെക്കുറിച്ചായിരുന്നു. ലെനിന്റെ 'എന്തു ചെയ്യണം' എന്ന പുസ്തകം തോമസ് സോളമൻ നാളിതുവരെ വായിച്ചിരുന്നില്ല. കൊച്ചച്ചനെ കാണുമ്പോൾ അതൊരു കുറവായിത്തീരുമോ എന്ന് അയാളാശങ്കപ്പെട്ടു. ഒരുപക്ഷേ പ്രസ്തുത ഗ്രന്ഥം വായിച്ചിരുന്നെങ്കിൽ ഈ യാത്രതന്നെ ഒഴിവാക്കാമായിരുന്നു എന്ന് അയാൾ അദ്ഭുതപ്പെടുകയും ചെയ്തു.

ചില പോസ്റ്ററുകൾ എഴുതിത്തയ്യാറാക്കുന്ന തിരക്കിലായിരുന്നു സണ്ണിക്കുട്ടി ലൂക്കോസ് വേലങ്ങാടൻ. പ്രധാനമായും അവ നിക്കാരാഗ്വൻ ജനതയെ അഭിസംബോധന ചെയ്യുന്നവയായിരുന്നു. വന്ന അതിഥിയെ വടയും ചായയും നൽകി സമാധാനിപ്പിച്ചശേഷം കൊച്ചച്ചൻ തോമസ് സോളമനോട് വിശദാംശങ്ങൾ ആരാഞ്ഞു. ഒലീവിലപോലെ പരിശുദ്ധവും മെഴുതിരിപോലെ ആർദ്രവുമായ തങ്ങളുടെ പ്രണയത്തെക്കുറിച്ച് ഒരു കുമ്പസാരത്തിലെന്നവണ്ണം തോമസ് സോളമൻ കൊച്ചച്ചനെ ബോധിപ്പിച്ചു. ഒരു ഗറില്ല മാർച്ചിൽ എന്നപോലെ മുറിയിൽ രണ്ടു ചാൽ നടന്ന് ദീർഘമായി ഒന്നു നിശ്വസിച്ചശേഷം സണ്ണിക്കുട്ടി ലൂക്കോസ് വേലങ്ങാടൻ തോമസ് സോളമനോട് ഇപ്രകാരം പറഞ്ഞു: "തോമസ്സേ.... നീ ഒരു മലയോര കർഷകഞ്ഞാഴിലാളിയായിരുന്നെങ്കിൽ ഞാനീ വിവാഹം ഭംഗിയായും കേമമായും നടത്തിത്തരുമായിരുന്നു. നീയൊരു ബാങ്കുദ്യോഗസ്ഥനാകുന്നു. അതും ഒരു ദേശസാൽകൃത ബാങ്കിലല്ല മറിച്ച് ഒരു സ്വകാര്യ ബാങ്കിലാണ് നിന്റെ സാമൂഹ്യസേവനം. ഉദാരവൽക്കരണത്തിനുശേഷം സ്വകാര്യ ബാങ്കുകളെന്നാൽ കുത്തകകളെ കോർത്തിണക്കുന്ന ഒരു ദല്ലാൾ ശൃംഖലയാണ്. തോമസ് സോളമനെന്ന ദല്ലാളിനേയും മത്തായി ലൂക്കോസ് വേലങ്ങാടനെന്ന കുത്തകയേയും ഒന്നിപ്പിക്കുക എന്നുപറഞ്ഞാൽ അത് വർഗ്ഗശത്രുക്കളെ ഒന്നിപ്പിക്കുന്നതിനു തുല്യമാണ്. അതുകൊണ്ട് അടുത്ത വണ്ടിക്കുതന്നെ നീ കോട്ടയത്തേക്ക് പോകണം. കഴിയുമെങ്കിൽ കേരളത്തിൽ നിന്നുതന്നെ പോകണം. ഒരു സായുധ സമരത്തിനാവശ്യമായ വെടിയറക്കോപ്പുകൾ ഞങ്ങൾക്കില്ലെന്നേയുള്ളൂ. ഉന്മൂലന സിദ്ധാന്തമനുസരിച്ച് ഒരു ദല്ലാളിനെയോ കുത്തകയെയോ ഒറ്റയ്ക്കു വകവരുത്താൻ ഞങ്ങൾക്കു കഴിയും. ഒരു വെടിക്കുള്ള മരുന്നുണ്ടെന്നർത്ഥം."

തോമസ് സോളമന്റെ ഇടനെഞ്ചിൽ ഏഴുനില

എസ്. ജോസഫ്

ഗ്രാമത്തിലെ ഹിമാലയം

മിരുങ്ങൾക്കിടയിൽ കുരിശു കാണുന്നു.
മണികൾ മുഴങ്ങിക്കേൾക്കുന്നു

മഴയിൽ നനഞ്ഞ പ്രഭാതം:
തണുത്ത മാർബിളിൻ തറയിൽ
പ്രാവിന്റെ ചിറകു വീശുമ്പോൾ
അൾത്താര ബാലന്മാർ മെഴുകുതിരികൾ കത്തിച്ചുവയ്ക്കുമ്പോൾ
ഗ്രാമീണർ കുർബാന കൂടുമ്പോൾ

മുടന്തൻ-തെമ്മാടിയകലെ-
യിരുന്നു കുരിശു കാണുന്നു.

അവന്റെ കാലിണ പൊള്ളിച്ച മണലോ
മുറ്റത്തു വിതറിക്കിടന്നു
സിമിത്തേരിയിലെ കുശുത്ത വാതിലിൽ
അവന്റെ കൂട്ടിത്തമാടുന്നു.
മാലാഖമാരുടെ ചിത്രവും,
മാതാവിൻ ഗ്രോട്ടോയും,
കുശിനിക്കാരന്റെ മൗനവും
അവനെ പ്രതീക്ഷിച്ചിരുന്നു.

അവനോ ദൈവത്തെക്കാണുവാൻ പോയില്ല
പാപത്തിൽ ദു:ഖിച്ച്
മോചനം തേടിയും പോയില്ല.
അപ്പനുമമ്മയും ശവക്കല്ലറയിൽ
കൊത്തിയ ലിഖിതം പായലു മൂടുമ്പോൾ
പായലു മായ്ക്കുവാൻ പോയില്ല.
കുരിശു വരച്ചു വട്ടമിട്ടൊപ്പിട്ടു
മക്കളെ സ്ക്കൂളിലേക്കെറിഞ്ഞ പിതാക്കൾ

ആറടിമണ്ണിലുമിഴഞ്ഞു കേഴുമ്പോൾ
അവർക്കു മൺകൂന മൂകളിൽ
പൂവുകൾ വയ്ക്കുവാൻ പോയില്ല.

അനാഥമാത്തിൽ കൂട്ടുകാരുറങ്ങി-
ക്കിടന്ന മുറിയിൽ പോയില്ല.
ഫിഡിലും പെട്ടിയും ആലീസും പാടുമ്പോൾ
ഇടയിലിരിക്കാൻ പോയില്ല.

ജനങ്ങളവനെ കണ്ടില്ല
ഉറങ്ങും പാതിരാ കണ്ടില്ല.
ഇരുട്ടിൻ വളവിൽ കത്തുന്ന
നക്ഷത്രം കണ്ടില്ല.
മഴകൾ ചുഴറ്റിയെറിയും
ചുഴലിക്കാറ്റുകൾ കണ്ടില്ല.

തുക്കനാം കുരുവിക്കൂടുകൾക്കപ്പുറം
ഗ്രാമീണർ പ്രാർത്ഥിച്ചിട്ടുറങ്ങി.

ഒരുനാൾ മാത്തിലമ്മമാ-
രവനെ തിരക്കിയിറങ്ങി
അവനു ബന്ധുക്കളില്ലല്ലോ
അവനെയോർമ്മിപ്പോരില്ലല്ലോ
തെറുത്താൽ തീരാത്ത പായിലു-
ടൊരു പാമ്പിഴഞ്ഞു പോകുമ്പോൾ,
വെയിലിൽ കോഴികൾ കൊക്കുന്നു.
അമ്മമാരാകാശം കാണുന്നു.

ഇനിച്ചാലൊരുവൻ മരിക്കും
വിഷത്താൽ, ശത്രുവാൽ, ദൈവത്താൽ.

മരിച്ചതില്ലല്ലോ മുടന്തൻ.
തെമ്മാടിക്കുഴിയൊന്നവനെ
വിഴുങ്ങാൻ തുറന്നുമിരുന്നു.
ദുർജ്ഞേയപഥങ്ങൾ കാൽമുട്ടിലിഴഞ്ഞു ജനങ്ങൾ വീഴുമ്പോൾ,
ഒരപ്പക്ഷണമെറിഞ്ഞോ,
പാപികളാണെന്നു പറഞ്ഞോ
അവരെയടിമയാക്കുമ്പോൾ,

മലതൻ ചെരിവിൽ പാടത്തെ തീച്ചൂടിൽ
മുടന്തിമുടന്തിപ്പോകുന്നതാരു നീ?
വഴിയിൽ തളർന്നുകിടക്കും
പെട്ടെന്നു പറന്നു മറയും
അവന്റെ ചിരിയാൽ മൂടുന്നു
വെളുത്തൊരാകാശം.

മരങ്ങൾക്കിടയിൽ കുരിശു കാണുന്നു.
മണികൾ മുഴങ്ങിക്കേൾക്കുന്നു
ശബ്ദങ്ങളവനെ തിരഞ്ഞുപോകുന്നു
കന്യകൾ കയറിയിറങ്ങി
തോടുകൾ കടന്നുപോകുന്നു
കുഴിയിലുരുണ്ടു വീഴുന്നു

ശബ്ദങ്ങളവനെ തിരഞ്ഞുപോകുന്നു
ആകാശം കടന്നുപോകുന്നു.

യിൽ ഒരിടിവെട്ടി. അടുത്ത വണ്ടിക്ക് അയാൾ കോട്ടയത്തേക്ക് പറന്നു എന്നു മാത്രമല്ല തൃശ്ശിനാപ്പള്ളിക്ക് ഒരു ട്രാൻസ്ഫർ തരപ്പെടുത്തി സ്ഥലം വിടുകയും ചെയ്തു. വിശുദ്ധ മേരിയെ സ്വന്തമാക്കാൻ വേണ്ടി എന്തുകൊണ്ട് തോമസ് സോളമൻ ഒരു മലയോര കർഷകത്തൊഴിലാളിയായില്ല? പ്രണയത്തിനുവേണ്ടി എന്തും തൃജിക്കാൻ അയാൾ തയ്യാറല്ലെന്നുണ്ടോ? കാരണം ലളിതമല്ല. വിദ്യാഭ്യാസം കാല്പനികമായ അഭിനിവേശങ്ങളെ കരിയാച്ചൻ വരുത്തിവച്ച കടങ്ങൾ തീർക്കാൻ കാർഷിക വായ്പാ പദ്ധതിപ്രകാരം മുന്നു ലോണുകൾ തോമസ് സോളമൻ ഇതിനകം കരസ്ഥമാക്കിയിരുന്നു. ഇനിയും വട്ടമെത്തിയിട്ടില്ലാത്ത രണ്ടു ചിട്ടിയിലും അയാൾ പങ്കാളിയായിരുന്നു. ഒരു ലക്ഷത്തിന്റെ ഒരു ഇൻഷ്വറൻസ് പോളിസി എടുത്തിരുന്നതുകൊണ്ട് മൂന്നുമാസത്തിലൊരിക്കൽ അതിന്റെ അടവുതുക കൃത്യമായി കെട്ടണമായിരുന്നു. ഓരോരോ പ്രാരബ്ധങ്ങൾ മനുഷ്യരെ എവിടേക്കൊക്കെയാണ് നയിക്കുന്നത്.

അഭ്യർത്ഥന

ഈ കഥയുടെ വെളിച്ചത്തിൽ കേരളാ കോൺഗ്രസ്സോ നക്സലൈറ്റ് പ്രസ്ഥാനമോ അവരുടെ രാഷ്ട്രീയ നയപരിപാടികൾ പുനഃപരിശോധിക്കേണ്ടതില്ല എന്നുമാത്രമല്ല, കൂടുതൽ ഊർജ്ജസ്വലമായി അവർക്ക് ഇനിയും മുന്നോട്ടുപോകയുള്ളൂ. എന്നാൽ മുട്ടത്തുവർക്കിയുടെ നോവലുകൾ വായിക്കുന്നവർ കാർഷിക വായ്പാ പദ്ധതിപ്രകാരം കടമെടുക്കുകയോ ഇൻഷുറൻസ് പോളിസിയിൽ ചേരുകയോ ചെയ്യരുത്.



വിജയൻ എസ്.കല്ലുനാട്

ഒരു പ്രമുഖ വാരിക ആവശ്യപ്പെട്ടതനുസരിച്ച്, രാത്രി വൈകുവോളം മിനക്കെട്ടിരുന്ന്, നമ്മുടെ യുവജനങ്ങൾക്കു നവോന്മേഷം പകർന്നുകൊണ്ട് അവരെ രാഷ്ട്ര പുരോഗതിയുടെ പാതയിലേക്ക് എപ്രകാരം ആനയിച്ചുകൊണ്ടുവരാനാകും എന്നൊരു ആശയത്തിന്മേൽ ഗഹനമായ ഒരു ലേഖനം അയാൾ എഴുതുകയുണ്ടായി. ലേഖനത്തിൽ മുഖ്യമായും അയാൾ ഊന്നൽ നൽകിയത് സാഹിത്യത്തിലായാലും ദൃശ്യകലകളിലായാലും യുവാക്കളെ വഴിതെറ്റിക്കുകയും നിരാശതയിലേക്കു വലിച്ചെറിയുകയും ചെയ്യുന്ന സൃഷ്ടികൾ ഒന്നും നടത്തരുത് എന്നതായിരുന്നു. ജീവിക്കാനുള്ള പരമമായ സ്വാതന്ത്ര്യം, കലാസൃഷ്ടികളിൽ ആയാൽപ്പോലും, മനുഷ്യർക്കുണ്ട്. സൃഷ്ടിയുടെ സൗന്ദര്യത്തിനും കച്ചവട വിജയത്തിനുംവേണ്ടി, ജീവിക്കാനുള്ള മനുഷ്യസ്വാതന്ത്ര്യത്തെ ഹനിച്ചുകൊണ്ട്, അവരെ കാര്യകാരണങ്ങളില്ലാതെ കൊന്നുകളയാൻ പാടുള്ളതല്ല. അങ്ങനെ ചെയ്യുമ്പോൾ സൃഷ്ടി നടത്തുന്ന ആൾ, തന്റെ കഥാപാത്രങ്ങളുടെ, കൊലയാളിയായിത്തീരുകതന്നെയാണു ചെയ്യുന്നത്.

മനുഷ്യജീവിതങ്ങൾക്ക് അർത്ഥം കണ്ടെത്തേണ്ട ഉത്തരവാദിത്വം, കാലഘട്ടത്തിനൊപ്പം, സർക്കാരിനും ബുദ്ധിജീവികൾക്കും ഉണ്ട്. അതുപോലെതന്നെ, ഒരു മനുഷ്യജന്മത്തെ സാർത്ഥകമാക്കുന്നതിൽ സമൂഹത്തിനും അതിന്റെ ധർമ്മങ്ങൾ പാലിക്കാനുണ്ട്. സമൂഹത്തിന്റെ ആത്മാവിന് ഓജസ്സും ബലവും ഉണർവ്വുമൊക്കെ പ്രദാനം ചെയ്യേണ്ടത് സർക്കാർ തന്നെയാണ്. പ്രശ്നങ്ങൾ സൃഷ്ടിക്കുകയല്ല, അതൊഴിവാക്കുകയാണ് സർക്കാർ ചെയ്യേണ്ടത്.

ഒരെഴുത്തുകാരൻ ഒരു കഥാപാത്രത്തെ തിരഞ്ഞെടുത്തു കൈയാളുമ്പോൾ ജീവിത ധർമ്മങ്ങൾ മറന്നുകളയാൻ പാടില്ല. മരിക്കാത്ത മനുഷ്യരാണ് എഴുത്തുകാരന്റെ കഥാപാത്രങ്ങളെന്നു പ്രത്യേകം ഓർക്കേണ്ടതുണ്ട്. അതേസമയം, അവരെ കൊന്നു കളയുവാനും എഴുത്തുകാരന്റെ തൂലികയ്ക്കു കഴിയുന്നുണ്ടല്ലോ. ഇവിടെയാണ് എഴുത്തുകാരൻ സൂക്ഷ്മത പാലിക്കേണ്ടത്.

ലേഖനം മുഴുമിപ്പിച്ചപ്പോൾ സംതൃപ്തിയുടെ പ്രകാശം അയാളിൽ വിരിഞ്ഞു. നല്ല ലേഖനമാണിത് എന്നയാൾക്കു തോന്നുകയും ചെയ്തു. ഒരു എഴുത്തുകാരൻ എന്ന നിലയ്ക്ക് സമീപകാലത്തൊന്നും ഇത്തരത്തിൽ പ്രൗഢമായ ഒരു ലേഖനം താൻ എഴുതിയിട്ടില്ല. വാചകങ്ങൾ ക്രമത്തിനേ നിരത്തിയിട്ടുള്ളൂ, ഘടനാഭംഗി കരുതി, സാധാരണ ലേഖനമെഴുത്തുകാർ ചെയ്യുമ്പോലെ, മലക്കം മറിച്ചിലുകളൊന്നും നടത്തിയിട്ടില്ല. ദുരൂഹതയും കൊണ്ടുവന്നിട്ടില്ല. എല്ലാവർക്കും വായിച്ചാൽ മനസ്സിലാകും. സത്യസന്ധമെന്നു സ്വയം തോന്നിയ കാര്യങ്ങൾ മാത്രമേ എഴുതിയിട്ടുള്ളൂ.

ലേഖനം എഴുതിക്കഴിഞ്ഞ്, പതിവുപ്രകാരം, അതിനെ തവിട്ടുനിറത്തിലുള്ള പ്രസ്സ് മാറ്ററിന്റെ എൻവലപ്പിലാക്കി ഒട്ടിച്ചുവച്ചു. പത്രാധിപർക്കുള്ളതിൽ അയാൾ ഓർമ്മിപ്പിച്ചു: "ചിത്രങ്ങളുടെ ആവശ്യമില്ലാതെതന്നെ ലേഖനം കൊടുക്കാം. സത്യസന്ധതയുടെ മിതത്വം. ഒരുക്കം ലേ-ഔട്ടിൽ പ്രത്യേകിച്ചൊന്നു ശ്രദ്ധിച്ചാൽ കൊള്ളാം: അത്രമാത്രം."

അയാൾ കിടക്കയിലേക്കു പോയപ്പോൾ നേരം വളരെ വൈകിയിരുന്നു. അയാളുടെ വീട്ടിനെ ചൂഴ്ന്നുനിന്നിരുന്ന റബർ മരങ്ങൾക്കിടയിൽ ഇരുളും നിലാവെട്ടവും കൂടിക്കിടന്നിരുന്നു. അവിടം കുന്നുകൾ കൊണ്ട് മനോജ്ഞമായ ഒരു ഉൾനാടൻ പ്രദേശമാണല്ലോ. വാസ്തവത്തിൽ ഈ റബർ തോട്ടമൊന്നും മധ്യവയസ്കനായ അയാളുടേതല്ല. ഇവിടെ നല്ലൊരു സിറ്റൗട്ടും മുന്നു കിടക്കമുറികളും അതിനു വേണ്ട സൗകര്യങ്ങളുമുള്ള ആ വീടും പത്തറുപതു സെന്റ് പുരയിടവുമേ അയാൾക്കു സ്വന്തമായുള്ളൂ.

കുറെ ദൂരെ തോട്ടം തൊഴിലാളികളുടെ പതിഞ്ഞ ക്വാർട്ടേഴ്സുണ്ട്. അതിന്റെ അവ്യക്ത ചിത്രം രാത്രിസമയത്ത് ഉറ്റുനോക്കി നിൽക്കുന്നതിൽ അയാൾ ലഹരി കണ്ടെത്തുന്നു. തമിഴ്നാട്ടിൽ നിന്നും മറ്റും വന്നു വളരെയേറെ അദ്ധ്വാനിച്ചു ജീവിക്കുന്ന തോട്ടം തൊഴിലാളികളോട് അയാൾക്ക് എത്ര യും ഇഷ്ടമാണ്. തങ്ങളുടെ സമീപത്ത് പ്രശസ്തനായ ഒരു എഴുത്തുകാരനും കുടുംബവും പാർക്കുന്നു എന്നതിന്റെ പേരിൽ ശുദ്ധഹൃദയന്മാരായ തൊഴിലാളികൾക്ക് അഭിമാനമുണ്ടെന്നു തോന്നുന്നു.

പക്ഷേ, ഉറങ്ങാൻ കിടന്നിട്ട് അയാൾക്ക് ഉറക്കം വരികയുണ്ടായില്ല. ഭാര്യയും കുട്ടികളും കൂർക്കം വലിച്ചുറങ്ങുന്നത് അയാളറിഞ്ഞു. ക്രമേണ, റബർ മരങ്ങൾക്കിടയിൽനിന്നു തണുപ്പ് വീട്ടിനകത്തേക്ക് അരിച്ചുകേറി വരാൻതുടങ്ങി.

പിന്നെയും ഉറക്കം വരാതായപ്പോൾ അയാൾ എഴുന്നേറ്റ് സിറ്റൗട്ടിലെ ഏകാന്തതയിൽ പോയിരുന്നു. ഇത് നാടോടെ വന്നുഭവിച്ച ഒരനുഭവമായി കരുതുകവയ്യ. ഒരെഴുത്തുകാരൻ എന്ന നിലയ്ക്ക് സൃഷ്ടിപരമായ ചിന്തകൾ വ്യാപരിക്കുമ്പോൾ, രാത്രികളിൽ, നിദ്ര നഷ്ടപ്പെട്ടുപോയിട്ടുണ്ട്. അതൊക്കെ കാല്പനികതയുടെ പേരിലുണ്ടായിട്ടുള്ള പരിവർത്തനങ്ങൾ മാത്രമാണ്. ഇപ്പോൾ ഒരു ലേഖനത്തിലെ പ്രതിപാദ്യത്തിന്റെ പിറകേ ചിന്തകൾ പോയിട്ട് സ്വാസ്ഥ്യം കെട്ടുപോയിരിക്കുകയാണ്. അത് അയാൾക്ക് മനസ്സിലാക്കാനായില്ല.

നിദ്ര വരാൻവേണ്ടി വ്യഥാവിൽ ഒരു സമരം വേണ്ട. അതിനു പകരം സുഖമായി സിറ്റൗട്ടിൽ ഇരിക്കുന്നതുതന്നെയാണുചിതമെന്ന് അയാൾക്കു തോന്നി. അവിടിരുന്ന് മൂന്നാല് ബീഡികൾ അയാൾ പുകച്ചുതള്ളി. അതിനിടെ, എഴുന്നേറ്റ് കുറെ ഉലാത്തുകയും ചെയ്തു. അയാളുടെ ഭാര്യ ഇതിനെയൊക്കെ ഭ്രാന്ത് എന്നാണു പറയുന്നത്. ഭർത്താവിനെ കളിയാക്കുമെങ്കിലും, സ്വതന്ത്ര ചിന്തകളിൽ നിന്നയാളെ പിന്തിരിക്കുന്ന കടുംകൈകളൊന്നും കാട്ടില്ലവൾ. ഇത്തിരികഴിഞ്ഞു നോക്കിയപ്പോഴുണ്ട്, ഉറക്കംതുങ്ങിയ മുഖവുമായി പുതപ്പും വാരിച്ചുടി തന്റെ ശ്രീമതി അടുക്കലേക്കു വന്നുകഴിഞ്ഞു.

"എന്തേ. ഒറക്കം വരുന്നില്ലേ?" അവർ ആരാഞ്ഞു. അവിടന്ന് ഒരു ചൂരൽക്കസേര വലിച്ചിട്ട് ശ്രീമതി ഇരിപ്പുറപ്പിച്ചു. എന്തോകൂടിപ്പറഞ്ഞിട്ട് ഭാര്യ എഴുന്നേറ്റുപോയി ചായ ഉണ്ടാക്കിക്കൊണ്ടുവന്നു. അവർ ആ ബ്രൗൺ എൻവലപ്പ് എടുത്തുനോക്കി. വേണ്ടത്ര പ്രതിഫലം കിട്ടുന്ന വാരിക തന്നെയാണ്. അതിന്മേൽ പിൻകോഡു കൂടി പേനയെടുത്ത് അവർ എഴുതിച്ചേർത്തു.

"നി പോയി കെടന്നോ. ചുമ്മാ എന്തിനു ഒറക്കമെളയ്ക്കണം. നീ കൂടി?" ചായ കുടിച്ചുതീരാറായപ്പോൾ അയാൾ പറഞ്ഞു. ഭാര്യ വെളുക്കുവോളം അയാൾക്കു കൂട്ടിരുന്ന രാത്രികൾ ഉണ്ടായിട്ടുള്ളതാണ്. അപ്പോൾ സൃഷ്ടിപരതയ്ക്കിടയിൽ അവരോട് ചില സംശയങ്ങൾ അയാൾ ചോദിച്ചെന്നിരിക്കും. സാങ്കേതികമായ ചില അറിവുകൾ ഭാര്യയ്ക്കു കൊടുക്കാനാവും. സ്ത്രീകഥാപാത്രങ്ങളെസ്സംബന്ധിച്ചിടത്തോളം ചില പ്രത്യേകസന്ദർഭങ്ങളിൽ...

"നീ കൊറെക്കഴിഞ്ഞ് പൊറത്തേയ്ക്ക് എറങ്ങി നടക്കുകയൊന്നും അരുത്." ഒരു കൊച്ചുകുട്ടിയോടെന്നപോലെ ഭാര്യ അയാളോടു പറഞ്ഞു. "നേരം കൊറെയേറെ ആയി."

ഭാര്യ പോയിക്കിടന്നു കൂർക്കം വലിക്കുന്നത് അയാൾ കേട്ടു. കുട്ടികൾ നിദ്രയ്ക്കിടയിൽ പിച്ചും പേയും പറയുന്നുണ്ട്. നിവൃത്തിയുണ്ടെങ്കിൽ അവർ വന്ന് അച്ഛനു കൂട്ടിരിക്കും. കൂട്ടത്തിൽ ഒരാൾ നല്ലൊരു പ്രൂഫ് റീഡറാണ്.

ഇപ്പോൾ എഴുത്തുകൊണ്ട് ജീവിച്ചുപോകാൻ കഴിയുന്നുണ്ട്. നാളത്തെ അവസ്ഥയെപ്പറ്റി മലയാളത്തിന് ഉത്കണ്ഠയാണുള്ളത്. ഒന്നാമത് ദൃശ്യമാധ്യമങ്ങളുടെ സർവ്വ വ്യാപനവും രണ്ടാമത് മലയാള ഭാഷയോട് പൂന്താൻ തലമുറ കാട്ടുന്ന അവജ്ഞയും. ആരെയും കുറ്റപ്പെടുത്താൻ കഴിയുകയില്ല. കാലത്തിന് അതിന്റെ ധർമ്മങ്ങളും സ്വഭാവവും ഉണ്ടാവും. നേരേമറിച്ച്. ഇതിന്റെയെല്ലാം പരിപൂരിതാവസ്ഥയ്ക്കു ശേഷം ഒരു മടക്കത്തിന്റെ അനിവാര്യതയിലേക്കും ഈ കാലംതന്നെ കൂപ്പുകുത്തിക്കുടായ്കയില്ല. നന്മകൾ കുമിഞ്ഞുകൂടുമ്പോൾ, ഒടുവിൽ, തിന്മയിലേക്കുള്ള മടക്കം അനിവാര്യമായി വരുന്ന മായാജാലം കാലത്തിന്റെ കളിയിൽപ്പെടുമെന്നു പറയപ്പെടുന്നുണ്ടല്ലോ. ഒരു പ്ലസ്സിന്റെ അന്ത്യം മറ്റൊരു മൈനസ്സിന്റെ ശ്മശാനഭൂവിലാവുമെന്നു പറഞ്ഞ മഹാനാരാണ്?

പിന്നെയും വളരെക്കഴിഞ്ഞിട്ടും അയാൾക്ക് ഉറക്കം വരികയുണ്ടായില്ല. എന്നാൽ, കുറെ എഴുന്നേറ്റുനടന്നാലെന്തെന്ന് അയാൾക്കുതോന്നി. അങ്ങനെയൊക്കെ വിക്രിയകൾ, ഭാര്യ പറയുമ്പോലെ, അയാൾ കാട്ടിക്കൂട്ടാറുള്ളതാണല്ലോ. സിറ്റൗട്ടിൽ നിന്നെണീറ്റ് അകത്തേക്കുപോയി ഒരു മഫ്ളറെടുത്ത് അയാൾ തലയിൽ ചുറ്റിക്കെട്ടി. ആവശ്യത്തിനുള്ള അയാളുടെ ബ്രാണ്ട് ബീഡിയും കൈയിലെടുത്തു. ടോർച്ചുമെടുത്ത് പുറത്തേക്കു വരുംമുൻപ് അയാൾ ഭാര്യയെ ഉണർത്തി വിവരമറിയിച്ചു. ഉറക്കത്തിനിടയിൽ അവർ സമ്മതംമൂളുകയും ചെയ്തു.

ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ താൻ നേരേ തോട്ടം തൊഴിലാളികളുടെ ക്വാർട്ടേഴ്സിലേക്കാണു പോവുക. അവരുടെ പ്രദേശിക ഭാഷാശൈലിയും വിവരണങ്ങളുമൊക്കെ രസകരമാണ്. നിത്യവൃത്തിക്കുള്ള വക അവരെസ്സംബന്ധിച്ച് അദ്ധ്വാനത്തിലാണിരിക്കുന്നത്. അതുകൊണ്ട് അവർക്കൊരുപാടു കഥകൾ അയവിറക്കാനുണ്ടാവും. ഭൂപരിഷ്കരണവും തൊഴിലാളി സംഘടനകളുമൊക്കെ ഉണ്ടായത് ഗുണകരമായിട്ടുണ്ടെന്ന് അവർ നന്ദിയോടെ ഓർക്കുന്നു. ഇനി വേറെന്തോ ഒരു മാറ്റമാണ് ആവശ്യമായിട്ടുള്ളത്. അതിനെപ്പറ്റി, പക്ഷേ, വ്യക്തമായ രൂപമൊന്നുമില്ലവർക്ക്. പുത്തനൊരു കാറൽ മാർക്സോ അങ്ങനെയുള്ള വ്യക്തികളോ പിറവിയെടുത്ത് നൂതന തത്ത്വസംഹിതകൾക്കു രൂപംകൊടുക്കണം. പഴയ തത്ത്വങ്ങൾ ഉദ്ധരിച്ചു സംസാരിച്ചുകൊണ്ടിരിക്കുന്നത് സമയം വ്യഥാവിൽ കൊന്നുകളയുന്നതിനു തുല്യമാണ്.

തോട്ടംതൊഴിലാളികളുടെ ക്വാർട്ടേഴ്സിന്റെ നേർക്കുനടന്ന അയാൾ അവിടെ എത്തിച്ചേരുന്നതിനു കുറെയകലെ വച്ച് കുന്നിൽനിന്ന് ഇടത്തോട്ട് വഴി പിരിയുന്നിടത്തുനിന്നു നേരെ തടത്തിലേക്കാണ് നടന്നുനീങ്ങിയത്. അങ്ങനെ അയാൾ നേരത്തേ ചിന്തിച്ചിരുന്നോ എന്നറിയില്ല. ആ തടം സഞ്ചാരത്തിനു പറ്റിയതാണെന്ന് പറഞ്ഞുകൂടാ. പ്രത്യേകിച്ച് രാത്രിയിൽ.

വഴിത്തിരിവിൽ വച്ച് അയാളുടെ മനസ്സിൽ കടന്നുനിന്നിരുന്ന ലേഖനത്തിന്റെ പ്രതിപാദ്യവിഷയം കൊടുമ്പിരിക്കൊണ്ടു. യുവാക്കൾ തന്നെയാണ് നൂലാമാലകൾ സൃഷ്ടിച്ചുകൊണ്ടിരുന്നത്. ഇപ്പോൾ അയാൾ അയാളെ മറന്നിരിക്കുകയാണെന്നല്ലാം ആലങ്കാരിക ഭാഷയിൽ പറയാം. ടോർച്ച് കൈയിൽ മുറുക്കിപ്പിടിച്ചിട്ടുണ്ടെന്നതൊഴിച്ചാൽ, അതിൽനിന്നു പ്രകാശത്തിന്റെ പ്രസരം പുറത്തേക്കു വരാനും വേണ്ടി സ്വിച്ചിൽ വിരലമരുന്നതേയില്ല. അയാൾക്കു വട്ടുണ്ടോ എന്ന് ഒരു വഴിപോക്കനു സംശയിക്കാവുന്നതാണ്.

താഴ്വാരത്തിലെ ഇരുട്ട്, അതിലേക്കു വീഴുന്ന നിലാവെളിച്ചത്തെ അതിക്രമിച്ച്, ഭീതിദമാംവണ്ണം കിടന്നിരുന്നു. രാത്രിയിലെ പ്രാണികളുടെ ചലനങ്ങളും ആരവവും ഇല്ലാതില്ല. പക്ഷേ, അയാൾ താൻ സ്വയം തീർത്തുവച്ച ഒരു അന്തരീക്ഷത്തിന്റെ സാന്ദ്രതയിൽ മുങ്ങി താഴ്വാരത്തിന്റെ ഗഹനതയിലേക്കു നടന്നുനീങ്ങുകയായിരുന്നു. ഇത് ഒരെഴുത്തുകാരന്റെ ദൗർബല്യമായിക്കരുതി അയാളോടു സഹതപിക്കാമെന്നുവച്ചാൽത്തന്നെ, അയാൾ ഇവിടെ ഒരു ലേഖനമാണ് എഴുതിയിട്ടുള്ളത്. ആ നിലയ്ക്ക്. ഇയാളെ എങ്ങനെ എണ്ണണം എന്നുള്ളത് അവ്യക്തമായ കാര്യമാണ്. ഏതായാലും, ഒരിടത്തും കാൽവഴുതി വീണുപോകാതെ അയാൾ തന്റെ വഴിയേ നടന്നുനീങ്ങുന്നുണ്ടെന്നത് ആശ്വാസകരം.

ചിന്തകളും മനസ്സിന്റെ വിചിത്ര സ്വഭാവങ്ങളുംകൊണ്ട് പരിസരത്തെ മാറ്റിമറിച്ച് ബോധത്തെ തോന്നിയയിടത്തേക്ക് ഒഴുക്കുവാൻ കഴിയുന്നവരുണ്ട്. അങ്ങനെ ചിന്തിക്കുമ്പോൾ സത്യദർശനം നേർവഴിയിലേ നടക്കൂ എന്നും വരുന്നുണ്ട്. കിഴുക്കാംതൂക്കായ ചിന്തകൾക്ക് കാല്പനികതകളിൽ ചെന്നുതല്ലാത്ത സാധ്യതകളുമുണ്ട്.

പൊടുന്നനെ, അയാളുടെ മനസ്സ് ഒന്നുലയുകയും ആനുപാതികമായി, അതിന്റെ പ്രതിഫലനം എന്നോണം, തടത്തിന്റെ ഇടതുവശത്തുള്ള വൃക്ഷശിഖരങ്ങളിൽനിന്ന് പ്രകമ്പനങ്ങൾ ഉയരുകയും ചെയ്യുന്നു. ഒരു ഞടുക്കത്തോടെയാണ് എഴുത്തുകാരൻ, ഇരുൾ മൂടിക്കിടന്ന ആകാശത്തിലേക്കുയർന്ന വൃക്ഷശിഖരക്കൂട്ടത്തിലേക്കു നോക്കിയത്. തദവസരം, ദൈവഗത്യാ, ഒരനുഗ്രഹമായി തങ്ങിനിന്ന നിലാവെട്ടം മങ്ങുകയും ചെയ്തു. അയാൾ ആകപ്പാടെ ഒന്നു പേടിച്ചരണ്ടപോലുണ്ടിപ്പോൾ. ഏതായാലും, കക്ഷത്തിലെങ്ങോ ഒതുക്കിയിരുന്ന ടോർച്ച് ഒരായുധംപോലെ കൈയിലേക്ക് എടുത്ത് മുറുക്കിപ്പിടിച്ചു. തന്റെ നിലപാടിൽ ദൃഢത വരുത്താനും അയാൾ മറന്നില്ല. ഏതൊന്നിനെ നേരിടാനും മനസ്സിന്റെ തയ്യാറെടുപ്പ് ആവശ്യമാണല്ലോ. അതുകൊണ്ടുതന്നെ, അയാളുടെ മനസ്സിൽ അപ്പോൾ വരെ നിറഞ്ഞുനിന്ന സംഘർഷത സൃഷ്ടിച്ചുകൊണ്ടിരുന്ന ലേഖനത്തിലെ കഥാപാത്രങ്ങളായ യുവജനങ്ങൾ അല്പനേരത്തേക്ക് അപ്രാ



പൃതയിലേക്ക് അന്തർധ്യാനം ചെയ്തു. ഒരു നിമിഷത്തെ നിശ്ശബ്ദത അയാളെയും ഭീതിജനകമായ കാടിന്റെ പരിസരത്തെയും ആ അന്തരീക്ഷത്തെ ആകെത്തന്നെയും മൂടിക്കളഞ്ഞു. അയാളാകട്ടെ, തന്റെ നിലപാടിലും ദൃഷ്ടി കടാക്ഷത്തിലും തരിമ്പിനു മാറ്റം വരുത്തിയിരുന്നില്ല.

ഒരു യുവതിയുടെ രൂപം വൃക്ഷക്കൂട്ടങ്ങൾക്കിടയിൽ, കുന്നിന്റെ ചെരുവിൽ ഒരിടത്തു പ്രത്യക്ഷപ്പെട്ടത് പെട്ടെന്നായിരുന്നു. അപ്പോഴേക്കും, നിലാവെളിച്ചം വീണ്ടും അവിടേക്ക് ഒഴുകിവരികയും ചെയ്തു. അയാൾ യുവതിയിലേക്ക് ഒരുതരം പതറാത്ത നോട്ടമയച്ചു, രണ്ടും കല്പിച്ച്.നിന്നു. അവളെ അയാൾക്കു വ്യക്തമായി കാണാൻ കഴിയുന്നുണ്ട്. മനുഷ്യന്റെ ബോധത്തിലേക്ക് ആരെല്ലാമോ ചേർന്നു വാസ്തവമായോ അവാസ്തവമായോ കടത്തിവിട്ട പിശാചിന്റെ വേഷങ്ങളോ നിലംതൊടാത്ത നിലപാടോ ഒന്നുമായിരുന്നില്ല മരച്ചോട്ടിൽ നില കൊള്ളുന്ന സ്ത്രീക്കുള്ളത്. വേണമെങ്കിൽ, പ്രകാശമാനമായ അവളുടെ മനോഹരമായ കണ്ണുകൾക്ക് ഒരൗന്മകത കല്പിക്കാം. എങ്കിലും, നോക്കൂ, അവൾ തന്റെ കാലുകൾ നിലത്തൂറപ്പിച്ചു കണ്ണിമയ്ക്കാതെ അയാളിൽത്തന്നെയല്ലേ, നോട്ടമയച്ചുനില്ക്കുന്നത്. ഒരെഴുത്തുകാരൻ എന്ന നിലയ്ക്ക് അതുപോലൊരു സാഹചര്യത്തോട് യുക്തിസഹമായി പ്രതികരിക്കേണ്ടതുണ്ട്. അയാൾ. മറിച്ച്, അവിടന്ന് തടിതപ്പുന്നതിനുള്ള വെപ്രാള ഭാവത്തിലായിരുന്നു. എഴുത്തുകാരൻ. അയാളാകട്ടെ കുന്നിന്റെ ചരിവിൽ, തടത്തിലൂടെ ഏറെദൂരം അവരോഹണം ചെയ്ത് ഇങ്ങ് താഴ്വാരത്തോളം എത്തിച്ചേർന്നിരിക്കുന്നു?

നിലാവൊളി കുറെക്കൂടി വിസ്തൃതിയിലേക്ക് പരന്നൊഴുകുകയാണെന്നു, ക്രമേണ, അയാൾക്ക് തോന്നിത്തുടങ്ങി. ആ തോന്നലുകളിൽ നിപതിക്കുമ്പോൾത്തന്നെ താൻ കൂടുതൽ അശരണനാവുകയാണു ചെയ്യുന്നത്. ഈ വിഷമവൃത്തത്തിൽ നിന്നു തനിക്കു മോചനമില്ലേ, എന്ന് അയാൾ മനസ്സുകൊണ്ട് ആരോടെന്നില്ലാതെ കേഴുന്നു.

"സർ...." പൊടുന്നനെ, ആ യുവതി അയാളുടെ തൊട്ടുമുൻപിൽ എത്തിനിന്നു. ചിരപരിചയമുള്ള ഒരാളോടെന്നപോലെ, ശബ്ദം താഴ്ത്തി, അടിസംബോധന ചെയ്തു. വെള്ള വട്ടപ്പുള്ളികളുള്ള പച്ചസാരിയും പച്ചനിറത്തിലുള്ള ബ്ളൗസും ഭംഗിയായി അവൾ അണിഞ്ഞിരുന്നു. സ്വതേ, ഷാംബു തേയ്ക്കുന്ന സ്വഭാവമുള്ള അവൾ അപ്പോഴും അതിട്ടു മുടി വൃത്തിയാക്കി കോതിയൊതുക്കി വെച്ചിരുന്നു. പൊട്ട് കൃത്യമായി പുരികങ്ങൾക്കിടയിൽ നെറ്റിത്തടത്തിലെ ഒത്ത സ്ഥാനത്തുതന്നെയുണ്ട്. അരയോ മുക്കാലോ പവന്റെ ഒരു നേരിയ മാല കഴുത്തിൽ കിടന്നത് ചലനത്തിനിടയ്ക്ക് നിലാവെട്ടത്തിന്റെ മിന്നലാട്ടത്തിൽ അയാൾ ദർശിച്ചു.

"സാറിന് അറിയില്ലേ, എന്നെ?" തികഞ്ഞ സൗമ്യതയോടെ യുവതി ആരാഞ്ഞു.

അവൾ ആരാണെന്ന് ഓർത്തെടുക്കുന്നതിനുള്ള തത്രപ്പാടിലായിരുന്നു. അയാൾ. യുവാക്കളെപ്പറ്റിയുള്ള കലുഷമായ ചിന്തകൾക്കിടയിലെങ്ങോ, എപ്പോഴോ. ഇവൾ തന്റെ മനസ്സിൽ തലകാട്ടിയതല്ലേ? വാസ്തവത്തിൽ ഒരു മനശ്ശാസ്ത്രജ്ഞനുകൂടി ദുർഗ്രഹമായി തോന്നിപ്പോയേക്കാവുന്ന വിചിത്രമായ ഒരു മാനസികാവസ്ഥയിലായിരുന്നുവല്ലോ അപ്പോൾ അയാൾ. ബോധാബോധമെന്നോ ഉപബോധമെന്നോ ഒക്കെ പേരുപറഞ്ഞു. അല്ലെങ്കിൽ എല്ലാംകൂടി ചേർത്ത് ഒന്നാക്കി. അതല്ലെങ്കിൽ ഒറ്റയ്ക്കുനിർത്തി നമുക്ക് എങ്ങനെയും അതിനെ അപഗ്രഥിച്ച് മൂല്യനിർണ്ണയം. നടത്താവുന്നതാണ്.

ഒടുവിൽ തന്റെ നാവിൻതുമ്പിൽ ഇരുന്ന ഒരു ശബ്ദത്തെ അനായാസമായി ഉരുവിടുന്നപോലെ. അവളിലേക്കു നോട്ടമയച്ചിട്ട്, അയാൾ പറഞ്ഞു-

"അശ്വതി-?"

"അതെ, സർ."

"എന്റെ മേഖല എന്ന നാടകത്തിലെ ദുരന്ത കഥാപാത്രം-?"

"അതെ, സർ."

കൗതുകവും കഷ്ടതയും ഫലിതവും നർമ്മവും കൂട്ടിക്കലർന്ന ഒരു സൂക്ഷ്മഭാവത്തിൽ എഴുത്തുകാരന്റെ ദൃഷ്ടികൾ ഒന്നു സങ്കോചിക്കുകയും, അത് അവളിൽനിന്നു വിട്ട് സമീപത്ത് നിലത്തുള്ള ഒരു ബിന്ദുവിൽ തറയ്ക്കുകയും ചെയ്തു. പരമായ ചിന്തയെ പിൻപറ്റുന്ന ബുദ്ധിമാന്റെ ലാക്ഷണികത എന്നെണ്ണാവുന്ന തരത്തിൽ. തദവസരം, അയാളുടെ വായ് ഭദ്രമായി അടച്ചുപിടിച്ചിരുന്നു.

"എന്നെ കൊല്ലാതെ ജീവിതത്തിന്റെ തുറസ്സായ വഴിയിലേക്ക് അങ്ങേയ്ക്കു നയിക്കാമായിരുന്നില്ലേ സർ?" പൊടുന്നനെ, യുവതിയുടെ ശബ്ദം വിലാപത്തിൽ ലയിച്ച് പുറത്തേക്കുവന്നു. അവൾ. കുടുകുടെ. കരഞ്ഞുതുടങ്ങിയിരുന്നു.

പെട്ടെന്നൊരു മറുപടി പറയുവാൻ എഴുത്തുകാരന് കഴിഞ്ഞില്ല. വല്ലാത്തൊരു പ്രഹരമേറ്റ പ്രതീതിയിലമർന്ന് അയാൾ തരിച്ചുനിന്നു എന്നുപറയാം. അവിടെ നില്ക്കുമ്പോൾ അയാളുടെ ദുരന്ത നാടകത്തിന്റെ കഥ അയാളോർത്തു-

ഡ്രഗ്സിന് അടിമയായ തന്റെ ഏകപുത്രന്റെ സഹായിയായി ഗൾഫിൽ ജോലിയുള്ള ധനവാനായ ഒരു വിധുരൻ ഒരു ചെത്തുതൊഴിലാളിയുടെ മകളായ അശ്വതിയെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുവന്നു നിർത്തുകയായിരുന്നു. വീട്ടിൽ ഗൾഫുകാരന്റെ അനുജനും ഭാര്യയും ധൂർത്തനും ദുർന്നടത്തക്കാരനുമായ മകനും പണിക്കാരും മറ്റുമുണ്ട്. പോരാത്തതിന് ആഡംബരപ്രിയനും സ്വന്തം സ്ഥാനമാനങ്ങളെ മറന്നു കൂത്താടുന്നവനുമായ അനുജന്റെ ഭാര്യയുടെ അച്ഛനും ഉണ്ട്. ഗൾഫുകാരൻ മുൻപ് കുറെക്കാലം ജീവസന്ധാരണത്തിനുവേണ്ടി സിംഗപ്പൂർ മലേഷ്യാ ഭാഗങ്ങളിൽ തൊഴിലെടുത്തു. അതിനുമുൻപ്, കൗമാരത്തിലെ പട്ടിണിക്കും അനാഥത്വത്തിനുമിടയ്ക്ക് സിലോണിൽ കുറെക്കാലം ജോലി ചെയ്തു. അതിനിടെ സിംഗപ്പൂർ വാസത്തിനിടയിൽ ഒരു തമിഴത്തിയെ അയാൾ വരിച്ചെങ്കിലും അകാലത്തിൽ അവിടെവച്ചുതന്നെ അവർ കാലയവനികയിലേക്കു മറഞ്ഞു. പിന്നെ, അയാൾ

വിവാഹം കഴിക്കാൻപോയില്ല.

ഏക പുത്രനെ ഊട്ടിയിൽ നിർത്തി പഠിപ്പിക്കുകയായിരുന്നു. അപ്പോഴാണ് അവൻ ഡ്രഗ്സുകൾക്ക് അടിമപ്പെട്ട് അച്ഛന്റെ എതിരാളിയും ശത്രുവും ആയി മാറുന്നത്. പഠിത്തംതന്നെ മുടങ്ങിപ്പോവുകയാണുണ്ടായത്. മകനെ ചികിത്സിച്ചിട്ടൊന്നും കാര്യമായ ഫലസിദ്ധി ലഭിക്കാഞ്ഞ് വിധുരനായ അയാൾ സ്വന്തം അനിയനെ ഏല്പിച്ചു. ഒടുവിലവനെ എങ്ങുമെത്തിപ്പെടാത്ത നിരാശ്രയനായ അയാൾ ഗൾഫിൽ കൂട്ടിക്കൊണ്ടുവന്നു കൂടുകച്ച വടത്തിലൂടെ പണം വാരിക്കൂട്ടി. അനിയനും ഭാര്യയും അവരുടെ അച്ഛനും മകനുമെല്ലാം ചേർന്ന്. അപ്പോഴേക്കും മാനസികരോഗിയായിക്കഴിഞ്ഞിരുന്ന തന്റെ പുത്രനിലൂടെ ഗൾഫുകാരനെ ശരിക്കു മുതലെടുത്തു. ഇതിന്റെയൊക്കെ ഇടയിലേക്കാണ് മകനെ വീട്ടിൽ വന്നു ചികിത്സിച്ചുകൊണ്ടിരുന്ന മനോരോഗ ഭിഷഗ്വരന്റെ അഭിപ്രായപ്രകാരം അശ്വതിയെ കൊണ്ടുവന്നാക്കിയത്.

നാടകം അതോടെ മറ്റൊരു വഴിയിലേക്കു തിരിയുകയാണ്. മകൻ അശ്വതിയിലൂടെ മനസ്സിന്റെ സ്വസ്ഥതാളത്തിലേക്കു സാവകാശം വന്നുതുടങ്ങുകയും ചെയ്യുന്നതോടെ അനിയന്റെ മകൻ അശ്വതിയെ ബലാൽക്കാര വേഴ്ചയിലൂടെ ഗർഭവതിയാക്കുന്നു. ഗൂഢതന്ത്രമുറകൾ ഉപയോഗിച്ച് ഉപജ്ഞാപക സംഘം-അനിയൻ, ഭാര്യ, ഭാര്യയുടെ അച്ഛൻ, മകൻ-ഗർഭഹേതു പാവം മകനിൽ ആരോപിക്കുന്നു.

കാൻസർ രോഗത്തിനടിമപ്പെട്ട് ഭിഷഗ്വരന്മാരാൽ കൈയൊഴിയപ്പെട്ട് അവിചാരിതമായി ഒരുനാൾ ഗൾഫുകാരൻ വീട്ടിൽ വരുമ്പോൾ രംഗമിതാണ്. താനൊരു രോഗിയാണെന്നു പ്രഖ്യാപിക്കാതെ സമചിത്തതയോടെ അയാൾ മനസ്സിലാക്കുകയാണ്. പക്ഷേ, അനുജൻ ഭാഗം ചോദിക്കുകയും മകൻ വെല്ലുവിളിക്കുകയും അനിയത്തി പ്രാകുകയുമൊക്കെ ചെയ്യുന്നിടത്തോളം നാടകത്തിന്റെ ദുരന്ത ഭാഗങ്ങൾ നീണ്ടെത്തുന്നു. കണക്കറ്റു വാരിക്കൂട്ടിയതൊന്നും അയാൾക്കു തുണയാകുന്നില്ല. ആ വീടൊഴിച്ച് എല്ലാം അനുജനും ഭാര്യയ്ക്കും അവരുടെ പുത്രനും കൊടുക്കുവാൻ അയാൾ സന്നദ്ധനാവുകയാണ്. വീട് നിരപരാധിനിയായ അശ്വതിക്കാണെന്ന് അയാൾ അക്ഷോഭ്യനായി പ്രഖ്യാപിക്കുമ്പോൾ അനുജനും കുടുംബവും അവിടം വിട്ടിറങ്ങിപ്പോകുന്നു.

നേർക്കുനേർ കണ്ടാൽ മകൻതന്നെ കൊടുവാളുപയോഗിച്ചു വെട്ടിവീഴ്ത്തും. അതുകൊണ്ട് മാനസികനില നഷ്ടപ്പെട്ട മകനെ ഒളിഞ്ഞാണ് അയാൾ കണ്ട് മനസ്സു കുളിർപ്പിക്കുക. മാനസികമായ പിരിമുറുക്കം വന്ന ഒരു ഘട്ടത്തിൽ അയാൾ സ്വന്തം സ്നേഹിതനായ മനോരോഗ വിദഗ്ദ്ധനോട് തന്നിലെ രോഗത്തിന്റെ കഥ പറഞ്ഞു പോവുകയാണ്. അതോടെ രോഗമൂർച്ഛാ വന്നുഭവിക്കുകയും അയാൾ ചേതനയറ്റു പോവുകയും ചെയ്യുന്നു. ആകോശങ്ങളോടെ വെട്ടുകത്തിയുമായി അച്ചാന്റെ അടുത്തേക്ക് ആഞ്ഞടുക്കുന്ന മകനെ ഡോക്ടർ തടുത്തുനിർത്തുമ്പോൾ മൂകസാക്ഷിയായ പാവം വേലക്കാരൻ വന്നുപറയുന്നു-

"ഡോക്ടർ സാറെ, അശ്വതി സ്റ്റോർ റൂമിൽ കെട്ടിത്തൂങ്ങി മരിച്ചു!"

അതായിരുന്നു അശ്വതിയുടെ ദുരന്തം. ഈ ദുരന്തത്തെ വിശകലനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യേണ്ടുന്ന ഉത്തരവാദിത്വം സൃഷ്ടികളെ നിരൂപണം ചെയ്യുന്ന ആൾ ഏറ്റെടുക്കുന്ന സാധാരണത്വമൊന്നും നിലവിലില്ലല്ലോ. ഇവിടെ നിരൂപണാഖ്യാനങ്ങളുടെ പേരിൽ മറ്റെന്തോ നടമാടുകയാണല്ലോ. ഏതായാലും, ആ വഴിക്കുള്ള ചിന്തകൾ വിടുക.

ഇവിടെ ഇപ്പോൾ അശ്വതി കണ്ണീർ വാർത്തുകൊണ്ട് തന്റെ ജനയിതാവായ എഴുത്തുകാരന്റെ മുൻപിൽ നില്ക്കുകയാണ്. അവൾ ആവർത്തിച്ച് ഒന്നുമാത്രമേ ചോദിക്കുന്നുള്ളൂ-

"എന്നെ രക്ഷിക്കാമായിരുന്നില്ലേ? ആ രക്ഷയിലൂടെ എന്നെ നശിപ്പിച്ചവരുടെ നേർക്ക് വെല്ലുവിളികൾ ഉയർത്താൻ, ഒടുവിൽ വിജയം വരിക്കാൻ എന്നെ അനുവദിക്കാമായിരുന്നില്ലേ?"

എഴുത്തുകാരന് പിന്നെ ഒരു നിമിഷംകൂടി അവളെ അഭിമുഖീകരിച്ച് അവിടെ നില്ക്കുവാൻ കഴിയില്ലെന്ന അവസ്ഥ വന്നുചേർന്നു. ഒരു പ്രകാരത്തിൽ അയാൾ അവളുടെ മുൻപിൽനിന്നു നിഷ്ക്രമിച്ച് തടത്തിലൂടെ വേഗത്തിൽ കാലുകൾ നീട്ടിവെച്ച് കുന്നിന്റെ മുകളിലേക്കു നടക്കുമ്പോൾ പിന്നിൽ യുവതിയുടെ വിലാപം ഉയർന്നു. അത് കൂടുതൽ ഉച്ചത്തിൽ. പിന്നെയും പിന്നെയും ഉച്ചത്തിൽ തന്നെ പിൻതുടരുകയായിരുന്നു. വളരെ ദണ്ഡപ്പെട്ട് എഴുത്തുകാരൻ കുന്നിന്റെ മുകളിൽ എത്തിക്കഴിഞ്ഞപ്പോഴേക്കും, താഴ്വരയിൽനിന്ന് ആരംഭിച്ച് കുന്നിന്റെ ചെരിവിലൂടെ ഇങ്ങ് നെറുകവരെ എഴുത്തുകാരന്റെ കണക്കറ്റ കഥാപാത്രങ്ങളുടെ വിലാപം കൂടിക്കലർന്ന് ഉയർന്നുകേൾക്കായി. ശബ്ദങ്ങൾക്ക് രൂപമുണ്ടായിപ്പോയേക്കുമെന്നും തൃശൂപങ്ങൾ തന്നെ പിടികൂടിയേക്കുമെന്നുമൊക്കെ എഴുത്തുകാരൻ ഭയപ്പെടുകയാണ്. ഈ കേൾക്കുന്ന വിലാപങ്ങളത്രയും താൻ കൊന്നൊടുക്കിയ കഥാപാത്രങ്ങളുടേതുതന്നെ.

ആകാശമോ അന്തരീക്ഷമോ, ഒറിറ്റു പ്രകാശമോ അനുകൂല പ്രതികരണമോ കൊണ്ട് എഴുത്തുകാരനെ ആശ്വസിപ്പിക്കുന്നില്ല എന്നതാണ് കഷ്ടം. തന്റെ കണക്കറ്റ തിരക്കഥകളിലൂടെ, ചെറുകഥകളിലൂടെ. നോവലുകളിലൂടെ. നാടകങ്ങളിലൂടെ കാര്യകാരണങ്ങളില്ലാതെ. വായനയുടെയും മൂല്യതയുടെയും പേരിൽ മാർക്കറ്റിന്റെ പേരിൽ കൊന്നൊടുക്കിയ കഥാപാത്രങ്ങളുടെ ദീനരോദനം അയാളെ ചലനമറ്റവനാക്കിയിരുന്നു. ശബ്ദം അയാളെ പൊതിഞ്ഞപ്പോൾ നിസ്സഹായതയോടെ വായ് പൊളിച്ച്, കൈകൾ ഇരുവശങ്ങളിലേക്കു വിതിർത്ത് മുഖം ആകാശത്തിനു നേരെ അഭിമുഖീകരിച്ച് ഒന്നും പറയാനാവാതെ അയാൾ നിലകൊണ്ടപ്പോഴേക്കും ലേഖനത്തിലെ ഫുൾസ്കാപ്പ് പേപ്പറുകൾ ചോദ്യചിഹ്നമായി അണിനിരന്ന് അങ്ങകലെ നിന്ന് അടുത്തേക്കു വന്നുകൊണ്ടിരിക്കുന്നത് അയാൾ കണ്ടു

ബാബുഭരദ്വാജ്

കണ്ണുകെട്ടിക്കളിയുടെ നിയമങ്ങൾ

അദ്ധ്യായം 6
നിർമ്മല

എങ്കിലും കോളേജുടച്ചപ്പോൾ എല്ലാ അന്വേഷണങ്ങളും നിലച്ചു. എല്ലാവരും യാത്രയായി. ഊർമ്മിളപോലും. അവനെ ഉപേക്ഷിച്ച് എങ്ങും പോകില്ലെന്നുപറഞ്ഞ ഊർമ്മിളയ്ക്കു പോലും പോകാതെവയ്യ. രാഹുലനും രാഹുലന്റെ സ്വപ്നങ്ങളും ഓർമ്മയുടെ മധുബിന്ദുക്കളിൽവെച്ച് ചിതറിപ്പോവുന്ന രാഹുലന്റെ മനസ്സും മാത്രം ബാക്കിയായി.

ഊർമ്മിളയ്ക്ക് രാഹുലന്റെ അമ്മയാവാൻ കഴിഞ്ഞേക്കും. അവന്റെ ശൈശവ സ്വപ്നങ്ങളെ ജ്വലിപ്പിക്കാൻ കഴിഞ്ഞേക്കും. എന്നിട്ടോ? ഒടുക്കം രാഹുലന്റെ ഏകാന്തതയിൽ തന്റെ അശാന്തമായ ഏകാന്തതയുടെ നിഴൽ വീഴ്ത്താനല്ലേ അവൾക്കു കഴിയൂ. ഊർമ്മിളയ്ക്കിതറിയാം, രാഹുലനിതറിയാം. ധർമ്മദത്തനും വിശ്വംഭരനും ഞങ്ങൾക്കെല്ലാവർക്കുമിതറിയാം. പക്ഷെ കണ്ണുകെട്ടിക്കളിയുടെ നിയമങ്ങൾ തെറ്റിക്കാൻ പാടില്ലല്ലോ?

മേശപ്പുറത്ത് ചിതറിക്കിടക്കുന്ന കടലാസ് കഷണങ്ങൾക്കിടയിൽ നിർമ്മലയുടെ എഴുത്തു കിടക്കുന്നു. അവൾ എഴുതിയിരിക്കുന്നു "രാഹു, കോളേജുടച്ചാൽ നീ വരില്ലേ? കഴിഞ്ഞതവണത്തെപ്പോലെ നീ വരാതിരിക്കരുത്. ഞാനിപിടെ ഒറ്റയ്ക്കാണെന്ന കാര്യം നീ മറന്നുപോവുന്നു. നീ ആരിൽനിന്നാണിങ്ങനെ ഒളിച്ചോടുന്നത്. നിന്നെ കണ്ടില്ലെങ്കിൽ ഞാനും ഇവിടെനിന്ന് യാത്രതിരിക്കാം. അച്ഛനും മകനും ഇങ്ങനെ യാത്രകളിൽ, വീട്ടിൽനിന്നുള്ള ഒളിച്ചുപോക്കുകളിൽ ജീവിതം തീർക്കാമെങ്കിൽ എനിക്കും അതാവാം. ഞാനെന്തിനാണ് ഈ വീടിന് കാവൽ നില്ക്കുന്നത്?"

"രാഹു, കുന്നിൻചെരുവിലെ കശുമാവിൻതോപ്പിൽ നമുക്കലഞ്ഞുനടക്കണ്ടെ? പൂത്തവാഴയ്ക്ക് പുലർച്ചെ വെള്ളം തേവാൻ പോവണ്ടെ? ഞാനെഴുതിയ കവിതകൾ നിനക്ക് കേൾക്കണ്ടെ? നീ എനിക്കുവേണ്ടി കണ്ടെത്തിയ നിന്റെ കൂട്ടുകാരന്റെ വിശേഷങ്ങൾ നീ പറയുന്നതു കേൾക്കാൻ എനിക്ക് കൊതിയാവുന്നു."

"അച്ഛൻ അപൂർവമായേ വീട്ടിലെത്താറുള്ളു. ചിരിയും കരച്ചിലും ഒന്നുമില്ലാത്ത ഒരു വീടായി ഇത് മാറിക്കഴിഞ്ഞിരിക്കുന്നു. എന്റെ പാദപതനങ്ങളുടെ ശബ്ദം കേട്ടുകൊണ്ട് ഞാനീ വലിയ വീടിന്റെ അകത്തളങ്ങളിൽ അലഞ്ഞുനടക്കുന്നു. പുറത്തുകടക്കാൻ പറ്റാതെ ഒരു കൂട്ടിൽ അടയ്ക്കപ്പെട്ട ഒരു പക്ഷിയെപ്പോലെ."

"കൊഴിഞ്ഞുവീഴുന്ന ഓരോ ദിവസങ്ങളും ഞാൻ എണ്ണിയെടുത്തു മാറ്റുന്നു. നീ വരില്ലെ....? നീ വരില്ലെ?"

നിർമ്മലയുടെ ഏകാന്തത മാറ്റാൻ രാഹുലന് ആവുമോ? രാഹുലന്റെ ഏകാന്തത മാറ്റാൻ നിർമ്മലയ്ക്കും. ഒന്നിച്ചുനടക്കുമ്പോൾ അവരെത്തി ഇടയുകയാണു പതിവ്. അവർക്കുതന്നെ നിശ്ചയമില്ലാത്ത എന്തൊക്കെയോ കാണങ്ങളുടെ പേരിൽ അവർ പിണങ്ങുന്നു. ഒന്നോർത്താൽ ഈ പിണക്കങ്ങൾ തന്നെ ഒരു സാഫല്യമല്ലേ? ഏകാന്തതയിൽ നിന്ന് ഈ പിണക്കങ്ങളല്ലെ അവരെ രക്ഷപ്പെടുത്തുന്നത്? രാഹുലനെക്കാൾ രണ്ടുവയസ്സു മൂത്ത നിർമ്മലയ്ക്ക് അവന്റെ അമ്മയാവാൻ പറ്റില്ല. അദ്ഭുതം തന്നെ. അവന്റെ ചേച്ചിപോലും ആകാൻ അവൾക്കാവില്ല. അവരൊന്നിക്കുമ്പോൾ അവളാണെന്നും അനിയത്തി. അവന്റെ കൈകളിൽ തൂങ്ങി അവനോട് നുള്ളുനുറുങ്ങു കാര്യങ്ങൾ പറഞ്ഞ് വഴക്കടിച്ച് ഓടിനടക്കാനാണ് അവൾക്കു താത്പര്യം. ഇത് ശരിയല്ല. അവൾക്കാരുമാകാൻ കഴിയും. രാഹുലനതറിയാം. എങ്കിലും അങ്ങനെയല്ലെന്നു ശഠിക്കാനാണ് അവനു താത്പര്യം.

ഒരുനാൾ രാഹുലൻ ചോദിച്ചു:

"നിനക്കമ്മയെ ഓർമ്മയുണ്ടോ?"

"പിന്നെ.... ഉം...."

ഇടതുകൈകൊണ്ട് നെറ്റിയിലേക്കു വീണ മുടിച്ചുരുളുകൾ തെരുപ്പിടിച്ചുകൊണ്ടവൾ ഇരുന്നു. രാഹുലൻ പ്രതീക്ഷയോടെ അവളുടെ മുഖത്തേക്കു നോക്കി. അവളൊന്നും മിണ്ടിയില്ല. ഒരു കരിങ്കൽ പ്രതിമപോലെ അവളുടെ മുഖം വികാരശൂന്യമായിരുന്നു. അവളുടെ എല്ലാ അന്വേഷണങ്ങളും ഇങ്ങനെയാണ് അവസാനിക്കാറ്. അവളിൽനിന്ന് അവനൊന്നും തപ്പിയെടുക്കാൻ കഴിഞ്ഞിട്ടില്ല.

നിർമ്മലയുടെ കത്തിന് മറുപടി എഴുതേണ്ടനാണവൻ ആദ്യം കരുതിയത്. അത്തരം ഒരു കത്ത് അകലങ്ങളിൽ അവൻ പിണങ്ങി മുഖം കറുപ്പിച്ച് ഇരിക്കുന്നതുപോലെയാവും. എങ്കിലും ഒടുക്കം രാഹുലൻ എഴുതി.

"നീ എന്നെ കാത്തിരിക്കേണ്ട. ഇങ്ങനെ എഴുതുന്നത് ക്രൂരമാണെന്നറിയാം. നീ അതിനെക്കാൾ വലിയ ക്രൂരതയാണു കാണിക്കുന്നത്. ആകെ അലങ്കോലപ്പെട്ടുകിടക്കുന്ന അവിടെ എത്തുമ്പോൾ എന്റെ ലോഡ്ജ്മുറിയുടെ അസ്വസ്ഥതയെക്കാൾ വലിയ അശാന്തി എന്നെ പൊതിയും. അവിടെ എന്റെ ഓർമ്മയെ വേട്ടയാടുന്ന ഒരുപാടു ചിഹ്നങ്ങൾ ഉണ്ട്. നിന്റെ ഒരിക്കലും ഉരുകാത്ത മൗനം എന്നെ ഭ്രാന്തു പിടിപ്പിക്കും. നിന്റെ ഓർമ്മകളുടെ ഉള്ളറകളിൽ നീ എന്റെ ശാന്തിയെ പിടിച്ചടച്ചു. എന്നിട്ട് താക്കോൽ വലിച്ചെറിഞ്ഞുകളഞ്ഞു."

ചെറുപ്പത്തിൽ നിർമ്മല പറഞ്ഞുകൊടുത്ത ഒരു കഥ അവനിപ്പോഴും ഓർമ്മയുണ്ട്. കാമുകന്റെ ഹൃദയം ഒരു സ്വർണ്ണപ്പെട്ടിയിൽ അടച്ചുവച്ച് താക്കോൽ സമുദ്രത്തിലേക്ക് വലിച്ചെറിഞ്ഞുകളഞ്ഞ രാജകുമാരിയുടെ കഥ. അവൾ കഥ പറയുമ്പോൾ ആ ഹൃദയത്തിന്റെ പിടയൽ അനുഭവിക്കുന്നതുപോലെ അവൻ വിറപൂണ്ടിരുന്നിരുന്നു. നിർമ്മലയും അതുപോലെയാണ്. അവൾ അമ്മയെ സ്വന്തമാക്കിയിരിക്കുന്നു. ഒരംശംപോലും അവൾ തനിക്ക് തരില്ല. ആ പണ്ടോറയുടെ പെട്ടി തുറക്കാൻ അവൾ പേടിക്കുന്നുണ്ടാവണം. താനറിയാത്ത എന്തൊക്കെയോ കാരണങ്ങളുടെ പേരിൽ അവൾ അവനിൽനിന്ന് അതൊക്കെ മറച്ചുവയ്ക്കുകയാണ്. ഓരോ തവണ നാട്ടിലെത്തുമ്പോഴും നിർമ്മലയോട് ഒരു കാലുഷ്യം വളർന്നുവരുന്നതായി അവനറിഞ്ഞു. അതിനിയും വളർന്നാൽ വിജനമായ കശുമാവിൻ തോപ്പിൽവച്ച് അവൻ അവളുടെ കഴുത്ത് ഞെരിച്ചുകൊന്നേക്കും. എന്നിട്ടാ ഹൃദയം മാന്തിപ്പൊളിച്ചെടുത്ത് പരിശോധിക്കും.

രാഹുലൻ എങ്ങും പോയില്ല. എങ്കിലും ഉൾനാടൻ പാതയുടെ വക്കിലിരുന്ന് നിർമ്മല തന്നെ വിളിക്കുന്നതുപോലെ അവനു തോന്നി. പല രാത്രികളിലും അവളുടെ വിളികേട്ട് അവൻ ഞെട്ടിയുണർന്നു. ഒരിക്കലും കരയാത്ത അവളുടെ കണ്ണുകളുടെ കലക്കം അവനു കാണാം. ഒരിക്കലും വിതുമ്പാത്ത അവളുടെ ചുണ്ടുകളുടെ വിറയൽ അവനു കാണാം.

രാഹുലൻ ആലോചിക്കാറുണ്ട്. നിർമ്മല എന്നും ഇങ്ങനെതന്നെ ആയിരുന്നില്ലേ? അവൾക്കൊരു മുത്തുമാലയുണ്ടായിരുന്നു. വെളുത്ത മുത്തുകൾകൊണ്ടൊരു മാല. അതിന്റെ സൗമ്യമായ തിളക്കം ആ മുഖത്തിന് എന്തൊരഴകാണണച്ചിരുന്നത്. ഒരു ദിവസം അവനാ മുത്തുമാല വലിച്ചുപൊട്ടിച്ചുകളഞ്ഞു. അവൾ ദിനയായി അവനെ നോക്കി. അവളൊന്നു കരഞ്ഞുകാണാനുള്ള ഉല്ക്കടമായ മോഹം അവനെ ആവേശിച്ചു. അവൻ മുറ്റത്തേക്കാ മാല വലിച്ചെറിഞ്ഞുകളഞ്ഞു. മുറ്റത്തെ പൂഴിയിൽ മുത്തുമണികൾ ചിതറിവീണു. പൂഴ്ന്നുപോയ മുത്തുമണികൾ കുനിഞ്ഞിരുന്നു തിരയുന്ന അവളെ കണ്ടപ്പോൾ അവന്റെ കോപം ഇരട്ടിച്ചു. അവളൊന്താണു കരയാത്തത്? അവളൊന്നു കരഞ്ഞിരുന്നെങ്കിൽ എല്ലാം ശരിയായേനെ.

വിജനമായ ഈ കെട്ടിടത്തിൽ ഒറ്റയ്ക്കിരിക്കുമ്പോൾ അവനെല്ലാം മനസ്സിലാവുന്നു. അവനിപ്പോൾ നിർമ്മലയെ അറിയാം. കുനിഞ്ഞിരുന്ന് മുത്തുമണികൾ പെറുക്കിയെടുക്കുന്ന ഊർമ്മിള. കാൽകൊണ്ട് കണ്ണിലേക്ക് പൂഴി തോണ്ടിയെറിഞ്ഞ് അവളെ ഓടിക്കാൻ ശ്രമിക്കുമ്പോൾ കണ്ണുകൾ രണ്ടും മുറുകെ പൂട്ടി അവിടെത്തന്നെ ചടഞ്ഞിരിക്കുന്ന ഊർമ്മിള. അവളുടെ മുഖത്ത് ഒരു ചിരിയുടെ പ്രകാശം പോലും പരന്നിട്ടുണ്ടോ എന്നവന് ആശങ്ക. നഷ്ടപ്പെട്ട മുത്തുമണികൾ തേടി ഉഴറുന്ന നിർമ്മല. കിട്ടാത്തതിനെ ചൊല്ലി വേവലാതികൊണ്ടാലും തന്നെ അതറിയിക്കാത്ത നിർമ്മല. തന്റെ പേപിടിച്ച കളികളുടെ വേദന സഹിച്ചുകൊണ്ട് തന്നോടൊരിക്കലും കാലുഷ്യം കൊള്ളാത്ത നിർമ്മല. നിർമ്മലയുടെ മനസ്സിപ്പോൾ രാഹുലന് കാണാം. അവന്റെ ഉള്ളംകൈയിൽ കിടന്നത് തുടിക്കുന്നു. കുട്ടാ, ഇതൊക്കെ ഞാൻ സഹിക്കും. ഒറ്റയ്ക്ക്. ഒന്നും പുറത്തു ചാടാതിരിക്കാൻ ഹൃദയത്തിന്റെ എല്ലാ ജാലകങ്ങളും അവൾ കൊട്ടിയടച്ചിരിക്കുന്നു. അവൾക്കെല്ലാം അറിയാം. പക്ഷെ. അവളൊന്നും പറയില്ല.

അവനെന്നും വിചാരിക്കാറുണ്ട്. അവസാനം ഞാനീ മൗനം ഉടച്ചുകളയും. എന്നിട്ടതിൽനിന്ന് ഞാനെന്നെ കണ്ടെത്തും. ഒരു ഒഴിവുകാലത്ത് അങ്ങനെയാണവൻ അവളുടെ ഡയറി തപ്പിയെടുക്കുന്നത്. പക്ഷെ. അതവന്റെ സമസ്യയെ ഇടിലമാക്കുകയാണു ചെയ്തത്. അവന്റെ അശാന്തിയെ അത് കനംവയ്പിച്ചു. നിറയെ പെൻസിൽകൊണ്ട് കോറിവരച്ച ചിത്രങ്ങൾ. കൈയെത്തിപ്പിടിക്കുമ്പോൾ തട്ടിമറിഞ്ഞുപോവുന്ന പാൽപ്പാത്രങ്ങൾ. ആറ്റുവക്കിൽ മറിഞ്ഞുകിടക്കുന്ന മൺകുടങ്ങൾ. ഒരു പേജിൽ ഒരു സ്ത്രീ പശുവിനെ കറക്കുന്ന ചിത്രമുണ്ട്. അതിലും നിറഞ്ഞ പാൽപ്പാത്രം പശുവിന്റെ തൊഴിയേറ്റ് താഴെ

കേരള
ദിനേശ് ബീഡി
കണ്ണൂർ

മറിഞ്ഞുവീണിരിക്കുന്നു. അവയുടെ മൗനം തൊണ്ടയിൽ തടഞ്ഞുപോയ നിലവിളിപോലെ.

ഈ മറിഞ്ഞുകിടക്കുന്ന പാൽക്കുടങ്ങളുടെ അർത്ഥമെന്താണ്?

നിർമ്മല ഒന്നും പറഞ്ഞില്ല. ഊർമ്മിള എവിടെ തുടങ്ങണമെന്നറിയാതെ വിഷമിച്ചു. എല്ലാവരും അവനെ ഉപേക്ഷിച്ചുപോയി. ശൂന്യമായ ലോഡ്ജിൽ രാഹുലൻ ഒറ്റയ്ക്ക്. അകലെ വാഴത്തോപ്പുകൾക്കിടയിലെ വീട്ടിൽ നിർമ്മല ഒറ്റയ്ക്ക്. അവൾ അടർന്നുവീഴാൻ വിസമ്മതിക്കുന്ന സമയത്തെ എറിഞ്ഞുവീഴ്ത്താൻ ചിത്രങ്ങൾ വരച്ചുകൊണ്ടിരുന്നു. തൂവിപ്പോവുന്ന പാൽമൊന്തയുടെ ചിത്രങ്ങൾ. കടൽപോലെ പരന്നുകൊണ്ടിരിക്കുന്ന കാലത്തിൽ അവർ മുങ്ങിക്കൊണ്ടിരുന്നു. ഊർമ്മിളയും ചിത്രങ്ങൾ വരച്ചുകൊണ്ടിരിക്കുന്നു. അലറിക്കരയുന്ന കടലിൽ വിറച്ചുനില്ക്കുന്ന കടൽപ്പാലങ്ങൾ.

നിർമ്മല മാത്രമായിരുന്നോ ഒറ്റയ്ക്ക്. രാഹുലൻ മാത്രമായിരുന്നോ ഒറ്റയ്ക്ക്. ഞങ്ങളോരോരുത്തരും ഒറ്റയ്ക്കായിരുന്നില്ലേ? ഒറ്റക്കൊറ്റയ്ക്ക് ഞങ്ങളുടെ മോക്ഷം തേടിയുള്ള യാത്രയായിരുന്നില്ലെ? മോക്ഷം ഒരുതുള്ളി സ്നേഹമാണെന്നു വിശ്വസിച്ച് ഞങ്ങൾ വിവശരാവുകയായിരുന്നില്ലെ?

ഒരാൾ മാത്രം ഞങ്ങളുടെ നേരെ സഹതാപത്തോടെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു-വിശ്വംഭരൻ. ഒറ്റയ്ക്കൊറ്റയ്ക്ക് ആർക്കും ഈ പ്രപഞ്ചത്തിൽ മോക്ഷം നേടാനാവില്ലെന്നു കരുതുന്ന ഒരാൾ. എന്നാൽ ഒന്നാലോചിച്ചാൽ വിശ്വംഭരനും ഒറ്റയ്ക്കുള്ള മോക്ഷമല്ലേ തേടിയത്? അതൊന്നും പറയാൻ സമയമില്ല.

എങ്കിലും ധർമ്മദത്തൻ പറയാറുള്ളതുപോലെ ഒറ്റയ്ക്കുള്ള ഈ മോക്ഷംതേടലിൽനിന്ന് നമുക്കാർക്കും മോചനമില്ല. പതിനായിരത്താണ്ടുകൾക്കു പിന്നിൽ നിന്നാരംഭിച്ച ഒരു കാമനയാണത്. ഞാനും എന്റെ ഭാര്യയും ഒരു തട്ടാനും എന്ന മോഹത്തിന്റെ വിശുദ്ധരൂപം.

എല്ലാ ബന്ധങ്ങളും എല്ലാ സ്നേഹങ്ങളും വിച്ഛേദിച്ചെറിഞ്ഞ് കാടിന്റെ അന്തരാളങ്ങളിലേക്കു കയറിയപ്പോയ സമ്മുടെ പൂർവ പിതാക്കളിൽനിന്ന് നമ്മളാർജ്ജിച്ച സംസ്കൃതിയാണത്. മോക്ഷത്തിന്റെ പേരിൽ എല്ലാ സ്നേഹങ്ങളും നിഷേധിക്കാനാവും. വരട്ടെ, അതൊക്കെ പറയാൻ സമയമായോ?

എത്ര അനായാസമായി, സരളമായി മോക്ഷമെന്ന പ്രകാശങ്ങളുടെ പ്രകാശങ്ങളെ ഒരു വെറും മിന്നാമിനുങ്ങിന്റെ വെട്ടമായി വ്യാഖ്യാനിക്കാനാവുന്നു? പ്രാപഞ്ചിക ദു:ഖങ്ങളിലേക്കതിനെ ചുരുക്കിയെഴുതാൻ കഴിയുന്നു. ജീവിതം തന്നെയാണ് മോക്ഷമെന്നുവിചാരിക്കാൻ മാത്രം ഞങ്ങൾ വളർന്നുകഴിഞ്ഞിരുന്നോ?

(തുടരും)

മഹത്തായ ഇതിഹാസനോവൽ
ടി. ആർ. ശങ്കുണ്ണിയുടെ
കൃഷ്ണപക്ഷം

''മഹാഭാരതവും ഭാഗവതവും ഗീതാഗോവിന്ദവും പലവട്ടം വായിച്ചവർക്കും 'കൃഷ്ണപക്ഷം' ഹൃദയതാരള്യത്തോടെ പങ്കിടാം. പുരാണ കല്പനകളും രംഗങ്ങളും അത്രമാത്രം വസന്തശോഭയോടെയാണ് ഈ കൃതിയിൽ പൂത്തു നില്ക്കുന്നത്. ഈ വൈഷ്ണവനോവൽ കലാസൌന്ദര്യത്തിന്റെ മാത്രമല്ലാ തത്ത്വവിചാരണത്തിന്റേയും പുതിയ സമീകരണമാകുന്നു. ചരിത്രപരമായ പൂർത്തീകരണമാകുന്നു.''

(സാഹിത്യലോകം)

"This work as Pavanan states in his erudite & probing preface, is going to be read ardently by future generations also."

(The Hindu)

വില 400രൂ

പോസ്റ്റേജ് സൌജന്യം -വി. പി. ഏർപ്പാടില്ല

സുലഭ ബുക്സ്
കാൽവരി റോഡ്,
പുത്തോൾ തൃശൂർ 680 004
ഫോൺ 0487 29927

വ്യക്തിത്വ വികസനം!
ഏകാഗ്രത, ആത്മവിശ്വാസം, വിൽപവർ, ഓർമ്മശക്തി, നിശ്ചിതലക്ഷ്യം, ഭാവന, ഉത്സാഹം, സുഹൃത്ത്വലയം, വ്യക്തിപ്രഭാവം മുതലായവ വളർത്തിയെടുക്കുവാനും അപകർഷതാബോധം, ഡിപ്രഷൻ, മിഥ്യാഭയങ്ങൾ, ടെൻഷൻ തുടങ്ങിയവ ഒഴിവാക്കുവാനും തപാലിലൂടെ പഠിയ്ക്കാം. പ്രൊസ്പെക്ടസിന് 2-/ രൂ. സ്റ്റാമ്പ് അയയ്ക്കുക. NRI's Rs. 50/-D.D.
V.R. HARIHARAN NAIR
SELF DEVELOPMENT STUDY CENTRE
TEMPLE ROAD, THODUPUZHA-685 584.



അപൂർവ്വശക്തിയുള്ള മാന്ത്രിക ഏലസ്സുകൾ വിദേശങ്ങളിലേക്ക്!
ലോക പ്രശസ്ത ജ്യോതിശാസ്ത്ര പണ്ഡിതൻ ആർ. മാധാകൃഷ്ണൻ അനേകവർഷത്തെ ഗവേഷണഫലമായി ചൊവ്വാദോഷം, ശനി, രാഹു തുടങ്ങിയ പാപഗ്രഹദോഷം, ശത്രുദോഷം, ഇവയാൽ വിവാഹം നടക്കാതെ നിരാശപ്പെട്ടുന്നവർക്കായി രഹസ്യമന്ത്രങ്ങളും പൂജാവിധികളോടും കൂടി അപൂർവ്വശക്തിയുള്ള സ്വയംവരയന്ത്രം ശാസ്ത്ര വിധിപ്രകാരം തയ്യാർ ചെയ്യുന്നു. പലവിധ ചികിത്സകൾ ചെയ്തിട്ടും നേർച്ചകൾ നേർന്നിട്ടും സന്താനഭാഗ്യം ലഭിക്കാത്തവർക്കായി ഉടൻ ഇഷ്ട സന്താന ലബ്ധിക്കായി ശാസ്ത്ര വിധിപ്രകാരം സന്താനഗോപാലയന്ത്രം തയ്യാർ ചെയ്യുന്നു! കൂടാതെ വിദ്യാ തടസ്സം, ദാമ്പത്യ കലഹം, തൊഴിൽ തടസ്സം, ഏഴരശ്ശനി, വ്യാപാര നഷ്ടം, കടം, മാനസിക രോഗങ്ങൾ കേസ്സുവഴക്കുകൾ, അപകടങ്ങൾ, മാറാരോഗങ്ങൾ, പ്രേമം, ശത്രുദോഷം, ഇവ ഉടൻ മാറുന്നതിന് 250ൽ പരം മാന്ത്രിക ഏലസ്സുകൾ ശാസ്ത്രവിധിപ്രകാരം തയ്യാർ ചെയ്യുന്നു! സമ്പൂർണ്ണ ജാതകം, പ്രശ്നം, പൊരുത്തം, മുഹൂർത്തം, സംഖ്യാശാസ്ത്രം-ഇവ അറിയുന്നതിന് നേരിൽ കാണുക/എഴുതുക. ഇന്ത്യയിലും വിദേശത്തും യന്ത്രം തപാലിൽ അയയ്ക്കുന്നു. ഇന്ത്യയിലും വിദേശത്തും മറുപടി സൌജന്യമായി ലഭിക്കുന്നു.

രമാജ്യോതിഷാലയം
ആറ്റുകാൽ. മണക്കാട്. തിരുവനന്തപുരം-9
ഫോൺ (0471) 74855

REMA JYOTHISHALAYAM
Attukal. Manakkad (P.O.). Thiruvananthapuram - 9
Phone: (0471) 74855

ജോസ്പനച്ചിപ്പുറം

ഇരുപത്

ഒരാഴ്ച വിട്ടുനിന്നപ്പോഴേക്കും ഒരുപാടു മാറ്റങ്ങൾ വന്നതുപോലെ തോന്നി അപ്പുവിന്.

-ഒത്തിരി വാർത്തകൾ എന്റെ കൺമുൻപിൽ, എന്നെ കബളിപ്പിച്ച് കടന്നുപോയതുപോലെ.

ഒരാഴ്ചത്തെ പത്രങ്ങൾ വായിക്കാൻ കിടക്കുന്നു. നഗരത്തിൽ എന്തൊക്കെ സംഭവിച്ചെന്ന് അറിഞ്ഞിട്ടുവേണമല്ലോ എവിടെ തുടങ്ങണമെന്നു തീരുമാനിക്കാൻ.

നെറ്റിയിൽ, പൂർണ്ണമായി ഉണങ്ങാത്ത മുറിപ്പാടിൽ തടവി അപ്പു പത്രങ്ങൾ മറിച്ചുനോക്കാനിരുന്നു ഒന്നും വായിക്കാൻ തോന്നുന്നില്ല തൊട്ടറിയാനാവാത്ത കുറെ മുറിപ്പാടുകൾ, എവിടെയൊക്കെയോ.

മറ്റു പത്രങ്ങളുടെ ലേഖകന്മാരെയൊക്കെ ഒന്നു വിളിക്കാം. വീണ്ടും ഗോദയിലിറങ്ങിയിരിക്കുന്ന വിവരം അറിയിക്കാം.

അതിനു മുൻപ് ഫോൺ ബല്ലടിച്ചു.

ലോ ആൻഡ് ഓർഡർ അസിസ്റ്റന്റ് കമ്മീഷണർ രഘുരാമൻ. പുതിയയാൾ.

"അപ്പുക്കുട്ടനല്ലേ?"

"ഉവ്വല്ലോ."

"തിരക്കിലാണോ?"

"ഓ, തിരക്കൊന്നുമില്ല. ഒരാഴ്ചത്തെ അവധി കഴിഞ്ഞ് ഞാനിന്നു വന്നതേയുള്ളു."

"ഇവിടെവരെയൊന്നു വരാൻ സമയമുണ്ടാവുമോ?"

"ഇപ്പോൾ-?"

"സമയമുണ്ടെങ്കിൽ... അല്ലെങ്കിൽ ഞാൻ സി.ഐ.യെ അതുവഴി അയയ്ക്കാം."

"എന്താ സംഭവം?"

"ഹേയ്-ഒരു ചെറിയ പ്രശ്നം. വി വുഡ് ലൈക്ക് ടു നോ ഇഫ് യു കുഡ് ബി ഓഫ് സം ഹെൽപ്."

"ശരി. ഞാൻ വരാം."

"ഉടനെയെത്തുമോ?"

"ഓ, യെസ്. ഉടൻതന്നെ."

അപ്പുവിന് ഒന്നും പിടികിട്ടിയില്ല. എന്താണിപ്പോൾ.... രാവിലെതന്നെ അസിസ്റ്റന്റ് കമ്മീഷണർ വിളിക്കാൻ? അല്ലെങ്കിൽ സർക്കിൾ ഇൻസ്പെക്ടറെ അയയ്ക്കാമെന്നു പറഞ്ഞതാണ് ഒട്ടും മനസ്സിലാവാത്തത്.

റോഡിൽ ആദ്യംകണ്ട ഓട്ടോറിക്ഷയിൽ കയറി സ്കൂട്ടർ ഇനിയും എത്തിയിട്ടില്ല.

രഘുരാമന്റെ ഓഫീസിൽ. രണ്ടു ചായക്കപ്പുകളെ സാക്ഷിനിർത്തി, മുഖവുരയില്ലാതെ കാര്യത്തിലേക്ക്.

"രാധ എന്നൊരു കാബറേ ആർട്ടിസ്റ്റിനെ അപ്പുക്കുട്ടൻ അറിയുമോ?"

"രാധ-?"

"കൃഷ്ണസ്വാമി റോഡിൽ താമസിക്കുന്ന...."

"ഓ, ശരി. ഞാൻ ഒരിക്കൽ അവിടെ പോയിരുന്നു."



"രാധയ്ക്ക് ഒരനുജത്തിയുള്ളതായി അറിയാമോ?"

"ഉവ്വുവ്. ഒരു കുട്ടിയെ അവിടെ കണ്ടിരുന്നു."

"ആ കുട്ടിയെപ്പറ്റി എന്താണഭിപ്രായം?"

"അന്നൊരിക്കൽ കണ്ടതല്ലാതെ എനിക്ക് പരിചയമൊന്നുമില്ല.... എന്താ. എന്തുണ്ടായി?"

"ആ കുട്ടി ഇന്നലെ രാത്രി അപ്രത്യക്ഷയായി..."

"ഓഹോ-"

"കൂടുതലെന്തെങ്കിലും വിവരം അപ്പുക്കുട്ടന്....?"

"ഈ വാർത്തതന്നെ ഞാനിപ്പോഴാണറിയുന്നത്."

"ഷുവർ-?"

"പിന്നെന്താ ഞാൻ ആ പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയെന്നാണോ?"

ചോദിച്ചുകഴിഞ്ഞപ്പോൾ വേണ്ടിയിരുന്നില്ലെന്നു തോന്നി. പെട്ടെന്ന് പ്രകോപിതനാവേണ്ടിയിരുന്നില്ല.

അസ്വസ്ഥമായ അന്തരീക്ഷം ഒഴിവാക്കാൻ അപ്പു ചോദ്യത്തിനു പിന്നാലെ ഒരു കൃത്രിമച്ചിരിയുടെ നിറമുള്ള കർട്ടൻ വലിച്ചിട്ടു.

പക്ഷേ, രഘുരാമന് ഭാവവ്യത്യാസമുള്ളതായി തോന്നിയില്ല. പാഞ്ഞുവന്നതിന്റെ തുടർച്ചയെന്നപോലെ അദ്ദേഹം വിശദീകരിച്ചു: അച്ചടിവഴിൽ.

"അപ്പുക്കുട്ടനറിയാമല്ലോ. ഞങ്ങൾക്കിങ്ങനെ പല വാതിലിലും മുട്ടേണ്ടിവരും. എവിടെനിന്നാണ് വിലപ്പെട്ട ഒരു വിവരം കിട്ടുക എന്ന് ആരറിഞ്ഞു?"

"ഉവ്വുവ്. എനിക്കറിയാം."

"ചായ-" അസിസ്റ്റന്റ് കമ്മിഷണർ ആ അദ്ധ്യായത്തിനു വിരാമമിടാനൊരു പഴുതു കണ്ടെത്തി. "ഇതെന്താ. മുഖത്തെന്തുപറ്റി!"

"ഒരാക്സിഡന്റ്.... ഞാൻ ഒരാഴ്ച ആശുപത്രിയിലായിരുന്നു. ഇന്നു ജോയിൻ ചെയ്തതേയുള്ളു. തുടക്കം ഈ കുറ്റാന്വേഷണത്തിൽ നിന്നായി-"

"അയ്യോ സോറി."

ആ മുഖത്തെ മങ്ങൽ യഥാർത്ഥമാണോ:

"എന്നാൽ ഞാനിറങ്ങട്ടെ. ഒരുപാടു ജോലികൾ കുടിശ്ശികയുണ്ട്."

രഘുരാമൻ വാതിൽക്കലോളം കൂടെ വന്നു.

"ഇനിയാണെങ്കിലും വേണ്ടിവന്നാൽ ഞങ്ങളോടു സഹകരിക്കാൻ വിരോധമില്ലല്ലോ-"

"എന്തു വിരോധം? ക്രമസമാധാനം നന്നാക്കണമെന്നല്ലേ ഞങ്ങൾ പതിവായി എഴുതുന്നത്?"

രഘുരാമന്റെ മന്ദഹാസം മിഴിയ്ക്കു ബോർഡറായി.

ഓട്ടോറിക്ഷയിൽ ബ്യൂറോയിലേക്കു മടങ്ങുമ്പോഴും പത്രങ്ങൾക്കിടയിൽ നഗരത്തിന്റെ ഒരാഴ്ചത്തെ മുഖങ്ങൾ തിരയുമ്പോഴും അസ്വസ്ഥത ഒരാഴ്ച പ്രായമായ താടിരോമങ്ങൾ പോലെ അപ്പുവിനെ കുത്തിനോവിച്ചു.

- ഇതൊരു കപട നാടകത്തിന്റെ ആദ്യരംഗമാണോ?

രാധയുടെ വീട്ടിൽ ഞാൻ പോയിരുന്നുവെന്ന് അവർ കണ്ടെത്തിയിരിക്കുന്നു. അങ്ങനെയെങ്കിൽ, സ്വകാര്യമായ ഒരു കേസന്വേഷണത്തിനാണു പോയതെന്നും അവർ മണത്തറിഞ്ഞിരിക്കും.

ആ സാദ്ധ്യതയെക്കുറിച്ച് അറിയാവുന്നവർ ഫോട്ടോഗ്രാഫർ കണ്ണനും കൃഷ്ണൻകുട്ടിയും മാത്രമാണ്. കണ്ണനിൽനിന്നു പക്ഷേ, അങ്ങനെ വിവരം ചോർന്നുപോകുമോ?

എന്നാൽ, കൃഷ്ണൻകുട്ടിയോ?

അയാളെപ്പറ്റി ഒന്നും ഊഹി

ക്കാൻ വയ്യ. കണ്ണൻ വഴിയുള്ള നേരിയ പരിചയമല്ലാതെ കൃഷ്ണൻകുട്ടിയെപ്പറ്റി എനിക്കൊന്നും അറിയില്ലല്ലോ.

അല്ലെങ്കിൽ, അനിയത്തിയെ കാണാതായതിനെപ്പറ്റി പൊലീസ് ചോദ്യം ചെയ്തപ്പോൾ രാധ തന്നെയാവാം പറഞ്ഞത്.

-ഞാൻ ഒരിക്കൽ അവിടെ ചെന്നിരുന്നുവെന്ന്. ലൂവിനെപ്പറ്റി ചോദിച്ചുവെന്ന്.

പിന്നെന്താണ്?

പിന്നെ, കൂടുതലൊന്നും ചോദിക്കാനില്ലല്ലോ. വൈകുന്നേരം 'ജനരോഷം' സായാഹ്നപത്രം വന്നപ്പോൾ അപ്പൂ തോറ്റു.

BOOKS

A VERY SPECIAL LIBRARY

There never was a lending library like this before. Popular and Classical Fiction, Children's and Ladies' Books, Poems, Plays, Biographies, Travelogues, Popular Science, Computer, Management, Interior Design, Religion, Philosophy, Self-Help, Photography, Fashion, Cookery, Sports, Jokes, Imported and Indian Journals etc. etc. - Eloor overwhelms.

ELOOR

LENDING LIBRARIES

Spencer-Vanrose Road, Thiruvananthapuram. Ph: 66926,
Press Club Road, Ernakulam. Ph: 363539.
Also at Bangalore Ph: 5591408 Madras Ph: 8282876.

Open on all days now

MAGS

യോഗാചാര്യൻ മാസിക

യോഗപരിശീലനം, ആരോഗ്യവും സൗന്ദര്യവും ഉന്മേഷവും നിലനിൽക്കുവാനുള്ള ഉപാധികൾ യോഗചികിത്സാവിധികൾ, യോഗശാസ്ത്രങ്ങളിലെ ഉദ്ധരണികൾ, അഭിമുഖങ്ങൾ, സംശയനിവാരണങ്ങൾ, യോഗാഭ്യാസ ചിത്രങ്ങൾ വാർത്താശകലങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് എല്ലാ മാസവും കൃത്യമായി പ്രസിദ്ധീകരിച്ചുപോരുന്ന മലയാളത്തിലെ പ്രഥമ യോഗശാസ്ത്രമാസിക.

വാർഷിക വരിസംഖ്യ രൂപ : 25

പത്രാധിപർ, യോഗാചര്യൻ മാസിക, യോഗാകേന്ദ്രം,
മലയിൻകീഴ്, തിരുവനന്തപുരം - 695 571

മിശ്രവിവാഹം

മിശ്രവിവാഹിതരുടെ മകൾ (പിതാവ് ക്രിസ്ത്യൻ, മാതാവ് ഹിന്ദു) ജാതി - മത - ജാതക വിശ്വാസിയല്ല. 21 വയസ്സ്, 151 സെ.മീ. ഉയരം. മെലിഞ്ഞതോ തടിച്ചതോ അല്ലാത്ത ശരീര പ്രകൃതി. നല്ലനിറം, അണ്ടർഗ്രാജ്വേറ്റ്, ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷും, മലയാളവും ഹയർ. ഇടത്തരം സാമ്പത്തിക ശേഷി. 25-27 പ്രായമുള്ള, വെളുത്ത/ വെളുപ്പിനോടടുത്ത നിറമുള്ള യുവാക്കളുടെ കുടുംബങ്ങളിൽ നിന്ന് ആലോചന ക്ഷണിക്കുന്നു. പി.ബി. 21, നിലമ്പൂർ - 679329. (മലപ്പുറം ജില്ല). ഫോൺ: 04931-20468, വീട്: 20637.

-ഒന്നാം പേജിൽ വാർത്ത.

കാബറെ നർത്തകിയുടെ അനിയത്തിയെ കാണാതായി. ഇതു സംബന്ധിച്ച് ഒരു പത്രപ്രവർത്തകനുൾപ്പെടെ പലരേയും പൊലീസ് ചോദ്യം ചെയ്തു. ഈ പത്രലേഖകൻ പലതവണ നർത്തകിയുടെ വീട്ടിൽ സന്ദർശനം നടത്തിയിരുന്നുവെന്നാണ് പൊലീസിനു കിട്ടിയ വിവരം.

അപ്പൂ ഒരു കുറ്റവാളിയെപ്പോലെ വിയർത്തു.

-ഇതൊരു വലിയ ചതിയാണ്.

ഇതിന്റെ പിന്നിൽ അസിസ്റ്റന്റ് കമ്മീഷണർ ജോർജ്ജുള്ളാതെ മറ്റാരുമല്ല. എന്റെ അന്വേഷണത്തിന്റെ കണ്ണുകൾ സ്വന്തം താവളത്തിലേക്കു നീണ്ടുവരുന്നതറിഞ്ഞ് അയാൾ എന്നെ പൂട്ടാൻ നോക്കുകയാണ്. അതിന് ഈ അന്തിപ്പത്രക്കാരനെ വിലയ്ക്കെടുത്തിരിക്കുന്നു.

അപ്പൂ പത്രം പിച്ചിച്ചീന്തി ചവറ്റുകുട്ടയിലെറിഞ്ഞു.

-പത്രപ്രവർത്തനത്തിനു കിട്ടുന്ന ആദ്യത്തെ പ്രതിഫലം.

പ്രസ് ക്ളബിൽ മിക്കവാറും ഇത് ചർച്ചാവിഷയമാകും. ആരാടാ ഈ കാബറേ ബന്ധമുള്ള പത്രക്കാരൻ? ഇനരോഷത്തിന്റെ പത്രാധിപർ കരുണനെത്തന്നെ വിളിച്ചുചോദിക്കാൻ മടിക്കാത്തവരുണ്ടാവും. ഒടുവിൽ, പ്രതിക്കൂട്ടിൽ മുഖം കുനിച്ചുനിൽക്കുന്ന അപ്പൂ. ച്ഛേ നാണക്കേട്!

അപ്പൂ രണ്ടുമൂന്നു ദിവസത്തേക്ക് പ്രസ് ക്ളബിൽ പോയില്ല. എങ്കിലും ഫോണിൽ ബന്ധപ്പെട്ടുകൊണ്ടിരുന്നു. എന്താ ക്ളബിലേക്കിറങ്ങാത്തതെന്നു ചോദിച്ചവരോടു പറയാൻ ഏതായാലും നല്ല ന്യായവുമായി-അപകടം കഴിഞ്ഞ് എല്ലാം നോർമലായി വരുന്നതേയുള്ളു.

പിന്നെ ക്ളബിൽ പോയിത്തുടങ്ങിയപ്പോൾ ആരും അക്കാര്യമൊന്നും സൂചിപ്പിച്ചതേയില്ല.

അന്തിപ്പത്രത്തിലെ വാർത്ത അധികമാരുടെയും കണ്ണിൽപ്പെട്ടില്ലെന്നുവരാം. അല്ലെങ്കിൽ, വല്ല മഞ്ഞപ്പത്രത്തിന്റെയും ലേഖകനാണെന്നു ധരിച്ചിട്ടുണ്ടാവാം. അതോ ഞാനറിയാതെ എന്റെ പിന്നിൽ അപവാദത്തിന്റെ പൊടി പറക്കുന്നുണ്ടോ?

എന്നെ ഉപദ്രവിക്കണമെന്നു നിർബന്ധമുണ്ടെങ്കിൽ അന്തിപ്പത്രത്തിന്റെ കോപ്പി എന്റെ ഓഫീസിലേക്ക് അയച്ചുകൊടുക്കാനും അവർ മടിക്കുമെന്നു തോന്നുന്നില്ല.

ഒരുപക്ഷേ, ഇതൊരു സൂചന മാത്രമാവും.

വഴിക്കു വന്നില്ലെങ്കിൽ ഇതിനെക്കാൾ കൂടിയ പലതും വച്ചിരിക്കുന്നു എന്നതിന്റെ സൂചന.

അപ്പുവിന്റെയുള്ളിൽ സ്വകാര്യമായ ഒരു ഭയത്തിന്റെ മൂങ്ങ കണ്ണുമിഴിച്ചു.

രാത്രി ലോഡ്ജിലേക്കുള്ള വഴിക്ക് അസിസ്റ്റന്റ് കമ്മീഷണർ ജോർജ്ജ് തന്നെ ജീപ്പിടിച്ചു. വീഴ്ത്തി ചതച്ചരച്ചു പോയാലും ആരും ചോദിക്കാൻ പോകുന്നില്ല.

പതിവുപോലെ ഒരു ജഡം.

പത്രത്തിൽ ഒരു കഷണം വാർത്ത.

പ്രസ് ക്ളബിൽ അനുശോചനം; കറുത്ത ബാഡ്ജ്.

ഓഫീസ് രേഖകളിൽ നിന്ന് ഒരു പേർകൂടി അപ്രത്യക്ഷമാകുന്നു. ഏതോ വണ്ടി കയറി മരിച്ച അപ്പൂക്കുട്ടൻ. അതോടെ കേസ് തീർന്നു.

നഷ്ടം എന്റെ അമ്മയ്ക്കുമാത്രം.

പിന്നെ-

പിന്നെ, നളിനിക്കും.

നളിനിയെക്കുറിച്ചുള്ള ഓർമ്മ ഒരു വിദൂര സാന്ത്വനത്തിന്റെ കരസ്പർശമായി.

-ആശുപത്രിയിൽ നിന്നുതന്നെ അവൾക്കു കത്തെഴുതിയതാണ്.

ചെറിയൊരു ആക്സിഡന്റ്. സാരമില്ല. എല്ലാം ശരിയായി വരുന്നു. രണ്ടു ദിവസത്തിനകം ആശുപത്രി വിടാമെന്നു വിചാരിക്കുന്നു. ഈ വിവരം വീട്ടിലൊന്നും പറയണ്ട. എന്റെ അമ്മ എന്റെ അമ്മായിയമ്മ അറിഞ്ഞാൽ കുഴച്ചിലാവും.

മറുപടി വരാൻ സമയമായിട്ടുണ്ട്.

എന്നല്ല, കത്തുകിട്ടിയയുടൻ എഴുതാനാണെങ്കിൽ വരേണ്ട സമയം കഴിഞ്ഞു. പണ്ടൊക്കെ അവൾ അങ്ങനെയായിരുന്നു. കത്തുകിട്ടുന്ന ദിവസംതന്നെ മറുപടി എഴുതും: കത്ത് ഇപ്പോൾ കിട്ടിയതേയുള്ളു എന്ന ആമുഖത്തോടെ.

ഇപ്പോൾ പക്ഷേ, പെണ്ണിന് ആ വേഗമില്ല. അധ്യാപികയുടെ ജോലിത്തിരക്ക്.

എത്രനാളായി ആ ശബ്ദം കേട്ടിട്ട്-

അപ്പൂ പെട്ടെന്നൊരു തോന്നലിൽ കോളേജിലേക്ക് കോൾ ബുക്കു ചെയ്തു. അർജ്ജന്റ്.

മൂന്നുമണിക്ക്. ചായ കുടിക്കാൻ ഇറങ്ങാൻ തുടങ്ങുമ്പോഴാണ് കോൾ കിട്ടിയത്.

എക്സ്റ്റൻഷന്റെ ദൂരങ്ങൾ കയറിയിറങ്ങി അവരുടെ ചെവിയിൽ സന്ദേശമെത്താൻ കുറെ സമയമെടുത്തു.

"ഹലോ-നളിനിയല്ലേ?"

"യാ-"

"എന്താ മോളേ ഇത്....?"

"പ്ളീസ്.... കോളേജിലേക്ക് ഇനി വിളിച്ച് ബുദ്ധിമുട്ടിക്കരുത്-"

കട്ട്.

അപ്പൂ ഒന്നും മനസ്സിലാവാതെ ഫോണിൽ മുഖം

ചേർത്തു.

-എന്റെ നളിനിതന്നെയാണോ ഇത്....:

എന്തോ കാര്യമായ കുഴപ്പമുണ്ടായിട്ടുണ്ട്.

ഒരുപക്ഷേ, എന്റെ ശത്രുക്കൾ എനിക്കെതിരായി ഒരായുധപ്രയോഗം കൂടി നടത്തിയതാവും.

ഇതുവരെ എന്റെ ജീവിതത്തിൽ ശത്രുക്കൾ എന്നൊരു പദപ്രയോഗത്തിന് സ്ഥാനമുണ്ടായിരുന്നില്ല. ഇപ്പോഴിതാ. ശത്രുക്കൾ-

ഒരുപക്ഷേ. ആ അന്തിപ്പത്രംതന്നെ അവൾക്ക് ആരെക്കിലും എത്തിച്ചുകൊടുത്തിട്ടുണ്ടാവും.

എങ്കിലും എന്റെ മോളേ, നീയതു വിശ്വസിച്ചോ...?

(തുടരും)

ഗിരീഷ് പുലിയൂർ

വിഷു

ഏഴോരവിഷുപ്പുക തുപ്പിപ്പായും-
വണ്ടിയിലിരുപേർ യാത്രക്കാർ നാം
എന്നിഴി രണ്ടും നിന്മേലുരുളും
വണ്ടിച്ചക്രങ്ങൾ!
പായുകയാവാമൊരു തീവണ്ടികണക്കേ-
നിന്നുടെ ചിന്തകളുള്ളിൽ
പുകയായ് നിശ്വാസങ്ങൾ. അതിൽ വിഷമയമല്ല സുലഭരാഗസുഗന്ധം!

തുളസിത്തളിരിലചൂടിയ ചുരുളൻ
മുടിയിൽ മാറിൽ പകുതി മറച്ചും
ദൂരെക്കരിവാനത്തിൽ നിന്നിരു
മിഴികൾ നട്ടും പായും വണ്ടിയിൽ
ഏതോ സ്വപ്നക്കനി തിന്നുന്നോ!

എന്നുതുടങ്ങിയതാണീ യാത്രയും
ആദ്യം കണ്ടതുമുതലോ. തമ്മിൽ
കാണാൻവേണ്ടി ജനിച്ചതുമുതലോ?
വണ്ടിക്കാരൻ മുഖമിന്നെങ്ങനെ?
നോക്കുക. കാരിയമെന്തായാലും
നമ്മുടെ കാര്യമയാളുടെ കൈയിൽ.

നിന്നുടെ ചോരസ്സഞ്ചയ-
മിന്ധനമാകേണം. ചക്രങ്ങൾ പിഴച്ചാലെന്നെ മുഷിപ്പറിയാതെ വഹിക്കും
മറ്റൊരു വണ്ടിയുമാകേണം നീ.
കനവിലുമേറെക്കാണാൻവേണ്ടി
കുതുകം കൊണ്ടു കുതിച്ചവരല്ലേ
വണ്ടിയിടിക്കുംവരെയുമിരിക്കാം
മുട്ടിയുരുമ്മിയിരിക്കൂ. പറയാനുള്ളവയൊക്കെപ്പറയട്ടേ ഞാൻ
പറയുകയായാൽപ്പിന്നെച്ചെയ്യാനുള്ളവമാത്രം ചെയ്യാമല്ലോ.

ഡോ.മാത്യു ജോർജ്ജ്

ഇങ്ങനെയുമുണ്ട്

നാച്യുറൽ റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ട്

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ സുവർണ്ണകാലം എന്നേ കെട്ടടങ്ങിയെങ്കിലും മനുഷ്യരാശിയോടുള്ള കടപ്പാടും പാരമ്പര്യങ്ങളിലുന്നിയ ഉത്തരവാദിത്വവും ഇന്നും തുടരുന്നു എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ODA എന്ന ചുരുക്കപ്പേരിലറിയുന്ന ഓവർസീസ് ഡവലപ്മെന്റ് അഡ്മിനിസ്ടേഷൻ. ODA യുടെ ശാസ്ത്രപത്തിയാണ് ചാത്തത്തിലുള്ള നാച്യുറൽ റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ട്. 350 ഓളം ബിരുദധാരികൾ ജോലി ചെയ്യുന്നു. വാർഷികച്ചെലവ് 12 മില്യൺ പൗണ്ടാണ്. വികസ്വര രാജ്യങ്ങളിലെ പട്ടിണിയും കഷ്ടപ്പാടും ശാസ്ത്രത്തിന്റെ സഹായത്താൽ മാറ്റിയെടുക്കുക എന്നാണ് എൻ.ആർ.ഐ.യു ടെ പ്രഖ്യാപിത ലക്ഷ്യം. പുതുക്കാവുന്ന പ്രകൃതിജന്യവിഭവങ്ങളിലുള്ള എൻ.ആർ.ഐ.യുടെ മികവും പരിജ്ഞാനവും ആഗോളതലത്തിൽ സുവിദിതമാണ്. ലണ്ടൻ നഗരത്തിൽ പ്രവർത്തിച്ചുവന്നിരുന്ന ഉഷ്ണമേഖലാ വികസന ഗവേഷണ സ്ഥാപനം, പുതിയ പേരിൽ ചാത്തത്തിലെ പഴയ നേവി ഉദ്യോഗസ്ഥന്മാരുടെ ബാരക്സിലേക്കു മാറ്റിയതാണ് ഇന്നത്തെ എൻ.ആർ.ഐ. നാല് ഊറ്റൻ മൂന്നുനിലക്കെട്ടിടങ്ങൾ ഇപ്പോഴും പെംബ്രോക്ക്, നെൽസൺ, ബ്ളേക്ക്, ആൻസൺ എന്നി സൈനിക മേധാവികളായ കപ്പിത്താന്മാരുടെ നാമധേയത്തിലാണ്. നൂറ്റാണ്ടുപഴക്കമുള്ള കെട്ടിടങ്ങൾ ഇപ്പോഴും യുവത്വം കൈവിട്ടിട്ടില്ല. എങ്കിലും ആ നിലയിൽ നിർത്താൻ തുക കണ്ടെത്തേണ്ടത് എൻ.ആർ.ഐ.യുടെ ചുമതലയാണിന്ന്. ചെലവാകുന്ന ഓരോ ചില്ലിക്കാശിന് എന്നതിനു പരിവാങ്ങുന്ന ശമ്പളത്തിനു വരെ വക കാണാൻ വിവിധ ഏജൻസികളുടെ പിന്നാലെ പായുന്ന ശാസ്ത്രജ്ഞന്മാർക്ക് പഴയ കെട്ടിടം കാത്തുസൂക്ഷിക്കുന്നതിനുള്ള അധികച്ചെലവുകൂടി വഹിക്കേണ്ടിവരുന്നതിൽ പിറുപിറുപ്പില്ലാതെയില്ല. എന്നാലും നൂറ്റാണ്ടു പഴക്കമുള്ള ആ കെട്ടിടങ്ങളുടെ പ്രൗഢിയും ചായം തേയ്ക്കാത്ത ഇഷ്ടികയുടെ ചാരുതയും ഒന്നു വേറെതന്നെ. തണുത്തുറഞ്ഞ് എല്ലാകാലവും ചന്നംപിന്നം മഴ പെയ്യുന്ന ചുറ്റുപാടിൽ അഗ്നിരക്ഷാ സന്നാഹങ്ങൾക്ക് കാട്ടുന്ന ശുഷ്കാന്തി വിസ്മയജനകവും പിൻതുടരുന്ന മുൻകരുതലുകൾ എടുത്തുപറയേണ്ടുന്നവയുമാണ്. കെട്ടിടത്തിന്റെ ഓരോ നിലയിലേക്കും കടക്കുവാൻ ഇരട്ട വാതായനങ്ങളാണ്. ഇതിനും പുറമേ തീയുണ്ടായാൽ രക്ഷപ്പെടുവാനായി വാതിലുകൾ പ്രത്യേകം. രക്ഷാപ്രവർത്തനങ്ങൾക്കായി ഉദ്യോഗസ്ഥരെ ഓരോ നിലയിലും വേർതിരിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. എല്ലാ തിങ്കളാഴ്ചയും രാവിലെ 9 മണിക്ക് സൈറൺ മുഴങ്ങും. അഗ്നിബാധയുണ്ടായാൽ ചെയ്യേണ്ടുന്ന കാര്യങ്ങൾക്കായി ഒരു പരിശീലനം.

തണുപ്പിന്റെ മൂർദ്ധന്യം. ജനുവരി ആദ്യവാരത്തിലാണല്ലോ ഉംഗ്ളണ്ട് പൂകാൻ വിധിക്കപ്പെട്ടത്. മുറിക്കകത്ത് സുഖം. ജലവിതരണം പോലെ കുഴൽവഴി എത്തുന്ന വാതകം കത്തി ചൂട് മുറികളിൽ പരക്കും. ചൂട് ക്രമീകരിക്കാനുമുണ്ട് സംവിധാനം. ബനിയൻ, തെർമൽവേർ, ഷർട്ട്. കമ്പിളിയുടുപ്പ്. തോൽക്കുപ്പായം ഇങ്ങനെ അഞ്ചുപാളി വസ്ത്രവും കൈയ്ക്കും കാലിനും കമ്പിളി ഉറയും. തോൽപാദുകവും, കഴുത്തുചുറ്റി നെഞ്ചിനു മൂകളിൽ കമ്പിളി ഉത്തരീയവും ചാർത്തിയാണ് രാവിലെ പുറത്തേക്ക് ഇറങ്ങുക. ഗില്ലിംഗാം കടവിൽ നിന്നും NRI യിലേക്കു പോകാൻ ദൂരം മൂന്നു കിലോമീറ്റർ. ബസ്സിൽ പോകണമെങ്കിൽ രണ്ടു വണ്ടി കയറണം. കൂടെ കാത്തുനില്പും. വന്നിറങ്ങിയ മോടിയിൽ പൗണ്ട് ചെലവാക്കുന്നത് രൂപയായി മനസ്സിൽ മാറ്റിയിട്ടാണ്. തിരുവനന്തപുരത്തുനിന്നും എറണാകുളത്തു പോകാനുള്ള എക്സ്പ്രസ്സ് ചാർജ്ജ് കൊടുത്തു പാളയത്തിലിറങ്ങണ്ട എന്നുറച്ചു. നടപ്പുതന്നെ ശരണം. മുപ്പത്തഞ്ചു മിനിട്ട് അങ്ങോട്ടും വൈകിട്ട് ഇങ്ങോട്ടുമായി എഴുപതു മിനിട്ട് നടപ്പ്. അശേഷം ക്ഷീണമില്ല. മുറിയിൽ എത്തിയാൽ ഉത്തരീയവും തോൽക്കുപ്പായവും കൈയുറയും ഊരിമാറ്റി ഇരുന്നാൽ ഒരു പത്തുമിനിട്ടുനേരം ചെവിയിതളുകൾ അരയ്ക്കും. തിരുമ്മിയൊട്ട് ആശ്വാസമാകുമ്പോഴേക്കും മൂക്കിൽ നിന്ന് രക്തവും പൊടിയും. ഈ ദിനവൃത്താന്തം തുടർന്ന് ഏതാണ്ട് ഒരു മാസത്തോളം. പരീക്ഷണശാലയിലെ അല്ലറ ചില്ലറ ജോലികളും ഇടയ്ക്കും തലയ്ക്കും ചില പ്രഭാഷണങ്ങളുമായി നിങ്ങുന്ന പരിശീലന-പരിപാടിയിൽ, മരച്ചീനി നുരപ്പിക്കലിനെ പുരസ്കരിച്ച് പ്രസിദ്ധീകരിച്ച ലോകമെമ്പാടും നിന്നുമുള്ള ആധികാരിക ശാസ്ത്രലേഖനങ്ങൾ സമ്പാദിക്കാൻ കഴിഞ്ഞു എന്നുള്ളതാണ് ഒരു നേട്ടം.



നാച്യുറൽ റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ടിൽ

(തുടരും)

കൊളാടി ഗോവിന്ദൻകുട്ടി

ഇങ്ങനെയും ഒരു മനുഷ്യൻ

ആധുനിക കേരളത്തിന്റെ അദ്ഭുത പ്രതിഭയായിരുന്നു കെ.ദാമോദരൻ. ഈ തലമുറയിൽ കേരളത്തിലെ മറ്റൊരു പ്രതിഭാസാഗരത്തിലും ഇത്രയേറെ വിജ്ഞാനഭാഗീരഥികൾ ഒന്നിച്ച് ഒഴുകിയെത്തിയതായി അനുഭവപ്പെട്ടിട്ടില്ല. അദ്ഭുമായ വിജ്ഞാനദാഹവും അതുലുമായ മനനശേഷിയും അസൂയാവഹമായ പ്രത്യുല്പന്നമതിത്വവും അമാനുഷമായ ക്രാന്തദർശിത്വവും ആ വ്യക്തിത്വത്തെ അസാമാന്യമാംവിധം കനംതൂക്കിയിരുന്നു. 'വർസടൈൽ ജീനിയസ്സ്'-versatile genius-[വിവിധ വിജ്ഞാന സമാഹൃതമായ ധിഷണ] കൈമുതലായുള്ള നമ്മുടെ തലമുറയിലെ അതികായന്മാരുടെ കണക്കെടുക്കുമ്പോൾ 'ദാമോദരൻ' എന്ന് പെട്ടെന്നു നാം ചെറുവിരൽ മടക്കിപ്പോകുന്നു. രണ്ടാമത്തെ വിരൽ മടക്കാൻ എളുപ്പം കഴിയുന്നില്ല. അല്ലെങ്കിലും രണ്ടാമത്തെ വിരലിന്റെ പേർ അനാമിക എന്നാണല്ലോ.

ഈ വസ്തുത സമർത്ഥിക്കാൻ ഒട്ടും വിഷമിക്കേണ്ടതില്ല. പരസ്പരം ബന്ധം കുറവായ വ്യത്യസ്തങ്ങളായ എത്ര ബൗദ്ധിക മേഖലകളിലാണ് അയത്നവും സ്വച്ഛന്ദവുമായി അദ്ദേഹം വ്യാപരിച്ചുപോന്നിരുന്നത് എന്നു പരിശോധിച്ചാൽ മതി. ഉന്നതനായിരുന്ന രാഷ്ട്രീയ നേതാവായിരുന്നു ദാമോദരൻ. ഉജ്ജ്വലനായ പ്രാസംഗികനും പ്രഗല്ഭനായ സംഘാടകനും, കെ.എം. പണിക്കരുടെയും നാലപ്പാടിന്റെയും നടുവിൽ ഇരുത്താവുന്ന സംഭാഷണചതുരൻ. എമ്പാടും പ്രതികൾ വിറ്റഴിഞ്ഞ 'മനുഷ്യൻ' എന്ന മലയാളത്തിലെ അതുപൂർവ്വ ഗ്രന്ഥത്തിന്റെ കർത്താവായ നരവംശശാസ്ത്രജ്ഞൻ. ഉറുപ്പിക, നാണയപ്രശ്നം, ധനശാസ്ത്ര പ്രവേശിക, തുടങ്ങിയ ഗ്രന്ഥങ്ങളുടെ രചയിതാവായ ധനശാസ്ത്രജ്ഞൻ.

മാർക്സിസ്റ്റ് തത്ത്വങ്ങളെ ലളിത ലളിതമായ ഭാഷയിലുള്ള ചെറിയ ചെറിയ പുസ്തകങ്ങളിലൂടെ കേരളത്തിലെ സാധാരണക്കാർക്കെത്തിച്ചുകൊടുത്തത് ദാമോദരനായിരുന്നു. മിച്ച മൂല്യം, നിഷേധത്തിന്റെ നിഷേധം, ചരിത്രപരവും ശാസ്ത്രീയവുമായ ഭൗതികവാദം: ഇവയെയെല്ലാം കുറിച്ചുള്ള ദാമോദരന്റെ ഗ്രന്ഥാവലിയാണ് സാധാരണക്കാരനെ മാർക്സിസത്തിന്റെ നിലത്തെഴുത്തു പഠിപ്പിച്ചത്. മലയാളിയുടെ നാവിൽ കമ്മ്യൂണിസത്തിന്റെ 'ഹരിശ്രീ' കുറിച്ചിട്ട ദാമോദരൻ എല്ലാ അർത്ഥത്തിലും കേരളത്തിലെ മാർക്സിസ്റ്റ് ആചാര്യനായിരുന്നു.

കേരളം കണ്ട ഏറ്റവും ശക്തനായ ലഘുലേഖാകൃത്തും ദാമോദരൻ തന്നെ. ലഘുലേഖകളിൽ ഏറ്റവും പ്രശസ്തമായത് 'യേശുക്രിസ്തു മോസ്ക്കോവിൽ'. ആയിരക്കണക്കിനു കോപ്പികൾ വിറ്റഴിഞ്ഞ ആ ലഘുലേഖ അക്കാലത്തെ കമ്മ്യൂണിസ്റ്റ് വിരുദ്ധരിൽ അഗ്രഗണ്യനായിരുന്ന ഫാദർ വടക്കനെ ഒട്ടൊന്നുമല്ല ചൊടിപ്പിച്ചത്. ഫാദറുടെ മറുലഘുലേഖ പെട്ടെന്നുതന്നെ പുറത്തുവന്നു: 'യേശുക്രിസ്തു മോസ്ക്കോവിലോ?' ദാമോദരന്റെ പ്രത്യാഖ്യാനം വരാൻ തെല്ലും താമസിച്ചില്ല. 'യേശു ക്രിസ്തു മോസ്ക്കോവിൽ തന്നെ.''

തൃശ്ശൂരിൽ ദാമോദരന്റെ അനുശോചന-അനുസ്മരണ-യോഗത്തിൽ പ്രസംഗിക്കവേ ഫാദർ വടക്കൻ ഈ സംഭവം വികാരഭരിതമായി അനുസ്മരിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞതായോർക്കുന്നു: ''....'യേശുക്രിസ്തു മോസ്ക്കോവിൽ തന്നെ' എന്ന ദാമോദരന്റെ രണ്ടാമത്തെ ലഘുലേഖയ്ക്ക് ഞാൻ മറുപടി എഴുതുകയുണ്ടായില്ല..... അതിലെ വാദമുഖങ്ങൾ നേരിടാൻ എനിക്കു കഴിഞ്ഞില്ല....''

നാടക കൃത്തായ ദാമോദരൻ കർഷക കേരളത്തിന്റെ എന്നത്തേയും പുളകമാകേണ്ടതാണ്. കർഷക കേരളത്തിന്റെ മനസ്സിൽ വിപ്ളവത്തിന്റെ വിത്തുകൾ പാകിയത് ദാമോദരന്റെ 'പാട്ടബാക്കി' യത്രേ. 1930 കളിലും 40 കളിലും മലബാറിലെ നൂറു നൂറു വേദികളിലാണ് 'പാട്ടബാക്കി' അരങ്ങേറിയത്. ജന്മിത്തത്തോടുള്ള ഒടുങ്ങാത്ത പ്രതികാരബുദ്ധിയോടെയാണ് നാടകം കണ്ട ആയിരങ്ങൾ വേദി വിട്ടിറങ്ങിയിരുന്നത്. ആയിരത്തിതൊള്ളായിരത്തി അമ്പത്-അറുപത്-എഴുപതുകളിൽ കേരളത്തിൽ സാക്ഷാത്കരിക്കപ്പെട്ട കാർഷിക പരിഷ്കാര വടവൃക്ഷത്തിന്റെ വേരുകൾ തേടിപ്പോയാൽ 'പാട്ടബാക്കി'യുടെ പേജുകളിലാണു വഴി തെറ്റാതെ നാം എത്തിച്ചേരുക.

സാഹിത്യകാരനും സാഹിത്യവിമർശകനുമായ ദാമോദരൻ രണ്ടുമൂന്നു പതിറ്റാണ്ടുകാലം മലയാള സാഹിത്യത്തിൽ നിറഞ്ഞുനിന്നു. ഒരു പ്രത്യേക കാലഘട്ടത്തിൽ മലയാള സാഹിത്യത്തെ സാധാരണക്കാരന്റെ പ്രയാണമാർഗ്ഗത്തിലേക്കു തള്ളിവിടാൻ ദാമോദരൻ വഹിച്ച പങ്ക് സ്തുത്യർഹമത്രേ. ജീവൽ-പുരോഗമന സാഹിത്യ പ്രസ്ഥാനങ്ങളുടെ ഉന്നതനായ വക്താവായാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്.



കെ. ദാമോദരൻ

'ഇന്ത്യയുടെ ആത്മാവും', 'ഭാരതീയ ചിന്തയും' (ഇംഗ്ളീഷിലും) രചിച്ചപ്പോൾ ദാമോദരൻ വിശ്വചിന്തകന്റെ ഉയരം തേടുകയായിരുന്നു. പ്രാചീന ഭാരതീയ ചിന്തയിലുള്ള ദാമോദരന്റെ അവഗാഹം അഖിലേന്ത്യാതലത്തിലും അഖില ലോകാടിസ്ഥാനത്തിൽത്തന്നെയും അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.

നാട്ടിൻപുറത്തെ അദ്ധ്യാപകനെക്കുറിച്ച് ഗ്രാമീണർക്കുണ്ടായിരുന്ന മനോഭാവത്തെ കാണിച്ചുകൊണ്ട് ഗോൾഡ്സ്മിത്ത് എഴുതിയ വരികൾ ഗൗരവമായിത്തന്നെ ദാമോദരനെക്കുറിച്ചും പ്രസക്തമാണ്.

and still they gazed
and still the winder grew
that ine small head could
carry all he knew!

[എല്ലാവരും പകച്ചുനോക്കി. നോക്കുംതോറും അദ്ഭുതം വർദ്ധിച്ചു. ഈ വിജ്ഞാനങ്ങളെയൊക്കെ എങ്ങനെ ഒരു കൊച്ചു തല താങ്ങുന്നു!]

ഇരുണ്ടുതടിച്ച് ഒത്ത ഉയരമുള്ള ദാമോദരന്റെ ആകാരസൗഷ്ഠവത്തിന് അസാധാരണമായൊരു ആനച്ചന്തം ഉണ്ടായിരുന്നു. അശ്രദ്ധമായി ചിതറിക്കിടക്കുന്ന തലമുടിയും തിളങ്ങുന്ന കണ്ണുകളും ചെറിയ, നിരന്ന പല്ലുകൾ വെളിപ്പെടുത്തിക്കൊണ്ടുള്ള ചിരിയും ഒരിക്കൽ കണ്ടാൽ മറക്കാവുന്നതല്ല.

രാഷ്ട്രീയ മണ്ഡലത്തിൽ അധിനിവേശിതരായവർ അപ്രതീക്ഷിതങ്ങളും സംശയകരങ്ങളുമായ നിലപാടുകൾ കൈക്കൊള്ളുമ്പോൾ ഈ കാലഘട്ടത്തിന് ഒരു പതിവു സമാധാനമുണ്ട്: ".... ഓ, ... അതൊക്കെ രാഷ്ട്രീയമല്ലേ...." ഏത് ആത്മാർത്ഥതാ രാഹിത്യത്തിനുമുള്ള ഫലപ്രദമായ ന്യായീകരണമാണത്. ദാമോദരനെ സംബന്ധിച്ചിടത്തോളം അത്തരമൊരു ന്യായീകരണത്തിന് എന്നും കാര്യമുണ്ടായിട്ടില്ല. തന്റെ വിശ്വാസപ്രമാണങ്ങളിൽ മായം ചേർക്കാൻ ജീവിതത്തിൽ ഒരിക്കൽപ്പോലും അദ്ദേഹം തുനിഞ്ഞിട്ടില്ല. ദാമോദരന്റെ രാഷ്ട്രീയവും വ്യക്തിത്വവും എന്നും സമാസമമായിരുന്നു. കോൺഗ്രസ്സുകാരനായ ദാമോദരൻ ഗാന്ധിജിയുടെ വെള്ളം ചേർക്കാത്ത കേരളപ്രതിപ്പായിരുന്നു. ഗാന്ധിയെക്കാൾ മുന്തിയ ഗാന്ധിയൻ എന്നുപറയട്ടെ. വേഷം ഖദർ, തനി പച്ചക്കറിയൻ, മത്സ്യമാംസാദി എന്നു കേട്ടുകൂടാ. ചായയും കാപ്പിയും വർജ്ജ്യം. പഞ്ചസാര തൊട്ടുകൂടാ. ഇളനീരും തേങ്ങയും പച്ചക്കായയുമാണ് പ്രധാന ഭക്ഷണം. സ്വാതന്ത്ര്യം നേടാൻ ഏകമാർഗ്ഗം ചർക്കതിരിക്കൽ. ഗാന്ധിജിയുടെ 'ഏക് ഹീ രാസ്താ' [ഒരൊറ്റ വഴി] എന്ന ലഘുലേഖ (സ്വയം തർജ്ജമ ചെയ്ത് അച്ചടിച്ചത്) നടന്നു വിൽക്കൽ സ്ഥിരം ജോലി. 'ചർക്കാ ഫിരാ ഫിരാ കേ ലേംഗേ സ്വരാജ് ലോഗേ' [ചർക്ക തിരിച്ചു തിരിച്ചു രാജ്യം പിടിക്കുക] എന്നത് തലച്ചോറിലെ ഏക ചിന്ത.

ഇങ്ങനേയും ഒരു മനുഷ്യനോ?..... പലരും അദ്ഭുതപ്പെട്ടിട്ടുണ്ട്.

കേരളത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ സ്ഥാപകാംഗമായ ദാമോദരൻ മാതൃകാ കമ്മ്യൂണിസ്റ്റായി. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നാഷനൽ എക്സിക്യൂട്ടീവ് അംഗം എന്ന പദവിവരെ അദ്ദേഹം ഉയർന്നെത്തുകയും ചെയ്തു. 1964-ൽ പാർട്ടി ഭിന്നിച്ചപ്പോൾ അദ്ദേഹം സി.പി.ഐയുടെ ജീവാത്മാവും പരമാത്മാവുമായി മാറി. ഒരു കുരിശുയുദ്ധത്തിന്റെ ആവേശവുമായാണ് അദ്ദേഹം സി.പി.ഐ നിലപാടിന്റെ ശരിയെക്കുറിച്ചു നാടാകെ പ്രസംഗിച്ചുനടന്നത് സ്റ്റാലിന്റെ കിരാത കൃത്യങ്ങളെക്കുറിച്ചുള്ള ക്രൂഷ് ചേവിന്റെ വെളിപ്പെടുത്തലുകളോടെ ദാമോദരൻ ഡി-സ്റ്റാലിനൈസേഷന്റെ [de-stalinisation] വെളിച്ചപ്പാടായി. കിഴക്കൻ യൂറോപ്പൻ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ ജനാധിപത്യത്തിനായുള്ള ജനമുന്നേറ്റത്തെ റഷ്യൻ ടാങ്കുകൾ നേരിട്ടപ്പോൾ ദാമോദരന്റെ ധാർമ്മികരോഷം തിളച്ചുപൊന്തി.

ഒരു വ്യക്തിയെ കൃത്യമായി മനസ്സിലാക്കാൻ അയാളുടെ എതിരാളികൾ ആരൊക്കെയാണെന്നു നോക്കിയാൽ മതി എന്നൊരു ചൊല്ലുണ്ട്. ഓരോ കാലത്തും ദാമോദരൻ ഏറ്റുമുട്ടിയത് ധിഷണാമേഖലകളിലെ തലതൊട്ടപ്പന്മാരോടായിരുന്നു. ചരിത്രത്തിന്റെ മേഖലയിൽ ഇളംകുളം കുഞ്ഞൻപിള്ളയുമായാണ് ഏറ്റുമുട്ടേണ്ടിവന്നതെങ്കിൽ സാഹിത്യ മണ്ഡലത്തിൽ മുണ്ടശ്ശേരിയോടായിരുന്നു. രാഷ്ട്രീയ പ്രതിയോഗികളുടെ മുൻപന്തിയിൽ ഇ.എം.എസ്.

അവിടംകൊണ്ട് അവസാനിക്കുന്നില്ല. സർവ്വലോക കമ്മ്യൂണിസം കൊടികുത്തി വാഴുന്ന കാലത്താണ് സോവിയറ്റ് യൂണിയന്റെ താത്ത്വികാചാര്യനായ ഉളിനോവ്സ്ക്കിയെ ദാമോദരൻ തിരുത്താൻ തുനിഞ്ഞത്. അക്കാലത്ത് സോവിയറ്റ് യൂണിയന്റെ ആധികാരിക വക്താവിന്റെ 'തിരുവായ്ക്കെതിർവായ്' പറയാൻ ഒരു കമ്മ്യൂണിസ്റ്റുകാരൻ മുതിരുക എന്നതിൽക്കവിഞ്ഞൊരു പാതകം ചിന്തിക്കാനില്ലായിരുന്നു. ആ പാതകത്തേയും ദാമോദരന്റെ അനന്തരകാലത്തെ പതനത്തേയും പരസ്പരം ബന്ധപ്പെടുത്തുന്നവരുമുണ്ട്.

1962-ലെ ചൈനയുടെ ഇന്ത്യാ ആക്രമണം ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പരസ്യമായ ചേരിതിരിവുണ്ടാക്കി. ആക്രമണത്തിനുള്ള ചൈനയുടെ ഭാഷ്യവും ന്യായീകരണവും നേരിട്ടറിയാൻ പാർട്ടി ഒരു പ്രതിനിധി സംഘത്തെ അയയ്ക്കുകയുണ്ടായി. ഇന്ത്യാ-ചൈനാ ബന്ധത്തിലെ പിശകുമൂലം നേരിട്ട് ചൈനയിലേക്കു പോകാനാകാതെ വിയറ്റ്നാമിൽ പോയി അവിടെനിന്നാണ് പ്രതിനിധിസംഘം ചൈനയിലെത്തിയത്. ബംഗാളിലെ ഹരേകൃഷ്ണകോനാരും കേരളത്തിലെ ദാമോദരനുമായിരുന്നു ദ്വയാംഗ സഖ്യത്തിലുണ്ടായിരുന്നത്. കോനാർ ചൈനയുടെ ശക്തനായ അനുകൂലി; ദാമോദരൻ, ഭിന്നാഭിപ്രായക്കാരൻ. പാർട്ടിയിലെ വിരുദ്ധാഭിപ്രായങ്ങളുടെ പ്രതിനിധികളടങ്ങിയ സംഘത്തെ പെക്കിങ്ങിൽ ചൗ-എൻ-ലായി തന്നെയാണു സ്വീകരിച്ചത്. ചൗ-എൻ-ലായിയുടെ മുഖത്തു നോക്കിത്തന്നെ ദാമോദരൻ ചൈനീസ് ചെയ്തികളെ രൂക്ഷമായി വിമർശിച്ചു. ദാമോദരന്റെ വിമർശനങ്ങളെ നേരിടാൻ വേണ്ട കരുക്കൾ നിരത്തുന്നതിൽ ചൗ-എൻ-ലായി അന്ന് പരാജയപ്പെടുകയായിരുന്നു.

സോവിയറ്റ് യൂണിയനിലായിരുന്നപ്പോൾ സാഹിത്യത്തെ പട്ടാളച്ചിട്ടയോടെ രാഷ്ട്രീയവൽക്കരിക്കുന്ന സമ്പ്രദായത്തിൽ തനിക്കുള്ള എതിരഭിപ്രായം ക്രൂഷ്ചേവിനോടു തൊട്ട കസാലയിൽ ഇരുന്നുകൊണ്ടുതന്നെ ദാമോദരൻ പ്രകടിപ്പിച്ച സംഭവമുണ്ട്. കുറച്ചുനേരം ന്യായവാദങ്ങൾ ഉന്നയിക്കാൻ ക്രൂഷ്ച്ചേവ് മുതിർന്നെങ്കിലും പിന്നീട് വിഷയം മാറ്റുകയാണുചെയ്തത്.

സോവിയറ്റ് യൂണിയന്റെ നയങ്ങളേയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അനാശാസ്യങ്ങളും ഏകാധിപത്യപരങ്ങളുമായ പ്രവണതകളേയും എതിർക്കുന്നത് അവസാന കാലങ്ങളിൽ ദാമോദരൻ പതിവാക്കി. പാർട്ടിയുടെ ഔദ്യോഗിക നിലപാടിനോടു പൊരുത്തപ്പെടാത്ത എതിർപ്പുകളും വിമർശനങ്ങളും സ്വാഭാവികമായ പതനത്തിലേക്ക് ദാമോദരനെ കൊണ്ടുചെന്നെത്തിച്ചു. ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ സോവിയറ്റ് യൂണിയൻ ചെലുത്തുന്ന ദുരധികാരപ്രമത്തതയേയും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ ജനാധിപത്യ മുന്നേറ്റങ്ങളെ നേരിട്ട രീതികളേയും തുറന്നു വിമർശിച്ചുകൊണ്ട് എഴുതിയ ഒരു ലേഖന പരമ്പരയുടെ പേരിൽ ദാമോദരന് പാർട്ടി കഠിനമായ ശിക്ഷ വിധിച്ചു. ദാമോദരൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ആരുമല്ലാതായി.

അദ്ഭുതകരമായ വസ്തുതയാണത്. കുറ്റത്തിനും ശിക്ഷയ്ക്കും പ്രത്യേകതയുണ്ടായിരുന്നു. ശിക്ഷിക്ക

(ശേഷം 47-ാം പേജിൽ)

JUST ARRIVED

◆ A PERSONAL MATTER : KENZABURO OE ..... Rs. 165/-
◆ RETURN OF THE ARYANS : BHAGAWAN S. GIDWANI - ..... Rs. 300/-
◆ COLLECTED POEMS : PHILIP LARKIN ..... Rs. 468/-
◆ PSYCHO DARWINISM - THE NEW SYNTHESIS OF DARWIN AND FREUD : CHRISTOPHER BAD COCK ..... Rs. 217/-
◆ THINKING THE UNTHINKABLE - THINK TANK AND THE ECONOMIC COUNTER REVOLUTION, 1931-'83 : RICHARD COCKETT ..... Rs. 275/-
◆ THINKING ABOUT SOCIAL THINKING : ANTONY FLEW
◆ FLICKERS - AN ILLUSTRATED CELEBRATION OF 100 YEARS OF CINEMA : GILBERT A DAIR ..... Rs. 550/-
◆ SELECTED POEMS : FAIZ AHMED FAIZ ..... Rs. 195/-

BOOKS ARE AVAILABLE BY V.P.P.

BOOK LAND
THE COMPLETE BOOKSHOP
71, MARKAZ COMMERCIAL COMPLEX, NAVOOR ROAD, CALICUT - 4.

XCEL ▲ /CB/96.02

ഡോ. ആർ. പ്രസന്നൻ

നിയമസഭയിൽ തിരുമ്പുനായി

രണ്ടാം ഭാഗം

(എട്ട്)

വളരുന്തോറും പിളരുകയും പിളരുന്തോറും വളരുകയും ചെയ്യുന്ന പാർട്ടിയാണ് കേരളാകോൺഗ്രസ്സെന്ന ശ്രീ.കെ. എം.മാണിയുടെ വിശ്രുതമായ സൂക്തം, അദ്ദേഹത്തിന്റെതന്നെ സൃഷ്ടികളായ 'അദ്ധ്വാനവർഗ്ഗ'ത്തെയും 'അഡിഷണാലിറ്റി'യേയുംകാൾ കൂടുതൽ ആസ്വാദ്യമായി അനുവാചകർക്ക് അനുഭവപ്പെട്ടുവെങ്കിൽ, അതിനുള്ള കാരണം ആ പ്രസ്താവനയുടെ വസ്തുതാപരമായ യാഥാർത്ഥ്യത്തികവുകൊണ്ടൊന്നുമല്ല.

കൂട്ടുപിരിയലും കൂടിച്ചേരലും അവയുടെ സ്വാഭാവിക പരിണതഫലങ്ങളായ തളർച്ചയും വളർച്ചയുമെല്ലാം കേരള രാഷ്ട്രീയത്തിൽ കേരളാകോൺഗ്രസ്സിനു മാത്രം ബാധകമായ പ്രത്യേക പ്രതിഭാസങ്ങളല്ലല്ലോ. പല ലേബലുകളുടെ അകമ്പടിയോടെ രാഷ്ട്രീയ കമ്പോളത്തിൽ വിലപേശാനെത്തിയിരുന്ന സോഷ്യലിസ്റ്റുപാർട്ടികൾ, പിളർപ്പിന്റെ കാര്യത്തിൽ ഒരു സർവ്വകാല റിക്കോർഡ് സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക്, കേരളാകോൺഗ്രസ്സിന് അക്കാര്യത്തിൽ രണ്ടാംസ്ഥാനം മാത്രമേ അവകാശപ്പെടാൻ കഴിയൂ. വളരുംമുമ്പേ പിളരുകയും തകർന്നു വേരറ്റുപോവുകയും ചെയ്ത മറ്റു കക്ഷികളെക്കുറിച്ചു പറയാതിരിക്കുകയാണ് ഭേദം.

കോൺഗ്രസ്സും കമ്മ്യൂണിസ്റ്റുപാർട്ടിയും ഉൾപ്പെടെയുള്ള എല്ലാ കക്ഷികളും അലംഘനീയമെന്നു കരുതപ്പെടുന്ന ഈ വിഘടന പ്രക്രിയയ്ക്ക് വിധേയമായിട്ടുണ്ട് എന്ന വസ്തുതയും വിസ്മരിക്കാവുന്നതല്ല. പലതവണ പിളർന്നിട്ടും തളരാതെ നില്ക്കുന്നതും, പിളർപ്പിനുശേഷം ഒരു ഭാഗം തഴച്ചു തളിരിടുതു നില്ക്കുന്നതും യഥാക്രമം മേൽപ്പറഞ്ഞ ഒന്നും രണ്ടും കക്ഷികളാണല്ലോ. അതിനാൽ ശ്രീ. മാണിയുടെ വിശേഷണം ഭാഗികമായെങ്കിലും ഇണങ്ങുന്നത് ആ രണ്ടു കക്ഷികൾക്കുമായിരിക്കും.

കേരള രാഷ്ട്രീയത്തിന്റെ പ്രത്യേകതയായ ഈ വിഘടന-സംയോജന-വിഘടന പ്രക്രിയയുടെ പശ്ചാത്തലത്തിൽ കേരളാകോൺഗ്രസ്സിലെ പിളർപ്പിന്റെ തുടർ നാടകത്തിന് സാധുകരണവും അർത്ഥവ്യാപ്തിയും നൽകുവാനായിരുന്നു ആ കക്ഷിയുടെ താത്ത്വികാചാര്യനായ ശ്രീ.മാണി ശ്രമിച്ചത് എന്നു തോന്നുന്നു. അദ്ദേഹത്തിന്റെ അർത്ഥകല്പന അതേ രൂപത്തിൽ തുടർന്നും ഉൾക്കൊണ്ടില്ലെങ്കിലും, ഏറ്റവും ഒടുവിലത്തെ പിളർപ്പുമൂലമുണ്ടായ ജ്ഞത മറയ്ക്കുവാൻ അതുകൊണ്ട് കഴിഞ്ഞു. എന്നുമാത്രമല്ല, നമ്മുടെ രാഷ്ട്രീയ സാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠ നേടുവാൻ കഴിഞ്ഞ ഒരു സൂക്തത്തിനോ സിദ്ധാന്തത്തിനോ ജന്മമേകുവാൻ കഴിഞ്ഞുവെന്ന ചാരിതാർത്ഥ്യത്തിനു വകയുമായി.

വളർച്ചയെത്തുന്നതിനു മുൻപ് പിളർന്നുതുടങ്ങുകയും തകർന്നടിഞ്ഞ് വേരറ്റുപോവുകയും ചെയ്ത എത്ര കക്ഷികൾ ഈ കൊച്ചു കേരളത്തിൽ ഉണ്ടായിട്ടുണ്ട്? കേരളാകോൺഗ്രസ്സ് തീർച്ചയായും ആ പട്ടികയിൽ ഉൾപ്പെടുകയില്ലല്ലോ.

അറുപതുകളുടെ മദ്ധ്യത്തിൽ ആരംഭം കുറിച്ച കേരളാകോൺഗ്രസ്സിന്റെ ആദ്യ ദശകത്തിലെ വളർച്ച പലരേയും അമ്പരപ്പിക്കുകയും എല്ലാവരേയും അദ്ഭുതപ്പെടുത്തുകയും ചെയ്ത തരത്തിലുള്ളതായിരുന്നു. അസ്വയാവഹമായ ആ നിലയിലെത്തി ഏറെ കഴിയുംമുമ്പാണ് പിളർപ്പിന്റെ തുടക്കം.

1971-ൽ ശ്രീ.കുഞ്ഞുകൃഷ്ണൻ നാടാരും, 1974 ഒക്ടോബറിൽ ശ്രീ. ഇ. ജോൺ ജേക്കബും ശ്രീ. ജെ. എ. ചാക്കോയും കേരളാ കോൺഗ്രസ്സ് നിയമസഭാകക്ഷിയിൽനിന്നു രാജിവച്ചു പിരിഞ്ഞുപോയെങ്കിലും, അവകൊണ്ടൊന്നും കേരളാകോൺഗ്രസ്സ് പിളർന്നതായി ആരും കരുതിയില്ല. ശ്രീ.നാടാർ കേരളാകോൺഗ്രസ്സ് സ്ഥാനാർത്ഥിയായിട്ടാണ് കോവളത്തുനിന്ന് തിരഞ്ഞെടുപ്പിൽ മത്സരിച്ചു വിജയിച്ചത്. പക്ഷെ, കേരളാകോൺഗ്രസ്സിന് പ്രസ്തുത നിയോജക മണ്ഡലത്തിൽ കാര്യമായ സ്വാധീനവും ശക്തിയും ഉണ്ടായിരുന്നില്ലെന്ന് ഏവർക്കും അറിവുള്ളതാണ്.

അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിന് ഏതാനും മാസങ്ങൾക്കു മുൻപ് തിരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട്, കേരളാകോൺഗ്രസ്സ് മാർക്സിസ്റ്റ് മുന്നണിയുമായി സഖ്യത്തിലേർപ്പെടാൻ ഒരുങ്ങിയപ്പോഴാണ്, സ്ഥാപകനേതാക്കളിൽ ഒരാളായ ശ്രീ.ജോൺ ജേക്കബ് സ്വന്തം കക്ഷിയോടു വിടപറഞ്ഞ് പുറത്തുപോയത്. അദ്ദേഹത്തോടൊപ്പം പോയ അനുയായികൾ എത്രയുണ്ടെന്നറിയില്ല. അണികളുടെയും അനുഭാവികളുടെയും കാര്യം തിരഞ്ഞെടുപ്പിൽക്കൂടിയല്ലേ അറിയുവാൻ കഴിയൂ. തിരഞ്ഞെടുപ്പ് അപ്പോൾ ഉണ്ടായതുമില്ല.

അവിചാരിതമായി വന്നണഞ്ഞ അടിയന്തരാവസ്ഥയെത്തുടർന്നുണ്ടായ അധികാര പ്രവേശനസാദ്ധ്യത, പലരുടെ ഉള്ളിലും മയങ്ങിക്കിടന്ന മന്ത്രിപദമോഹത്തെ തൊട്ടുണർത്തി. അതോടെ നേതൃത്വത്തിനുവേണ്ടിയുള്ള മത്സരവും ചേരിപ്പോരും രൂക്ഷമാവുകയും ചെയ്തു. ആരുടെയോ ഒക്കെ ബുദ്ധിശാലയിലുദിച്ച 'ഒരാൾക്ക് ഒരു പദവി' എന്ന തത്ത്വാധിഷ്ഠിത തന്ത്രം ശ്രീ.കെ. എം. ജോർജ്ജിനെ തൽക്കാലത്തേക്ക് അധികാരത്തിൽനിന്നും അകറ്റി നിർത്തുവാൻ ഉപകരിച്ചുവെങ്കിലും അദ്ദേഹം തോൽവി സമ്മതിച്ച് അധികം കാലം അടങ്ങിയിരിക്കുവാൻ കൂട്ടാക്കിയില്ല.

നിയമസഭാംഗമല്ലാത്ത ഒരാൾ മന്ത്രിയായി നിയമിതനായാൽ ആറുമാസത്തിനകം അംഗത്വം നേടിയിലെങ്കിൽ, മന്ത്രിയായിത്തുടരാനുള്ള അർഹത നഷ്ടപ്പെടുമെന്നാണ് ഭരണഘടനാ വ്യവസ്ഥ. പ്രസ്തുത വ്യവസ്ഥയ്ക്ക് ഒരു പുതിയ വ്യാഖ്യാനം നൽകാനുള്ള ശ്രമം ചില കേന്ദ്രങ്ങളിൽ നടക്കുകയുണ്ടായി. മന്ത്രിസ്ഥാനം നഷ്ടപ്പെടുന്ന വ്യക്തിയെ ഒന്നോ രണ്ടോ ദിവസത്തെ ഇടവേളയ്ക്കുശേഷം വീണ്ടും മന്ത്രിസ്ഥാനത്ത് അവരോധിക്കുന്നതിനെ വിലക്കുന്നതൊന്നും മേൽപ്പറഞ്ഞ വ്യവസ്ഥയിൽ ഇല്ലാത്തതിനാൽ, ശ്രീ.ബാലകൃഷ്ണപിള്ളയ്ക്ക് ഒരു വസരം കൂടി നൽകുന്നതിൽ അപാകതയൊന്നുമില്ലെന്നായിരുന്നു ഉപശാലാവൃത്തങ്ങളിൽ ഉയർന്നുകേട്ട വാദഗതി.

അടിയന്തരാവസ്ഥയല്ലേ, എന്തും വിലപ്പോകുമെന്നും വിഴുങ്ങിക്കൊള്ളുമെന്നുമുള്ള ധാർഷ്ട്യം കൊണ്ടായിരിക്കണം, അങ്ങനെ ഒരു ഭാഷ്യവും അത്തരത്തിലുള്ള അവകാശവാദവും മുന്നോട്ടുവയ്ക്കാൻ അവയുടെ ഉപജ്ഞാതാക്കൾ ധൈര്യപ്പെട്ടത്.

അപഹാസ്യമായ ആ അവകാശവാദത്തെ ആരും ഗൗരവമായെടുക്കുകയോ ആശാസ്യമല്ലാത്ത ആ നീക്കത്തെ ആരെങ്കിലും പ്രോത്സാഹിപ്പിക്കുകയോ ചെയ്തില്ല. പക്ഷെ, ശ്രീ.ബാലകൃഷ്ണപിള്ളയുടെ ഹ്രസ്വകാല മന്ത്രിപദസമാപ്തി കേരളാ കോൺഗ്രസ്സിനേയും ഭരണമുന്നണിയേയും ഒരു പ്രതിസന്ധിയിൽ എത്തിച്ചു.

ശ്രീ.ബാലകൃഷ്ണപിള്ളയുടെ പിൻഗാമിയായി നിയമിതനാകേണ്ടത് ഒരു ഹിന്ദു ആയിരിക്കണം. കേരളാ കോൺഗ്രസ്സിന്റെ "സെക്കുലർ" സ്വഭാവം തെളിയിക്കുന്നതിന് അത്തരമൊരു "ന്യാഗം" അനുഷ്ഠിക്കേണ്ടത് അന്നത്തെ ചുറ്റുപാടിൽ അത്യന്താപേക്ഷിതമാണ് എന്നായിരുന്നു മാണിപക്ഷക്കാരുടെ വാദം.

പക്ഷെ, ആ വാദത്തിന് വഴങ്ങിക്കൊടുക്കുവാൻ ശ്രീ. കെ. എം. ജോർജ്ജ് തയ്യാറല്ലായിരുന്നു. ഒരിക്കൽ കൈവിട്ടുപോയ മന്ത്രിപദം, പാർട്ടിയുടെ പ്രതിച്ഛായയ്ക്ക് മങ്ങലേൽക്കാതിരിക്കാൻ വേണ്ടി വീണ്ടും തൃജിക്കാനുള്ള ഹൃദയവിശാലതയൊന്നും തന്നിൽനിന്നും പ്രതീക്ഷിക്കേണ്ടതില്ല എന്നു തറപ്പിച്ചു പറയുവാൻ അദ്ദേഹം മടിച്ചില്ല. കേരളാകോൺഗ്രസ്സിന്റെ അദ്ധ്യക്ഷപദവും ഉപേക്ഷിക്കാൻ അദ്ദേഹം ഒരുക്കമില്ലായിരുന്നു. അദ്ധ്യക്ഷപദം ഒഴി

ഞാൽ തന്നെ ഒതുക്കുവാൻ കാത്തുനില്ക്കുന്ന വരുടെ കെണിയിൽപ്പെടുകയായിരിക്കും ഫലമെന്ന് അറിയുവാനുള്ള പ്രായോഗിക ബുദ്ധി അദ്ദേഹത്തിനുണ്ടായിരുന്നു എന്നുസാരം.

എതിർപക്ഷവും അനുരഞ്ജനത്തിനുള്ള അവസ്ഥയിലായിരുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം പ്രശ്നം തത്ത്വാധിഷ്ഠിതമായിരുന്നു. ഒരു വ്യക്തിയുടെ-അദ്ദേഹം എത്ര സമുന്നതനായിരുന്നാലും ശരി-താത്കാലിക താത്പര്യസംരക്ഷണത്തിനോ അഭീഷ്ടസിദ്ധിക്കോ വേണ്ടി മഹത്തായ ഒരു തത്ത്വം ബലികഴിക്കുന്നതെങ്ങനെ? അതിനാൽ അവരും അവരുടെ നിലപാടിൽ കരിങ്പാറപോലെ ഉറച്ചുനിന്നു.

ഇരുപക്ഷക്കാരും വിടാതെ പിടിമുറുക്കുമ്പോൾ പാർട്ടി എങ്ങനെ പൊട്ടാതിരിക്കും? സംഭവിച്ചതും അതുതന്നെയാണ്.

തങ്ങളുടെ അപ്രഖ്യാപിത നയമനുസരിച്ച് മാണിപക്ഷക്കാർ ശ്രീ.ബാലകൃഷ്ണപിള്ള ഒഴിഞ്ഞ സ്ഥാനത്തേക്ക് ശ്രീ.കെ.നാരായണക്കുറുപ്പിനെ നാമനിർദ്ദേശം ചെയ്തു. ശ്രീ.ജോർജ്ജിനെയല്ലാതെ മറ്റാരെയും മന്ത്രിയാക്കാൻ പാടില്ലെന്ന് മറുപക്ഷവും ശഠിച്ചു. അണികളിൽ അധികവും ശ്രീ.മാണിയോടൊപ്പമാണ് എന്ന് അറിയാമായിരുന്നുവെങ്കിലും, ഭരണകക്ഷി നേതൃത്വത്തിന് ശ്രീ.ജോർജ്ജിനോടായിരുന്നു അനുഭാവം. മാർക്സിസ്റ്റ് പാളയത്തിലേക്കു നീങ്ങിക്കഴിഞ്ഞിരുന്ന കേരളാകോൺഗ്രസ്സിനെ ഭരണമുന്നണിയിലേക്ക് ആനയിക്കുന്നതിൽ സുപ്രധാനമായ പങ്കുവഹിച്ച ശ്രീ. ജോർജ്ജിന്റെ അവകാശവാദത്തെ അവഗണിക്കുന്നത്. പക്ഷമതിയായ ഒരു തലമുതിർന്ന നേതാവിനോടു കാട്ടുന്ന അനീതിയായിരിക്കുമെന്നും അവർക്കു തോന്നിയിരിക്കണം.

ഒന്നാമത്തെ അച്യുതമേനോൻ മന്ത്രിസഭയിൽ അംഗമായിരുന്ന ശ്രീ.കെ. എം. ജോർജ്ജ് ആറുവർഷവും ആറു മാസവും കഴിഞ്ഞ് 1976 ജൂൺ 26-ാം തീയതി രണ്ടാം അച്യുതമേനോൻ മന്ത്രിസഭയുടെ അവസാന ദശയിൽ വീണ്ടും മന്ത്രിയായി മടങ്ങിവന്നു.

അതോടെ കേരളാ കോൺഗ്രസ്സ് രണ്ടായി പിളർന്നു. അധികാരപ്രവേശത്തോടെ വളർച്ചയുടെ ഒരു ഘട്ടമെത്തിയെന്നു കരുതിയ പാർട്ടി. ഭരണഭാരാധിക്യം കൊണ്ടാവാം നെടുകെ പിളർന്നത്. നിയമസഭാകക്ഷിയിലെ നാലുപേർ ശ്രീ.ജോർജ്ജിനോടൊത്തുനിന്നു. മറ്റു നാലുപേർ ശ്രീ. മാണിയോടു ചേർന്നു. അവരിലൊരാൾ ശ്രീ.പി.ജെ. ജോസഫായിരുന്നു. കേരളാ കോൺഗ്രസ്സിൽനിന്നു നേരത്തേ വേർപിരിഞ്ഞുപോയ ശ്രീ. ഇ. ജോൺ ജേക്കബും ശ്രീ.ജെ. എ. ചാക്കോയും. ഇരു ചേരിക്കാരോടുമുള്ള നീരസം കൊണ്ടാവാം, ഒരു പക്ഷത്തും ചേർന്നില്ല. അങ്ങനെ നിയമസഭയ്ക്കകത്ത് കേരളാകോൺഗ്രസ്സിന്റെ ലേബലിൽ മൂന്നു ഗ്രൂപ്പുകൾ മുഖംകാട്ടി.

ശ്രീ.ജോർജ്ജിന്റെയും ശ്രീ.മാണിയുടെയും ഗ്രൂപ്പുകൾക്ക് നിയമസഭാംഗങ്ങളുടെ പിൻബലം തുല്യമായിരുന്നെങ്കിലും പുറത്ത് അങ്ങനെയല്ലായിരുന്നു സ്ഥിതി. 'അദ്ധ്യാനവർഗ്ഗ സിദ്ധാന്തത്തിന്റെ' പ്രണേതാവായി അരങ്ങേറിയ ശ്രീ.മാണിക്ക് തന്റെ പാർട്ടിക്ക് നേരത്തേതന്നെ താത്ത്വികമായ ഒരു പരിവേഷം നൽകാൻ കഴിഞ്ഞിരുന്നു. ചുറുചുറുക്കും വാഗ്വിലാസവും വേണ്ടുവോളമുണ്ടായിരുന്ന അദ്ദേഹം മികച്ച ഒരു സംഘാടകനും കൂടിയാണെന്ന് ചേരിതിരിവിന്റെ ആദ്യനാളുകളിൽത്തന്നെ തെളിയിച്ചു. പ്രായവും അദ്ദേഹത്തിന് അനുകൂലമായിരുന്നു. എല്ലാംകൊണ്ടും ശ്രീ.മാണി ശ്രീ.ജോർജ്ജിനെ സംബന്ധിച്ചിടത്തോളം "മോർ ദാൻ എ മാച്ച്" ആയിരുന്നു.

എങ്കിലും, ശ്രീ ജോർജ്ജ് അടങ്ങിയിരിക്കുവാനോ വിട്ടുകൊടുക്കാനോ ഒരുക്കമല്ലായിരുന്നു. പ്രായത്തിന്റെ പരാധീനതകളും ശാരീരികപീഡകളും തെല്ലും വകവയ്ക്കാതെ അഹോരാത്രം അദ്ദേഹവും തന്റെ പിൻബലം ചോർന്നുപോകാതിരിക്കാനുള്ള കഠിനയത്നത്തിൽ ഏർപ്പെട്ടിരുന്നു. പിടിച്ചുനില്ക്കാനും പിടിച്ചടക്കാനുമുള്ള സംഹാരാത്മകമായ ഈ പോരാട്ടം, അടിയന്തരാവസ്ഥയിൽ അമർന്നിരുന്നിട്ടുകൂടി, റബർ മരങ്ങളുടെ തണലിൽ കഴിഞ്ഞിരുന്ന മലനാടൻ ഗ്രാമങ്ങളിൽ ചെറുചലനങ്ങൾ സൃഷ്ടിക്കാതിരുന്നില്ല. ഇരുകൂട്ടരും അവരവരുടെ ശക്തി പ്രകടനത്തിനായി കേരളാകോൺഗ്രസ്സ് കോട്ട കെട്ടിയുറപ്പിച്ചിരുന്ന കോട്ടയം പട്ടണമായിരുന്നു തിരഞ്ഞെടുത്തത്.

കേരളാകോൺഗ്രസ്സിലെ ചേരിപ്പോരും തെരുവിലെ ബലാബലപരീക്ഷണവും ഭരണ-പ്രതിപക്ഷ കക്ഷികളിൽ സമ്മിശ്ര വികാരങ്ങളാണ് ഉണർത്തിയത്. 'സഖ്യ' കക്ഷികൾ തങ്ങളുടെ [illegible] പ്രധാനമായ അഭിപ്രായ പ്രകടനങ്ങൾ ഉപശാലാവൃത്തങ്ങളിൽ ഒതുക്കിനിർത്തിയപ്പോൾ, പ്രതിപക്ഷ കക്ഷികൾ നിയമസഭാവേദിയിൽ അവ തുറന്നടിച്ചു. മാർക്സിസ്റ്റുകക്ഷിയിലെ ശ്രീ.പി. എൻ. ചന്ദ്രസേനന് 'ഗവൺമെന്റ് മെഷിനറി' ദുരുപയോഗപ്പെടുത്തുന്നതിലായിരുന്നു പരാതി.

"രണ്ടുകൂട്ടരും കോട്ടയത്തുവച്ച് ഒരു ശക്തിപ്രകടനം നടത്തി. ശ്രീ.കെ. എം. ജോർജ്ജിന്റെ ശക്തിപ്രകടനത്തിനുവേണ്ടി ആളുകളെ കൊണ്ടിറക്കാൻ ബസ്സുകളും ലോറികളും ഏർപ്പാടു ചെയ്തുകൊടുത്തത് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെയും വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിലെയും ഉദ്യോഗസ്ഥന്മാരാണ്. അതുപോലെതന്നെ എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരും കള്ളുഷോപ്പ് മാനേജർമാരും ഇതിനുവേണ്ടി പണപ്പിരിവു നടത്തി. ശ്രീ.മാണിയുടെ സമ്മേളനവും കൊഴുപ്പിക്കാൻ വേണ്ടി സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാരും അല്പസ്വല്പം കറങ്ങിനടക്കാതിരുന്നില്ല."

പ്രതിപക്ഷ മുസ്ലിം ലീഗിലെ ശ്രീ. എം. മൊയ്തീൻകുട്ടി ഹാജി ഒരു ടിപ്പണികൂടി നൽകി: "ശ്രീ.മാണിയുടെ കേരളാ കോൺഗ്രസ്സിന്റെ വാൾപോസ്റ്റിൽ ഉണ്ടായിരുന്നത് ഇന്ദിരാഗാന്ധിയുടെ ഇരുപതിന പരിപാടി വിജയിപ്പിക്കാൻ വേണ്ടിയാണ് സമ്മേളനമെന്നായിരുന്നു. സമ്മേളനത്തിൽ വന്ന ബസ്സുകളിൽ അൻപതോളം, ശ്രീ.ജോർജ്ജ് ഇടപെട്ടിട്ടാണെന്നു തോന്നുന്നു, വെഹിക്കിൾ ഇൻസ്പെക്ടർമാർ തടഞ്ഞുനിർത്തി. അങ്ങനെ ഭരണകക്ഷികളുടെ സമ്മേളനം ഭരണകക്ഷികൾ ഇടപെട്ടുകൊണ്ട് തകർക്കുന്നു. ഇതാണ് ഇവിടെ നടക്കുന്ന കൂട്ടുകക്ഷി ഗവൺമെന്റിന്റെ പ്രവർത്തനം..."

ഇതെല്ലാം കേട്ടുകൊണ്ടിരുന്നപ്പോൾ ശ്രീ.ജോർജ്ജിനു തോന്നിയ ജ്ഞത അദ്ദേഹത്തിന് മറച്ചുവയ്ക്കാനായില്ല. ശ്രീ.മാണിയാകട്ടെ, അതിലൊന്നും തെല്ലും കുലുങ്ങാത്ത മട്ടിൽ മറുപടി പറഞ്ഞു:

"..... ഏതു രാഷ്ട്രീയ പാർട്ടിക്കകത്തായാലും ആശയപരമായ ധ്രുവീകരണമുണ്ടാകാം, നേതൃത്വപരമായ മാറ്റങ്ങൾ ഉണ്ടാകാം; ഇത് കേരളാ കോൺഗ്രസ്സിന്റെ ആഭ്യന്തര കാര്യമാണ്. അത് പ്രതിപക്ഷങ്ങൾ നോക്കിയിട്ടു കാര്യമില്ല. ഈ ആഭ്യന്തര പ്രശ്നം ഐക്യമുന്നണി ഗവൺമെന്റിന്റെ പ്രവർത്തനത്തെ യാതൊരു കാരണവശാലും ഉലച്ചിട്ടില്ല. സൗഹാർദ്ദപരമായി, ഐക്യത്തോടുകൂടി, ഈ ഗവൺമെന്റിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നു...."

അടിയന്തരാവസ്ഥയുടെ അവസാന നാളുകളിൽ കോൺഗ്രസ്സ് കക്ഷിയുടെ ഉള്ളിലെ "ഐക്യ"ത്തിന്റെ കഥയും വ്യത്യസ്തമായിരുന്നില്ല. ചേരിതിരിവ് കേരളാകോൺഗ്രസ്സിനെ പിളർത്തിയപ്പോൾ, ആഭ്യന്തരകലഹം അതിരൂക്ഷമായിരുന്ന കോൺഗ്രസ്സിൽ ഒരു പൊട്ടിത്തെറി ഉണ്ടാകാതിരുന്നത്. അടിയന്തരാവസ്ഥക്കാലത്ത് കേന്ദ്രനേതൃത്വത്തിനുണ്ടായിരുന്ന അനിഷേധ്യമായ ആജ്ഞാശക്തി ഒന്നുകൊണ്ടുമാത്രമായിരുന്നു. കോൺഗ്രസ്സിലെ യുവജനവിഭാഗത്തെ സംബന്ധിച്ചിടത്തോളം ആ കാലം അവഗണനയുടെയും അപമാനത്തിന്റെയും വേദനകളുടെയും വീർപ്പുമുട്ടലിന്റെയും അഭിശപ്തമായ നാളുകളായിരുന്നു.

മാർക്സിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിലും പ്രേരണയിലും നടത്തുന്ന സമരങ്ങൾക്ക് എന്നും വീര്യവും ആവേശവും പകർന്നിരുന്ന രണ്ടാംനിര നേതാക്കന്മാരെല്ലാം ഗവൺമെന്റ് സീകരിച്ച 'പ്രതിരോധ' നടപടികളുടെ ഫലമായി നിർവീര്യരാക്കപ്പെട്ട തുമൂലം, ഉപരിതലത്തിൽ മാത്രമല്ല, അധോതലത്തിലും പ്രക്ഷോഭ-പ്രചാരണ പരിപാടികൾക്ക് വലിയ മാന്ദ്യം സംഭവിച്ചുകഴിഞ്ഞിരുന്നു. രാഷ്ട്രീയ സ്വയംസേവകവൃന്ദത്തിലെ ആദർശപ്രേരിതരും സാഹസികരുമായ ചില യുവജനങ്ങളുടെ സമരോത്സുകതയുടെ ഫലമായുണ്ടായ ഒറ്റപ്പെട്ട ചില സംഘട്ടനങ്ങൾ ഒഴിച്ചുനിർത്തിയാൽ രംഗം പൊതുവേ ശാന്തമായിരുന്നു.

പ്രതിപക്ഷ പ്രക്ഷോഭങ്ങളുടെ അഭാവത്തിൽ, മർദ്ദനോപകരണമായ പൊലീസിനെ ഉപയോഗിച്ച് തങ്ങളെ ഒതുക്കുവാനുള്ള ഗൂഢവും ആസൂത്രിതവുമായ ശ്രമം നടക്കുന്നു എന്നായിരുന്നു. കോൺഗ്രസ്സിലെ യുവജനവിഭാഗത്തിന്റെ പരാതി. അതിലേക്ക് ഉപോൽബലകമായ പല തെളിവുകളും അവർക്കുണ്ടായിരുന്നു. കേന്ദ്ര നേതൃത്വവും അവരെ കൈവെടിഞ്ഞതോടെ അവർ തീർത്തും നിരാശരായി. ആകെക്കൂടി അവർക്കു പരാതി പറയുവാനുണ്ടായിരുന്നത് മുഖ്യമന്ത്രി ശ്രീ. അച്യുതമേനോനോടായിരുന്നു. അദ്ദേഹത്തിനാകട്ടെ, പരിമിതികളും പരാധീനതകളും ഒട്ടേറെ ഉണ്ടായിരുന്നുതാനും.

കോൺഗ്രസ്സിലെ പ്രബല വിഭാഗവും കമ്മ്യൂണിസ്റ്റ് നേതൃത്വവും തമ്മിലുള്ള ബന്ധവും ഒട്ടും സുഖകരമായിരുന്നില്ല. രാഷ്ട്രീയ കാര്യങ്ങളിൽ മാത്രമല്ല, ഭരണമണ്ഡലത്തിലും 'ഭരണഘടനാ ബാഹ്യശക്തി' എന്നു വിശേഷിപ്പിക്കപ്പെട്ട ശ്രീ.സഞ്ജയ്ഗാന്ധിയുടെ വർദ്ധിച്ചുവന്നിരുന്ന ഇടപെടലുകളും, ഉത്തരേന്ത്യയിൽ അടിയന്തരാവസ്ഥയുടെ മറവിൽ നടന്നിരുന്ന അതിരടകടന്ന പ്രവർത്തനങ്ങൾമൂലം ദേശീയതലത്തിലുണ്ടായ അഭിപ്രായവ്യത്യാസങ്ങളും മാത്രമായിരുന്നില്ല അതിനു കാരണം. അടിയന്തരാവസ്ഥയുടെ ആനുകൂല്യം ഉപയോഗിച്ച് വിവിധ രംഗങ്ങളിൽ തങ്ങളുടെ സ്വാധീനം വിപുലപ്പെടുത്തുവാൻ ഇരുകക്ഷികളും ശ്രമിച്ചപ്പോൾ, സ്വാഭാവികമായും അവ സംഘട്ടനങ്ങളിൽ കലാശിക്കുകയും കക്ഷിബന്ധങ്ങളിൽ കരിനിഴൽ വ്യാപിക്കുകയും ചെയ്തു.

കെ.എം. ജോർജ്

ഒരുപക്ഷേ, അതിനേക്കാൾ ഉപരിയായി ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനത്തിൽ അനുഭവപ്പെടുകയും വകുപ്പുമന്ത്രിയുടെ സമീപനത്തിൽ ദൃശ്യമാവുകയും ചെയ്ത പ്രകടമായ മാറ്റമാണ് കമ്മ്യൂണിസ്റ്റ് നേതാക്കന്മാരെ കൂടുതൽ ചൊടിപ്പിച്ചത്. ഉന്നതാധികാരകേന്ദ്രം മുഖ്യമന്ത്രിയിൽനിന്നും ആഭ്യന്തരമന്ത്രിയിലേക്ക് മാറിക്കഴിഞ്ഞിരിക്കുന്നു എന്ന ധാരണ ഉദ്യോഗസ്ഥതലത്തിലും ജനമധ്യത്തിലും പരത്താനുള്ള ബോധപൂർവ്വമായ ശ്രമം കോൺഗ്രസ്സിലെ പ്രബലവിഭാഗം നടത്തിവരുന്നു എന്നതായിരുന്നു അവരുടെ പരാതി. തങ്ങളുടെ സ്വാധീനം വിപുലീകരിക്കാനോ നിലനിർത്തുവാൻതന്നെയുമോ സാധിക്കാതെ പോകുന്നത്. ആസൂത്രിതമായ 'താഴ്ത്തിക്കെട്ടൽ' പരിപാടി തന്ത്രപൂർവ്വം പ്രയോഗത്തിൽ വരുത്തുന്നതുമൂലമാണെന്ന് അവർ ദൃഢമായി വിശ്വസിച്ചു.

എങ്കിലും മുഖ്യമന്ത്രി നേരിട്ട് ഇടപെട്ടിരുന്ന അപൂർവം സന്ദർഭങ്ങളിൽ, അദ്ദേഹത്തിന്റെ ആജ്ഞകളെയോ നിർദ്ദേശങ്ങളെയോ ധിക്കരിക്കാനോ അനുസരിക്കാതിരിക്കാനോ ഉദ്യോഗസ്ഥപ്രമുഖരിൽ ആരുംതന്നെ ഒരിക്കലും ഒരുമ്പെട്ടിട്ടില്ലായിരുന്നു എന്നാണ് കാര്യജ്ഞാനമുള്ള കേന്ദ്രങ്ങളിൽനിന്ന് അറിയുവാൻ കഴിഞ്ഞത്.

ശ്രീ.സഞ്ജയ്ഗാന്ധിയുടെ നടക്കാതെ പോയ കേരള സന്ദർശനം, കോൺഗ്രസ്സിനുള്ളിലും, കോൺഗ്രസ്സും കമ്മ്യൂണിസ്റ്റ് പാർട്ടിയും തമ്മിലും ഏറെക്കാലമായി നിലനിന്നിരുന്ന ഗീതസമരത്തെ അല്പം ചൂടുപിടിപ്പിച്ചു.

ശ്രീ.സഞ്ജയ്ഗാന്ധിയെ കേരള സന്ദർശനത്തിനു ക്ഷണിക്കാനൊരുങ്ങിയത് ഇലസേചനവകുപ്പു മന്ത്രിയായ ഡോക്ടർ അടിയോടിയായിരുന്നു. കല്ലട ഇലസേചന പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം ആ സന്ദർശനത്തിന് ഒരു കാരണമായി കണ്ടെത്തിയെന്നുമാത്രം.

കേരളത്തിലെ ഏറ്റവും വലിയ ജലസേചന പദ്ധതിയായ കല്ലട പദ്ധതിയുടെ നിർമ്മാണത്തിൽ വന്ന നീതീകരിക്കാനാവാത്ത കാലതാമസവും കണ്ടുപിടിച്ച ക്രമക്കേടുകളും വ്യാപകമായ പ്രതികൂല വിമർശനത്തിനിടയാക്കിയിരുന്നു. തങ്ങളുടെ സ്വാധീനമേഖലയായ കൊല്ലം ജില്ലയുടെ ജീവൽപ്രശ്നമായതിനാൽ, അക്ഷമപൂണ്ട കമ്മ്യൂണിസ്റ്റ് നേതൃത്വവും തങ്ങളുടെ അസംതൃപ്തി പരസ്യമായി പ്രകടിപ്പിക്കാൻ മടിച്ചില്ല. വകുപ്പിന്റെ ചുമതല ഡോക്ടർ അടിയോടിക്കായിരുന്നതിനാൽ, അത്തരം പ്രതികൂല പരാമർശങ്ങൾ കോൺഗ്രസ്സിലെ കരുണാകര വിഭാഗത്തിനെതിരേയുള്ള പരോക്ഷവിമർശനമായും വ്യാഖ്യാനിക്കപ്പെട്ടു.

അടിയന്തരാവസ്ഥയുടെ ആദ്യനാളുകളിൽ യുവജനങ്ങൾ പ്രകടമാക്കിയ സേവന സന്നദ്ധത സൃഷ്ടിപരമായ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാമെന്ന ആശയം, കർമ്മകുശലനായ ജലസേചനമന്ത്രിയുടെ ഉള്ളിലുദിച്ചത് ആ സന്ദർഭത്തിലാണ്. പക്ഷെ, ആദർശപ്രേരിതമെന്നും ആവേശഭരിതമെന്നും ഒക്കെ തോന്നിയ ശ്രമദാനപദ്ധതി പ്രായോഗിക ഘട്ടത്തിൽ എത്തിയപ്പോഴേക്കും യുവജനങ്ങളുടെ സേവനോത്സുകതയുടെ നീരാവി വറ്റിപ്പോയതായിട്ടാണ് അനുഭവപ്പെട്ടത്. ഒടുവിൽ, സന്നദ്ധസേനാംഗങ്ങളുടെ സേവനം കോൺട്രാക്റ്റ് തൊഴിലാളികൾ ഏറ്റെടുക്കുകയും സേവനത്തിനു മതിയായ വേതനം നൽകേണ്ടിവരികയും ചെയ്തപ്പോൾ, അതിലേക്ക് ആവശ്യമായ ധനം സമ്പന്ന ഹൗസുങ്ങളിൽനിന്ന് സംഭാവനയായി സ്വീകരിക്കേണ്ടിവന്നു. എങ്കിലും, യുവജനങ്ങളുടെ അവിച്ഛിന്നമായ സേവനതൃഷ്ണയേയും മുടെ അവിചാരിതമായ നൈസർഗ്ഗികമായ സൃഷ്ടിവൈഭവശേഷിയുടെ അനന്തമായ സാദ്ധ്യതകളെക്കുറിച്ചുമെല്ലാം കല്ലട പദ്ധതിയുടെ പ്രവർത്തനപുരോഗതി ചൂണ്ടിക്കാട്ടിക്കൊണ്ട് അതിശയോക്തിപരമായ പല പ്രസ്താവനകളും അക്കാലത്ത് പുറത്തുവരികയുണ്ടായി. അടിയന്തരാവസ്ഥ തുടരുന്നതിനെ ന്യായീകരിക്കാൻ ഒരുപക്ഷെ, അക്കാലഘട്ടത്തിൽ അവയെല്ലാം ആവശ്യമായിരുന്നിരിക്കാം.

(തുടരും)

(44-ാം പേജിൽ നിന്നും തുടർച്ച)

പ്പെടാൻ വേണ്ടി കുറ്റം ചെയ്യുക എന്ന അത്യപൂർവ്വതയാണ് അന്നു സംഭവിച്ചത്. ആ ലേഖനങ്ങൾക്കു താൻ ശിക്ഷിക്കപ്പെടുമെന്ന് ദാമോദരന് ഉറപ്പായിരുന്നു. പല അഭ്യുദയകാംക്ഷികളും ആ ലേഖന പരമ്പര പ്രസിദ്ധീകരിക്കരുതെന്ന് സ്നേഹബുദ്ധ്യാ അദ്ദേഹത്തെ ഉപദേശിക്കുകയും ചെയ്തിരുന്നു. തനിക്കു ശരിയെന്നു തോന്നുന്ന അഭിപ്രായം പ്രകടിപ്പിക്കാതിരിക്കുന്നത് ഭീരുത്വവും ആത്മവഞ്ചനയുമാണെന്ന് ഉറച്ചുവിശ്വസിച്ചിരുന്ന ദാമോദരൻ ആ ഉപദേശങ്ങളൊന്നും കൈക്കൊള്ളുകയുണ്ടായില്ല.

കാലത്തിനും എത്രയോ മുൻപേ കടന്നുകാണുവാൻ കഴിഞ്ഞ ക്രാന്തദർശിത്വത്തെ-ദാമോദരനെ ശിക്ഷിച്ച പാർട്ടി പ്രായശ്ചിത്തം ചെയ്തത് ദാമോദരൻ ദിവംഗതനായി ഒന്നര ദശാബ്ദങ്ങൾക്കു ശേഷമാണ്. ഏതു ലേഖന പരമ്പരയ്ക്കാണോ ദാമോദരൻ ശിക്ഷിക്കപ്പെട്ടത് അതേ ലേഖന പരമ്പര പാർട്ടി അണികൾക്ക് ചർച്ച ചെയ്യാനും പഠിക്കാനും വേണ്ടി പാർട്ടി ജിഹ്വയിൽ പ്രസിദ്ധീകരിച്ചുകൊണ്ടായിരുന്നു പ്രായശ്ചിത്തം. അപ്പോഴേക്കും ആ ലേഖന പരമ്പരയിൽ ചൂണ്ടിക്കാണിച്ച പാളിച്ചകളാൽ ലോക കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന് തകർച്ച സംഭവിച്ചുകഴിഞ്ഞിരുന്നു.

1957-ൽ ആദ്യമായി തിരഞ്ഞെടുപ്പിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ അധികാരത്തിലെത്തിയപ്പോൾ ദാമോദരൻ അഭിപ്രായപ്പെടുകയുണ്ടായി: ഏതാണ്ട് ഈ വിധത്തിൽ: ".... ഇപ്പോൾ നാം ജയിച്ചിരിക്കുന്നു. പക്ഷെ ഈ വിജയം നമ്മുടെ മാത്രം വിജയമായി കാണാതെ നാടിന്റെ മൊത്തം വിജയമായാണു കാണേണ്ടത്. നാടിന്റെ വിജയത്തെ ആഘോഷിക്കേണ്ടത് നാം മാത്രം ഭരിച്ചുകൊണ്ടല്ല. നാട്ടിലെ മുഴുവൻ ജനാധിപത്യ പ്രസ്ഥാനങ്ങളേയും ഭരണത്തിൽ പങ്കാളികളാക്കുക. എന്നാൽ നാടിനെ നമുക്കൊപ്പം കൊണ്ടുപോകാം. എല്ലാവർക്കും യോജിക്കാവുന്ന കുറെ നല്ല കാര്യങ്ങളേ ഇപ്പോൾ നടപ്പിലാക്കേണ്ടതുള്ളൂ, ജനാധിപത്യ പ്രസ്ഥാനങ്ങളെയെല്ലാം ഭരണത്തിൽ പങ്കാളികളാകാൻ നമുക്കു ക്ഷണിക്കാം. എളിയ പങ്കാളികളായല്ല: തുല്യ പങ്കാളികളായി...."

വിദിന്നമെങ്കിലും ധന്യമായ ആ ശബ്ദം ശ്രവിച്ചിരുന്നെങ്കിൽ ഒരുവേള, കേരളത്തിൽ ഒരു വിമോചനസമരം അരങ്ങേറുമായിരുന്നില്ല. കേരളത്തെ ഇന്ത്യയ്ക്ക് എന്നല്ല ഭാവിക്കുതന്നെ മാതൃകയാക്കാമായിരുന്നു.

പക്ഷെ ആ സ്വരം രണ്ടുരണ്ടര ദശാബ്ദങ്ങൾക്കു ശേഷം ഇന്നു കേട്ടു. 1996-ൽ. കമ്മ്യൂണിസ്റ്റുപാർട്ടികൾ അടക്കമുള്ള ഇടതുപക്ഷ കക്ഷികളും ജനാധിപത്യ കക്ഷികളും ചേർന്ന്, ഭീമമായ രാഷ്ട്രീയാബദ്ധം കൊണ്ടുമാത്രം അധികാരത്തിലേറിയ മതമൗലികതയുടെ അധികാരത്തിൽ നിന്നും പുറത്താക്കി. ദശാബ്ദങ്ങൾക്കു മുൻപ് ദാമോദരന്റെ ക്രാന്തദർശിത്വം കാഴ്ചവെച്ച ആശയം അങ്ങനെ സാഫല്യമണഞ്ഞു.

ഈ ഇരുപതാം ചരമ വാർഷികത്തിൽ ദാമോദരന്റെ ധന്യ സ്മരണ ഒറിക്കൽക്കൂടി പുതുക്കാം.

വി.എം. വിനയകുമാർ

നൈമിഷികാവതാരങ്ങളുടെ ദർശനസമൃദ്ധി

ഏല്ലാ കലാസൃഷ്ടികളും കാലവുമായുള്ള ഒരു പത്രപ്രവർത്തനമാണെന്നു പറയാറുണ്ട്. കാരണം സാഹിത്യം കാലപ്രധാനമായ ഒരു കലാപ്രവർത്തനമാണ്. കാലത്തെപ്പറ്റി പരാമർശിക്കാതെ കവിതയെപ്പറ്റിയോ നോവലിനെപ്പറ്റിയോ നമുക്കു സംസാരിക്കാനാവുകയില്ല. (വ്യക്തികളുടെ നൈമിഷികാവതാരങ്ങളില്ലാതെ അസ്തിത്വമില്ലാത്ത, മാറിക്കൊണ്ടിരിക്കുന്ന ഒരവസ്ഥയെന്നാണ് വില്യം ഫോക്നർ കാലത്തെ വിളിച്ചതെന്നോർക്കുക.) വേറൊരു കാലക്രമത്തിലേക്കു സ്വയം മാറാൻ കഴിയുന്ന സൗന്ദര്യാനുഭൂതിയുടെ കാലക്രമമാണ് കവിതാരചനയുടെ വേളയിൽ സൃഷ്ടിക്കപ്പെടുന്നത്. നോവലാണെങ്കിൽ ഒരു സ്വകാര്യലോകത്തെ നിരത്തുകയോ പ്രക്ഷേപണം ചെയ്യുകയോ ആണെന്നും അത് അതെഴുതുന്ന ആളിന്റെ അവബോധത്തിന്റെ തുടർച്ച നഷ്ടപ്പെടാത്ത അവസ്ഥകളുടെ പൂർണ്ണരേഖയാണെന്നും ജോൺ സ്റ്ററോക്ക് പറഞ്ഞത് ഇവിടെ ഓർക്കാം. (മനസ്സിന്റെ വ്യാപാരങ്ങളെ സുഘടിതമാക്കുന്ന യാഥാർത്ഥ്യത്തിന്റെ പ്രവർത്തനമാതൃകയെന്നു മിക്കേൽ ബ്യൂട്ടർ നോവലിനെ വിശേഷിപ്പിച്ചതും എന്റെ പ്രജ്ഞയെ ഇവിടെ ഉണർത്തുന്നു.)

കവിതയിലെയും നോവലിലെയും കാലതലങ്ങളെപ്പറ്റി പൊതുവേയും മലയാള സാഹിത്യഭാവനയുടെ പശ്ചാത്തലം വിശദമായി പഠിക്കുന്നതിനുള്ള അവധാനതയോടുകൂടിയ ശ്രമമാണ് കെ.പി. അപ്പൻ അദ്ദേഹത്തിന്റെ "സമയപ്രവാഹവും സാഹിത്യകലയും" എന്ന പുതിയ പുസ്തകത്തിൽ നടത്തുന്നത്. പാശ്ചാത്യ പൗരസ്ത്യചിന്തയുടെ ആഴങ്ങളിലേക്കു കടന്നുചെന്ന് അപ്പൻ മുത്തുകളുമായി പൊന്തിവരുന്നു. കാലമെന്ന ദുരൂഹസമസ്യയുടെ നിർദ്ധാരണത്തിനായി ശ്രമിക്കുന്നു. താർക്കികസ്ഥിരതയെ ലംഘിക്കുന്ന കാലദർശനങ്ങളാണ് നമ്മുടെ എഴുത്തുകാർ അവതരിപ്പിച്ചതെന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. ആശയങ്ങളുടെ പുതുവെള്ളപ്പാച്ചിലിൽ വായനക്കാരെ വ്യാമുഗ്ധരാക്കുന്നതിന് അപ്പനു കഴിയുന്നുണ്ട്. കാലതലംപോലെ സാങ്കേതികസ്വഭാവമുള്ള ഒരു വരണ്ട വിഷയം കൈകാര്യം ചെയ്യുമ്പോഴും അപ്പന്റെ ഉന്മേഷം പകരുന്ന ശൈലി പുതിയ പദസംപാതങ്ങളിലൂടെയും അനുഭവത്തിന്റെ ഉൾത്തുടിപ്പു കലർന്ന കല്പനകളിലൂടെയും ആശയങ്ങളുടെ ഋജുതയെ ചെറുക്കുന്നു. വിഷയത്തോടുള്ള ഗൗരവം കലർന്ന സമീപനത്തിലും അതിന്റെ വിശദാംശങ്ങളുടെ അപഗ്രഥനത്തിലും അപ്പൻ പ്രദർശിപ്പിക്കുന്ന പ്രാഗല്ഭ്യം നമ്മെ ആകർഷിക്കുന്നു. ചിന്തയുടെ ഹിമപാളികളെ വെട്ടിപ്പൊളിക്കുന്ന കോടാലിയെപ്പോലെ അപ്പന്റെ നിരീക്ഷണവ്യഗ്രമായ മനസ്സ് "സമയപ്രവാഹവും സാഹിത്യകലയും" എന്ന ഗ്രന്ഥത്തിന്റെ രചനയിൽ പ്രവർത്തിക്കുന്നുണ്ടെന്ന അറിവ് നമ്മുടെ ചിന്തകളുടെ കായകല്പമായിത്തീരുന്നു. താൻ പ്രതിപാദിക്കുന്ന വിഷയത്തോടുള്ള ലാഘവംകലർന്ന സമീപനത്തിൽ അയമായതുകൊണ്ട് അപ്പന്റെയുള്ളിലെ മോഹിപ്പിക്കുന്ന അഹങ്കാരിയെ (charming egoist എന്നു ചാൾസ് ലാംബിനെപ്പറ്റി പറഞ്ഞതോർത്തുകൊണ്ട്) നമുക്ക് ഈ ഗ്രന്ഥത്തിൽ വല്യതായൊന്നും കാണാനാവുകയില്ല. വിഷയത്തിനനുസരിച്ചു രൂപക്കൊള്ളുന്ന ഒന്നാണ് അപ്പന്റെ ശൈലിയെന്ന് ഇതു തെളിയിക്കുന്നു. ആശയങ്ങളുടെ ഉർവ്വരതയിൽ ഉന്മത്തനാകുന്ന അപ്പന്റെ വിമർശകചിത്തം ഫ്രെഡറിക് നീച്ചേയുടെ ശൈലി കടമെടുത്തു പറഞ്ഞാൽ പ്രാതിഭാസികലോകത്തെയാകെ സജീവമാക്കിക്കൊണ്ട് കലയുടെ ശാശ്വതശക്തിയായ ഡയനീഷ്യൻ ഭാവത്തെ വിളംബരം ചെയ്യുന്നു.

സുചിന്തിതമായ അഭിപ്രായങ്ങൾ തറഞ്ഞുകയറുന്ന ഭാഷയുപയോഗിച്ചു സുവ്യക്തമാക്കുകയാണ് അപ്പൻ ചെയ്യുന്നത്. വാദമുഖങ്ങൾക്കു തീരെ അപ്രതീക്ഷിതവും ഉയർത്തുന്നതുമായ തിരിവുകൾ കൊടുക്കുന്നതിനുള്ള അന്യാദൃശമായ കഴിവും നമ്മെ ആകർഷിക്കുന്നു. കാലത്തെക്കുറിച്ചുള്ള ഈ ഏകവിഷയചർച്ച (treatise) അതിന്റെ സമഗ്രതകൊണ്ടും ഏകാഗ്രതകൊണ്ടും നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു. യാന്ത്രികകാലത്തെ തകർത്തുകൊണ്ട് ആധുനിക മനസ്സു സൃഷ്ടിക്കുന്ന ഭ്രമാത്മകമായ കാലദർശനത്തിലേക്കു നമ്മെ നയിക്കുകയുംകൂടി ഗ്രന്ഥകർത്താവ് ചെയ്യുന്നുണ്ട്. സങ്കീർണ്ണതയിൽ അഭിരമിക്കുന്ന അപ്പന്റെ മനസ്സു നമ്മെ ആശയങ്ങളുടെ ഒരു നാദസല്ലാപലഹരിയിലേക്കു നയിക്കുന്നു. തന്റെ ഊർജ്ജത്തെ വേണ്ടത്ര നിയന്ത്രണത്തോടെ ശേഖരിച്ച് തന്റെ ആധിപത്യത്തെ ഉറപ്പിക്കാൻ സാധിച്ചതുകൊണ്ടാണ് അപ്പനു കാലത്തെപ്പറ്റിയുള്ള ഇങ്ങനെ ആധികാരികസ്വഭാവമുള്ള ഒരു ഗ്രന്ഥം രചിക്കാൻ സാധിച്ചത്. ഒരു തീവ്രവികാരമായി വിഷയത്തെ സമീപിക്കുന്നതുകൊണ്ടാണ് ഇങ്ങനെ ശ്രദ്ധേയമായ ഒരു കൃതി രചിക്കാൻ അപ്പനു കഴിഞ്ഞത്. ഇച്ഛാശക്തിയുടെ എല്ലാ തന്ത്രികളും മുറുക്കി സ്വന്തം വ്യക്തിത്വത്തെ ഒരു മണിവീണയാക്കി ഉപയോഗിക്കുന്നതുകൊണ്ടാണ് ഇങ്ങനെയുള്ള അലൗകികസംഗീതം പുറപ്പെടുവിക്കാൻ സാധിക്കുന്നത്. സ്വന്തതാത്പര്യങ്ങളെ ഹനിച്ചുകൊണ്ടാണ് ഇങ്ങനെയൊരു നാദസൗഭാഗ്യം ആ വീണയിൽനിന്നുയരുന്നത്. വികാരപരമായ ശ്രമം നടത്താതെ ലോകത്തിലാരുംതന്നെ മഹത്തായ നേട്ടങ്ങളൊന്നും ഉണ്ടാക്കിയിട്ടില്ലെന്ന് ഫ്രെഡറിക് ഹെഗൽ പറയുന്നത് ഇവിടെ നമുക്ക് ഓർക്കുകയും ചെയ്യാം.

കൃതിയെ മൂന്നു ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഒന്നാം ഭാഗത്തിൽ രണ്ടും, രണ്ടും മൂന്നും ഭാഗങ്ങളിൽ മൂന്നു വീതവും ലേഖനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആദ്യത്തെ ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന "സമയപ്രവാഹത്തിന്റെ തത്ത്വശാസ്ത്രം" എന്ന ലേഖനത്തിൽ പ്രാചീന ഭാരതീയരുടെ കാലദർശനത്തെക്കുറിച്ച് അപ്പൻ ചിന്തിക്കുന്നു. ആ കാലദർശനം എങ്ങനെ ആധുനികതത്ത്വചിന്തയുമായി ഇണങ്ങിപ്പോകുന്നു എന്നു കാണിക്കുകയാണ് ഗ്രന്ഥകർത്താവ് ചെയ്യുന്നത്. കാലം എല്ലായ്പോഴും മനസ്സിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുകയാണെന്ന നിഗമനത്തിലേക്കാണ് ഇതു നയിക്കുന്നത്. യാന്ത്രികകാലത്തെ തിരസ്കരിക്കുന്ന സൂചികളില്ലാത്ത ഒരു ഘടികാരത്തെക്കുറിച്ചുള്ള ഭ്രമാത്മകമായ ഒരു കാലദർശനത്തിലേക്കു നാം ആനയിക്കപ്പെടുന്നു. (ഒരു ഡയലിലെ യാന്ത്രികക്കൈകളുടെ സ്ഥാനത്തെ ആസ്പദമാക്കി മനസ്സിന്റെ പ്രവർത്തനങ്ങളെ ക്രമീകരിക്കുന്ന പരക്കെ അംഗീകരിക്കപ്പെടുന്ന നടപടിക്രമത്തെ പൂരീഷം" എന്നു വിളിച്ചാണ് "ദി സൗണ്ട് ആൻഡ് ദി ഫ്യൂറി"യിലെ കിന്റിൻ എന്ന കഥാപാത്രം ആക്ഷേപിക്കുന്നത്.) കാലത്തിനു നിറവും രൂപവും നല്കി അതിനെ ഭൗതികവസ്തുവായി അവതരിപ്പിക്കാനുള്ള താത്പര്യത്തെക്കുറിച്ചും പരാമർശിക്കുന്നു.

"നിത്യസ്വന്തിയായ കാലം കലങ്ങിമറിയുന്നു" എന്ന അടുത്ത ലേഖനത്തിൽ പാശ്ചാത്യ ചിന്തകരുടെയും നോവലിസ്റ്റുകളുടെയും കാലദർശനത്തിന്റെ ഒരു ബൗദ്ധികവിരുന്നാണ് ഗന്ഥകർത്താവ് ഒരുക്കിയിരിക്കുന്നത്. പ്ളേറ്റോ, ഴോർഴ്പുലെ, ഡെക്കാർട്ട്, മൊണ്ടയിൻ, പാസ്ക്കൽ, മോളിയർ, റൂസ്സോ, ദിദറോ, എമേഴ്സൺ തോറോ, ബോദെലേർ, ഹെഡഗ്ഗർ തുടങ്ങിയവരുടെ കാലബോധത്തെക്കുറിച്ചു ഭംഗിയായി അപ്പൻ ചർച്ചചെയ്യുന്നു. കലാകാരന്മാർ കാലത്തെ ഒരളവായിട്ടോ, സംഭവങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ നിയമമായിട്ടോ അല്ല, അനുഭവമായിട്ടും ഉൾക്കാഴ്ചയുടെ നക്ഷത്രങ്ങളാൽ പ്രകാശിതമായ അദ്ഭുതമായിട്ടുമാണ് കാണുന്നതെന്നും ഈ കാലദർശനമാണ് മനുഷ്യന്റെ അന്തരംഗനിഷ്ഠമായ കാലത്തെയും സാഹിത്യകലയെയും കൂടുതൽ മനസ്സിലാക്കാൻ സഹായിക്കുന്നതെന്നും അപ്പൻ നിരീക്ഷിക്കുന്നു. ഘടികാരകാലത്തെ തിരസ്കരിച്ചുകൊണ്ട് മനുഷ്യന്റെ ആന്തരികതയിലുള്ള കാലത്തെ ഗ്രന്ഥകർത്താവ് ഉയർത്തിപ്പിടിക്കുന്നു. ബോധത്തിന്റെയുള്ളിൽ മറഞ്ഞിരിക്കുന്ന ഈ കാലമാണ് സാഹിത്യകലയിലേക്കു വ്യാപിച്ച് കാലദർശനത്തിന്റെ വിചിത്രതരംഗങ്ങൾ സൃഷ്ടിക്കുന്നതെന്ന് അപ്പൻ പറയുന്നുണ്ട്.

രണ്ടാം ഭാഗത്തിലെ ആദ്യലേഖനമായ "കാലം ആദ്ധ്യാത്മികഭാവനയിൽ" എന്ന ലേഖനത്തിൽ എഴുത്തച്ഛന്റെ കാലദർശനത്തിന്റെ വിഭിന്നതലങ്ങളിലേക്ക് അപ്പൻ കടന്നുപോകുന്നു. ബഹുസ്വരരൂപിയായ കാലത്തെ എഴുത്തച്ഛനിൽ കണ്ടെത്തി പില്ക്കാല മലയാളഭാവനയ്ക്കുള്ള 'അച്ഛൻകാല'മായിരുന്നു എഴുത്തച്ഛനിലുണ്ടായിരുന്നെന്ന് ഗ്രന്ഥകർത്താവ് വാദിക്കുന്നു. ഒരു സമഗ്രദർശനബോധത്തിന്റെ പേടിപ്പിക്കുന്ന അനുഭവമായി മാറുന്ന കാലദർശനം അപ്പൻ എഴുത്തച്ഛനിൽ കാണുന്നു. കാലാതീതത്വത്തിന്റെ ആനന്ദത്തിലാണ് എഴുത്തച്ഛൻ എത്തിച്ചേർന്നതെന്ന് പിന്നീട് അദ്ദേഹം ചൂണ്ടിക്കാട്ടുന്നുണ്ട്. കാലത്തെ അതിലംഘിക്കുമ്പോൾ കിട്ടുന്ന കാലാതീതത്വത്തിന്റെ പരമാനന്ദലഹരി എഴുത്തച്ഛന്റെ കാലാവബോധത്തിന്റെ അന്തിമപരിണാമമായിരുന്നു എന്നു ചൂണ്ടിക്കാട്ടപ്പെടുന്നു. മലയാളഭാവന പില്ക്കാലത്തു കണ്ടെത്തിയ എല്ലാ കാലദർശനങ്ങളുടെയും പ്രാഗ്രൂപം ഗ്രന്ഥകർത്താവ് എഴുത്തച്ഛനിൽ കണ്ടെത്തുകയാണു ചെയ്യുന്നത്.

"യുദ്ധക്കലികൊണ്ട കാലദർശനം" എന്ന ലേഖനത്തിൽ കുഞ്ചൻനമ്പ്യാരുടെ കാലദർശനത്തെയാണ് ചർച്ചയ്ക്കെടുക്കുന്നത്. തന്റെ കാലഘട്ടത്തിനു സ്വീകരിക്കാനാവാത്ത അവ്യവസ്ഥിതമായ ഒരു ഘടികാരം ഉള്ളിൽ കൊണ്ടുനടന്ന ഒരു കവിയായിരുന്നു നമ്പ്യാർ എന്നു ഗ്രന്ഥകർത്താവ് നിരീക്ഷിക്കുന്നു. മാറ്റവും ചലനങ്ങളുമാണ് കാലപ്രവാഹത്തിന്റെ പ്രകാശനങ്ങൾ എന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ബാഹ്യകാലത്തെ സ്തംഭിപ്പിക്കുക വഴി കാലത്തെ കൊല്ലാനാണ് നമ്പ്യാർ ശ്രമിച്ചതെന്നും അത് അനശ്വരതയെ പ്രാപിക്കാനുള്ള കവിയുടെ ആഗ്രഹത്തിന്റെ ചിഹ്നമാണെന്നും അപ്പൻ തുടർന്നു പറയുന്നു. കാലദർശനത്തെക്കുറിച്ചുള്ള ഭ്രമാത്മക വിചാരങ്ങൾ ആദ്യമായി കണ്ടത് നമ്പ്യാരിലാണെന്ന് അദ്ദേഹം കണ്ടെത്തുന്നു. ഷെയ്ക്സ്പിയറിന്റെ നാടകങ്ങളിലെ ജ്ഞാനിയായ വിഡ്ഢിയെപ്പോലെ കളിയായി വിദൂഷകവേഷം ധരിച്ച ദൂരദർശിനിയായിരുന്നു നമ്പ്യാർ എന്ന് അപ്പൻ കാര്യങ്ങളുടെ ഉള്ളു കണ്ടവനെപ്പോലെ പറയുമ്പോൾ നമുക്കു വെളിച്ചത്തിന്റെ സാമ്രാജ്യത്തിലേക്കു ജ്ഞാനസ്നാനത്തിലൂടെ പ്രവേശിച്ച അനുഭവമാണുണ്ടാവുന്നത്.

"സമയബോധത്തിന്റെ സാഹസിക യാത്രകൾ" എന്ന സാമാന്യം സുദീർഘമായ ലേഖനത്തിൽ മലയാളകവിതയിലെ കാലതലങ്ങളാണ് വിശദമായ ചർച്ചയ്ക്കു വിധേയമാകുന്നത്. ആശാനും വള്ളത്തോളും മുതൽ എ. അയ്യപ്പൻവരെയുള്ള കവികളുടെ കവിതയിലൂടെ അപ്പൻ കടന്നുപോകുന്നു. കാലതലത്തെ അവരോരോരുത്തരും കൈകാര്യംചെയ്ത രീതിയെപ്പറ്റി ഗ്രന്ഥകർത്താവ് പരാമർശിക്കുന്നു. ത്രികാലങ്ങളുടെ ലയനം എങ്ങനെ ഓരോ കവിയിലും മാനുഷികകാലാനുഭവമായി വികസിച്ച് അതു കാലദർശനമായിത്തീരുന്നു എന്നു കാണിക്കാനാണ് അപ്പൻ ശ്രമിക്കുന്നത്. സംഗീതം നാദമായി മാറുന്ന കാലമാണ് എന്നു ചൂണ്ടിക്കാട്ടപ്പെടുന്നു. ഘടികാരകാലത്തിനെതിരേ കലാപമുയർത്തി നിത്യതയിലേക്കു കടന്നുകയറാൻ ശ്രമിക്കുന്ന കവികളെ ഗ്രന്ഥകർത്താവ് നമ്മുടെ മുൻപിൽ അവതരിപ്പിക്കുന്നു. വിശകലനത്തിന്റെ സൂക്ഷ്മതകൊണ്ടും സമഗ്രതകൊണ്ടും "സമയബോധത്തിന്റെ സാഹസികയാത്രകൾ" നമ്മെ പിടിച്ചെടുക്കുന്നു. പാരമ്പര്യകലാബോധത്തിനെതിരേ ഭ്രാന്തമായി ചലിക്കുന്ന ഘടികാരസൂചികളെക്കുറിച്ച് അപ്പൻ ഈ അവലോകനത്തിൽ വാചാലനാകുന്നുണ്ട്. നമ്മുടെ സൗന്ദര്യബോധത്തിന്റെ ഭാഗമായ കാലസങ്കല്പങ്ങളെ ഉയർത്തിക്കാട്ടാനാണ് ഗ്രന്ഥകാരൻ ഈ ലേഖനത്തിൽ ശ്രമിക്കുന്നത്. ശ്രദ്ധാപൂർവ്വം നിർവ്വഹിക്കപ്പെട്ടിരിക്കുന്ന ഈ അവലോകനം അന്വേഷണത്തിന്റെ ഫലശ്രുതികൾ ഉയർത്തിനില്ക്കുന്നു. സൗന്ദര്യം സൃഷ്ടിക്കുന്നതിൽ കാലാവബോധത്തിനുള്ള സ്ഥാനമാണ് ഇവിടെ നമ്മെ ഓർമ്മിപ്പിക്കുന്നത്. സൗന്ദര്യഭാവത്തിന്റെ ഒരു കാലക്രമതന്നെയാണ് ഓരോ രചനയിലും കവി സൃഷ്ടിക്കുന്നത്. കാലവും കവിതയും ഒന്നുതന്നെയാണെന്നും കാലക്രമമെന്നത് കാവ്യസൃഷ്ടിയുടെ മറ്റൊരു പേരാണെന്നും ചൂണ്ടിക്കാട്ടപ്പെടുമ്പോൾ നമ്മുടെ അറിവ് പൂർണ്ണമായിത്തീരുന്നു.

മൂന്നാംഭാഗം നോവലിനായി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നു. ആദ്യലേഖനമായ "സമയപ്രവാഹത്തിന്റെ പ്രച്ഛന്നരൂപങ്ങ"ളിൽ ചന്തുമേനോന്റെ "ഇന്ദുലേഖ"യിലെ കാലസംബന്ധിയായ കാഴ്ചപ്പാടിനെപ്പറ്റി വിശദീകരിക്കുന്നു. കാലപ്രവാഹത്തെ ഒരു മാനസികാനുഭവമായി ചിത്രീകരിക്കുന്നത് ചന്തുമേനോന്റെ കലയുടെ ലക്ഷ്യമല്ലായിരുന്നെന്നും ഒരു കാലദർശനം അദ്ദേഹത്തിൽ വികസിച്ചുവന്നില്ലെന്നും കെ.പി. അപ്പൻ ചൂണ്ടിക്കാട്ടുന്നു. വർത്തമാനകാല ചിത്രീകരണത്തിൽ ശ്രദ്ധയൂന്നിയതിനാൽ കാലത്തെ തീവ്രമാക്കി മാറ്റാനായില്ലെന്നും ഗ്രന്ഥകർത്താവ് നല്ല തെളിവോടെ ചിന്തിക്കുന്നു. [illegible]യപ്രവാഹത്തിന്റെ പ്രച്ഛന്നരൂപങ്ങളാണ് ചന്തുമേനോനു സൃഷ്ടിക്കാൻ കഴിഞ്ഞത് എന്ന നിഗമനത്തിലേക്ക് ഇതു നയിക്കുന്നു. ഒരു നവീനമായ കാലതലം സൃഷ്ടിക്കുന്നതിൽ ചന്തുമേനോനുണ്ടായ പരാജയം ഒരു നോവലിസ്റ്റിന്റെ പരാജയമാണെന്നു വേണമെങ്കിൽ പറയാവുന്നതാണ്. കാരണം കാലഘടനയുടെ പുനഃസൃഷ്ടി എല്ലാ നല്ല



കെ.പി.അപ്പൻ

നോവലുകളിലും നടക്കുന്ന ഒന്നാണ്. ഒരു നോവലിന്റെ പൂർണ്ണമായ ആന്തരികപ്രവർത്തനമെന്നത് കാലത്തിന്റെ ശക്തിയോടുള്ള സംഘർഷമല്ലാതെ മറ്റൊന്നല്ലെന്ന് ജോർജ്ജ് ലൂക്കാച്ച് "നോവലിന്റെ സിദ്ധാന്തം" എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നത് നാം ഓർക്കേണ്ടതുണ്ട്. വർത്തമാനകാലത്തെ പുനർസൃഷ്ടിക്കുകയല്ലാതെ അതിനെ തീവ്രമായ ഒരു അനുഭവമാക്കി മാറ്റാൻ ചന്തുമേനോനു കഴിയുന്നില്ല എന്നു ഗ്രന്ഥകർത്താവ് ചൂണ്ടിക്കാട്ടുന്നു. ഒരു പ്രത്യേക കൃതിയിലെ കാലഘടനയും അതിൽ നോവലിസ്റ്റ് അവലംബിക്കുന്ന ദാർശനികവീക്ഷണവും തമ്മിൽ എല്ലായ്പോഴും ബന്ധപ്പെട്ടിരിക്കുന്നു എന്ന അറിവ് ആധുനികസൗന്ദര്യ ശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ കണ്ടെത്തലുകളിലൊന്നാണെന്നു പറയാൻ സാധിക്കും. കാലത്തെക്കുറിച്ച നോവലിന്റെ കാഴ്ചപ്പാട് ദർശനമായിത്തീരുന്നത് ഇങ്ങനെയാണ്. ചന്തുമേനോന്റെ കല ദാർശനികമായി ആഴം കുറഞ്ഞതാണെന്ന് അപ്പൻ ചൂണ്ടിക്കാട്ടുമ്പോൾ അതിനോടു വിയോജിപ്പു പ്രകടിപ്പിക്കാൻ പ്രയാസമായിത്തീരുന്നു. എല്ലാ ശ്രദ്ധേയമായ നോവലിലും കാലഘടനയുടെ നവീനസൃഷ്ടി നടക്കുന്നുണ്ട്. (കാലഘടനയുടെ കാര്യത്തിൽ അപൂർവ്വചാരുത കലർന്ന പ്രത്യേകതകൾ അവതരിപ്പിച്ച ജയിംസ് ജോയ്സിന്റെ "യൂലിസ്"സ്സിനെയും വില്യം ഫോക്നറുടെ "സൗണ്ട് ആൻഡ് ദി ഫ്യൂറി"യെയും കുറിച്ച് ഗ്രന്ഥകർത്താവിനു പരാമർശിക്കാമായിരുന്നു എന്ന് എനിക്കു തോന്നി. കാലത്തെക്കുറിച്ചുള്ള അപ്പന്റെ ഗൗരവമായ ചർച്ചയ്ക്ക് അതു മാറ്റുകൂട്ടുമായിരുന്നു.) ആശയങ്ങളുടെ നിബിഡതകൊണ്ട് തന്റെ കൃതിക്കു ചിലപ്പോഴെങ്കിലുമുണ്ടായിരിക്കുന്ന ബൗദ്ധികവ്യാപാരത്തിന്റെ അതിക്രമത്തെ ഗ്രന്ഥകർത്താവിനു തടയാമായിരുന്നു എന്ന് എനിക്കു തോന്നി. കുറെയൊക്കെ അനിവാര്യമാണെങ്കിലും വൈചാരികമായ അംശത്തിനു കൊടുക്കുന്ന അമിതപ്രാധാന്യം കാലത്തെപ്പറ്റിയുള്ള ഈ പുസ്തകത്തിന്റെ വായന അസാദ്ധ്യം കലർന്നതാക്കി മാറ്റുന്നു. എല്ലാക്കാലത്തും മനുഷ്യനെ വികൃതപ്പെടുത്തുകയും അലട്ടുകയും ചെയ്യുന്ന കാലം അതിന്റെ സംഹാരശക്തി പ്രകടമാക്കുന്നതിന്റെ ഗുണപരമായ അനുഭവം കാലത്തെക്കുറിച്ചുള്ള ഈ കൃതിയിലേക്കും പകർന്നതായിരിക്കാം.

"ദൈവനീതിയോ കാലപ്രവാഹമോ?" എന്ന രണ്ടാമത്തെ പ്രബന്ധത്തിൽ സി.വി. രാമൻപിള്ളയുടെ നോവലുകളിലെ കാലസങ്കല്പത്തിന്റെ വിഭിന്നവശങ്ങളിലേക്ക് അപ്പൻ കടക്കുന്നു. കാലാതീതത്വത്തിന്റെ നിമിഷങ്ങളായി മാറിയ ചരിത്രമുഹൂർത്തങ്ങളെ തന്റെ നോവലുകളുടെ പ്രമേയമാക്കുകയാണു സി.വി ചെയ്തതെന്നു പറയുന്നു. കല്പനാസൃഷ്ടമായ ഭൂതകാലത്തിന്റെ സൃഷ്ടിയെക്കുറിച്ചും പ്രവാഹസന്നദ്ധമായ കാലത്തെ നദിയായി ചിത്രീകരിക്കുന്നതിനെക്കുറിച്ചുമെല്ലാം പറഞ്ഞ് ദൈവനീതിയും കാലപ്രവാഹവും സി.വിയുടെ ജീവിതദർശനത്തിൽ യാഥാർത്ഥ്യത്തിന്റെ രണ്ടു രൂപാന്തരങ്ങളാണെന്ന് ഗ്രന്ഥകർത്താവ് വാദിച്ചുറപ്പിക്കുന്നു. അപ്പന്റെ അപഗ്രഥന സാമർത്ഥ്യം അതിന്റെ മികവിൽ കാണപ്പെടുന്ന ഒരു വിലയിരുത്തലാണ് ഇവിടെയുള്ളത്. സി.വിയുടെ കാലദർശനത്തിന്റെ ഗാംഭീര്യം അലയടിച്ചുയരുന്ന ഭാവം ഇവിടെ അപ്പന്റെ വാക്കുകളിലേക്കു പകരുന്നു. ഭാഷയുടെ പ്രയോഗത്തിലും വിഷയത്തിനനുസരിച്ചു മാറുന്ന ഒരു ശൈലി രൂപീകരിക്കുന്നതിലും സജീവശ്രദ്ധ പുലർത്തുന്ന ഗ്രന്ഥകർത്താവിനെ നമുക്ക് ഈ ലേഖനത്തിന്റെ രചനയിൽ കാണാം. ഭാഷയുടെയും ആശയങ്ങളുടെയും ജീർണ്ണതയെ ചെറുക്കുകയെന്നത് അപ്പന്റെ ലക്ഷ്യങ്ങളിലൊന്നാണ്. വിരുദ്ധോക്തികൾപോലും സമീപസ്ഥാനങ്ങളിൽവച്ച് (juxtapose) ഭാഷയെ ഞെട്ടിക്കുന്ന ഒരു യാഥാർത്ഥ്യമാക്കി മാറ്റാൻ അപ്പനു കഴിയുന്നു. ആശയങ്ങളുടെ അതിവന്യമായ ഗഹനകാന്താരങ്ങളിൽ ചിലപ്പോൾ അലയുമ്പോൾ മാത്രമാണ് അപ്പനു ദിശാബോധം നഷ്ടപ്പെടുന്നത്. ഭാഷയും ഇവിടെ ഗുണപരമായ രീതിയിൽ ഒരു കൃതിപ്പിനു തയ്യാറാകാതെ വരുന്ന അനുഭവമുണ്ടാകുന്നു. പക്ഷേ, അതൊക്കെ വിരളമായി മാത്രം ഉണ്ടാവുന്ന കാര്യങ്ങളാണെന്നത് പറയേണ്ടതുണ്ട്. ഗൗരവമുള്ള വിഷയങ്ങളെപ്പറ്റി പഠിച്ച് കാര്യമായി എഴുതുന്നവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയും ധ്യാനമില്ലായ്മ വിമർശകരുടെ ഇടയിലും കടന്നുകൂടുകയും ചെയ്തിരിക്കുന്ന ഒരു കാലഘട്ടത്തിൽ "സമയപ്രവാഹവും സാഹിത്യകലയും" പോലെയുള്ള കൃതികൾ തീർത്തും സ്വാഗതാർഹമാണ്. തന്റെ ഭാവുകത്വത്തെ അവികലമായി കാത്തുസൂക്ഷിക്കുന്നതിനായി സ്വകാര്യമായ അഭിലാഷങ്ങളെ തീർത്തും ഒഴിവാക്കി മുന്നേറുന്ന അപ്പനു പകരംവയ്ക്കാൻ ഒരാളില്ലാത്ത അവസ്ഥയാണുള്ളത്. ഇതൊന്നും കാണാതിരിക്കുകയും അംഗീകാരിക്കാതിരിക്കുകയും ചെയ്യുന്നത് ബുദ്ധിപരമായ സത്യസന്ധത കുറഞ്ഞ പ്രവൃത്തികളായിരിക്കും. പ്രലോഭനങ്ങളെ പ്രതിരോധിക്കാനും തന്റെ ശക്തമായ ആഭ്യന്തരജീവിതത്തെ വിള്ളലില്ലാതെ നിലനിർത്താനും അപ്പൻ നടത്തുന്ന ശ്രമങ്ങൾ ഇതിനോടകം കാര്യങ്ങളെ വേണ്ടവിധത്തിൽ മനസ്സിലാക്കുന്നവരുടെ ശ്രദ്ധ പിടിച്ചുപറ്റിയ കാര്യങ്ങളാണ്. യുക്തിയുടെ ശില്പഗോപുരങ്ങൾ തീർത്ത് തനിക്കു ശരിയെന്നു തോന്നുന്നതിനെ പ്രതിരോധിക്കുവാൻ അപ്പൻ കാണിക്കുന്ന പ്രാല്ഭ്യം നമ്മെ ആകർഷിക്കുന്നു. നിലപാടുകൾ സ്വീകരിക്കുമ്പോൾ അവ തന്റെ സ്വകീയലാഭത്തിന് എങ്ങനെ സഹായകമാകുന്നുവെന്ന് അപ്പൻ ഒരിക്കലും ചിന്തിക്കുന്നില്ല. വഴിവിട്ട രചനകളെ അംഗീകരിക്കുന്നതിലും തന്റെ സ്വകാര്യനഷ്ടങ്ങളെ അവഗണിക്കുന്നതിലും ഗ്രന്ഥകർത്താവ് വിഷമം അനുഭവിക്കുന്നില്ല. അതുകൊണ്ടുതന്നെ വിശ്വസനീയത നഷ്ടപ്പെടാത്ത വിമർശകനായി അപ്പൻ നിലനില്ക്കുന്നു. മലയാളവിമർശകന്മാരിൽ പലരും കടൽക്കൊള്ളക്കാരുടെ ധാർമ്മികബോധം പ്രകടിപ്പിക്കുമ്പോൾ അപ്പനെപ്പോലെയുള്ള ഒരാൾ നമ്മുടെ ആശാകേന്ദ്രമാകുന്നത് ഇങ്ങനെയാണ്.

"ഭ്രാന്തമായി പ്രവർത്തിക്കുന്ന സൂര്യഘടികാരം" എന്ന ദീർഘമായ പ്രബന്ധത്തിൽ നോവൽ സാഹിത്യത്തിലേക്കും കഥാസാഹിത്യത്തിലേക്കും കടന്നുചെന്ന് കാലതലത്തിന്റെ ചർച്ച നടത്തുകയാണ് അപ്പൻ ചെയ്യുന്നത്. തകഴിയുടെ കൃതികളിലെ ഹെരാക്ളൈറ്റൻകാലത്തെപ്പറ്റി പറയുന്നു. കാലപ്രവാഹദർശനം തകഴി നോവലുകളുടെ വെളിച്ചത്തിൽ വിശദീകരിക്കുന്നു. കാലദർശനത്തെ വേണ്ടതുപോലെ വളർത്തിയെടുക്കാൻ കഴിയാത്ത കേശവദേവിനെ കാണിച്ചുതരുന്നു. പൊതുവേ തകഴിയുടെയും ദേവിന്റെയും കൃതികളിൽ ആന്തരികകാലം ഇല്ലെന്ന നിരീക്ഷണത്തിലേക്കു ഗ്രന്ഥകർത്താവ് കടക്കുന്നു.

ഉറൂബിന്റെ നോവലുകളിലേക്കു കടന്ന് കാലഘടനയുടെ അപഗ്രഥനം തുടരുമ്പോൾ "ഉമ്മാച്ചു"വിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ ശ്രദ്ധയാകർഷിക്കുന്നു. കൊലപാതകരഹസ്യമാണ് നോവലിന്റെ ആന്തരികകാലമെന്ന് അപ്പൻ ചൂണ്ടിക്കാട്ടുന്നു. ഒരു പുതിയ ഉൾവെളിവിന്റെ കുളിർനിലാവ് പെയ്തിറങ്ങിയ അനുഭവമാണ് ഇതുപോലെയുള്ള നിരീക്ഷണങ്ങൾ നേടിത്തരുന്നത്.

പാറപ്പുറത്തിന്റെ "അരനാഴികനേര"ത്തിലെ നിഭൃതമായ കാലത്തെപ്പറ്റി ചൂണ്ടിക്കാട്ടുമ്പോൾ കാലം ഇവിടെ സൗന്ദര്യാനുഭൂതിയായി മാറുന്നതിനെപ്പറ്റി പറയുന്നു. പോഞ്ഞിക്കരറാഫിയുടെ "സർഗ്ഗദൃതൻ" എന്ന നോവലിന്റെ കാലഘടനയുടെ സവിശേഷതകളെക്കുറിച്ച് അപ്പൻ വാചാലനാകുന്നു. ബ്രോധ്യാരാ നോവലുകളിലെ കാലാതീതമായ സ്വഭാവത്തെക്കുറിച്ചും കാലം നോവലിന്റെ ഭാഷയുടെ ഘടനയിൽ വരുത്തുന്ന ഗുണപരമായ വ്യത്യാസങ്ങളെക്കുറിച്ചും പരാമർശിക്കാമായിരുന്നു "സമയപ്രവാഹവും സാഹിത്യകലയും" എന്ന കൃതിയിൽ എന്ന് തെല്ലിട ഞാൻ ഓർത്തുപോവുകയാണ്. കാലരഹിതമായ ഒരു അവസ്ഥയിൽനിന്നു രചിച്ച "യൂലീസ"സ്സിന്റെ അവസാന അദ്ധ്യായം മുപ്പതു പേജുകളിൽ ഒഴുകിപ്പരക്കുന്ന ഒറ്റവാചകമായി പരിണമിച്ചപ്പോൾ ജയിംസ് ജോയ്സ് ഭാഷയുടെമേൽ കാലത്തിന്റെ സ്വാധീനത്തെപ്പറ്റി ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുകയായിരുന്നു. കുത്തും കോമയുമില്ലാതെ രചിച്ച ആ അദ്ധ്യായം കാലപരിമാണങ്ങൾക്കെതിരെയുള്ള ഒരു വെല്ലുവിളിയായിത്തീർന്ന് അഭിരാമമായ ഒരു കൈത്തെറ്റുപോലെ നില്ക്കുന്നത് ഞാൻ ഓർത്തുപോവുന്നു. കനത്ത ചിഹ്നവ്യവസ്ഥകാലത്തിന്റെ സാന്നിദ്ധ്യം വിളിച്ചറിയിക്കുകയാണ് ചെയ്യുന്നത്. "യൂലീസ"സ്സിലും പൊതുവേ ബോധധാരാ നോവലുകളിലും ചിഹ്നവ്യവസ്ഥയെ വെല്ലുവിളിക്കുകയാണ് ചെയ്യുന്നത്.)

സി. രാധാകൃഷ്ണന്റെ കഥയിലെ അസാധാരണമായ ഭാവികാലദർശനത്തെപ്പറ്റി അപ്പൻ പരാമർശിക്കുന്നു. എൻ.പി. മുഹമ്മദിന്റെ "ഹിരണ്യകശിപു" തന്ത്രാധിഷ്ഠിതമായ രാഷ്ട്രീയം ഭാവിയിൽ സൃഷ്ടിച്ചേക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ഒരു ആന്റി യൂട്ടോപ്പിയ (dystopia)-യാണെന്ന് കാരൂങ്ങളുടെ ഉള്ളറിഞ്ഞു പറയുന്നു. വിചിത്രമായ ഒരു ത്രികാലാനുഭവമായി എൻ.പിയുടെ നോവൽ മാറുന്നുവെന്നു പറയുന്നു.

ആധുനിക സാഹിത്യത്തിൽ ഘടികാരകാലം നിലനില്ക്കുന്നത് അവഗണിക്കപ്പെടാനും തൃജിക്കപ്പെടാനും തകർക്കപ്പെടാനും വികൃതമാക്കപ്പെടുന്നതിനും അടിച്ചേല്പിക്കപ്പെടുന്നതിനും മാത്രമാണെന്ന് തിയഡോർ സിയോൽകോവ്സ്കിയുടെ അഭിപ്രായത്തിലേക്കു വരുമ്പോൾ കാലബോധത്തെ ചെപ്പിലൊതുക്കിയ അനുഭവമാണുണ്ടാകുന്നത്. മാധവിക്കുട്ടിയുടെ "എന്റെ കഥ"യിലെ രണ്ടു കാലങ്ങളെക്കുറിച്ചു പറഞ്ഞ് ആ കൃതിയുടെ രചനാസൗകുമാര്യത്തിലേക്ക് അപ്പൻ വെളിച്ചം വീശുന്നു. വൈയക്തികഭാവനയുടെമേൽ പ്രാതിഭാസികലോകത്തിന്റെ വിജൃയത്തിന്റെ നിമിത്തങ്ങളെന്ന രീതിയിൽ അലോ റൊബെ ഗ്രില്ലെ തന്റെ നോവലുകളിൽ പ്രകടമായ ചില വൈരുദ്ധ്യങ്ങൾ അവതരിപ്പിക്കുകയുണ്ടായത് ഇവിടെ ഓർത്തുപോയി. "മരിയൻബാദിലെ അവസാന വർഷ"മാണ് പെട്ടെന്ന് ഓർമ്മയിലേക്ക് ഓടിയെത്തുന്നത്.)

സംഭവങ്ങളെ അവ നടന്ന ക്രമത്തിൽ രേഖപ്പെടുത്തിവയ്ക്കുന്ന ക്രോണിക്കിൾ നോവലുകളെപ്പറ്റി ഗ്രന്ഥകർത്താവ് ഒന്നും പരാമർശിച്ചുകണ്ടില്ല. ഉറൂബിന്റെ "സുന്ദരികളും സുന്ദരന്മാരും", തകഴിയുടെ "കയർ" എന്നീ നോവലുകളിൽ അപ്പന്റെ സവിശേഷശ്രദ്ധ പതിയുന്നില്ല. എന്നാൽ "ഉമ്മാച്ചു"വിലും "ചെമ്മീനി"ലും തന്റെ വിശകലനപാടവം ഉപയോഗിക്കുന്നുമുണ്ട്. "സുന്ദരികളിലും സുന്ദര"ന്മാരിലും "കയറി"ലും കാലം ബാഹ്യമായതുകൊണ്ടും "ഉമ്മാച്ചു"വിലും "ചെമ്മീനി"ലും ആന്തരികമായതുകൊണ്ടുമാണ് അപ്പൻ ഇങ്ങനെ തിരഞ്ഞെടുപ്പു നടത്തുന്നത്. ആധുനിക സൗന്ദര്യശാസ്ത്രത്തിന്റെ ചുവടുപിടിച്ച് ആന്തരികമായ കാലമെന്ന ആശയത്തെ അപ്പൻ പിന്തുണയ്ക്കുന്നു. കാലത്തിന്റെ ഏക ദിങ്മാത്രമായ ചലനത്തിനെതിരേ യുദ്ധം നയിക്കേണ്ടതുണ്ടെന്നും നോവലിന്റെ ആന്തരികരൂപത്തിൽനിന്നും ചരിത്രകാലത്തെ നിഷ്കാസനം ചെയ്യേണ്ടതുണ്ടെന്നും ആധുനിക സൗന്ദര്യശാസ്ത്രം അനുശാസിക്കുന്നു.

നോവലിന്റെ ഭാഷയെ അവലംബമാക്കി കാലഘടനയെക്കുറിച്ചുള്ള പഠനത്തെപ്പറ്റി ഇവിടെ ഓർത്തുപോവുന്നു. അവബോധത്തെയും അവബോധം സൃഷ്ടിക്കുന്ന വിഭിന്ന വ്യവസ്ഥകളെയും നിറയ്ക്കുന്നത് ഭാഷയുടെ ഘടനയാണെന്ന് പാട്രിഷ്യ ഡ്രെസ്സൽടോബിൻ "പാരമ്പര്യശാസ്ത്രത്തിന്റെ അലംഘനീയത" എന്ന തന്റെ ശ്രദ്ധേയമായ ഗ്രന്ഥത്തിൽ നിരീക്ഷിക്കുന്നത് ഇവിടെ ഓർത്തുപോകുന്നു.

"രണ്ടാമൂഴ"ത്തിൽ ദർശനത്തിന്റെ ഭാഗമായി വരേണ്ട കാലബോധത്തിന് നോവലിസ്റ്റിന്റെ ശ്രദ്ധകിട്ടാതെ പോയെന്ന് അപ്പൻ ചൂണ്ടിക്കാട്ടുന്നു. രണ്ടാമൂഴത്തിൽ കാലത്തിന്റെ സർവ്വ സംഹാരകശക്തിയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനാവാഞ്ഞത് രചനയുടെ ദൗർബല്യമാണെന്ന് അദ്ദേഹം കാര്യബോധത്തോടെ ചൂണ്ടിക്കാട്ടുന്നു. എം.ടിയുടെ കല നിത്യതയോടാണ് ആഭിമുഖ്യം കാട്ടുന്നതെന്ന് അദ്ദേഹം തുടർന്നു പറയുന്നു.

ഒ.വി. വിജയന്റെയും ആനന്ദിന്റെയും നോവലുകളിലെ കാലദർശനത്തെപ്പറ്റിയാണ് അപ്പൻ പിന്നീടു നിരീക്ഷിക്കുന്നത്. അവിടെനിന്ന് വി.കെ.എന്നിന്റെ കാലദർശനത്തിലേക്കു കടന്നുപോകുന്നു. ശൈശവദർശനത്തിലെ കാലമെന്ന് വി.കെ.എന്നിന്റെ കാലദർശനത്തെ ഗ്രന്ഥകർത്താവ് സമീക്ഷിക്കുന്നു. പുനത്തിൽ കുഞ്ഞബ്ദുള്ളയുടേത് പ്രാദേശിക കാലയളവിലേക്കു ചുരുക്കിക്കൊണ്ടുവരുന്ന കാലദർശനമാണെന്ന് ശരിയായി അദ്ദേഹം വിലയിരുത്തുന്നു. കാലത്തിന്റെ പിറകോട്ടുള്ള ചലനത്തെ എം.പി. നാരായണപിള്ള സാക്ഷാത്കരിക്കുന്നതിനെപ്പറ്റി കൗതുകമുണർത്തുന്നവിധത്തിൽ സൂചിപ്പിക്കുന്നു. സത്ത ശിഥിലമാകുമ്പോൾ കാലബോധവും ശിഥിലമാകുന്നു എന്ന യാഥാർത്ഥ്യം "പാണ്ഡവപുര"ത്തിൽ തെളിയുന്നുവെന്ന് അപഗ്രഥന സാമർത്ഥ്യത്തിന്റെ ശിരസ്സുയർത്തി പ്രഖ്യാപിക്കുന്നു. ("പാണ്ഡവപുര"ത്തിന്റെ ഭാവധ്വസരമായ ആഖ്യാനമണ്ഡലത്തിലേക്കു പ്രകാശഗോപുരംപോലെ കടന്നുവരുന്ന ഒരു നിരീക്ഷണമായി ഇതു പര്യവസാനിക്കുന്നു.) പിന്നിടു മേതിൽ രാധാകൃഷ്ണന്റെയും കെ.പി. നിർമ്മൽകുമാറിന്റെയും അനായാസമായ അപഗ്രഥനത്തിനു വഴങ്ങാത്ത ഗദ്യശൈലിയെ പരിശോധിച്ച് വെളിച്ചത്തിന്റെ ശകലങ്ങൾ തെളിയുന്നതു കാട്ടുന്നു.

കാലം അതിസങ്കീർണ്ണമായ ഒരു പ്രതിഭാസമാണ്. ഓരോ കലാകാരനും തന്റേതായ രീതിയിൽ കാലഘടനയെ പുതുക്കിപ്പണിയുന്നുണ്ട് ശ്രമിക്കുന്നത്. ഒരുതരത്തിലുള്ള വർഗ്ഗീകരണത്തിന് അനുമതി തരാത്ത നൈമിഷികമായ അവതാരങ്ങളാണ് കാലത്തിനുള്ളത്. സാഹിത്യഭാവനയിലെ കാലബോധത്തെ വിശ്വചിന്തയുടെയും മലയാളഭാവനയുടെ പ്രശ്നപരിസരത്തിലും വച്ചു പഠിക്കാനാണ് അപ്പൻ ശ്രമിക്കുന്നത്. തന്റെ വിഷയത്തെ ആശയവൽക്കരിക്കുന്നതിലും അതിന്റെ സമീപനത്തിൽ ഗൗരവമിയന്ന ഭാവം കാത്തുസൂക്ഷിക്കുന്നതിലും കെ.പി. അപ്പൻ പൂർണ്ണമായി വിജയിച്ചിരിക്കുന്നു. നമ്മുടെ വിമർശനസാഹിത്യത്തിന്റെ നെടുംതൂണുകളാകേണ്ടത് "സമയപ്രവാഹവും സാഹിത്യകലയും" പോലുള്ള കൃതികളാണ്.

(23-ാം പേജിൽ നിന്നും തുടർച്ച)

സ്ഥലം വിൽക്കുന്ന ഏർപ്പാട് നല്ലതല്ല. ലോകത്തു തന്നെ ഇത്തരമൊരു സ്ഥാപനം വേറെയില്ല. സാഹിത്യകാരന്മാർ ഏറെ ബുദ്ധിമുട്ടിയും ത്യാഗം സഹിച്ചുമാണ് ഈ സംഘം ഉണ്ടാക്കിയത്.

ഇതു നശിക്കാതിരിക്കാൻ സത്വരമായി ഗവൺമെന്റ് ഇടപെടണം. സംഘത്തിന്റെ ഇപ്പോഴുള്ള ഭരണക്രമം മാറണം. അക്കാദമിപോലുള്ള മറ്റൊരു സ്ഥാപനമല്ല ഞാനുദ്ദേശിക്കുന്നത്. അങ്ങനെയായിട്ടു കാര്യമൊന്നുമില്ല. കച്ചവടസ്ഥാപനമായി ഇതിനെ മാറ്റണം. തൽക്കാലം കടബാദ്ധ്യതയ്ക്ക് ഗവൺമെന്റ് ഗ്യാരന്റി നിൽക്കണം. അപ്പോൾ സംഘത്തിന്റെ നടത്തിപ്പിൽ ഗവൺമെന്റിന് കൈയുണ്ടാവാതെ വയ്യ. അങ്ങനെ വരുമ്പോൾ അത് ജനാധിപത്യമാവുമോ എന്നും എനിക്കറിയില്ല.

ഒരു അഞ്ചുവർഷത്തെ പദ്ധതി ഉണ്ടാക്കുക. വിറ്റഴിഞ്ഞുപോവുന്ന പുസ്തകങ്ങൾ മാത്രം പ്രസിദ്ധീകരിക്കുക. സംഘത്തെ വളരെ നന്നായി നയിച്ചവരിൽ ചിലർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ശരിയാക്കാൻ വയ്യാത്തവിധം തീരെ തകർന്നുപോയിട്ടില്ല. സ്ഥാപിതാത്പര്യക്കാരായ കക്ഷിരാഷ്ട്രീയക്കാരെ ഒഴിവാക്കിയും കച്ചവടസാമർത്ഥ്യവും ഭരണപരിചയവുമുള്ള ആളുകളെ ഭരണസമിതിയിൽ ഉൾക്കൊള്ളിച്ചും ഇതു ചെയ്യാവുന്നതാണ്.

ആയുർവേദം, ചരിത്രം, വൈദികം തുടങ്ങി വിവിധ വിഷയങ്ങളിൽ റഫറൻസ് ഗ്രന്ഥങ്ങളും മറ്റും മലയാളത്തിൽ കുറവാണ് ഉത്തരം വിഷയങ്ങളിൽ പാണ്ഡിത്യം ഉള്ളവർക്കു പ്രോജക്ടുകൾ കൊടുത്ത് ഗ്രന്ഥരചന നടത്താവുന്നതാണ്. പ്രമുഖരായ എഴുത്തുകാരുടെ തിരഞ്ഞെടുത്ത കൃതികളും പ്രസിദ്ധീകരിക്കാവുന്നതാണ്. റീപ്രിന്റ് ആവശ്യമുള്ള പുസ്തകങ്ങൾ പുനഃപ്രസിദ്ധീകരിക്കുകയുമാവാം. ഇതിനൊക്കെ വേണ്ടത് തന്റേടമുള്ള ഒരു ഭരണസമിതിയാണ്.

പുസ്തകത്തിന് ഇവിടെ ഡിമാൻഡ് കുറവില്ല. എസ്.പി.സി.എസ്സിന് അയച്ച എന്റെ ഒരു ചെറിയ പുസ്തകം ഞാൻ കോഴിക്കോട്ടെ ഒരു ചെറിയ പ്രസാധകർന്. അവർ കരാറുപ്രകാരം പണം തന്നശേഷമാണ് പുസ്തകം കൊണ്ടുപോയത്.

ഞാനൊരു സീനിയർ സാഹിത്യകാരനാണ്. എന്റെ പുസ്തകം പ്രസിദ്ധീകരിക്കാൻ ആളുണ്ടാവും. എന്നാൽ എഴുത്തിത്തുടങ്ങുന്നവരുടെ കൃതികൾക്കു പ്രസാധകരെ കിട്ടാൻ ബുദ്ധിമുട്ടാണ്. വലിയ എഴുത്തുകാരുടെ നല്ല കൃതികൾ പ്രസിദ്ധീകരിക്കുന്നതോടൊപ്പം എഴുത്തിത്തുടങ്ങുന്ന ചെറുപ്പക്കാരുടെ നല്ല കൃതികൾ കണ്ടെത്താനും ഗവേഷണ ഗ്രന്ഥങ്ങൾ തയ്യാറാക്കാനും എസ്.പി.സി.എസ്സിനു കഴിയണം.

ഇത്രയും നല്ല ഒരു സ്ഥാപനം ഇങ്ങനെ അധഃപതിക്കുമ്പോൾ അന്വേഷണം നടത്തേണ്ടതാണ്. ആരെയെങ്കിലും ശിക്ഷിക്കാനാവരുത് അന്വേഷണം. സംഘത്തെ രക്ഷിക്കാനുള്ള വഴിയാണ് അന്വേഷിക്കേണ്ടത്. അതോടൊപ്പം സംഘം ഇങ്ങനെയാവാൻ കാരണമെന്തെന്നും അന്വേഷിക്കണം.

ഇ.വാസു



കേരളത്തിൽ സ്വകാര്യപ്രസാധകരിൽ നിന്ന് എഴുത്തുകാർ മോചനം നേടിയത് അങ്ങനെ ഏഷ്യയിൽ ആകമാനമോ ലോകത്തിനു മുഴുവനും തന്നെയോ മാതൃകയായ സ്ഥാപനത്തിന് വഴിയൊരുക്കി. ഒരു ഗ്രന്ഥകാരൻ കൂടിയായ സ്വരൂപ്സിംഗ് കേരള ഗവർണ്ണറായിരുന്നപ്പോഴാണ് ഏറ്റവും ഒടുവിലത്തെ സർട്ടിഫിക്കറ്റ് സംഘത്തിന് കിട്ടുന്നത്.

പുസ്തകത്തിൽ നിന്ന് തനിക്ക് ആകെ കൂടി കിട്ടിയ റോയൽറ്റി ആയിരം രൂപയിൽ താഴെയാണെന്ന് അദ്ദേഹം വെളിപ്പെടുത്തിയത് യോഗത്തിൽ പ്രൊഫസർ സുകുമാർ അഴീക്കോട് സംഘം തന്നെപോലുള്ള എഴുത്തുകാരെ ലക്ഷപ്രഭുവാക്കിയ കാര്യം സൂചിപ്പിച്ചപ്പോഴാണ്. റോയൽറ്റി ഇനത്തിൽ ലക്ഷങ്ങൾ കൂടിശ്ശികയായപ്പോൾ മറ്റുപ്രസാധകരെത്തേടിപ്പോകുന്ന എഴുത്തുകാരുടെ എണ്ണം ഒന്നും രണ്ടുമല്ല.

സഹകരണതത്വത്തിന്റെ ശക്തിതന്നെയാണ് സാഹിത്യകാരന്മാരുടെ സംഘടിതസ്വാർത്ഥമായ എസ്.പി.സി.എസ്സിന്റെ ദൗർബല്യമായി മാറിയത്.

പ്രസാധകരുടെ ചൂഷണം ഒഴിവാക്കാൻ മുഖവിലയുടെ മുപ്പതുശതമാനം റോയൽറ്റി നല്കി 'എഴുത്തുതൊഴിലാളി'കളുടെ അന്തസ്സ് ഉയർത്തി.

റോയൽറ്റിയുടെ കണക്ക് സത്യസന്ധമായി സൂക്ഷിച്ചു. (കള്ളക്കണക്ക് കാണിക്കാത്ത ബിസിനസ്സ് തഴച്ചുവളരുക അസാധ്യം).

പ്രസ്സ് തൊഴിലാളികളുടെക്കുള്ള ജീവനക്കാർക്ക് മാന്യമായ ശമ്പളവും മറ്റു എല്ലാ ആനുകൂല്യങ്ങളും നല്കിയത് സാമ്പത്തികപ്രതിസന്ധിയുളവാക്കുന്നതിലെത്തി. അപേക്ഷിക്കുന്ന ആർക്കും അംഗത്വം നല്കണം എന്ന നിബന്ധന കൂടുതൽ ആളുകൾ തിങ്ങിക്കയറിയ തോണിയുടെ ഗതി സംഘത്തിന് വരുത്തി.

മുട്ടക്കച്ചവടത്തിനും പഴക്കച്ചവടത്തിനും വരെ ലഭ്യമാകുന്ന ബാങ്ക്വായ്പ ലഭിക്കാത്ത ഒരേയൊരു ബിസിനസ്സാണ് മഷിപുരളുന്നതോടെ കടലാസിന് കടലാസ്സു വിലപോലും ഇല്ലാതാകുന്ന പുസ്തകത്തിന്റേത്. സഹകരണബാങ്കുകളെപ്പോലെ റിസർവ് ബാങ്കോ സർക്കാരോ നല്കുന്ന പണം കൂടുതൽ പലിശയ്ക്ക് ആവശ്യക്കാർക്ക് നല്കി കൈയും കെട്ടിയിരുന്നാൽ ലാഭമുണ്ടാവില്ല. മറ്റു സഹകരണസ്ഥാപനങ്ങളിലെപ്പോലെ സഹകരണചട്ടങ്ങളറിയുന്ന സെക്രട്ടറിയോ യോഗ്യതയുള്ള ജീവനക്കാരോ പുസ്തകം അടിക്കുകയും എടുത്തുകൊടുക്കുകയും ചെയ്യുന്ന സംഘത്തിന് തുടക്കം മുതൽ ഇതുവരെ ഉണ്ടായിട്ടില്ല. കാരുതും മറ്റും ഭരണം നടത്തിയിരുന്നത് ഇന്നത്തെപ്പോലെ പന്ത്രണ്ട് (ഐ. എ. എസ്സുകാരടക്കം അഞ്ചുപേരെ ഗവൺമെന്റ് നോമിനേറ്റു ചെയ്തത് വേറെയും) ഭരണസമിതി അംഗങ്ങളെ വെച്ചുകൊണ്ടല്ലായിരുന്നു.

നാളെയുടെ നാണക്കേടായവർ

ഒരു സ്വകാര്യസ്ഥാപനത്തിന്റെ തലവനെപ്പോലെ ഇഷ്ടാനുസരണം തീരുമാനമെടുക്കാൻ സെക്രട്ടറിക്ക് സാധിച്ച കാലത്തു തന്നെ ഇന്ത്യാപ്രസ്സിന്റെ വികസനം പൂർത്തിയായി. 1953-ൽ വാങ്ങിയ പ്രിന്റിംഗ് മെഷീൻ തന്നെയാണവിടെ ഇന്നും. ദിവസം ഒരു പുസ്തകം എന്ന ലക്ഷ്യം വെച്ച് നിയമിതരായ ജീവനക്കാർ മാത്രം വർദ്ധിച്ചു. ലക്ഷങ്ങളുടെ ലാഭം കണക്കുകൂട്ടി സിനിമ പിടിക്കുന്ന മട്ടിൽ ഉദ്യോഗം സൃഷ്ടിച്ച വിഡ്ഢാനകോശനിർമ്മാണം നടക്കുന്നതിനുമുൻപ് ഒരു പന്ത്രണ്ടംഗ ഭരണസമിതി ഒറ്റയടിക്ക് യോഗ്യതകളൊന്നും നോക്കാതെയും പ്രവേശത്തിന് മാനദണ്ഡങ്ങൾ പാലിക്കാതെയും നിയമിച്ചത് പന്ത്രണ്ട് ആശ്രിതരെയാണ്. അതിൽ ഒരൊറ്റ ഹരിജനും ഇല്ലെന്ന് കണ്ടുപിടിച്ച് ഒരു പട്ടികജാതിക്കാരനെ കൂടി ഉൾപ്പെടുത്തി എണ്ണം പതിമൂന്നാക്കുക തന്നെ ചെയ്തു. ശാസ്ത്രീയമായ സാമ്പത്തിക മാനേജ്മെന്റ് എന്തെന്നറിയാതെ അവതരിപ്പിക്കുന്ന ബജറ്റിൽ ലാഭം, ലാഭവിഹിതം എന്ന മോഹിപ്പിക്കുന്ന മന്ത്രം ഉരുവിട്ടുകൊണ്ടായിരുന്നു അത്.

കെടുകാര്യസ്ഥത പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിലും വ്യാപിപ്പിച്ചു. ജയിക്കാൻ പാനലുകളായി മത്സരിക്കുമ്പോൾ വീടുതോറും നടന്ന് അംഗങ്ങൾക്ക് മുൻകൂട്ടി കൊടുത്ത ഉറപ്പുപാലിക്കാൻ വേണ്ടി ഗുണനിലവാരമില്ലാത്ത ഗ്രന്ഥങ്ങൾ പുറത്തിറക്കേണ്ടതായി വന്നു. സംഘം സാമ്പത്തികകാര്യത്തിലാണെന്നറിഞ്ഞിട്ടും ഷെയറെടുക്കാൻ മുൻകൂർ പണം കെട്ടിവെയ്ക്കാൻ അഞ്ഞൂറോളം എഴുത്തുകാർ സന്നദ്ധരായത് തങ്ങളുടെ പുസ്തകം പുറത്തിറക്കാം എന്ന പ്രതീക്ഷയോടെയാവണമല്ലോ. അംഗമാകാതെയും ഇതേ ലക്ഷ്യം നേടാൻ ഡയറക്ടർബോർഡിലേക്ക് സർക്കാർ വക നോമിനേഷനുള്ള ശുപാർശകളുടെ ബാഹുല്യം പൊറുതികെടുത്തിയപ്പോഴാകണം, അന്നത്തെ സഹകരണമന്ത്രി ശ്രീ. ടി.കെ.രാമകൃഷ്ണൻ സംഘത്തെ പ്രൈമറി സൊസൈറ്റി എന്ന ഇനത്തിൽ പെടുത്തി നോമിനേഷൻ വേണ്ടെന്നു വെച്ചത്. 'പ്രൈമറി സംഘ'മാണെന്നത് (അപക്സ് വിഭാഗത്തിൽപെടുത്താനും വിഷമമില്ല. ഇല്ലകൾ തോറും ബ്രാഞ്ചുള്ളതിനാൽ) കോട്ടയത്തു വന്ന് എല്ലാവരും വോട്ടുചെയ്യണം എന്ന ബാദ്ധ്യത ഇല്ലാതാക്കിയില്ല. മൂന്നുവർഷം കൂടുമ്പോൾ നടക്കുന്ന ഒരുത്സവമാണ് കേരളത്തിൽ നിന്നും പുറത്തുനിന്നും എഴുത്തുകാരെ എഴുന്നെള്ളിച്ചുകൊണ്ടുവന്ന് നടത്തുന്ന ഡയറക്ടർബോർഡ് തിരഞ്ഞെടുപ്പ്.

ഒരു ലക്ഷം കോപ്പി അച്ചടിക്കാൻ സാധിച്ച കാരൂരിന്റെ പേരിലുള്ള ഒരു ടെക്സ്റ്റ് ബുക്കാണ് സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ യഥാർത്ഥ മുലധനം. അന്നു പുസ്തകം നൂറുരൂപ പ്രതിഫലത്തിന് പകർപ്പവകാശം വിട്ടുകൊടുക്കാൻ തയ്യാറായ ഭാരവാഹികളുടെ സ്ഥാനത്ത് സംഘം പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന കൃതി കൈസ്റ്റ് ആക്കുന്ന ഉടൻ പിൻവലിച്ച് കൂടുതൽ പ്രതിഫലം വാങ്ങാനുതകുന്നതിനുവേണ്ടി കൊടുക്കാതെ കഴിക്കുംവിധം ക്യാഷായി നല്കുന്ന പ്രസാധകന്റെ പിറകെപ്പോകുന്നവരും തിരഞ്ഞെടുപ്പിലൂടെ ഭരണസാരഥികളായി വന്നു. തന്റെ പുസ്തകം പുതിയ പതിപ്പ് ഇറക്കാൻ വൈകിയാൽ പ്രക്ഷോഭം തുടങ്ങുന്ന സംഘം മെമ്പർ. സ്വകാര്യപ്രസാധകന് പണം അങ്ങോട്ടുകൊടുത്ത് പുസ്തകമിറക്കാനും സ്വരൂപ്സിംഗിന്റെ റോയൽറ്റി റിക്കാർഡ്. വീണ്ടെടുക്കാനും സംഘം നശിക്കുന്നതോടെ നിർബന്ധിതനാകും. ' പൊൻകുന്നം

(ശേഷം 58-ാം പേജിൽ)

ജി. എൻ. പണിക്കർ

ഏതാനും ദിവസങ്ങൾക്കു മുൻപ്, മേയ് 29-ന്, സംഘം അഡ്മിനിസ്ട്രേറ്റർ എം. എ. തമ്പിയുടെ അച്ചടിച്ച ഒരു കത്തു കിട്ടി. സംഘത്തിന്റെ പ്രതിസന്ധിയെ അതിജീവിക്കാൻ ഇന്ത്യാ പ്രസ്സ് നില്ക്കുന്ന നാല് ഏക്കർ എട്ടു സെന്റ് സ്ഥലത്തിൽനിന്ന് രണ്ടേക്കർ വില്ക്കാൻ സമ്മതം ചോദിച്ചുകൊണ്ട്; അക്കാര്യത്തിനായി ഉടനെ ഒരു പൊതുയോഗം ചേരണമെന്നു പറഞ്ഞുകൊണ്ടും. സംഘത്തിലെ തിരഞ്ഞെടുപ്പു നടത്താൻ നിയുക്തനായ അസി. രജിസ്ട്രാർ (അഡ്മിനിസ്ട്രേറ്റർ) അക്കാര്യമൊഴികെ മറ്റു പലതും ചെയ്യുന്നതിലാണല്ലോ താത്പര്യമെടുക്കുന്നതെന്ന് ഞാൻ വിചാരിച്ചു. അത് ശരിയാണോ? പക്ഷേ, അടുത്ത നിമിഷം തന്നെ എനിക്ക് വീണ്ടുവിചാരമുണ്ടായി. അഡ്മിനിസ്ട്രേറ്ററുടെ കത്തിൽ പറയുന്നത് നൂറു ശതമാനവും ശരിയാണ്. അപ്പോൾ, ആരായാലും സംഘത്തിന്റെ രക്ഷയ്ക്കായി നീക്കം നടത്തുമ്പോൾ അതിനെ പിന്തുണയ്ക്കുകയല്ലേ വേണ്ടത്? മാത്രമല്ല, 1992-95-ലെ ഡയറക്ടർ ബോർഡിലെ അംഗമെന്ന നിലയിൽ നമ്മുടെ ബോർഡംഗങ്ങളിൽ പലരുടെയും തരംതാണ കളികൾ കണ്ടുമുട്ടുത്ത എനിക്ക് അഡ്മിനിസ്ട്രേറ്ററുടെ നീക്കം എന്തുകൊണ്ടും നന്നായി എന്നുതോന്നി. എണ്ണറിൽ ചിലാനം അംഗങ്ങളുള്ളതിൽ ബഹുഭൂരിപക്ഷത്തിനും ഈ വികാരം തന്നെയുണ്ടാവുമെന്നാണ് എന്റെ ഉറച്ച വിശ്വാസം.

സംഘത്തിന്റെ ദുർഭാഗ്യം തുടങ്ങിയത് 1974-ലെ തിരഞ്ഞെടുപ്പോടുകൂടിയാണെന്നാണ് എന്റെ വിശ്വാസം. പാനൽ മത്സരത്തിന്റെയും വിദഗ്ദ്ധമായ സംഘടിപ്പിക്കലിന്റെയും ഫലമായി തകഴിയും പി. കേശവദേവും-സംഘത്തിന്റെ സ്ഥാപകാംഗങ്ങളാണവർ: തകഴിയുടെ കഥാസമാഹാരമാണ് സംഘത്തിന്റെ ആദ്യ പ്രസിദ്ധീകരണം; ദേവിന്റെ 'ഓടയിൽനിന്നി'ന്റെ നാലാമത്തെയോ അഞ്ചാമത്തെയോ പതിപ്പാണ് ഇന്ത്യാ പ്രസ്സിൽ ആദ്യമായി അച്ചടിച്ച പുസ്തകം-നിഷ്ക്കരുണം തോല്പിക്കപ്പെട്ട. അപഹാസ്യരാക്കപ്പെട്ട നിമിഷം. തകഴിയെയും ദേവിനെയും അന്ന് തോല്പിച്ചതിൽ ഇന്നും അഭിമാനം കൊള്ളുന്ന ചില വ്യക്തികളുണ്ട്. സംഘം ഇന്ന് അടച്ചുപൂട്ടിയാലും ഒന്നും നഷ്ടപ്പെടാനില്ലാത്ത പ്രതിഭകൾ. സംഘം വഴി പുസ്തകങ്ങൾ പതിവായി പ്രസിദ്ധീകരിക്കുകയോ സ്വന്തം പുസ്തകങ്ങൾ സംഘത്തെ വിതരണത്തിന് അച്ചടിച്ചേല്പിക്കുകയോ ചെയ്യാത്ത, അഥവാ ചെയ്യാനില്ലാത്ത സംഘാടകപ്രമുഖർ....

സംഘത്തിന്റെ ഇന്നുള്ള ശോച്യാവസ്ഥയ്ക്ക് ഇതിനകം അധികാരത്തിൽ വന്നിട്ടുള്ള പല ബോർഡുകളും കാരണക്കാരാണ്. എങ്കിലും, ദൈവത്തിനുപോലും പൊറുക്കാത്ത ക്രൂരകൃത്യങ്ങളാണ് ഞാൻ കൂടി അംഗമായിരുന്ന 1992-95-ലെ ബോർ

നാമെല്ലാം പ്രതിക്കൂട്ടിൽ

ഡ് ചെയ്തുവച്ചത്. ആ ബോർഡിന്റെ കൃത്യവിലോപമെന്ന പാപം എത്ര പ്രാവശ്യം ഗംഗയിൽ മുങ്ങിക്കുളിച്ചാലും എത്രതവണ മുട്ടുകുത്തി കുമ്പസരിച്ചാലും എത്രവർഷം ഹജ്ജിനുപോയാലും തീരില്ലതന്നെ. ഹ്രസ്വമായെങ്കിലും ഇക്കാലത്തെ ഭരണത്തെക്കുറിച്ചു പറഞ്ഞെങ്കിലേ സംഘത്തിന്റെ ഇന്നത്തെ ചിത്രം പൂർണ്ണമാവൂ. കുന്നുകൂടിവന്ന കടം തീർക്കാനും അച്ചടി സംവിധാനം പരിഷ്ക്കരിക്കാനും സംഘത്തിൽനിന്ന് പല കാരണങ്ങളാലും അകന്നുപോയ എഴുത്തുകാരെ തിരിച്ചുകൊണ്ടുവരാനും അടിയന്തരമായി നൂറ് (100) പുതിയ പുസ്തകങ്ങളെങ്കിലും പുറത്തിറക്കാനും സംഘത്തിന് (ബുക്ക് സ്റ്റാളിനും) നഷ്ടപ്പെട്ടുകൊണ്ടിരുന്ന വിശ്വാസ്യത വീണ്ടെടുത്ത് പുതിയ പ്രി-പബ്ലിക്കേഷൻസിനുള്ള ശ്രമം നടത്താനും ഒക്കെയുള്ള ആഗ്രഹവുമായാണ് ഞാൻ തിരഞ്ഞെടുപ്പിൽ മത്സരിച്ചത്. ഞാനുൾപ്പെട്ട പാനലിൽനിന്ന് എട്ടുപേർ ജയിച്ചുവന്നു-എം.കെ. മാധവൻനായർ, സി.പി. ശ്രീധരൻ, പെരുമ്പടവം ശ്രീധരൻ, യു. എ. ഖാദർ തുടങ്ങിയ എട്ടുപേർ. ഇടതുപക്ഷ പിന്തുണയോടെ മത്സരിച്ച പാനലിൽനിന്ന് സി.രാധാകൃഷ്ണൻ, എം. കെ.സാനു, പവനൻ, ഓമനക്കുട്ടൻ എന്നിവരാണ് ജയിച്ചവർ. (ഞങ്ങളുടെ പാനലിലെ ഞാനുൾപ്പെടെ നാലുപേരെ ആ പാനലിൽ അവർ, എന്തുകൊണ്ടോ. ഉൾപ്പെടുത്തിയിരുന്നു.) ഞങ്ങൾ എട്ടുപേർ ചേർന്ന് അനൗപചാരിക ചർച്ച നടത്തിയപ്പോൾ ഞാൻ രണ്ടുമൂന്നു കാര്യങ്ങൾ നിർദ്ദേശിച്ചു. ഒന്ന്, സംഘത്തിൽ 1974 മുതൽ അനുവർത്തിച്ചുവരുന്ന കീഴ്വഴക്കം പിന്തുടർന്ന് ഓരോ വർഷവും ഓരോ ആൾ പ്രസിഡന്റ്. ഓരോ ആൾ വൈസ് പ്രസിഡന്റ് എന്നു തിരുമാനിക്കാം. മറ്റേ പാനലിൽനിന്ന് ജയിച്ചുവന്ന നാലുപേരെയും നമുക്ക് കമ്മിറ്റികളിൽ എടുത്ത് അവരുടെയും ഭരണപങ്കാളിത്തം ഉറപ്പാക്കാം. രണ്ട്, സഹകരണ വകുപ്പുമന്ത്രി ശ്രീ. എം. വി. രാഘവനുമായുള്ള 'ഗുസ്തി' നടത്തിവരുന്ന സി.പി. ശ്രീധരൻ തത്ക്കാലം, ആദ്യവർഷം, പ്രസിഡന്റ് ആവാതിരിക്കുക. ആദ്യവർഷം മാധവൻ നായരാവട്ടെ പ്രസിഡന്റ്. അവിടെത്തുടങ്ങി കളികൾ. സി.പി.ക്കു മൂന്നുവർഷവും പ്രസിഡന്റായിരിക്കണം. അദ്ദേഹമുള്ള ബോർഡിൽ അദ്ദേഹമല്ലാതെ മറ്റാരാണ് പ്രസിഡന്റാവുക? ഒരു വനത്തിൽ രണ്ടാമതൊരു സിംഹമോ. എം.വി. രാഘവനെ-സഹകരണവകുപ്പുമന്ത്രിയെ-ഒരു സഹകരണ സംഘം പ്രസിഡന്റ് നിരന്തരം എതിർക്കുക!-'ഒതുക്കുക' എന്ന ലക്ഷ്യവുമായി മുന്നേറാൻ കോപ്പുകൂട്ടി. മല്ലടിച്ചുനിന്ന സി.പിക്ക് ഇത്ര ഇത്ര പാടാൻ അഹമഹമികയാ മത്സരിച്ചവരാണ് ഞാനുൾപ്പെട്ട പാനലിൽ നിന്ന് ജയിച്ചവരിൽ ഭൂരിപക്ഷവും! പ്രതിപക്ഷത്തുള്ളവരെ കമ്മിറ്റികളിൽക്കൂടി എടുത്ത് (1974 മുതലുള്ള കീഴ്വഴക്കമാണിത്. ഒന്നിലധികം പാനലിൽ നിന്ന് ജയിച്ചുവരുന്നവരായാലും സംഘം ഭരണം ഒന്നിച്ച്, പരസ്പരം സഹകരിച്ചുനടത്തുക എന്നത്.) മുന്നോട്ടുനീങ്ങാം എന്നാണെന്റെ നിർദ്ദേശവും അംഗീകരിക്കപ്പെട്ടിട്ടില്ല. അവർ നാലുപേരെയും ഒഴിച്ചുനിറുത്തിയാൽ തങ്ങൾക്ക് കമ്മിറ്റികളിൽ സ്ഥാനം ഉറപ്പാകുമല്ലോ എന്ന സ്വാർത്ഥ ചിന്തയാവാം എന്റെ സുഹൃത്തുക്കളെ നയിച്ചത്. സംഘത്തിന്റെ ചരിത്രത്തിലാദ്യമായാണെന്നു തോന്നുന്നു പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നീ സ്ഥാനമലങ്കരിക്കാത്ത ഓൾ-പെർസണൽസ് രണ്ടു കമ്മിറ്റികളിൽ ഒരേസമയം അംഗമായി വിരാജിച്ചത്. (ആദ്യവർഷം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗമായിരുന്ന ഞാൻ പിന്നീടുള്ള രണ്ടു വർഷവും കമ്മിറ്റികളിൽനിന്ന് സ്വയം മാറിനിന്നതും പെരുമ്പടവത്തിന് ഈ ഭാഗ്യം വീണുകിട്ടാനിടയാക്കി. അപ്പോൾപ്പോലും പ്രതിപക്ഷത്തുള്ള ഒരാളെ കമ്മിറ്റിയിലെടുക്കാൻ സി.പി.യും അനുചരന്മാരും തയ്യാറായില്ല.) സി.പി. ശ്രീധരൻ നടത്തുന്ന പാവക്കൂത്തു കാണാൻ വെറും കാഴ്ചക്കാരായി ഇരിക്കണ്ട എന്ന നിശ്ചയവുമായാണ് സാനുമാസ്റ്ററും രാധാ

കെ. എൽ. മോഹനവർമ്മ



സംഘം തകരുത്

സാംസ്കാരിക കേരളത്തെ [illegible] അറിയുന്നത് രണ്ടു സ്ഥാപനങ്ങളുടെ പേരിലാണ്. ഒന്ന് എസ്. പി. സി. എസ് വേറൊന്ന് കലാമണ്ഡലം. അതിനാൽ സാഹിത്യ പ്രവർത്തക സഹകരണസംഘം തകരാതെ നോക്കേണ്ടത് കേരളത്തിന്റെ ആവശ്യമാണ്. സാഹിത്യ അക്കാദമി സെക്രട്ടറി കെ. എൽ. മോഹനവർമ്മ അഭിപ്രായപ്പെട്ടു.

എസ്. പി. സി. എസ്സിനെ വെറുമൊരു സഹകരണസംഘമായി എനിക്ക് കാണാനാവില്ല. നല്ലൊരു ഭരണനേതൃത്വം വഴി സംഘത്തെ രക്ഷിക്കേണ്ടത് മലയാളഭാഷയുടെ ആവശ്യമാണ്. പത്തര കോടിരൂപയുടെ സ്വത്തുള്ള സ്ഥാപനമാണ് സംഘം. സർക്കാരിന് ധൈര്യമായി ജാമ്യം നിൽക്കാം. എവിടുന്നെങ്കിലും കുറേ പണം ലഭിച്ചുകഴിഞ്ഞാൽ നിഷ്പക്ഷമായി പ്രവർത്തിക്കാൻ കഴിവുള്ള ഒരു കമ്മിറ്റിയെ വച്ച് എസ്.പി.സി.എസ്സിനെ രക്ഷിക്കാനാവും. അതിനുവേണ്ടി പദ്ധതി ആവിഷ്കരിക്കാൻ സാഹിത്യ അക്കാദമി തയ്യാറാണ്. അത്തരത്തിൽ ഒരു പ്രമേയം പാസ്സാക്കി അക്കാദമി സർക്കാരിന് അയച്ചിട്ടുണ്ട്.

മലയാളത്തിലെ ഓരോ എഴുത്തുകാരന്റെയും കടമയാണ് സംഘത്തെ രക്ഷിക്കേണ്ടത്. വളർന്നുവരുന്ന നല്ല എഴുത്തുകാർക്ക് സംഘം നൽകുന്നതുപോലുള്ള സ്വീകരണവും പ്രോത്സാഹനവും സ്വകാര്യപ്രസാധകരിൽ നിന്ന് ലഭിക്കില്ല. 1968-ൽ ഉത്തരേന്ത്യയിലായിരിക്കുമ്പോൾ മലയാളത്തിൽ ഏതാനും കഥകളെഴുതിയിട്ടുണ്ടെന്ന ബലത്തിൽ എസ്. പി. സി. എസ് മാനേജർക്ക് കത്തയച്ച കാര്യം ഞാനിപ്പോൾ ഓർമ്മിക്കുന്നു. എന്റെ ആദ്യകഥാസമാഹാരം അവർ പ്രസിദ്ധീകരിച്ചു. ഒരു പുതിയ എഴുത്തുകാരന് അങ്ങനെയൊരു പ്രോത്സാഹനം വലിയ കാര്യമാണ്. ഇപ്പോൾ മലയാളത്തിൽ അങ്ങനെയൊരു ഭാഗ്യം യുവ എഴുത്തുകാർക്ക് കിട്ടുന്നില്ല. എസ്. പി. സി. എസ്. നന്നായി നടന്നിരുന്നെങ്കിൽ സാമ്പത്തിക പ്രയാസത്തിൽ കഴിയുന്ന ധാരാളം യുവ എഴുത്തുകാർക്ക് ഗുണം ലഭിച്ചേനെ. സ്വകാര്യപ്രസാധകർ വില്പന സാധ്യതയുള്ള എഴുത്തുകാരുടെ കൃതികളെ സ്വീകരിക്കൂ. നൂതന സാഹിത്യവും പരീക്ഷണകൃതികളും നാളെയും ജീവിക്കുന്ന രചനകളും വില്പന മൂല്യമുള്ളവയല്ലെന്ന കാരണത്താൽ സ്വകാര്യ പ്രസാധകർക്ക് തള്ളിക്കളയാം. എസ്.പി. സി. എസ് പോലുള്ള പ്രസ്ഥാനങ്ങൾ യഥാർത്ഥ എഴുത്തുകാർക്ക് അനുഗ്രഹമാകും. അതിനാൽ ഭാഷയുടെയും നാടിന്റെയും ആവശ്യമെന്ന നിലയിൽ സംഘത്തെ സംരക്ഷിക്കുക തന്നെ വേണം. ഗുജറാത്തിൽ സംഘത്തിന് ഒരു അനുകരണം തന്നെ ഉണ്ടായിട്ടുണ്ട്. സംഘത്തിന്റെ ബാധ്യത എഴുത്തുകാരോടാണ്. അത്തരം ഒരു സ്ഥാപനം നിലനിൽക്കേണ്ടത് പൊതു ആവശ്യമാണ്.

കൃഷ്ണനും മറ്റും ബോർഡിൽനിന്നും രാജിവച്ചുപോയത്.

ഇനി സംഘത്തിന്റെ ഇന്നത്തെ ദുരവസ്ഥയ്ക്ക് കാരണമെന്തെന്ന് ചുരുക്കിപ്പറയാം. ബോർഡുകളിൽ നടക്കുന്നത്, മുഖ്യമായും, ജനാധിപത്യ പ്രക്രിയ അല്ല, ജനാധിപത്യത്തിന്റെ വ്യഭിചാരമാണ്. ബോർഡംഗമായാൽ, പ്രസിഡന്റായാൽ പിന്നെ തനിക്കു തോന്നിയതൊക്കെ ചെയ്യാമെന്നാണ് നമ്മുടെ സാഹിത്യകാരന്മാരുടെ തെറ്റായ ധാരണ. പുസ്തകം സംഘം നേരിട്ട് പ്രസിദ്ധീകരിക്കാനെടുക്കുമ്പോൾ അതിന്റെ ഗുണമേന്മയല്ല, പ്രത്യുത ആ ആളിന്റെ വോട്ടിനാണ് പ്രാധാന്യം അടുത്ത കാലത്തായി നല്കിപ്പോരുന്നത്. (ഇടയ്ക്കൊന്നു പറഞ്ഞുകൊള്ളട്ടെ, സംഘാംഗങ്ങളായ എഴുത്തുകാർ സ്വന്തം പുസ്തകങ്ങൾ അച്ചടിച്ച് വിതരണത്തിനേല്പിക്കുമ്പോൾ അവ സംഘം സ്വീകരിക്കണമെന്നതാണ് കീഴ്വഴക്കം.) കമ്മിറ്റിയിൽ വന്നുകഴിഞ്ഞാൽ എന്തു തോന്നിയവാസവുമാകാം എന്ന നിലപാടാണ് ചിലർക്ക്. രണ്ടുദാഹരണങ്ങൾ കൊണ്ടു വ്യക്തമാക്കാം ഇക്കാര്യം: ഒന്ന്, ഡെമ്മി 1/4-ൽ രണ്ടായിരത്തോളം പേജുവരുന്ന ഒരു പുസ്തകത്തിന്റെ റീപ്രിന്റിന് പ്രി-പബ്ലിക്കേഷൻ പ്രഖ്യാപിക്കുന്നു. ആകെ ഇരുന്നൂറിനടുത്ത ആളുകളേ അതിനു ചേരുന്നുള്ളൂ. അപ്പോൾ കമ്മിറ്റി ചെയ്യേണ്ടത് അഞ്ഞൂറ് അല്ലെങ്കിൽ പരമാവധി ആയിരം കോപ്പി അടിക്കാമെന്നു തീരുമാനിക്കുകയാണ്. എന്നാൽ 1988-'92-ലെ ബോർഡ്-കമ്മിറ്റി-ചെയ്തത് മൂവായിരം കോപ്പി അച്ചടിക്കുകയാണ്. ഇരുന്നൂറു കോപ്പിക്കേ തത്ക്കാലം ആവശ്യമുള്ളൂ എന്നതു കൊണ്ട് ബന്ധപ്പിംഗും മറ്റും സാവധാനത്തിലായി. ചുരുക്കത്തിൽ സംഘം മുടക്കിയ ലക്ഷക്കണക്കിനു രൂപ വെള്ളത്തിലൊഴുകിപ്പോയി! മറ്റൊരുദാഹരണം: സംഘാംഗമായ ഒരാളുടെ കൃതി സംഘാംഗവും അറിയപ്പെടുന്ന എഴുത്തുകാരനുമായ ഒരാൾ വായിച്ചെഴുതിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എൻ.ബി.എസ് വിതരണത്തിനെടുക്കുന്നു. 1992-95-ലെ ബോർഡിന്റെ കാലത്ത് അംഗമായ ഗ്രന്ഥകാരൻ, ഭാര്യയുടെ മാലയോ കെട്ടുതാലിയോ പണയംവച്ച് പണമുണ്ടാക്കി പുസ്തകം അച്ചടിച്ച് കവറിട്ട് കോട്ടയത്തെത്തിക്കുന്നു. അപ്പോൾ പബ്ലിക്കേഷൻ കമ്മിറ്റിയിലെ രണ്ടു പ്രതികൾക്ക് ആ പുസ്തകം ഒന്നുകൂടി പരിശോധനയ്ക്കു വിധേയമാക്കണം! ഗ്രന്ഥകാരൻ സംഘാംഗമാണെന്നും പുസ്തകം വിതരണത്തിനെടുത്തതാണെന്നും മറ്റൊരു സാഹിത്യകാരന്റെ അനുകൂല റിപ്പോർട്ടു കിട്ടിയതാണെന്നും ഓർക്കുക. അങ്ങനെ, ആ പുസ്തകം മാർക്കറ്റിലെത്താൻ പിന്നെയും പത്തു പന്ത്രണ്ടു മാസമെടുത്തു. ഈ തോന്നിയവാസങ്ങൾക്ക് പരിഹാരമായി രണ്ടു പോംവഴികളേയുള്ളൂ. ഇതിനു ത്തരവാദികളായവരെ ചാണകം മുക്കിയ ചൂലുകൊണ്ട് സംഘത്തിൽനിന്ന് അടിച്ചിറക്കിവിടുക. അല്ലെങ്കിൽ, ഇതുവഴി സംഘത്തിനും സംഘാംഗത്തിനും ഉണ്ടായ നഷ്ടം അവരിൽനിന്ന് ഈടാക്കുക. (സംഘാംഗങ്ങളും മുൻ ബോർഡംഗങ്ങളുമായ ചില സീനിയർ എഴുത്തുകാരുടെ കൃതികൾ വിതരണത്തിനെടുക്കാൻ പറ്റില്ലെന്നു വരെ ശഠിച്ച അല്പന്മാരായ ബോർഡംഗങ്ങളുടെ ധാർഷ്ട്യത്തെപ്പറ്റി എന്തു പറയാൻ.)

കഴിഞ്ഞ ബോർഡിലെ (1992-95) അനുഭവം കൂടിയായപ്പോൾ ജനാധിപത്യത്തിലുള്ള വിശ്വാസം തന്നെ എനിക്ക് കൈമോശം വരുമോ എന്നു സംശയം. തിരഞ്ഞെടുപ്പ് ഒഴിവാക്കാനും ഏതെങ്കിലും ഐ. എ. എസ് കാരനെ (അല്ലെങ്കിൽ റിട്ടയേർഡ് ഐ. എ. എസ്സുകാരനെ) കൺവീനറാക്കി കമ്മിറ്റിയുണ്ടാക്കി സംഘത്തെ രക്ഷിക്കാനും ഒക്കെ ചില അണിയറ നീക്കങ്ങൾ നടക്കുന്നുണ്ടെന്നറിയുന്നു. ഐ. എ. എസ് എന്നുപറഞ്ഞാൽ ഒറ്റമൂലിയാണെന്ന മിഥ്യാബോധം എനിക്കില്ല. എങ്കിലും ആരെങ്കിലും വന്ന്, ആരെയെങ്കിലും കൊണ്ടുവന്ന് സംഘത്തെ രക്ഷിക്കാനുള്ള ആരുടെയും ആത്മാർത്ഥമായ ശ്രമത്തിന് എന്റെ കലവറയില്ലാത്ത പിന്തുണയുണ്ടാവും.

സി.പി. ശ്രീധരൻ

സംഘത്തെ നേരെയാക്കാം

സംഘത്തിന്റെ ഭൂമിയിൽ പകുതിയെങ്കിലും വിറ്റ് കടംവീട്ടുകയും ഇന്ത്യാ പ്രസ്സിലെ തൊഴിലാളികളെ ആനുകൂല്യം നൽകി പിരിച്ചുവിടുകയും ചെയ്യണം. അച്ചടിശാല നവീകരിക്കുകയും എസ്.പി.സി.എസ്സിന്റെ പ്രവർത്തനങ്ങളെ പ്രൊഫഷണൽ മാനേജ്മെന്റ് വഴി മെച്ചപ്പെടുത്തുകയുമാണ് വേണ്ടത്. അതിനായി എന്റെ ഭരണകാലത്ത് ഒരു അഡ്മിനിസ്ട്രേറ്ററെ ചോദിച്ചിട്ടു കിട്ടിയില്ല.

നാല് ഏക്കറോളം ഭൂമി സാഹിത്യപ്രവർത്തകസഹകരണസംഘത്തിനുണ്ട്. ഭൂമി വിറ്റ് കടംതീർക്കാമെന്ന് മറ്റു മാർഗ്ഗമില്ലാതെ സംഘത്തിന്റെ പൊതുയോഗം തീരുമാനിച്ചു. പരസ്യം നൽകി കാട്ടേഷൻ വിളിച്ചു. പക്ഷേ ചില മുൻകാല നേതാക്കൾ ഉടക്കിയതിനാൽ വില്പന നടന്നില്ല. സംഘത്തിന് എറണാകുളം മറൈൻ ഡ്രൈവിൽ പത്തുസെന്റ് സ്ഥലമുണ്ട്. അത് വിറ്റ് കാശുണ്ടാക്കാൻ നടത്തിയ ശ്രമവും ചിലർ പരാജയപ്പെടുത്തി. കോട്ടയത്തും കൊച്ചിയിലുള്ളതു ഭൂമി വിലയില്ല. അതിനാൽ മൂന്ന് പുക്കറെങ്കിലും വിറ്റാലേ ഇന്നത്തെ ബാധ്യത തീർക്കാനാവൂ. ഇപ്പോൾ ഉദ്യോഗസ്ഥഭരണമാണ് സംഘത്തിൽ. അതിനാൽ ക്രിയാത്മകമായി എന്തെങ്കിലും ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല. പുതിയ സർക്കാരിനും സംഘത്തിന്റെ ഗതികേടിൽ മാറ്റം വരുത്താൻ കഴിയുമെന്ന് ഞാൻ കരുതുന്നില്ല.

സംഘത്തിന്റെ ഭൂമി വിറ്റ് കാര്യങ്ങൾ നേരെയാക്കാൻ കഴിയും. അങ്ങനെ ചെയ്യണം. പക്ഷേ സാഹിത്യകാരന്മാരുടെ നൂറുശതമാനം പിന്തുണ അതിന് കിട്ടണം. 17 സമുന്നതന്മാർ എതിരായിട്ടു കത്തയച്ചു. ഇന്നത്തെ പതനത്തിലേക്ക് നയിച്ചത് അതാണ്. കഴിഞ്ഞ നവംബർ മുതൽ എസ്. പി. സി. എസ്സിന്റെ കാര്യങ്ങളിൽ ഞാൻ ഇടപെടുന്നില്ല.

എം. അച്യുതൻ

ഭൂമിവിൽക്കൽ അവസാനം

സാംസ്കാരിക കേരളത്തിന്റെ അഭിമാനമായി നിലകൊണ്ടിരുന്ന സാഹിത്യപ്രവർത്തകസഹകരണസംഘം തകരുന്നതിൽ ദുഃഖമുണ്ടെന്നും അതിനെ രക്ഷിക്കേണ്ടത് കേരളത്തിന്റെ ബാധ്യതയാണെന്നും എം. അച്യുതൻ അഭിപ്രായപ്പെട്ടു. സംഘത്തിന്റെ ഭൂമി വിൽക്കാതെത്തന്നെ ഇന്നത്തെ വിഷമസ്ഥിതിയിൽ നിന്ന് കരകയറാൻ കഴിയുമോ എന്ന് ആലോചിക്കണം. ഭൂമി വിൽക്കാൻ ആലോചിക്കേണ്ടത് അവസാനത്തെ പോംവഴിയായിട്ടുമാത്രമാവണം.

സംഘത്തെ പതനസ്ഥിതിയിൽ എത്തിച്ചതിന് ഒരുപാട് കാരണങ്ങളുണ്ട്. അക്കാര്യങ്ങൾ വിലയിരുത്തി ഭാവിയിലേക്ക് ലക്ഷ്യം വച്ചുകൊണ്ടു പ്രവർത്തിക്കാൻ വിദഗ്ദ്ധമായ ഒരു മാനേജ്മെന്റ് ഉണ്ടാകണം. എഴുത്തുകാർ വിട്ടുവീഴ്ച ചെയ്തും അത്തരം നിർദ്ദേശങ്ങളോട് സഹകരിക്കേണ്ടതാണ്. വില്പന സാധ്യതയുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനാവാതെ വരുകയും ചെലവില്ലാത്ത കൃതികൾ അച്ചടിച്ചു ഗോഡൗണുകളിൽ തള്ളുകയും ചെയ്യുന്ന തലതിരിഞ്ഞ പ്രവണതയാണ് കുറച്ചുകാലമായി സംഘത്തിൽ നിലനില്ക്കുന്നത്. എഴുത്തുകാർക്ക് 30 ശതമാനം റോയൽറ്റിയും ലഭിക്കുന്നു. ഇത്രയും റോയൽറ്റി ലോകത്ത് ഒരിടത്തുമില്ല. തീർച്ചയായും ഇത് കുറയ്ക്കണം.

സ്വകാര്യ പ്രസാധകർ ഉയർത്തുന്ന ഭീഷണി കണക്കിലെടുത്ത് പുതിയ സാങ്കേതികമേന്മയും മാനേജ്മെന്റ് തന്ത്രങ്ങളും സംഘത്തിന് ആവിഷ്കരിച്ചേ തീരൂ.

ധനാഗമമാർഗ്ഗങ്ങൾ കണ്ടുപിടിക്കാനുള്ള വഴികൾ ആരായേണ്ടതുമുണ്ട്. സാഹിത്യപ്രവർത്തകസംഘം വെറുമൊരു സഹകരണപ്രസ്ഥാനമല്ല. എഴുത്തുകാരുടെ അന്തസ്സ് ഉയർത്തിപ്പിടിക്കേണ്ട ഒരു സാംസ്കാരിക സ്ഥാപനമാണ്. സർക്കാർ അത്തരം പരിഗണനയും ഔദാര്യവും സംഘത്തോട് കാട്ടിയാൽ കേരളത്തിന്റെ ഭാവിയിൽ എസ്. പി. സി. എസ് ഒരു മുതൽക്കൂട്ടാക്കുക തന്നെ ചെയ്യും. ഇന്ന് സംഘത്തിന്റെ സ്ഥിതി മലയാളികൾക്കാകെ നാണക്കേടാണ്. ദീർഘവീക്ഷണത്തോടു കൂടിയ ആസൂത്രണവും വിദഗ്ദ്ധമാനേജ്മെന്റ് തന്ത്രവും സമ്മേളിച്ചാൽ എസ്. പി. സി. എസ്സിനെ രക്ഷിക്കാനാവുമെന്ന് പ്രൊഫ. അച്യുതൻ പറഞ്ഞു.

ചെമ്മനം ചാക്കോ

പ്രായമുള്ളവരെ കണ്ടുപിടിക്കണം

സംഘത്തിന്റെ സ്ഥലം വിറ്റു ഭാഗികമായി കടബാദ്ധ്യത തീർക്കുക എന്നത് ഒരു പരിഹാരമാർഗ്ഗമാണെങ്കിലും വില്ക്കണം എന്നു പറയാൻ എന്തുകൊണ്ടോ മനസ്സ് അനുവദിക്കുന്നില്ല. അതുകൊണ്ട് എങ്ങനെയെങ്കിലും ഈ സ്ഥാപനത്തിന്റെ ജീവൻ രക്ഷിക്കേണ്ടതുണ്ട്.

സാഹിത്യപ്രവർത്തക സഹകരണ സംഘം 'ആകെ മൊത്തം കൊഴഞ്ഞ്' ഒരവസ്ഥയിലാണെന്നു പറയാം. ഇത് വേദനിപ്പിക്കുന്ന സംഭവമാണ്. ഈ അവസ്ഥയ്ക്ക് ഒരാറുതി അനിവാര്യമാണ്. ഉദ്യോഗശുദ്ധിയും അർപ്പണബോധവും കർമ്മശേഷിയുമുള്ള ഒരു നേതൃത്വത്തിന്റെ സ്ഥിരപരിശ്രമമുണ്ടായാൽ ഒരുപക്ഷേ, മുങ്ങിത്താഴുന്ന ഈ കപ്പലിനെ അപകടത്തിൽനിന്നു രക്ഷിക്കാനായേക്കും.

പുസ്തകങ്ങൾ വിറ്റഴിക്കുക ബദ്ധപ്പാടുള്ള കാര്യമായിട്ടുണ്ട്. അതിനു പ്രധാന കാരണം ദൃശ്യമാധ്യമങ്ങളുടെ സ്വാധീനമാണ്. ഇന്ന് ഒരു ഉല്പന്നത്തിന്റെ മാർക്കറ്റ്, പരസ്യങ്ങളെ ആശ്രയിച്ചാണ്. പരസ്യങ്ങൾക്കു വലിയ മുടക്കുമുതൽ ആവശ്യമാണ്. എന്നാൽ സാഹിത്യ പ്രവർത്തക സഹകരണസംഘത്തെ സംബന്ധിച്ച് ഇത്തരമൊരു മാർക്കറ്റിംഗ് അസാദ്ധ്യമാണ്. എന്നുവച്ചാൽ പുസ്തകക്കമ്പോളത്തിൽ മത്സരിക്കാനുള്ള ശേഷി എൻ.ബി.എസ് പുസ്തകങ്ങൾക്ക് ഇല്ലാതായിരിക്കുന്നു.

ആധുനികമായ അളവുകോൽവച്ച് ആർക്കും വേണ്ടാത്ത പുസ്തകങ്ങൾ അടിച്ചുകൂട്ടിയിടുന്ന ഒരു ഗ്രികലനയം എസ്.പി. സി.എസ്സിന്റെ കാര്യമായ രോഗമായിരുന്നു. നിക്ഷിപ്തതാത്പര്യക്കാർ ബോർഡ് മെമ്പറാവുകയും. സ്വന്തം പുസ്തകങ്ങൾ വമ്പിച്ച മുതൽമുടക്കി ആവശ്യത്തിലധികം കോപ്പികൾ അടിച്ചുകൂട്ടിയിട്ടതും സംഘത്തിന്റെ തകർച്ചയ്ക്കു കാരണമായി. അച്ചടിരംഗത്ത് ആധുനികകാലത്തുണ്ടായ മുന്നേറ്റം വളരെയാണ്. ഡി.റ്റി.പി. ഓഫ്സെറ്റ് തുടങ്ങിയ നവീന മുദ്രണപദ്ധതികൾ ഇല്ലാതെ കാലത്തിനൊത്തു മുന്നേറാൻ സാദ്ധ്യമല്ല. ഇതൊന്നും നടപ്പിലാക്കാൻ ഇന്ത്യാ പ്രസ്സിനു കഴിഞ്ഞിട്ടില്ല. പ്രാമാണികരായ എഴുത്തുകാരെ സ്വകാര്യപ്രസാധകർ താത്പര്യപൂർവ്വം സമീപിക്കുമ്പോൾ സംഘത്തിൽനിന്നു റോയൽറ്റിയുടെ ചെറിയൊരംശംപോലും കിട്ടാതെ എഴുത്തുകാർ നിരാശരാവുന്നു. അങ്ങനെ എണ്ണപ്പെട്ട എഴുത്തുകാരുടെ ആഭിമുഖ്യക്കുറവും സംഘത്തിന്റെ അധഃപതനത്തിനു കാരണമായി. ഞാൻ തന്നെ ഉദാഹരണം. കിട്ടാനുള്ള തുക കിട്ടുന്നതിനെക്കാൾ പുസ്തകം വായനക്കാരിലെത്തിക്കുന്നതാണ് പ്രധാനം. അതുകൊണ്ടാണ് ഡി.സി ബുക്സിനു പുസ്തകം നല്കാൻ ഞാൻ നിർബന്ധിതനായത്.

അല്പമൊക്കെ കച്ചവടക്കണ്ണോടെ നോക്കി കാലാകാലങ്ങൾക്ക് അനുസരണമായി പുസ്തകമിറക്കാൻ പറ്റിയ മാസ്റ്റർ മൈൻഡ് കഴിഞ്ഞ കുറേ വർഷങ്ങളായി സംഘത്തിന്റെ അധികാരരംഗത്ത് ഇല്ലാതെ പോയി. ബോർഡ് അംഗങ്ങളുടെ ഗ്രൂപ്പുവഴക്ക് മറ്റൊരു പ്രധാന കാര്യം.

തൊഴിലാളികൾക്കു സർക്കാർ വ്യവസ്ഥയിൽ വേതനം നല്കേണ്ട ചുറ്റുപാട് സംഘത്തിന്റെ സാമ്പത്തികബാദ്ധ്യത സ്വകാര്യസ്ഥാപനങ്ങളെക്കാൾ വളരെക്കൂടുതൽ വർദ്ധിപ്പിച്ചു. ഡയക്ടർ ബോർഡ് അംഗങ്ങളുടെ ഗ്രൂപ്പുകളി മൂതലാക്കി ആലസ്യം പൂണ്ടവരും, അടുക്കളപ്പുറത്തുകൂടെ ജോലി സമ്പാദിച്ചവരുമായ തൊഴിലാളികൾ സംഘത്തിന്റെ സജീവചൈതന്യത്തെത്തന്നെ വാർത്തുകളഞ്ഞിട്ടുണ്ട്. വമ്പിച്ച കടബാദ്ധ്യതയിലും ഗ്രന്ഥകാരന്മാർക്കു റോയൽറ്റി കൊടുക്കാനുള്ള ഉത്തരവാദിത്വത്തിലും, ജീവനക്കാരെ സംരക്ഷിച്ചു കൊണ്ടുപോകേണ്ട ചുറ്റുപാടിലും ഇന്നു നട്ടംതിരിയുന്ന മലയാളത്തിലെ എഴുത്തുകാരുടെ അഭിമാനസ്തംഭമായിരുന്ന ഈ സ്ഥാപനം പ്രത്യാശയെക്കാളേറെ വേദനയാണ് നല്കുന്നത്.

സംഘത്തിന്റെ സ്ഥലം വിറ്റു ഭാഗികമായി കടബാദ്ധ്യത തീർക്കുക എന്നത് ഒരു പരിഹാരമാർഗ്ഗമാണെങ്കിലും വില്ക്കണം എന്നു പറയാൻ എന്തുകൊണ്ടോ മനസ്സ് അനുവദിക്കുന്നില്ല. അതുകൊണ്ട് എങ്ങനെയെങ്കിലും ഈ സ്ഥാപനത്തിന്റെ ജീവൻ രക്ഷിക്കേണ്ടതുണ്ട്.

ബിസിനസ്സ് മാനേജ്മെന്റിൽ കൂടുതൽ പ്രാഗല്ഭ്യമുള്ള വ്യക്തികളെ സംഘത്തിന്റെ ഭരണരംഗത്തു കൊണ്ടുവന്ന് അവരുടെ സുചിന്തിതമായ പദ്ധതികളിലൂടെ കരകയറ്റാനാകുമോ എന്ന ഒരു ശ്രമം സർക്കാരിന്റെ പക്ഷത്തുനിന്നു മുണ്ടായാൽ നന്നാവുമെന്നു തോന്നുന്നു. അതുപോലെ കോടിക്കണക്കിന് ഈടുള്ള സംഘത്തിന്റെ സ്ഥാവരജംഗമ സ്വത്തുക്കൾ, ഈടുനല്കി പണം കടമെടുത്ത് പ്രസ്സിനെ ആധുനികവൽക്കരിച്ച് നവീന മാർഗ്ഗങ്ങൾ വില്പനയിൽ സ്വീകരിക്കണം. ഇതിനു നേതൃശേഷിയും വ്യാപാരവൈദഗ്ധ്യവുമുള്ള ഒരു വ്യക്തിയെ കണ്ടെത്തി ആവശ്യമായ സ്വാതന്ത്ര്യവും നല്കി പ്രവർത്തിപ്പിക്കേണ്ടതുണ്ട്.

സംഘം പ്രവർത്തനക്ഷമമാകുന്നുവെന്നു കണ്ടാൽ ഡിമാൻഡുള്ള എഴുത്തുകാർ വീണ്ടും സംഘത്തിനു പുസ്തകം നല്കും എന്ന കാര്യത്തിൽ സംശയമില്ല. ശ്രദ്ധേയമായ പ്രാമാണിക ഗ്രന്ഥങ്ങൾ ഓരോന്നിനും പ്രത്യേകം. പ്രത്യേകം സ്പോൺസേഴ്സിനെ കണ്ടുപിടിച്ച് ഒരു ലാഭവീത വ്യവസ്ഥയുണ്ടാക്കി വിൽക്കാമോ എന്നും നോക്കാവുന്നതാണ്. ഒരു പുസ്തക വിതരണ ശൃംഖല നിലവിലുള്ളതിനാൽ ഇതു പ്രാവർത്തികമാകുന്നതിനു സാധിക്കും.

മുണ്ടൂർ കൃഷ്ണൻകുട്ടി



ജനാധിപത്യത്തിന്റെ ദോഷം

'ഇത് നമ്മുടെ ശാപമാണ്. ജനാധിപത്യം വേണ്ടത്ര പക്വത പ്രാപിച്ചിട്ടില്ലാത്തതിന്റെ ദോഷമാണിത്. മറ്റുള്ളവർ പറയുന്നത് കേൾക്കാൻ സന്മനസ്സുകാണിക്കുക, വളരെ ഭാരിച്ച ഉത്തരവാദിത്തമാണ് താൻ വഹിക്കുന്നത് എന്ന് സ്ഥാനമാനങ്ങളിൽ ഇരിക്കുന്നവന് ബോധ്യമുണ്ടാവുക: ഇതു രണ്ടും ജനാധിപത്യത്തിന്റെ ഭാഗമാണ്. ഇതു രണ്ടും നഷ്ടപ്പെട്ടതിന്റെ ദൃഷ്ടാന്തമാണ് സാഹിത്യപ്രവർത്തകസഹകരണസംഘത്തിലെ സംഭവവികാസങ്ങൾ.' പ്രമുഖ സാഹിത്യകാരനായ മുണ്ടൂർ കൃഷ്ണൻകുട്ടി പറയുന്നു. സാഹിത്യകാരന്മാർക്ക് ഒരു ദോഷമുണ്ട്. സ്വതവേ തന്നിലേക്ക് ഒതുങ്ങി കഴിയുന്നവരാണ് അവർ. സെൽഫ് സെന്റേർഡ് ആണവർ. അല്പം 'അഹം' ഉണ്ടാവും അവരിൽ. തന്നെ പ്രോജക്ട് ചെയ്യുന്നതോടൊപ്പം തനിക്ക് വേണ്ടപ്പെട്ടവരെ കൂടി പ്രോജക്ട് ചെയ്യും. സംഘത്തിന്റെ കാര്യക്കാരായ സാഹിത്യകാരന്മാരോടൊപ്പം നില്ക്കുന്നവരുടെ പുസ്തകങ്ങൾ ചവറുകൾ ആയാൽ പോലും എൻ. ബി. എസ് വഴി പുറത്തുവരുന്നത് അതുകൊണ്ടാണ്.'

നല്ലൊരു വാരിക നടത്താൻ സാഹിത്യകാരനല്ല പത്രപ്രവർത്തകനാണ് ആവശ്യം. സാഹിത്യകാരൻ അതിൽ എഴുതുകയേ പാടുള്ളൂ. നടത്തിപ്പിൽ പങ്കാളിയായാൽ ശരിയാവില്ല. അതുപോലെ തന്നെയാണ് ഇത്തരം സംഘങ്ങളും. സാഹിത്യപ്രവർത്തകസംഘത്തിൽ നിന്ന് സാഹിത്യകാരന്മാർ പുറത്താവണം. സഹൃദയസംഘമാവണം അത്. നല്ല സഹൃദയരാവണം അതിന്റെ നടത്തിപ്പുകാർ. ഡി.സി. കിഴക്കേമുറിയെപ്പോലുള്ള സഹൃദയന്മാരുടെ കയ്യിൽ ആയിരുന്നപ്പോൾ സംഘം നന്നായി പ്രവർത്തിച്ചത് ഓർക്കുക. ഡി.സിയെ സാഹിത്യകാരൻ എന്ന നിലയ്ക്കല്ലല്ലോ നമ്മൾ സ്വീകരിക്കുന്നത്. പ്രൊഫഷണലിസം വേണം സംഘത്തിന്. കച്ചവടം അറിയാവുന്നവർ വേണം അതു ചെയ്യാൻ. എന്റെ മനസ്സിലുള്ള ഒരാശയം ഞാൻ പറയാം. അറിയപ്പെടുന്ന സഹൃദയരുടെ ഒരു സംഘമാവണം ഇതിന്റെ നടത്തിപ്പ്. ഇവരുടെ കീഴിൽ പ്രവർത്തിക്കുന്ന ആളായിരിക്കണം സെക്രട്ടറി. സഹകരണ ബാങ്ക് സെക്രട്ടറി ബാങ്ക് ഡയറക്ടർ ബോർഡിന് കീഴിലാണല്ലോ പ്രവർത്തിക്കുന്നത്. എന്നാൽ അയാൾ ഭരണപരിചയവും സാഹിത്യതാത്പര്യവുമുള്ള ആളായിരിക്കണം. സെക്രട്ടറിയെ ഗവൺമെന്റ് നിയമിച്ചോട്ടെ.

ഭാരവാഹികളായ സഹൃദയസംഘം പ്രവർത്തിക്കുന്നത് ഉന്നതശീർഷകരായ എഴുത്തുകാർ അടങ്ങുന്ന ഒരു ഉപദേശകസമിതിയുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ചുകൊണ്ടാവണം. ഈ സമിതിയിൽ പത്രപ്രവർത്തകർ. സാഹിത്യകാരന്മാർ, പ്രസാധകർ, സഹൃദയർ തുടങ്ങി വിവിധ രംഗങ്ങളിലെ ക്രീം ആയിട്ടുള്ളവരെ ഉൾപ്പെടുത്തണം. രണ്ടാംകിടക്കാർ ആവരുത്.

ഈ ഉപദേശസമിതിക്ക് വസ്തുതാപരമായ മാർക്കറ്റ് വിവരങ്ങൾ ലഭ്യമാക്കാൻ മാർക്കറ്റ് സർവേ വിഭാഗം ഉണ്ടായിരിക്കണം. ഷഡ്ബാക്ക് മനസ്സിലാക്കി പ്രവർത്തിക്കാൻ മാർക്കറ്റ് സർവേ വിഭാഗം ഉപകരിക്കും. ഇത്തരമൊരു സംവിധാനത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് പ്രൊഫഷണലായ ബിരുദധാരികളെ ജീവനക്കാരായി നിയമിക്കുകയും വേണം.

മാർക്കറ്റിന്റെ പൾസ് മനസ്സിലാക്കി കൊണ്ട് സർവേ വിഭാഗം നൽകുന്ന സൂചനകളിൽ നിന്ന് ഉപദേശകസമിതി അഭിപ്രായരൂപീകരണം നടത്തുന്നു. അവരുടെ നിർദ്ദേശം സഹൃദയസംഘം സ്വീകരിക്കുന്നു. അത് സെക്രട്ടറി നടപ്പാക്കുന്നു. നടപ്പാക്കൽ ഫലപ്രദമാവാൻ എം. ബി. എ പോലുള്ള പ്രൊഫഷണൽ ബിരുദധാരികളായ ഉദ്യോഗസ്ഥ ടീമും ഉണ്ടാവണം.

ഇപ്പോൾ സഭവിച്ച തകരാറ് സംഘം രണ്ടാംകിട സാഹിത്യകാരന്മാരുടെ കയ്യിൽ ഒതുങ്ങി എന്നതാണ്. ആദ്യകാലത്ത് കാരൂർ, പൊറ്റക്കാട് തുടങ്ങി അക്കാലത്തെ പ്രമുഖ എഴുത്തുകാരായിരുന്നു തലപ്പത്ത്. ഇപ്പോൾ നോക്കൂ. എം.ടി. വാസുദേവൻ നായരോ ഒ. വി. വിജയനോ സംഘത്തിലില്ല. അവർ മെമ്പറാണോ എന്നുപോലും എനിക്കറിയില്ല. തനിക്ക് ഒരു വോട്ടു കിട്ടുമെങ്കിൽ തന്റെ കൂടെ നില്ക്കുന്ന ആളെ മെമ്പറാക്കുക എന്ന സഹകരണ ബാങ്ക് പോളിസിയാണ് സംഘത്തിലും നടക്കുന്നത്. ഇതു മാറണം. എല്ലാ സാഹിത്യകാരന്മാരെയും മെമ്പർമാരാക്കണം.

പുസ്തക പ്രസാധനം നഷ്ടക്കച്ചവടമൊന്നുമല്ല. കച്ചവടക്കണ്ണുള്ളവർ നടത്തുമ്പോൾ സ്ഥാപനങ്ങൾ വിജയിക്കുന്നു. ഡി.സി. കിഴക്കേമുറി പ്രസാധക സാമ്രാജ്യം കെട്ടിപ്പടുത്തു. പുസ്തകം വിറ്റുനടന്ന മാരാർ കോഴിക്കോട്ട് പൂർണ്ണാ പബ്ളിക്കേഷനുമായി മുന്നേറുന്നു. തൃശൂരിലെ കറന്റും വൻമുന്നേറ്റം നടത്തുന്നു. ഇതിനു പുറമേ മൾബെറി പോലുള്ള ചെറിയ ഗ്രൂപ്പുകൾ പ്രസാധക ലോകത്ത് നിലയുറപ്പിക്കുന്നു. നാട്ടിൻപുറങ്ങളിൽ പോലും പ്രസാധകർ വിജയം കൊയ്യുന്നു.

എന്റെ ഒരനുഭവം പറയാം. ഒരു പ്രസിദ്ധീകരണശാലയിൽ പഴയ പുസ്തകങ്ങൾ വാങ്ങാനാളില്ലാതെ കെട്ടികിടക്കുകയായിരുന്നു. ഒരു എം. ബി. എ കാരൻ സ്ഥാപനത്തിൽ മാനേജരായി വന്നു. അയാൾ ഒരു വിദ്യ കണ്ടെത്തി. അപൂർവപുസ്തകങ്ങൾ പകുതി വിലയ്ക്ക് എന്ന പരസ്യത്തോടെ പുസ്തകചന്ത തുടങ്ങി. പുസ്തകങ്ങൾ മുഴുവൻ വിറ്റുതീർന്നു. ഗോഡൗൺ കാലിയായി. കയ്യോടെ പണവും കിട്ടി. അല്ലെങ്കിൽ പുസ്തകം മുഴുവൻ ചിതലരിച്ച് പോവുമായിരുന്നു.

എൻ. ബി. എസ്സിൽ ഇതുപോലൊന്ന് നടപ്പാവുമോ? ഇതുപറയാൻ ആളില്ല. പറഞ്ഞാൽ തന്നെ നടപ്പാക്കാൻ പറ്റുമോ? ജനാധിപത്യമല്ലേ അവിടെ? വോട്ടെടുപ്പ് വേണ്ടിവരും തർക്കം വേണ്ടിവരും. വലിയ ചില ആളുകൾ പറയുന്നതിൽ കാര്യമുണ്ടെന്നും ഒറ്റപ്പെട്ട ശബ്ദമാണെങ്കിലും അത് ചിലപ്പോൾ നല്ലതിനാണെന്നും മനസ്സിലാക്കാൻ കഴിയണം. അദ്ദേഹം പറഞ്ഞു.

അവസാനം ഒന്നുകൂടി കൃഷ്ണൻകുട്ടി പറഞ്ഞു ' ഞാൻ സംഘത്തിൽ മെമ്പറല്ല. എന്റെ പുസ്തകമൊന്നും സംഘം പ്രസിദ്ധീകരിച്ചില്ല. അവർ ചോദിച്ചിട്ടില്ല. ഞാൻ കൊടുത്തിട്ടുമില്ല. പുസ്തകരൂപത്തിൽ എന്റെ കൃതികൾ പുറത്തുവന്നതു തന്നെ അടുത്തകാലത്താണ്. ഡി.സിയും കറന്റും പ്രഭാത് ബുക്ക് ഹൗസുമാണ് എന്റെ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചത്. എൻ. ബി. എസ് . വഴി പുസ്തകം പ്രസിദ്ധീകരിക്കുന്നത് പഴയകാലത്ത് എഴുത്തുകാരന് ലഭിക്കുന്ന അംഗീകാരമായിരുന്നു. വീണ്ടും ആ നിലയിലേക്ക് അതിനെ ഉയർത്തണം.'

ഒരു സഹകരണ സംഘം നശിച്ചു പോയാൽ നമുക്ക് ഒന്നുമില്ല. പക്ഷേ, സാഹിത്യപ്രവർത്തക സഹകരണസംഘം അങ്ങനെയല്ല. ലോകത്തിന് മാതൃകയായതാണ്. ഇതിനെ തകർച്ചയിൽ നിന്നു രക്ഷിക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കണം.

സ്ഥലംവിറ്റ് കടംവീട്ടുന്നത് നല്ല ഹ്രസ്വപാടല്ല. ഇക്വിറ്റി ഷെയർ ഇറക്കട്ടെ. വാങ്ങാൻ തീർച്ചയായും ആളുണ്ടാവും. ഭരണസമിതി ഉടച്ചുവാർക്കുകയും നല്ലനിലയിൽ പോവുമെന്ന് ഉറപ്പാക്കുകയും ചെയ്താൽ ഈ സംഘടന സഹായിക്കാൻ സഹൃദയർ തന്നെ പണവുമായി രംഗത്തുവരും. മുണ്ടൂർ കൃഷ്ണൻകുട്ടി പറഞ്ഞു.

യു.കെ. കുമാരൻ

ഈഗോയാണ് പ്രശ്നം

എഴുത്തുകാരുടെ സ്ഥാപനമായ എസ്.പി. സി. എസ്സിനെ നിലനിർത്തണമെങ്കിൽ എഴുത്തുകാർക്കിടയിലുള്ള "ഈഗോ" പൂർണ്ണമായും മാറ്റിവെച്ചു പൊതുപ്രശ്നത്തിൽ ധാരണയിലെത്തണമെന്ന് എസ്.പി. സി. എസ്സിലേക്കു നടക്കാതെ പോയ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായിരുന്ന യു.കെ.കുമാരൻ പറയുന്നു. എസ്.പി.സി. എസ്സിനെ ഈ പതനത്തിൽ എത്തിച്ചത് ഭരണസമിതി അംഗങ്ങൾക്കിടയിൽ ഉണ്ടായ സ്വരചോർച്ചയില്ലായ്മയാണെന്നു കുമാരൻ കരുതുന്നു. പ്രശ്നങ്ങൾ പരിഹരിക്കാനോ പ്രധാനതീരുമാനങ്ങൾ കൈക്കൊള്ളാനോ കഴിഞ്ഞ ഭരണസമിതിക്കായില്ല.

രണ്ടു പാനലിലായി ജയിച്ചുവന്നവർ കാലാവധി തീരുംവരെ മുഖത്തോടു മുഖംനോക്കാൻ വയ്യാത്ത അവസ്ഥയിലായിരുന്നു. അതുകൊണ്ടുതന്നെ ഒരു പൊതുധാരണയിലെത്താൻ ഭരണസമിതിക്കു കഴിഞ്ഞില്ല. പഴയ ധാരാളം എഴുത്തുകാർ അവരുടെ പുസ്തകങ്ങൾ മറ്റു പ്രസാധകർക്കാണ് കൊടുക്കുന്നത്. ഇതിന് ആരെയും കുറ്റം പറഞ്ഞിട്ടുകാര്യമില്ല. എഴുത്തുകാരെ ആകർഷിച്ചുനിർത്താനോ വിപണിയുടെ അഭിരുചി മനസ്സിലാക്കി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനോ സംഘത്തിനു കഴിയുന്നില്ല. ഭരണസമിതി അംഗങ്ങളുടെ പുസ്തകങ്ങൾ സംഘത്തിലൂടെ പ്രസിദ്ധകരിക്കില്ല എന്ന ഉറച്ച തീരുമാനം എടുക്കേണ്ടിയിരിക്കുന്നു. പലരും ഇപ്പോൾ ഭരണസമിതി അംഗമാകുന്നത് അവരുടെ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു കിട്ടാൻ വേണ്ടി മാത്രമാണ്.

മുണ്ടൂർ സേതുമാധവൻ



രക്ഷപ്പെടുത്താനുള്ള വഴി ആരായണം

കഴിഞ്ഞുപോയ നടത്തിപ്പിലെ ശരിയും തെറ്റും നോക്കുകയല്ല ഇപ്പോൾ വേണ്ടത്. മാതൃകാപരമായി പ്രവർത്തിച്ചുപോന്ന ഈ സ്ഥാപനത്തെ എങ്ങനെ രക്ഷപ്പെടുത്താം എന്നാണു നോക്കേണ്ടത്.

ഉജ്ജ്വലമായ പ്രവർത്തനം കാഴ്ചവച്ച സ്ഥാപനമാണ് എസ്.പി.സി.എസ്. ഒരുപാട് എഴുത്തുകാരെ വളർത്തിയെടുത്ത പാരമ്പര്യം അതിനുണ്ട്. നല്ല പുസ്തകങ്ങൾ വായനക്കാർക്ക് ഏത്തിച്ചുകൊടുക്കുകയും മലയാളിയുടെ വായനാശീലത്തെ കൈപിടിച്ചുയർത്തുകയും ചെയ്ത സ്ഥാപനമാണ്. അതു നശിച്ചുകൂടാ.

ഞാൻ എസ്.പി.സി.എസ്സിൽ അടുത്തകാലത്താണ് മെംബറായി ചേർന്നത്. എന്റെ 'മരണഗാഥ' പ്രസിദ്ധികരിച്ചത് എസ്.പി.സി.എസ്സാണ്. വ്യക്തിപരമായി എനിക്ക് എസ്.പി.സി.എസ്സിനെക്കുറിച്ച് ആക്ഷേപമില്ല.

എന്നാൽ നിലനില്പിനുവേണ്ടി എസ്.പി.സി.എസ് ബുദ്ധിമുട്ടുകയാണെന്നു ഞാൻ മനസ്സിലാക്കുന്നു. പ്രസ്സും സ്ഥലവും വില്ക്കാനുള്ള ശ്രമമുണ്ടെന്നും അറിഞ്ഞു. സംസ്ഥാന സർക്കാരിന്റെ സഹകരണ വകുപ്പും സാംസ്കാരിക വകുപ്പും മുൻകൈയെടുത്ത് എസ്.പി.സി.എസ്സിനെ തകർച്ചയിൽനിന്നു രക്ഷിക്കണം. വെറുമൊരു സഹകരണ സ്ഥാപനം മാത്രമല്ല, സാംസ്കാരിക സ്ഥാപനംകൂടിയാണ് സാഹിത്യ പ്രവർത്തക സഹകരണ സംഘം. പണവും പാഴാക്കാതെ സാഹിത്യപ്രവർത്തകസഹകരണസംഘത്തെ സംരക്ഷിക്കുക എന്ന പുണ്യകർമ്മം അനുഷ്ഠിക്കുന്നതാവും ഒരു സാംസ്കാരികസർവ്വകലാശാല സ്ഥാപിക്കുന്നതിനേക്കാൾ അനുയോജ്യമായ തീരുമാനം.

(52-ാം പേജിൽ നിന്നും തുടർച്ച)

വർക്കിയുടെ തുണിസഞ്ചിയിൽ എൻ. ബി. എസ് പിറന്നു' എന്നു പറയുന്നത് പുസ്തകം ചുമന്ന് വീടുതോറും വിറ്റുവന്ന എഴുത്തുകാരന്റെ നില ഓർത്താണ്.

ഗ്രീക്കിലെ iditus എന്ന വാക്കിൽ നിന്നാണ് ഇഡിയറ്റ് എന്ന വാക്ക് ഉണ്ടായത്. സ്വന്തം സിറ്റിയുടെ ഭരണകാര്യങ്ങളിൽ നിസ്സംഗത പുലർത്തുകയും പൊതുയോഗത്തിൽ പങ്കെടുക്കാതിരിക്കുകയും ചെയ്യുന്നവനാണ് ഇഡിയറ്റ്. ഇ. എം. എസ്സും അഴീക്കോടും എം.ടിയും പി. ഗോവിന്ദപ്പിള്ളയുമടങ്ങുന്ന 850 സംഘാംഗങ്ങൾ തിരഞ്ഞെടുപ്പു വേളയിലല്ലാതെ ഒത്തുചേരാതെ ഇഡിയറ്റുകൾക്ക് പറ്റിയ സ്ഥിതിവിശേഷം സൃഷ്ടിക്കുമ്പോൾ 'നാം നാളെയുടെ നാണക്കേട്' ആവുകയല്ലെ? എന്ത് ത്യാഗം സഹിച്ചും സംഘത്തെ സംരക്ഷിക്കുക" എന്ന തീവ്രമായ നിലപാട് എഴുത്തുകാർ സ്വീകരിക്കുന്നതിനൊപ്പം (തനിക്ക് റോയൽറ്റി 20 ശതമാനം മതി എന്ന് ശ്രീ. എം.ടി. വാസുദേവൻ നായർ എഴുതിയറിയിച്ചതോർക്കുന്നു) നിർദ്ദിഷ്ടമായ 'സാംസ്കാരികനയ'ത്തിന്റെ ഭാഗമായി കേരളത്തിലെ സാംസ്കാരികമന്ത്രി ശ്രീ.ടി.കെ. രാമകൃഷ്ണനും ലക്ഷങ്ങൾ ചെലവാക്കുന്ന ടെക്സ്റ്റ് പുസ്തകങ്ങളുടെയും ഗ്രന്ഥശാലാസംഘത്തിന്റെയും ചുമതലയുള്ള വിദ്യാഭ്യാസമന്ത്രി ശ്രീ. പി. ജെ. ജോസഫും സഹകരണമന്ത്രി ശ്രീ.പിണറായി വിജയനും സംഘത്തിന്റെ ഒരു ഗ്രന്ഥകാരൻ കൂടിയായ മുഖ്യമന്ത്രിയുടെ മുന്നിലിരുന്നാൽ ഒരു പോംവഴി കണ്ടെത്താൻ കഴിയും. കേന്ദ്രവിദ്യാഭ്യാസവകുപ്പ് കൈയാളുന്ന മനുഷ്യവിഭവശേഷിവകുപ്പ് ദേശീയപുസ്തകനയം സംബന്ധിച്ച് എല്ലാ സംസ്ഥാനങ്ങൾക്കും അയച്ച കത്തിൽ കേരളത്തിലെ സാഹിത്യപ്രവർത്തകസഹകരണസംഘത്തിന്റെ മാതൃകയിൽ സംഘങ്ങൾ രൂപീകരിച്ചാൽ സാമ്പത്തികസഹായം നല്കാമെന്ന് ഉറപ്പുനല്കിയിട്ട് അധികകാലമായിട്ടില്ല. പുതിയ ഗവൺമെന്റ് അതുകൊണ്ട് മുൻഗാമികൾ തുടങ്ങിവെച്ച വഴുവഴുപ്പൻ സാംസ്കാരികനയ ചർച്ചയ്ക്ക് സമയവും

വിജു വി. നായർ

പാമോയിലിനും യൂറിയക്കും അപ്പുറം

ഓണത്തിന് നാട്ടാരെ കുളിപ്പിക്കാൻ പാമോയിൽ മഴ പെയ്തനുഗ്രഹിക്കുന്ന ലീഡർമാരുടെ ഡീലർ മുഖം വ്യക്തമാവുക. യൂറിയക്കേസിലെ 133 കോടിക്കപ്പുറത്തുള്ള ചതിയുടെ പൊരുളറിയുക. കേവലമായ അഴിമതികൾക്കിപ്പുറം, ഇങ്ങുതാഴെ നമ്മുടെ, ജീവിതത്തിന്റെ ശീലക്രമങ്ങൾ ഹൈഡ്രോജനേറ്റു ചെയ്ത് തലമുറകളെ ജീവച്ഛവങ്ങളാക്കുന്ന കൊടിയ വഞ്ചനയുടെ അരുമുഖം തെളിയുക.

കേരളത്തിലെ പാമോയിൽ കുംഭകോണം തൊട്ട് കേന്ദ്രത്തിലെ യൂറിയകുംഭകോണംവരെയുള്ള പൊതുപ്രശ്നങ്ങളെ കേവലം സാമ്പത്തിക അഴിമതിയുടെ തലത്തിൽ വച്ചുമാത്രം തർക്കിക്കുന്നൊരു പ്രവണതയാണു നമ്മുടേത്. ഈ അഴിമതികൾക്കു കളമൊരുക്കിയ സാമൂഹികഘടകങ്ങൾ ഏതെന്ന ആരായൽ [illegible] നമ്മെക്കൊണ്ടെത്തിക്കുക ഇഗ്വവ്സാവ [illegible] ചില ഇന്ത്യനവസ്ഥകളിലാണ്

ഒരുനിമിഷം ഓർത്തുനോക്കുക. നമ്മുടെ ഇന്നലകളിൽ പാമോയിലു കൊണ്ടാണോ ഓണക്കായ വറുത്തിരുന്നത്? യൂറിയ കൊണ്ടാണോ നമ്മുടെ കൊന്നത്തെങ്ങുകൾ കായ്ഫലം വിതച്ചത്? പിന്നെങ്ങനെ പൊടുന്നനെ ഈ പുതിയ നാമാവലികൾ നമ്മുടെ കുശിനിപ്പുറത്തു കയറി? ഓർക്കാനാർക്കും നേരമില്ലല്ലോ. നമ്മുടെ സാർത്ഥകമായ ഇത്തരം മറവികളിലൂടെയാണ് കെല്ലോഗും ക്യാപ്ടൻകുക്കും പോസ്റ്റുമാനുമൊക്കെ ഇടിച്ചുകയറി നമ്മെ സംസ്കരിച്ചുകൊണ്ടിരിക്കുന്നത്.

അയ്യാറൊട്ടും ചമ്പാവരിയുമൊക്കെ വലിച്ചെറിഞ്ഞ്നമ്മളിപ്പോൾ റൈസ്ഫ്ളേക്കും കോൺഫ്ളേക്കും ഈറ്റുന്ന കുട്ടിയ്വരകളായിരിക്കുന്നു. നമ്മുടെ കുട്ടികൾക്ക് പോസ്റ്റുമാൻ എന്നാൽ സ്നേഹദുഃഖങ്ങളുടെ ലക്കോട്ടുതരുന്ന അഞ്ചൽക്കാരനല്ല. ദിയോദറൈസ്ഡ് എഡിബിൾ ഓയിലാണ്. ഒക്കെ കമ്പോളവൽക്കരണത്തിന്റെ പുണ്യങ്ങളാണത്രെ. ആയിക്കോട്ടെ.

എന്നാലും, ഈ സർഗ്ഗരാജ്യവിശേഷങ്ങൾക്കിടയിൽ ചില കല്ലുകടികൾ. കയ്പും കവർപ്പും ഏറിവരുമ്പോൾ ചില സംശയങ്ങൾ. എന്താണ് നമ്മുടെ ജീവിതത്തിനു സംഭവിച്ചുകൊണ്ടിരിക്കുന്നത്.

കമ്പോളങ്ങളിൽ നിത്യവും പുതിയ പുതിയ രക്കുകളുടെ പ്രളയമാണല്ലോ.ഓട്ടോമാറ്റിക് കഷൗ രയന്ത്രം തൊട്ട് ജാവാ കമ്പ്യൂട്ടർ ടംഗ്വരെ. ഇന്നോളം കേട്ടിട്ടില്ലാത്ത ഭക്ഷണപദാർത്ഥങ്ങളും ആരോഗ്യപോഷണികളും ആകർഷകമായ കെട്ടുമട്ടുകളിൽ കട അലമാര നിറയ്ക്കുന്നു. എന്നിട്ടും ആരോഗ്യസംഘടനകളും ഭക്ഷ്യവിദഗദ്ധരും നമ്മുടെ ഭക്ഷണരീതിയുടെ ക്ഷയത്തെപ്പറ്റി വിലപിക്കുന്നു. ഭക്ഷ്യഗുണത്തിലെ ഈ പ്രതിസന്ധി പട്ടിണിരാഷ്ട്രങ്ങൾക്കും സമ്പന്നരാഷ്ട്രങ്ങൾക്കും ഒരുപോലെ ബാധകമാണു താനും.

ആധുനിക കാലത്തെ ഈ വൈരുദ്ധ്യം ഏറ്റുകണിശമായിക്കുറിച്ചത് വെൽഡെൻ ബെറിയാണെന്നു തോന്നുന്നു: " It is one of the miracles of science and hygiene that the germs that used to be in our food have been replaced by poisons."

ഇത് അതിശയോക്തിപരമെന്നു കരുതുന്ന വർവായിക്കേണ്ടത് ലോകാരോഗ്യസംഘടനയുടെ 1996 ലെ ഭക്ഷ്യറിപ്പോർട്ടാണ്. യൂറോപ്പിൽ ഉപയോഗിച്ചുവരുന്ന കീടനാശിനികളിൽ 92 ശതമാനവും അർബുദം, ജൻമവൈകല്യങ്ങൾ, ജനിതകവൈകാരുകൾ എന്നിവയ്ക്കു കാരണമാകുന്നു. അമേരിക്കൻ നാഷനൽ അക്കാദമി ഓഫ് സയൻസിന്റെ 1987-ലെ റിപ്പോർട്ടു പറയുന്നത്, അന്നാട്ടിലെ ഭക്ഷണത്തിൽച്ചേർന്നിട്ടുള്ള രാസവളങ്ങൾ 10 ലക്ഷം പുതിയ അർബുദകേസുകളുണ്ടാക്കുമെന്നാണ്. മുലപ്പാലിൽപ്പോലും ഡിഡിറ്റിയുടെ അളവ് അപകടകരമാംവിധം ഉയർന്നിരിക്കുന്നത്രേ.

സമ്പന്നരാഷ്ട്രങ്ങളിലെ ഈ പ്രശ്നം ദരിദ്രരാഷ്ട്രങ്ങളിൽ കൂടുതൽ രൂക്ഷമാവും. കാരണം, സമ്പന്നരാഷ്ട്രങ്ങൾ നിരോധിക്കുന്ന മരുന്നുകളും കീടനാശിനീകളും സുഗമമായി വിറ്റഴിക്കാവുന്ന ഡമ്പിങ്ഗ് ഗ്രൗണ്ടാണല്ലോ പിന്നോക്കദേശങ്ങൾ. വിഷതുല്യമായ കീടനാശിനി ക്ളോർഡെയ്ന്റെ കാര്യം മാത്രംമതി ഇതു മനസ്സിലാക്കാൻ. കഴിഞ്ഞ അഞ്ചുവർഷത്തിനകം അമേരിക്കയുടെ ക്ളോർഡെയ്ൻ കയറ്റുമതി ഒമ്പതു മടങ്ങു വർദ്ധിച്ചതായിട്ടാണ് കസ്റ്റംസ് റിപ്പോർട്ട്. തെളിച്ചു പറഞ്ഞാൽ ദിനംപ്രതി 3.6 ടൺ ക്ളോർഡെയ്നാണ് അമേരിക്കൻ ഉല്പാദകർ ഇന്ത്യയടക്കമുള്ള രാജ്യങ്ങളിലേക്ക് തള്ളിവിടുന്നത്.

രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതോപയോഗം ഭക്ഷ്യപദാർത്ഥങ്ങളുടെ ഗുണവും മനുഷ്യർക്കവയോടുള്ള രുചിതാല്പര്യവും നശിപ്പിക്കുമെന്ന് എല്ലാവർക്കുമറിയാം. പോഷകഗുണനഷ്ടം തൊട്ട് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ വരെയുള്ള ദോഷങ്ങൾ വേറെ.

റിച്ചഡ് ഡോത്വെയ്റ്റിന്റെ പുതിയ ഗ്രന്ഥം- ദി ഗ്രോത് ഇല്യൂഷൻ- ഈ ദുരവസ്ഥയുടെ പൊരുളിലേക്കു ശ്രദ്ധക്ഷണിക്കുന്നുണ്ട്. " Nitrogenous fertilisers can raise the amount of nitrate in the final crop to four or five times the level found in the compost- growing equivalent, while at the same time cutting vitamin C and dry matter levels. This change is potentially serious, since nitrates can be turned into powerful carcinogenic nitrosemines by bacteria found in the mouth, while vitamin C has been shown to protect against cancers."

ഇന്ത്യയിൽ കഴിഞ്ഞ എട്ടുവർഷമായി. ഭക്ഷ്യസംസ്കരണം വിപുലമായ വ്യവസായമായി മാറിയതു പലരും ഗൗനിക്കുന്നില്ല. ഫ്ളേവറുകൾ, നിറങ്ങൾ, ഇമൾസിഫയറുകൾ, പ്രിസർവേറ്റീവുകൾ, തുടങ്ങി ഉപോല്കതാവിനെ വശീകരിക്കാൻ നൂറു കണക്കിന് രാസവസ്തുക്കൾ വിനൃസിച്ചുകഴിഞ്ഞു.

നമ്മുടെ ഭക്ഷ്യശീലങ്ങളിലേക്കുള്ള ഈ വിഷലിപ്തമായ ഇടിച്ചുകയറ്റത്തിന്റെ രസതന്ത്രമോ മനഃശാസ്ത്രമോ മനസ്സിലാക്കാതെ ഈ കുപ്പത്തൊട്ടി ഭക്ഷ്യസംസ്കാരത്തിലേക്ക് വഴുതി വീഴുകയാണു നാം. ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന ഉദാരവൽക്കരണ നയത്തോടെ ഇന്ത്യയിൽ ഉപയോഗിക്കപ്പെടുന്ന അഡ്റ്റീവ്സിന്റെ എണ്ണം 3800 ആണ്. നമ്മുടെ ഭക്ഷണത്തിന് കൃത്രിമരുചിയേറ്റാൻ ഈ രാസവസ്തുക്കൾ നൂറോളം വിധത്തിൽ നിത്യവും ഉപയോഗിക്കപ്പെടുന്നതായിട്ടാണ് ഫുഡ്കമ്മിഷന്റെ നിഗമനം. " ശരാശരി ഇന്ത്യക്കാരന്റെ ഒരുദിവസത്തെ ഭക്ഷണവസ്തുക്കളിലും പാനീയങ്ങളിലുമായി പതിനാറോളം അഡിറ്റീവുകൾ കലർന്നിട്ടുണ്ട്. ഇവ പരസ്പരവും ഭക്ഷണപദാർത്ഥങ്ങളുമായും ചേർന്ന് പുതിയ രാസവസ്തുക്കൾ ശരീരത്തിലുണ്ടാക്കുന്നു. പല രോഗങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാവുന്നത് ഈ നൂതനരാസവസ്തുക്കളാണ്."

കൃത്രിമവളങ്ങളുടെയും കീടനാശിനികളുടെയും പിന്നീട് മേല്പറഞ്ഞ കൃത്രിമഭക്ഷ്യ ചേരുവകളുടെയും പ്രവർത്തനഫലമായി രോഗസാദ്ധ്യത വളരുക മാത്രമല്ല സംഭവിക്കുന്നത്. പരമ്പരാഗത ഭക്ഷണപദാർത്ഥങ്ങളിലെ പോഷകമൂല്യം ഗണ്യമായി കുറയുകയും ചെയ്യുന്നുണ്ട്. ആരോഗ്യപ്രതിസന്ധിയുടെ മറ്റൊരു ഹേതുവാണിത്.

പുതിയ ഭക്ഷ്യശീലങ്ങളുടെ ഫലമായി മറ്റൊരു ഗുരുതരാവസ്ഥകൂടി സംജാതമാവുന്നുണ്ട്. കൃത്രിമഭക്ഷ്യോല്പന്നങ്ങൾക്കും ഭക്ഷ്യസംസ്കരണത്തിനുംവേണ്ടി നമ്മുടെ പ്രധാന ഭക്ഷ്യവസ്തുക്കൾ പലതും വൻതോതിൽ ധൂർത്തടിച്ചു നഷ്ടമാക്കുന്നുണ്ട്. ഇന്ത്യയുടെ മുഖ്യധാന്യങ്ങളിലൊന്നായ അരിതന്നെ ഭക്ഷ്യസംസ്കരണ വ്യവസായത്തിനുവേണ്ടി ഗണ്യമായി നഷ്ടപ്പെടുത്തുകയാണ്. അരിയിൽ പോഷകമൂല്യം ഏറെയുള്ള ഭാഗമാണ് കൃത്രിമവസ്തുനിർമ്മാണത്തിനായി നഷ്ടപ്പെടുത്തുന്നതെന്നറിയണം. ഈ വിഷയത്തിൽ ഏറെ പഠനം നടത്തിയിട്ടുള്ള എൽ. രാമചന്ദ്രന്റെ 'ഫുഡ്പ്ലാനിംഗ്' എന്ന പുതിയ പുസ്തകം ഈ ബുദ്ധിമോശത്തിലേക്കുള്ള കൈചൂണ്ടിയാണ്.

അദ്ദേഹം എഴുതുന്നു: " ധാന്യങ്ങളിൽ നിന്നു മാത്രമുള്ള ചോർച്ച ഏതാണ്ട് 80 ലക്ഷം ടൺവരും. ഗുണപരമായ നഷ്ടമാകട്ടെ ഇതിലുമെത്രയോ വലുതാണ്. കാരണം, സംസ്കരണത്തിനു വേണ്ടി ഒഴിവാക്കപ്പെടുന്ന ധാന്യഭാഗങ്ങളിലാണ് പ്രോട്ടീനും മാംസ്യവും, ഇരുമ്പും ഫോസ്ഫറസും പോലുള്ള ധാതുക്കളും , തയാമിൻ,നിക്കോട്ടിനിക് ആസിഡ്, റൈബോ ഫേളേവിൻ, വൈറ്റമിൻ – എ തുടങ്ങിയവയും കൂടുതൽ അടങ്ങിയിട്ടുള്ളത്. ശരാശരി ഇന്ത്യൻ ഭക്ഷണത്തിന്റെ അടിസ്ഥാനഗുണഘടകങ്ങളാണിവ."

ചുരുക്കിപ്പറഞ്ഞാൽ ഇന്ത്യക്കാരന്റെ അടിസ്ഥാന ആരോഗ്യം പുലർത്തിക്കൊടുത്തുവന്ന ഘടകങ്ങൾ അപ്പാടെ നഷ്ടപ്പെടുന്നു എന്നർത്ഥം. ഇതൊക്കെ സംഭവിക്കുന്നതോ, ഭക്ഷ്യസംസ്കരണത്തിൽ ഗുണത്തിലും അളവിലും ധാന്യങ്ങൾ നഷ്ടപ്പെടാതെ നോക്കാനുള്ള മാർഗ്ഗങ്ങൾ നിലവിലുള്ളപ്പോഴാണു താനും. പോഷകാഹരക്കുറവുള്ള വലിയൊരു ജനാവലി ഈ മണ്ണിൽ കഷ്ടപ്പെടുമ്പോൾ, നമ്മുടെ ധാന്യങ്ങളുടെ ഏറ്റവും പോഷകഗുണമുള്ള ഘടകങ്ങൾ ഉരിച്ചെടുത്ത് കോഴിവളർത്തൽ കേന്ദ്രങ്ങൾക്കും മാടുവളർത്തൽ കേന്ദ്രങ്ങൾക്കും വിറ്റഴിക്കുന്നു. മൂന്നിയ മാംസാഹാരവും മേല്പറഞ്ഞ സംസ്കരിക്കപ്പെട്ട കൃത്രിമഭക്ഷണത്തെപ്പോലെ സമൃദ്ധിയിലെ മേലേത്തട്ടുകാരുടെ സുഖഭോഗത്തിനാണെന്ന കഥ മറക്കുരുത്. ഭൂരിപക്ഷജനാവലിയുടെ ആരോഗ്യം അപകടപ്പെടുത്തി ഈ ധൂർത്തും ഭക്ഷ്യവ്യവസായവും നടത്തുന്നതാരാണ്?

ഒരുഭാഗത്ത് മില്ലുടമകളും ബേക്കർമാരും. ഭക്ഷ്യവസ്തുനിർമ്മാതാക്കളും സംസ്കരിക്കപ്പെട്ട ധാന്യപ്പൊടി ഉപയോഗിച്ച് ലാഭം കൊയ്യുന്നു. ചുളുവിലയ്ക്ക് പോഷകമൂല്യമുള്ള ധാന്യഘടകങ്ങൾ വൻതോതിൽ ആവശ്യമുള്ള കോഴി–മാട് വളർത്തൽ കേന്ദ്രങ്ങളാണ് മറുവശത്ത്. ഈ രണ്ടു ലോബികളുടെയും ശിങ്കിടിവ്യന്ദമായി ഭക്ഷ്യ– സിവിൽസപ്ലൈസ്വകുപ്പെന്ന വെള്ളാനയും. ഒരു മന്ത്രിയും ഒരു ഉദ്യോഗസ്ഥമേധാവിയും ഇന്നോളം ഈ വകുപ്പിലിരുന്നിട്ട് ഭക്ഷ്യമേഖലയിലെ ഈ തട്ടിപ്പു മനസ്സിലാക്കിയതായി അറിവില്ല.

സമാനമായ പോഷകചൂഷണം നടക്കുന്ന മറ്റൊരു മേഖലയാണ് ഭക്ഷ്യ എണ്ണയുടേത്. വെളിച്ചെണ്ണയ്ക്കെതിരെ ആരോഗ്യപ്രശ്നം ഉയർത്തിക്കാട്ടി വലിയൊരു ലോബിതന്നെ രംഗത്തുണ്ടല്ലോ. വർദ്ധിക്കുന്ന ഹൃദ്രോഗങ്ങളുടെയും മറ്റും ന്യായമുയർത്തി ഇക്കൂട്ടർ ഡോക്ടർമാരെയും രംഗത്തിറക്കി പോരടിപ്പിക്കാറുണ്ട്. എത്രയോ നൂറ്റാണ്ടുകളായി വെളിച്ചെണ്ണ ഉപയോഗിച്ചു വന്ന നമ്മുടെ പഴയ തലമുറക്കാരുടെ മെച്ചപ്പെട്ട ആരോഗ്യക്കഥയൊക്കെ പഴങ്കഥയാക്കുമ്പോൾ കടന്നുവന്ന് നമ്മുടെ കമ്പോളം നിറയ്ക്കുന്ന പുതിയ കൃത്രിമ എണ്ണകളുടെ എണ്ണം നോക്കുക.

കഴിഞ്ഞ രണ്ടു ദശകമായി ഇന്ത്യയിൽ ഏറ്റവും മാർക്കറ്റു പിടിച്ചിരിക്കുന്ന ഭക്ഷ്യ എണ്ണ വനസ്പതിയാണ്. പ്രകൃതിദത്ത എണ്ണ രാസപ്രക്രിയ വഴി നിറവും ഘടനയും മാറ്റിയിട്ട് നിക്കൽ കാറ്റലിസ്റ്റ് ഉപയോഗിച്ച് ഹൈഡ്രോജനേറ്റു ചെയ്താണ് ഇതുണ്ടാക്കുന്നത്. ഹൈഡ്രോജനേഷനിൽ അൺസാച്ചുറേറ്റഡ് ഫാറ്റ് അപ്പാടെ സാച്ചുറേറ്റ് ചെയ്യപ്പെടുന്നു. അമിതമായ സാച്ചുറേറ്റഡ് ഫാറ്റ് കഴിച്ചാൽ അപകടമാണെന്നു തന്നെയല്ല. സങ്കരണത്തിലൂടെ ഒഴിവാക്കപ്പെടുന്ന അൺസാച്ചുറേറ്റഡ് ഫാറ്റ് ഹൃദ്രോഗങ്ങൾക്കും മറ്റുമെതിരെ പ്രതിരോധമുയർത്തുന്ന ഘടകമാണുതാനും. ചുരുക്കിപ്പറഞ്ഞാൽ യഥാർത്ഥത്തിൽ ആവശ്യമുള്ളതും നല്ലതുമായ ഘടകങ്ങൾ അനാവശ്യവും ഹാനികരവുമാക്കി മാറ്റുന്ന പ്രക്രിയയാണ് ഹൈഡ്രോജനേഷൻ. നമുക്കാവശ്യമുള്ളതു നീക്കം ചെയ്യുകയും ദോഷകരമായതു തിരുകിക്കയറ്റുകയും ചെയ്യുന്ന ഈ ഭക്ഷ്യസംസ്കരണം വൻതോതിൽ ആദായമുണ്ടാക്കുന്ന വ്യവസായമായി പടർന്നു കഴിഞ്ഞു. വെളിച്ചെണ്ണയെക്കുറിച്ചു തർക്കിച്ച് മേപ്പടി ലോബികൾക്ക് ഒത്താശചെയ്യുന്ന വിദഗ്ധരും കഥയറിയാതെ കമ്പോളത്തിലെ പുതിയ ഫാഷൻ നെഞ്ചേറ്റുന്ന ഉപഭോക്താക്കളും ഒരു പോലെ വിഡ്ഢികളാകുമ്പോൾ ചിരിക്കുന്നതാര്?

നമുക്കാവശ്യമുള്ളതു നീക്കം ചെയ്യുകയും ദോഷകരമായതു തിരുകിക്കയറ്റുകയും ചെയ്യുന്ന ഭക്ഷ്യസംസ്കരണം വൻതോതിൽ ആദായമുണ്ടാക്കുന്ന വ്യവസായമായി പടർന്നു കഴിഞ്ഞു.

മറ്റൊരു കഥ പറയാം. പയറുവർഗ്ഗങ്ങൾ ഇന്ത്യയുടെ പരമ്പരാഗത ഭക്ഷണക്കൂട്ടിലെ മുഖ്യഘടകമായിരുന്നല്ലോ. എന്നാൽ ഏറെ പ്രകീർത്തിക്കപ്പെടുന്ന ഹരിതവിപ്ലവത്തിനുശേഷം പയറിനങ്ങളുടെ ആളാം പ്രതി സുലഭത കുത്തനെ ഇടിഞ്ഞു. 1951–53 ൽ നിത്യേന 61 ഗ്രാം പയറാണ് ആളാം പ്രതി ഉപഭോഗത്തിനായി ഇന്ത്യയിലുണ്ടായിരുന്നതെന്ന് ഗവൺമെന്റു കണക്കുപുസ്തകം തന്നെ പറയുന്നു. ഇത് 1991–93 കാലയളവിൽ 38 ഗ്രാമായി കുറഞ്ഞു. ഇതിനു മുഖ്യകാരണം, ഹരിതവിപ്ലവം അടിസ്ഥാനമാക്കിയ കാർഷിക സാങ്കേതികതയും ശ്രദ്ധിച്ചതത്രയും ഏതാനും ചില ധാന്യങ്ങളിൽ മാത്രമാണെന്നതാണ്. മനുഷ്യന്റെയും മണ്ണിന്റെയും പോഷകാവശ്യങ്ങളിൽ പയറിനത്തിനുള്ള പ്രസക്തി കണക്കിലെടുക്കുമ്പോഴേ ഇതെത്രമാത്രം അപായകരമായിപ്പോയി എന്നു വ്യക്തമാവൂ.

പ്രോട്ടീനുകളുടെ മുഖ്യസ്രോതസ്സുകളിലൊന്നാണ് പയറുവർഗ്ഗം. അടിസ്ഥാനപരമായി ധാന്യങ്ങളിലുറപ്പിച്ചൊരു ഭക്ഷ്യസംസ്കാരമുള്ളിടത്ത് ഇവ അനിവാര്യമായ ഘടകവസ്തുക്കളാകുന്നു. അന്തരീക്ഷത്തിലെ സ്വാഭാവിക നൈട്രജൻ സംഭരിച്ച് മണ്ണിനെ പുഷ്ടിപ്പെടുത്തുന്ന ഏറ്റവും മികച്ച ഇടവിളയുമാണു പയറെന്ന് നമുക്കറിയാത്തതല്ല. ഒരു ഹെക്ടർ മണ്ണിന് 30 കിലോ നൈട്രജൻ യാതൊരു ഊർജ്ജച്ചെലവും കൂടാതെ നൽകുന്ന പയറുവർഗ്ഗത്തെ അവഗണിച്ചതുകൊണ്ട് ഇന്നിപ്പോൾ കൃത്രിമമായി ഉൽപ്പാദിപ്പിക്കുന്ന നൈട്രജൻ ആശ്രയിച്ചുള്ള രാസവളങ്ങൾ ഉപയോഗിക്കേണ്ടി വരുന്നു. ഈ വ്യവസായത്തിനുവേണ്ട ഊർജ്ജത്തിന്റെ ചെലവു മാത്രമെടുത്താൽ മതി നമ്മുടെ പമ്പരവിഡ്ഢിത്തമറിയാൻ.

കൃഷി അടിസ്ഥാനപരമായി വ്യവസായമോ ആദായമുണ്ടാക്കാനുള്ള തൊഴിലോ ഉപാധിയോ അല്ല. വ്യവസായങ്ങൾക്കുള്ള പോഷകമേഖലയുമല്ല. മനുഷ്യന്റെ ജൈവപ്രക്രിയയ്ക്ക് ശേഷിയും സന്ധാരണത്തവും നൽകുന്ന പോഷകവൃത്തിയാണ്. ഈ നേര് നമ്മൾ മറന്നു പോയതുമുതൽക്കാണ് കൃഷിയും പോഷകമൂല്യങ്ങളും തമ്മിലുള്ള ബന്ധമറ്റത്. കൃഷിയുടെ ഈ രോഗാതുരതയുടെ ദുരിതമനുഭവിക്കുന്നത് സമൂഹത്തിലെ പിന്നോക്കവിഭാഗങ്ങളാണെന്ന യാഥാർത്ഥ്യം കൂടിയറിയണം. അവർക്ക് കൃത്രിമഭക്ഷ്യവസ്തുക്കൾ വാങ്ങാനുള്ള ശേഷിയില്ല. തങ്ങളുടെ തനതു കാർഷികോൽപ്പന്നങ്ങളുടെ തനിമയും ഗുണവും നഷ്ടപ്പെടുത്തി മേലേത്തട്ടുകാർ അവരെ കൂടുതൽ അനാരോഗ്യത്തിലേക്കു തള്ളിവിടുകയുംചെയ്യുന്നു. ഈ വസ്തുത കണക്കിലെടുക്കുമ്പോഴാണ് കോൺഫ്ളേക്കിന്റേയും വനസ്പതികളുടെയും വർണ്ണക്കവറുകളിൽ ഒതുങ്ങിനിൽക്കുന്ന സാമൂഹിക വഞ്ചനയുടെ മുഖം തെളിഞ്ഞുവരിക.

ഓണത്തിന് നാട്ടാരെ കുളിപ്പിക്കാൻ പാമോയിൽ മഴ പെയ്തനുഗ്രഹിക്കുന്ന ലീഡർമാരുടെ ഡീലർ മുഖം വ്യക്തമാവുക. യൂറിയക്കേസിലെ 133 കോടിക്കപ്പുറത്തുള്ള ചതിയുടെ പൊരുളറിയുക. കേവലമായ അഴിമതികൾക്കിപ്പുറം. ഇങ്ങുതാഴെ നമ്മുടെ, ജീവിതത്തിന്റെ ശിലാക്രമങ്ങൾ ഹൈഡ്രോജനേറ്റു ചെയ്ത് തലമുറകളെ ജീവച്ഛവങ്ങളാക്കുന്ന കൊടിയ വഞ്ചനയുടെ അരുമുഖം തെളിയുക.

ഇ.വി. ശ്രീധരൻ

അവളുടെ വിധി

ഇന്നത്തെ ക്രൈം ത്രില്ലർ ടെലിവിഷൻ സീരിയലുകളുടെ കഥാകാരന്മാർ തങ്ങൾ ജീവിതഗന്ധിയായ കഥകളാണ് എഴുതുന്നതെന്നോ, ജീവിതത്തിൽനിന്നാണ് മെറ്റീരിയൽ കണ്ടെത്തുന്നതെന്നോ അവകാശപ്പെട്ടാൽ നമുക്ക് എതിർത്തൊന്നും പറയാനാവില്ല. കാരണം ആ സീരിയലുകളിലെ കഥപോലെയായിട്ടുണ്ട് നമുക്കുചുറ്റുമുള്ള ജീവിതം. ടെലിവിഷൻ സീരിയലുകൾ ഇന്ന് ഒരു ജനകീയ കലയാണ്. ഈ ജനകീയ കലയിൽ നമ്മുടെ ജീവിതത്തിന്റെ പ്രതിബിംബങ്ങളുണ്ട്. ഈ പ്രതിബിംബങ്ങൾ ജീവിതത്തിൽനിന്നു ടെലി സീരിയലുകളിലേക്കു കയറിച്ചെന്നതോ, പ്രസ്തുത ജനകീയകലയിൽനിന്നു ജീവിതത്തിലേക്ക് ഇറങ്ങിവന്നതോ എന്നറിയില്ല. എന്തായാലും ഇവിടെ കല ജീവിതംതന്നെയായി മാറുകയാണ്. ടെലിവിഷൻ സീരിയൽ എന്ന കലയ്ക്കാവശ്യമായ മെറ്റീരിയൽ നമ്മുടെ ജീവിതത്തിലുണ്ട്. സീരിയൽ എഴുത്തുകാർ നിത്യവും പത്രം മുടങ്ങാതെ വായിച്ചാൽ മതി.

നിത്യവും രാവിലെ വായിക്കാൻ നമുക്കിന്നു കൊലപാതകങ്ങളും ആത്മഹത്യകളുമുണ്ട്. മോഷണവും പിടിച്ചുപറിയുമുണ്ട്. ബലാത്സംഗങ്ങളും കൂട്ടബലാത്സംഗങ്ങളുമുണ്ട്. കൂട്ടബലാത്സംഗം ഒരു പുതിയ മെറ്റീരിയലാണ്. തുറയിൽനിന്നൊരുവളെ ഓട്ടോറിക്ഷയിൽ പിടിച്ചുവലിച്ചിട്ട് അറവുശാലയിലെത്തിച്ച് കൂട്ടബലാത്സംഗം നടത്തി ജീവച്ഛവമാക്കി അറവുശാലയ്ക്കു പുറത്തേക്കു വലിച്ചെറിയുക. കൂട്ടബലാത്സംഗത്തിനുശേഷം കാതിലെ കമ്മൽ ഊരിയെടുത്ത് കഴുത്ത് വരിഞ്ഞുമുറുക്കി കൊന്നു കുറ്റിക്കാട്ടിലേക്കു വലിച്ചെറിയുക. പതിനാലുവയസ്സുള്ള പെൺകുട്ടിയെയുംകൊണ്ട് ജീവിതത്തിന്റെ നാനാതുറയിലുംപെട്ട കേമന്മാർ ലൈംഗിക ഉല്ലാസയാത്ര നടത്തുക. പത്രങ്ങൾക്കു വാർത്തകളും ടെലി സീരിയലുകൾക്കു മെറ്റീരിയലുകളും നമ്മുടെ ജീവിതം നിത്യവും എറിഞ്ഞുകൊടുക്കുകയാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി നായനാർ പറഞ്ഞതുപോലെ ആണ് പെണ്ണുമായി ബലാൽക്കാരലൈംഗികവേഴ്ചയിലേർപ്പെടുന്നത് ഇന്നു പെട്ടെന്നുണ്ടായതൊന്നുമല്ല. ഇതു മനുഷ്യചരിത്രത്തിന്റെ ഉദയം മുതലേ ഉണ്ടായതാണെന്ന സത്യം മറക്കുന്നേയില്ല. എങ്കിലും കേരളത്തിൽ കൂട്ടബലാത്സംഗം പനപോലെയങ്ങ് വളരുകയാണ്. കാറ്റ് കൊടുങ്കാറ്റായി മാറുന്നതുപോലെയാണ് കുറേ മാസങ്ങൾ കൊണ്ടു ബലാത്സംഗം കൂട്ടബലാത്സംഗമായി ഇവിടെ മാറിയത്. "ദൈവമേ, ഞങ്ങളുടെ മകൾക്ക് ബലാത്സംഗം ചെയ്യപ്പെടുകയെന്ന ദുരന്തമുണ്ടാകരുതേ"യെന്ന് കേരളത്തിലെ ഓരോ അമ്മയും അച്ഛനും ദൈവത്തോടു നിത്യവും പ്രാർത്ഥിക്കേണ്ടുന്ന ഒരവസ്ഥ സംജാതമായിരിക്കുന്നു. ബോധമുള്ള മുതിർന്ന പെൺകുട്ടികൾ 'അവന്മാരുടെ' ലോകത്തെ ഭയപ്പെടുന്നു. കൂട്ടബലാത്സംഗം എന്ന വാക്ക് പത്രം വായിക്കുന്ന കൊച്ചുകുട്ടികൾക്കുപോലും ഇന്നു സഹേലിപോലെ സുപരിചിതമാണ്. നമ്മുടെ കുട്ടികൾ ഇതേക്കുറിച്ച് ആലോചിക്കാതിരിക്കില്ല. ഈ ആലോചനയ്ക്കിടയിൽ ടെലിവിഷൻ സീരിയലുകൾ അവർക്ക് ഇതിനെക്കുറിച്ചുള്ള അറിവുകൾ ദൃശ്യരൂപത്തിൽ കൊടുക്കാതിരിക്കുകയുമില്ല. ഈ അറിവുകൾ മനസ്സിന്റെ ഏതോ കോണിൽ ഒളിപ്പിച്ചുവച്ചുകൊണ്ടാണ് അവർ വളരുക. അവരുടെ ഈ വിഷയത്തിലുള്ള അറിവുകൾ വികസിപ്പിക്കാനാവശ്യമായ കാസറ്റുകളും ഇപ്പോൾത്തന്നെ വേണ്ടുവോളം മാർക്കറ്റിലുണ്ട്. നീലച്ചിത്രങ്ങൾ കാണുന്നവരുടെയും കാണാനാഗ്രഹിക്കുന്നവരുടെയും എണ്ണം കൂടുകയാണെന്നുകൂടി നമുക്കിവിടെ ഓർക്കാം. വിദേശത്തുനിന്നു വരുന്ന ലൈംഗിക വൈകൃതം ചിത്രീകരിക്കുന്ന നീലച്ചിത്രങ്ങളും മലയാളത്തിലിറങ്ങുന്ന മഞ്ഞപ്പുസ്തകങ്ങളും മദ്യപാനവുമാണ് കൂട്ടബലാത്സംഗത്തിന്റെ പ്രേരണകളിലൊന്ന് എന്നു പാവം സൈക്കോളജിസ്റ്റ് കണ്ടെത്തുന്നു. ഒരായുസ്സിന്റെ സുഖത്തിനപ്പുറത്ത് ഇന്നത്തെ മനുഷ്യമനസ്സ് നീളുന്നേയില്ലെന്ന് വൈദികൻ പറയുന്നു. ചെറുപ്പക്കാർക്കു നന്മ നിറഞ്ഞ ജീവിതസങ്കല്പങ്ങളില്ലെന്ന് സോഷ്യോളജിസ്റ്റ് പറയുന്നു. എന്തായാലും നീലച്ചിത്രങ്ങളും മഞ്ഞപ്പുസ്തകങ്ങളും മദ്യവും കൂട്ടുചേർന്ന ഒരു ജീവിതരീതിയുണ്ട് ഇന്നു ചെറുപ്പക്കാരുടെ ഇടയിൽ. ഈ ജീവിതരീതിക്കു നന്മയുടെ മൂല്യങ്ങൾ സ്വീകരിക്കാനാവില്ല; ജീവിതാനന്ദത്തെക്കുറിച്ചുള്ള അല്ലെങ്കിൽ ഊട്ടിവളർത്തുകയും ചെയ്യും. മാത്രവുമല്ല. മനസ്സിനെ സ്വന്തം ശരീരത്തിന്റെയും സാമൂഹ്യ വ്യക്തിത്വത്തിന്റെയും ശത്രുവാക്കി മാറ്റുകയും ചെയ്യും. ഈ ശത്രുവായിരിക്കില്ലേ കൂട്ടബലാത്സംഗത്തിനു മുതിരുന്നത്? ലൈംഗികവേഴ്ചയിലെ ആനന്ദത്തിനുവേണ്ടിയുള്ളതല്ല ബലാത്സംഗം. അതൊരു രോഗമാണ്.

രോഗത്തെക്കുറിച്ചു വേണ്ടപ്പെട്ടവർ ആലോചിക്കട്ടെ.

'അവൾ'ക്ക് ഇന്നു നമ്മുടെ സമൂഹത്തിൽ രക്ഷയില്ല. 'അവന്മാ'രുടെ ലോകത്ത് അവൾ നിസ്സഹായയാണ്.' അവന്മാർ അവളെ കൂട്ടബലാത്സംഗത്തിനിരയാക്കി കൊന്നു കുറ്റിക്കാട്ടിൽ വലിച്ചെറിയുകയാണ്. അവളുടെ ഈ വിധിക്കെതിരേ പൊരുതാൻ ഇവിടെ ബഹുജനപ്രസ്ഥാനങ്ങളോ, രാഷ്ട്രീയപ്പാർട്ടികളോ ഇല്ല. ഇതൊക്കെ പൊലീസിന്റെ ഒരു വിഷയം മാത്രമായി മാറുന്നു. കുടിയാൽ ചില വനിതാസംഘടനകളുടെയും.

സ്ത്രീത്വത്തിന്റെ നിലവിളിക്കിടയിലൂടെ കേരളം വളരുകയാണ്.

(6–ാം പേജിൽ നിന്നും തുടർച്ച)

- പിരിച്ചുവിട്ട് അതിലെ എല്ലാവരും യഥാർത്ഥ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലേക്ക് - ജന്തർമന്തറിൽ ആപ്പിസുമായിരുന്ന യഥാർത്ഥ കോൺഗ്രസ്സിലേക്കു തിരിച്ചുപോവുക. 1969–ൽ ഇന്ദിരയെ പുറന്തള്ളുന്നതിന് മുമ്പുണ്ടായിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലേക്ക്. പഴയ ഭരണഘടനയനുസരിച്ച് ആളൂ വീതം 25 പൈസയുടെ ചെലവേയുള്ളൂ. പഴയ നാലണ അംഗത്വം. അവിടെയുംനരസിംഹറാവുവിന് പ്രസിഡന്റായും വയലാർ രവിക്ക് കെ. പി. സി. സി. പ്രസിഡന്റായും തുടരാം.

അതുവരെ നൂറുവർഷത്തെ പാരമ്പര്യം എന്ന ഡയലോഗൊക്കെ പള്ളിയിൽ പോയി പറഞ്ഞാൽ മാത്രം മതി. ചരിത്രമറിയാവുന്നവരുടെയടുത്തു ചെലവാകില്ല.

"1969–ന് മുമ്പു പോയവർ വരണ്ട" എന്നു വർക്കിംഗ് കമ്മിറ്റി പറയുന്നത് 48–ലെ കൽക്കട്ടാ തീസിസ്സിന്റെ കാലത്ത് സി. എം. പി വിട്ടുപോയ സഖാക്കൾക്ക് നമ്മുടെ പാർട്ടിയിലേക്ക് തിരിച്ചുവരാൻ പറ്റില്ല എന്ന് എം.വി. രാഘവൻ പ്രസ്താവനയിറക്കുന്ന പോലാണ്. കാരണം. കൽക്കട്ടാ തീസിസിന്റെ കാലത്ത് സി. എം. പി. പോയിട്ട് മാർക്സിസ്റ്റ് പാർട്ടി പോലുമുണ്ടായിരുന്നില്ല.

ഇതാണ് ഇന്ദിരാ കോൺഗ്രസ്സുകാർക്ക് 1969–ന്റെ പ്രാധാന്യം.



എം. കൃഷ്ണൻനായർ

സാഹിത്യവാരഫലം

യുദ്ധം മണൽക്കാടാക്കി മാറ്റിയ ഒരു രാജ്യത്തിന്റെ യാതനകളെ അത്യുക്തികൾ കൂടാതെ യഥാതഥമായി ചിത്രീകരിച്ച് അവിടെക്കിടന്നു പിടയുന്ന മനുഷ്യരെ ചലച്ചിത്രത്തിലെ രംഗങ്ങൾപോലെ ആലേഖനം ചെയ്ത് മനുഷ്യത്വത്തിന്റെയും ആധ്യാത്മികാനുഭവത്തിന്റെയും ആവശ്യകതയെ പരോക്ഷമായും പ്രത്യക്ഷമായും ഉദ്ബോധിപ്പിക്കുന്ന മഹാനായ നോവലിസ്റ്റാണ് ബോയിൽ.

സാഹിത്യരചനയ്ക്ക് 1972-ലെ നോബൽസമ്മാനം നേടിയ ജർമ്മനെഴുത്തുകാരൻ ഹൈൻറിഹ് ബോയിലിന്റെ 'The silent Angel' എന്ന നോവൽ മരണാനന്തരപ്രസാധനമാണ്. 1950-ൽ ജർമ്മൻ പ്രസാധകർ ഇതിന്റെ പ്രസിദ്ധീകരണം നിരാകരിച്ചു. വൈശിഷ്ട്യമുള്ള ഈ നോവൽ അവർ പ്രസിദ്ധപ്പെടുത്താത്തതിന്റെ കാരണം എന്തെന്ന് ഇതെഴുതുന്ന ആളിന് അറിഞ്ഞുകൂടാ. ബോയിലിന്റെ മരണത്തിനുശേഷം പത്തുകൊല്ലം കഴിഞ്ഞിട്ടാണ് അതു പ്രകാശിപ്പിക്കപ്പെട്ടത്. അമേരിക്കൻ ഐക്യനാടുകളിലെ Picador പ്രസാധകർ അതിന്റെ ഇംഗ്ളീഷ് തർജ്ജമ ഇപ്പോൾ അനുവാചകലോകത്തിനു നല്കിയിരിക്കുന്നു. അച്ചടിച്ചുകാണാൻ ബോയിലിനു കഴിയാതെ പോയ ഈ നോവൽ ഭാഗ്യംകൊണ്ടു മാത്രമാണ് നമുക്കിപ്പോൾ കിട്ടിയത്. അത്രയ്ക്ക് ഇത് ഉത്കൃഷ്ടമാണ്, മനോഹരമാണ്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ജർമ്മനിക്കു വന്ന കെടുതികളെയും സംസ്കാരലോപത്തെയും ചിത്രീകരിച്ച് ആധ്യാത്മികമാനങ്ങൾ ആവിഷ്കരിക്കുന്ന കാവ്യങ്ങളും ചെറുകഥകളും നോവലുകളും ബോയിൽ നമുക്കു സമ്മാനിച്ചു. ഭൗതികമാനങ്ങൾ ഉള്ള രചനകൾ നമുക്ക് ആഹ്ളാദം നല്കിയെന്നു വരാം. എന്നാൽ ആധ്യാത്മികത്വത്തിന്റെ പരിവേഷമുള്ള കൃതികൾ നമുക്കു സാംസ്കാരിക ചക്രവാളം വികസിപ്പിച്ചുതരുന്നു; മാനസികമായ ഔന്നത്യം നല്കുന്നു. വായിച്ചുകഴിയുമ്പോൾ ഹൃദയസമ്പന്നത കൈവന്ന തോന്നൽ. ആ വിധത്തിലുള്ള നോവലാണ് ബോയിലിന്റെ The Silent Angel. (The Silent Angel-Heinrich Boll 1917-1985, Translated by Breon Mitchell-Picador, USA Pages 182-Rs 395 = 00)

—നോവലിലെ പ്രധാന കഥാപാത്രമായ ഹാന്റ്സ് ഷ്നിറ്റ്സ്ളർ (Hans Schnitzler) അമേരിക്കൻ സൈനികരാൽ നിഗ്രഹിക്കപ്പെട്ട ഗൊംപർട്സിന്റെ (Gompertz) വിധവ ഏലീസ്സാബെറ്റിനോട് (Elisabeth) അവളുടെ ഭർത്താവിനെക്കുറിച്ചു പറയുന്നു: "അദ്ദേഹം എന്റെ മരണത്തെ എന്നിൽ നിന്നു കൊള്ളയടിച്ചു. നിങ്ങളുടെ ഭർത്താവ് എന്റെ മരണത്തെ മോഷ്ടിച്ചു.... അത് ധീരന്റെ മരണമായിരുന്നു. യഥാർത്ഥ ധീരന്റെ മരണം. എനിക്കറിയാം എനിക്കതിന് അവകാശമില്ലെന്ന്. ഞാൻ ജീവിക്കണമെന്ന് [അദ്ദേഹം] വിചാരിച്ചു. എനിക്കു ജീവിക്കണമെന്നുമുണ്ടായിരുന്നു. എനിക്കു ജീവിതം നല്കണമെന്നും അദ്ദേഹത്തിന് ഉദ്ദേശ്യമുണ്ടായിരുന്നു. ഒരുവന്റെ മരണം മോഷ്ടിച്ച് അയാൾക്കു ജീവിതം നല്കാൻ വേറൊരാളിനു കഴിയുമെന്ന് ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു."

എങ്ങനെയാണ് ഹാന്റ്സിന്റെ മരണം ഗൊംപർട്സ് മോഷ്ടിച്ചത്? അമേരിക്കക്കാർ അടുത്തുവരുന്നു. പീരങ്കികളുടെ ശബ്ദം കേൾക്കുന്നു. ഹാന്റ്സ് വെടിയേറ്റു മരിക്കാൻ വയ്ക്കോൽപ്പുരയിൽ സന്നദ്ധനായി കിടക്കുകയാണ്. ഗൊംപർട്സ് ഫ്ളാഷ്ലൈറ്റുമായി വന്നു ഹാന്റ്സിനോടു പറഞ്ഞു: "എഴുന്നേല്ക്കൂ. നിങ്ങൾക്കു മരിക്കണമെന്നില്ല. അല്ലേ?" "ഇല്ല" എന്നു ഹാന്റ്സ് മറുപടി പറഞ്ഞു. ഗൊംപർട്സ് തന്റെ കോട്ട് ഹാന്റ്സിനെ ധരിപ്പിച്ചു. ഹാന്റ്സിന്റെ കോട്ട് അയാളും ധരിച്ചു. "പോകൂ" എന്ന് മരിക്കാൻ വന്ന ആളിന്റെ ആജ്ഞ. പോയി. ഗൊംപർട്സ് വെടിയേറ്റു മരിക്കുകയും ചെയ്തു.

ഏറെ വൈഷമ്യമനുഭവിച്ച് ഹാന്റ്സ് തനിക്കു ജീവിതം നല്കിയ ഗൊംപർട്സിന്റെ വിധവയെ കണ്ടുപിടിച്ചു കോട്ടെടുത്തു നല്കി. അവൾ കത്തികൊണ്ട് അതിന്റെ ലൈനിങ് കീറി അകത്തുനിന്നു മരണപത്രമെടുത്തു. അതിൽ എഴുതിയിരുന്നു: സ്ഥലം അജ്ഞാതം. മേ 6, 1945 താഴെ ഒപ്പ് ഇട്ടിരിക്കുന്ന വില്ലി ഗൊംപർട്സ് എന്ന ഞാൻ മനസ്സിനും ശരീരത്തിനുമുള്ള തികഞ്ഞ ആരോഗ്യത്തോടെ എന്റെ എല്ലാ വസ്തുക്കളുടെയും അവകാശം എന്റെ ഭാര്യ ഏലീസ്സാബെറ്റ് ഗൊംപർട്സിന് ഇതിനാൽ നല്കിയിരിക്കുന്നു. വില്ലി ഗൊംപർട്സ്, സാജെന്റ്.

രോഗിണിയാണ് ഏലീസ്സാബെറ്റ്. നോവലിന്റെ പര്യവസാനത്തോട് അടുപ്പിച്ച് അവളുടെ മരണത്തിന്റെ വർണ്ണനയുണ്ട്: വേദന. മൃഗീയമായ, തകർക്കുന്ന വേദന. രോഗിണിയുടെ ആന്തരാവയവം പൊട്ടി രക്തം- കറുത്ത രക്തം-വായിലൂടെ പുറത്തേക്കു ചാടി. ക്രിസ്തുവിന്റെ ക്രൂശിതരൂപത്തിന്റെ അടിത്തട്ടിലേക്ക് അതു ശക്തിയാർന്ന് ഒഴുകി. ഒരു മെഴുകുതിരിയെ അതു മലിനമാക്കി. ചോരയുടെ ഏറിയഭാഗവും കിടക്കയുടെ ഒരുവശത്തുകൂടെ താഴേക്ക് ഒഴുകി തളംകെട്ടിനിന്നു. കന്യാസ്ത്രീയുടെ തിളങ്ങുന്ന പാദരക്ഷ അതിൽ ദ്വീപുപോലെ കാണപ്പെട്ടു. അടുത്തെത്തിയ പുരോഹിതനോട് അവൾ പറഞ്ഞു: "ധനം. എനിക്കു ധാരാളം പണമുണ്ട്. ഞാനത് അങ്ങയ്ക്കു തരുന്നു. അങ്ങ് ഞാൻ പറയുന്നതു കേൾക്കുന്നുണ്ടോ?" ഭർത്താവ് തന്റെ അടുത്തു നില്ക്കുന്നതുപോലെ അവൾക്കു തോന്നി. സാജെന്റ് എന്ന നിലയിൽ അയാൾ നേടിയ കീർത്തിമുദ്രകൾ ഇരുട്ടിൽ തിളങ്ങുന്നതുപോലെയും. അയാൾ അവളോടു പറഞ്ഞു:- "അൾത്താരയെ സ്നേഹിക്കുന്നതുപോലെ ഞാൻ നിന്നെ സ്നേഹിക്കുന്നു..... നമ്മൾ ഇനി അന്യോന്യം കാണുകില്ല" രക്തം 'ആർക്ക്' പോലെ മുകളിലേക്കു ചാടി. കുടുക്കളിടാത്ത ളോഹയുടെ അടിയിലുള്ള ഷേർട്-പുരോഹിതന്റെ ഷേർടാകെ-നാറുന്ന, വെറുപ്പുണ്ടാക്കുന്ന ചോരയാൽ നനഞ്ഞു. 'മരിച്ചോ അവൾ?' എന്ന് പുരോഹിതന്റെ മൃദുലമായ ചോദ്യം. കൃശമായ, ഇരുണ്ട ഒരു രൂപം അവിടെയെത്തി. അച്ചനാവാം. കന്യാസ്ത്രീ സ്ഥലമൊഴിഞ്ഞുകൊടുത്തു. അയാൾ മരിച്ച സ്ത്രീയെ കണ്ടു. പിന്നെയും ഉള്ളിൽനിന്നു രക്തം ചാടിയേക്കുമെന്നുള്ള മട്ടിൽ വാ തുറന്നിരിക്കുന്നു. വേദനയാൽ പിടഞ്ഞ മുഖം മൃതദേഹത്തിന്. അനന്തമായ ക്ഷീണം അതിൽ കാണാം.

യുദ്ധം മണൽക്കാടാക്കി മാറ്റിയ ഒരു രാജ്യത്തിന്റെ യാതനകളെ അത്യുക്തികൾ കൂടാതെ യഥാതഥമായി ചിത്രീകരിച്ച് അവിടെക്കിടന്നു പിടയുന്ന മനുഷ്യരെ ചലച്ചിത്രത്തിലെ രംഗങ്ങൾപോലെ ആലേഖനം ചെയ്ത് മനുഷ്യത്വത്തിന്റെയും ആധ്യാത്മികാനുഭവത്തിന്റെയും ആവശ്യകതയെ പരോക്ഷമായും പ്രത്യക്ഷമായും ഉദ്ബോധിപ്പിക്കുന്ന മഹാനായ നോവലിസ്റ്റാണ് ബോയിൽ. ഒരു സൈനികോദ്യോഗസ്ഥൻ മറ്റൊരാൾക്കുവേണ്ടി ജീവൻ തൃജിക്കുന്നത് മനുഷ്യത്വത്തിന്റെ പേരിൽ മാത്രമല്ല, ദയയുടെ പേരിൽ മാത്രമല്ല. അന്യർ കൈവശപ്പെടുത്താവുന്ന തന്റെ ധനം താൻ സ്നേഹിക്കുന്ന ഭാര്യയ്ക്കുതന്നെ കിട്ടണമെന്ന ആഗ്രഹത്താലുമാണ്. ലൈനിങ്ങിന്റെ അകത്തുവച്ച മരണപത്രം കോട്ടുകൾ അന്യോന്യം മാറിയാലേ ഭാര്യയ്ക്കു കിട്ടൂ. പക്ഷേ അവൾ അതിനകം മാരകമായ രോഗത്തിനു വിധേയയായിക്കഴിഞ്ഞു. ആ ധനം അവൾ ആധ്യാത്മികതയുടെ പ്രതിരൂപമായ ഒരു വ്യക്തിക്കു നല്കിയിട്ടാണ് അന്ത്യശ്വാസം വലിക്കുന്നത്. സ്നേഹം ജയിക്കുന്നെങ്കിലും ആധ്യാത്മികത ജയിക്കുന്നുണ്ടോ? ക്രൈസ്തവസന്ന്യാർഗ്ഗനിരതനാണ് ബോയിൽ. പക്ഷേ ക്രൂരനായ മനുഷ്യൻ വരുത്തിക്കൂട്ടുന്ന പാതകങ്ങൾ ആധ്യാത്മികതയെയും മലീമസമാക്കുന്നു. രോഗാണുക്കൾ നിറഞ്ഞ, നാറ്റമാർന്ന രക്തം തെറിച്ചുവീഴുന്നത് പുരോഹിതന്റെ ഷേർടിലേക്കാണ്. അവളുടെ രോഗംതന്നെ യുദ്ധത്തിന്റെ ഫലമല്ലേ? പീരങ്കിവെടിയേറ്റു മാത്രമല്ല, ബോംബുകൊണ്ടു മാത്രമല്ല ജനത മരിക്കുന്നത്. വിശപ്പുകൊണ്ടുംകൂടിയാണ്. വിധവയെ അന്വേഷിച്ചു നടക്കുന്ന ഹാന്റ്സിനു കിട്ടിയ റൊട്ടി അയാൾ ഭക്ഷിക്കുന്നത് എങ്ങനെയെന്നു കാണുക:-

"Then he buried his teeth in the soft, uneven place where the bread had been broken and bit in. The loaf was old, at least four or five days old, perhaps even older, plain brown bread bearing some bakery's red paper label; but it tasted so sweet. He bit in even more deeply, taking the leathery, brown crust into his mouth as well; then he seized the loaf in his hand and tore off a new piece. While he ate with his right hand he held the loaf fast in his left, as if someone might come and try to take it from him and he saw his hand lying on the bread, thin and dirty, with a deep scratch that was soiled and scabbed.




ബോയിൽ

ക്നൂട്ട് ഹാംസൂണിന്റെ 'Hunger' എന്ന നോവലിൽപ്പോലും വിശപ്പിനെ ഇത്രത്തോളം ശക്തിയോടെ വർണ്ണിച്ചിട്ടില്ല. യുദ്ധം ഓരോ വ്യക്തിക്കും ഇത്തരം ഭീതിദമായ വിശപ്പുണ്ടാക്കുമ്പോൾ ആധ്യാത്മികതയ്ക്കു സ്ഥാനമെവിടെ?

നോവലിന്റെ ആരംഭത്തിൽ ഒരു മാലാഖപ്രതിമയുടെ വർണ്ണനമുണ്ട്. ഹാന്റ്സാണ് അതിനെ ആദ്യമായി കാണുന്നത്. താഴോട്ട് ഒഴുകുന്ന തലമുടിച്ചുരുളുകളോടെ കൈയിൽ ലില്ലിപ്പുഷ്പം പിടിച്ച് അതു നില്ക്കുകയാണ്. കല്ലുകൊണ്ടുണ്ടാക്കിയ ആ പ്രതിമയെയാണ് ഹാന്റ്സ് ആദ്യമായി കണ്ടത്. അതിന്റെ മുഖവും തലമുടിയും പൊടികൊണ്ടു മൂടപ്പെട്ടിരിക്കുന്നു. ആധ്യാത്മികതയ്ക്കു വന്ന ജീർണ്ണതയെ ഇങ്ങനെയാണ് ബോയിൽ സൂചിപ്പിക്കുന്നത്. നോവലിന്റെ അവസാനത്തിലും പ്രതിമയുടെ ദുരവസ്ഥ വിവരിക്കപ്പെടുന്നുണ്ട്. അതിന്റെ മുഖം മലിനജലത്തിൽ മുങ്ങിയിരിക്കുന്നു. കവിളിൽ ചെളി. പ്രതിമയിൽ ഇരുന്ന രണ്ടുപേരുടെ ഭാരത്താൽ അതു ക്രമേണ താഴ്ന്നുവന്നു. സന്മാർഗ്ഗത്തിനും ആധ്യാത്മികതയ്ക്കും സംഭവിച്ച ജീർണ്ണതയെ ഈ പ്രതിമയുടെ ദുഃസ്ഥിതിയിലൂടെ ബോയിൽ പ്രകടിപ്പിക്കുമ്പോൾ നോവലിന്റെ The Silent Angel എന്ന പേര് സാർത്ഥകംതന്നെയെന്നു വായനക്കാർ പ്രഖ്യാപിക്കുന്നു. ഹൃദയത്തിന്റെ അടിത്തട്ടിലേക്കു ചെല്ലുന്ന ഒരു പ്രേമകഥയും ഇതിലുണ്ട്. ഹാന്റ്സിന് ഒരു യുവതിയോടു തോന്നുന്ന സ്നേഹം. അവരെ വിവാഹം കഴിപ്പിക്കാൻ യത്നിക്കുന്ന പുരോഹിതൻ പറയുന്നു:- "വിരസത ഈശ്വരനിൽനിന്നല്ല വരുന്നത്..... നിങ്ങൾക്കു വൈരസ്യമുണ്ടാകുമ്പോൾ പ്രാർത്ഥിക്കൂ. അപ്പോൾ കൂടുതൽ വിരസതയുണ്ടായാൽ പ്രാർത്ഥന തുടർന്നുകൊണ്ടിരിക്കൂ. ഒരു സന്ദർഭത്തിൽ അതു പ്രയോജനം ചെയ്യും. വിവാഹം കഴിക്കൂ."

റോമൻ കത്തോലിക്കനായി ജനിച്ച ബോയിൽ ജീവിതാന്ത്യംവരെ കത്തോലിക്കനായി വർത്തിച്ചെങ്കിലും മതത്തെസ്സംബന്ധിച്ച അന്ധത്വം അദ്ദേഹത്തിനില്ലായിരുന്നു. മതത്തെയും പള്ളിയെയും അദ്ദേഹം വിമർശിച്ചു: ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തെയും സ്വേച്ഛാധികാരത്തെയും വിമർശിച്ചതുപോലെ. മതത്തെസ്സംബന്ധിച്ച അന്ധത്വം അദ്ദേഹത്തിനുണ്ടായിരുന്നെങ്കിൽ ഈ നോവൽ ഇത്രകണ്ടു ഹൃദ്യമാകുമായിരുന്നില്ല. ഈ കലാശില്പത്തിൽ ഒരു ആന്തരപ്രവാഹമുണ്ട്. അതു പരിഹാസത്തിന്റേതാണ്. ബോയിലിന്റെ ഒരു ചെറുകഥ:- സന്തോഷം നിറഞ്ഞ മുഖം പ്രദർശിപ്പിച്ച ഒരുത്തനെ അധികാരികൾ ജയിലിൽ അയയ്ക്കുന്നു. രാഷ്ട്രവ്യവഹാരത്തിന്റെ പരിതഃസ്ഥിതികൾ മാറിയപ്പോൾ, വിഷാദഭരിതമായ മുഖം അയാൾ കാണിച്ചു എന്നതിന്റെ പേരിൽ അയാളെ വിണ്ടും ജയിലിൽ ആക്കുന്നു. ഈ ചെറുകഥയിലെ പരിഹാസംതന്നെ ഈ നോവലിലും കാണാം വായനക്കാർക്ക്. സ്നേഹത്തിനും സ്വാതന്ത്ര്യത്തിനും ആധ്യാത്മികതയ്ക്കും പരമപ്രാധാന്യം കല്പിച്ച ബോയിലിനെ ഗുന്റർഗ്രാസ്സിനെക്കാൾ വലിയ കലാകാരനായി ഞാൻ കാണുന്നു.

ചോദ്യം, ഉത്തരം

"മാനുഷ്യത്തുള്ളവളെ എങ്ങനെ തിരിച്ചറിയാം?"

"അറിഞ്ഞും അറിയാതെയും സാരിയുടെ അടിയിലുടുത്ത പാവാടയുടെ അറ്റംപോലും മറ്റുള്ളവരെ കാണിക്കാത്തവൾ മാന്യ."

"സ്ത്രീക്കോ പുരുഷനോ ക്ഷമ കൂടുതൽ?"

"സ്ത്രീക്ക്. നൂറ്റിനു തൊണ്ണൂറ്റിയൊൻപതു ഭർത്താക്കന്മാരും 'വ്യത്തികെട്ടവന്മാ'രാണ്. അവരുടെ ആ 'വൃത്തികേടു'കളെ മനസ്സിലാക്കി ക്ഷമയോടുകൂടി കഴിയുന്നവളാണ് സ്ത്രീ."

"കേരളത്തിൽ എത്ര മഹാകവികളുണ്ട്?"

"എത്രയുണ്ടെന്ന് അറിഞ്ഞുകൂടാ. നൂറു താമരപ്പൂക്കൾ ജലാശയത്തിലുണ്ടെങ്കിൽ അവയുടെ താഴെയായി നൂറു പ്രതിഫലനങ്ങൾ കാണും. മഹാകവികളുടെ പ്രതിഫലനങ്ങളാണ് അവരുടെ കാവ്യങ്ങൾ വായിക്കുന്ന ആളുകൾ. അതുകൊണ്ട് സഹൃദയരായ ആ ആളുകളെ എണ്ണിനോക്കുക. അത്രയും മഹാകവികളുമുണ്ടെന്നു മനസ്സിലാകും."

"തികച്ചും സുന്ദരമായ കാഴ്ചയേത്?"

"പ്രകാശവർഷങ്ങൾക്കപ്പുറത്തു നില്ക്കുന്ന നക്ഷത്രത്തിലേക്കു നീണ്ടുപോകുന്ന പ്രകാശരേഖയുടെ ഏണി. അതിൽ കയറിനോക്കു. നക്ഷത്രത്തിലെത്താം. ട്ടല്ലുരേഖപോലെ നീണ്ടുകിടക്കുന്ന ഒറ്റയടിപ്പാത. അതവസാനിക്കുന്നിടത്ത് ഒരാൽമരം. ദൂരെനിന്നു നോക്കുമ്പോൾ ചെറുതായി കാണുന്ന ആ മരം നടന്നടുക്കുമ്പോൾ വലുതായി വലുതായി വരും. ഇതൊക്കെയാണു സുന്ദരമായ കാഴ്ചകൾ."

"ഊമക്കത്തുകളും തെറിപറച്ചിലും ഇപ്പോഴും നിങ്ങളെ അലട്ടുന്നുണ്ടോ?"

"യൗവനകാലത്ത് പേപ്പട്ടി കടിക്കുന്നതുപോലെ തോന്നിയിരുന്നു. പേരില്ലാത്ത കത്തുകൾ വരുമ്പോൾ, തെറി നേരിട്ടും അല്ലാതെയും പറയുമ്പോൾ. കാലം കഴിഞ്ഞപ്പോൾ അവ കൊതുകുകടിക്കുമ്പോലെ തോന്നി. ഇക്കാലത്ത് കൊതുകു വന്നിരിക്കുന്നതു ഞാൻ അറിയുന്നില്ല. കടിച്ചാലും വേദനയില്ല. പ്രായം നല്കുന്ന പരിപാകം."

"കലാസൃഷ്ടി പ്രസരിപ്പിക്കുന്ന പ്രകാശത്തിൽ നിങ്ങൾ എപ്പോഴും മുങ്ങിനില്ക്കുകയാണ് അല്ലേ?"

"എപ്പോഴുമില്ല. വല്ലപ്പോഴും മാത്രം. നമ്മുടെ ഇപ്പോഴത്തെ തീപ്പെട്ടികൾപോലെയാണു കലാസൃഷ്ടികൾ. പല കൊള്ളികളിലും മരുന്നു കാണില്ല. മരുന്നുണ്ടെങ്കിൽ ഉരച്ചാൽ കത്തുകില്ല. കത്തിയാൽ കമ്പിൽ അതു നിന്നു കത്തുകില്ല. കൊള്ളിയുടെ അറ്റത്തുള്ള മരുന്നിനു തീപിടിച്ചാൽ അതു പലപ്പോഴും തെറിച്ചുപോകും. തീപ്പെട്ടി വ്യവസായം നടത്തുന്നവരെ സർക്കാർ പിടികൂടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കലാസൃഷ്ടിയുടെ കാര്യത്തിലും ഇതു ശരിയാണ്."



ഡോ: കെ. ഭാസ്കരൻനായർ

"സ്ത്രീക്കോ പുരുഷനോ ക്ഷമ കൂടുതൽ?" "സ്ത്രീക്ക്. നൂറ്റിനു തൊണ്ണൂറ്റിയൊൻപതു ഭർത്താക്കന്മാരും 'വ്യത്തികെട്ടവന്മാ'രാണ്. അവരുടെ ആ 'വൃത്തികേടു'കളെ മനസ്സിലാക്കി ക്ഷമയോടുകൂടി കഴിയുന്നവളാണ് സ്ത്രീ."

ഡോക്ടർ കെ. ഭാസ്കരൻനായർ, പ്രഫെസർ എം.കെ. സാനു

ഈ ലേഖകൻ അത്യാഹ്ലാദത്തോടെ പ്രഫെസർ എം.കെ. സാനുവിനെ വിനയപൂർവം അഭിനന്ദിക്കുന്നു. എന്തിനെന്നല്ലേ? അദ്ദേഹം കുങ്കുമം വാരികയിൽ ഡോക്ടർ കെ. ഭാസ്കരൻനായരെക്കുറിച്ചു നിഷ്പക്ഷമായും അന്തരംഗസ്പർശിയായും എഴുതിയതിന്. വലിയ എഴുത്തുകാരനാണ് എന്റെ ഗുരുനാഥനായ ഭാസ്കരൻനായർ സാറ്. അദ്ദേഹത്തിന്റെ ലേഖനങ്ങൾ വായിച്ചപ്പോഴാണ് മലയാളഭാഷയ്ക്ക് ഇത്ര ഭംഗിയുണ്ടെന്ന് എനിക്കു മനസ്സിലായത്. ഏതു ദുർഗ്രഹമായ ആശയത്തെയും കുഞ്ഞിനുപോലും മനസ്സിലാകുന്ന ഭാഷയിൽ ആവിഷ്കരിക്കാൻ കഴിയുമെന്ന്. സാറ് ശാസ്ത്രീയവിഷയം കൈകാര്യം ചെയ്യട്ടെ. കലയെക്കുറിച്ച് പ്രതിപാദനം നടത്തട്ടെ. സാമൂഹികങ്ങളായ വിഷയങ്ങൾ അവതരിപ്പിക്കട്ടെ. പടിഞ്ഞാറൻ സ്ഥലങ്ങളിലേക്കു പോയതിന്റെ അനുഭവങ്ങൾ വർണ്ണിക്കട്ടെ. ഏതും ചേതോഹരമായിരിക്കും. കേരളീയർ ക്രൂരമായി വിസ്മരിച്ച ഭാസ്കരൻനായർസാറിനെ അവരുടെ സ്മൃതിപഥത്തിലേക്കു പ്രത്യാനയിച്ച സാനു ഹൃദയശുദ്ധിയുള്ള എഴുത്തുകാരനാണ്. മറ്റാർക്കും തോന്നാത്ത കാര്യം അദ്ദേഹത്തിനു തോന്നി. ഹ്രസ്വമെങ്കിലും സമഗ്രസ്പർശിയായ ലേഖനത്തിലൂടെ അദ്ദേഹം ആശയസ്ഫുടീകരണം നടത്തുകയും ചെയ്തു.

സിദ്ധികൾ ഉണ്ടായിരുന്ന സാറിനെ സഹൃദയർ മനസ്സിൽനിന്നു നിഷ്കാസനം ചെയ്തതിനു കാരണമുണ്ട്. നീതിനിർവഹണത്തിലുള്ള അദ്ദേഹത്തിന്റെ തൽപരതയും അതു ജനിപ്പിച്ച കാർക്കശ്യവും അദ്ദേഹത്തിന് ഒരു പാടു ശത്രുക്കളെ നേടിക്കൊടുത്തിരുന്നു. ജന്തുശാസ്ത്രവകുപ്പിലെ കുറെ അധ്യാപകരുടെ ഏഷണിയിൽ സാറ് വീണുപോയെന്നും അഭിപ്രായമുണ്ട്. സംസ്കൃത കോളേജിൽവച്ചു കൂടിയ ഒരു സമ്മേളനത്തിൽ 'ഞാൻ അയാളെ സ്ഥലംമാറ്റും, ഇയാളെ മാറ്റും' എന്നൊക്കെ സാറ് പ്രസംഗത്തിനിടയിൽ പറഞ്ഞപ്പോൾ വേറൊരു പ്രഭാഷകനായിരുന്ന ശൂരനാട്ടു കുഞ്ഞൻപിള്ളസ്സാറ് "ആരെയും മാറ്റി കഷ്ടപ്പെടുത്തരുത്. പുണ്യക്ഷയമുണ്ടാകും" എന്ന് ഉപദേശിച്ചത് ഞാൻ എന്റെ കാതുകൊണ്ടു കേട്ടു. ഇതെല്ലാംകൊണ്ടു ഭാസ്കരൻനായർസ്സാറിന്റെ ഐച്ഛികവിഷയം ജന്തുശാസ്ത്രമല്ലായിരുന്നു. പരദ്രോഹമായിരുന്നു എന്നുവരെ ശത്രുക്കൾ പറഞ്ഞുപരത്തി. കൂടുതലായി ആ വിഷയത്തെക്കുറിച്ച് എഴുതുന്നതു ശരിയല്ല. അതെന്തായാലും അദ്ദേഹം മലയാള സാഹിത്യാന്തരീക്ഷത്തിലെ തിളങ്ങുന്ന നക്ഷത്രമാണ്: ധ്രുവനക്ഷത്രമാണ് എന്നു സമ്മതിച്ചേ തീരൂ. അദ്ദേഹത്തെക്കുറിച്ച് സാനുവെഴുതിയ ലേഖനം തിളങ്ങുന്നു.

യാഥാർത്ഥ്യം മൂന്നു തലത്തിൽ

എന്റെ നീരും ചോരയും ഇന്നത്തെപ്പോലെ വറ്റിയ കാലമല്ലായിരുന്നു അന്ന്. യൗവനകാലം. അക്കാലത്തു കണ്ണാടിയുടെ മുൻപിൽ ഞാൻ ഏറെനേരം ചെലവഴിച്ചിരുന്നു. സത്യം പറയട്ടെ ലജ്ജയോടുകൂടി. കണ്ണിനു കറുപ്പുകൂട്ടാൻ യുവതികളെപ്പോലെ കണ്ണെഴുതിയിരുന്നു. കാലം ചെല്ലുന്തോറും ശരീരത്തെസ്സംബന്ധിച്ച ഈ തൽപരത്വം കുറഞ്ഞുകുറഞ്ഞു വന്നു. ഇക്കാലത്ത് ഞാൻ കണ്ണാടി നോക്കുന്നതു സേഫ്റ്റി റേസ്സർ കൈയിലെടുക്കുമ്പോൾ മാത്രം. എന്നാൽ ചെറുപ്പകാലത്ത് ഇല്ലായിരുന്ന മനസ്സിന്റെ വികാസം ഇന്ന് ഏറെയുണ്ട് എനിക്ക്. അത് ഗ്രന്ഥപാരായണവും കലാസ്വാദനവും ജനിപ്പിച്ചതാണ്. മറ്റൊരു തരത്തിൽ പറയാം. ഭൗതിക യാഥാർത്ഥ്യമല്ല എനിക്കിന്നു പ്രധാനം: മാനസിക യാഥാർത്ഥ്യമാണ്. മാനസിക യാഥാർത്ഥ്യത്തിൽ അഭിരമിക്കുന്നവർ ഒന്നിനൊന്ന് ഉയരും. ഭൗതിക യാഥാർത്ഥ്യത്തിൽ അമിത കൗതുകമുള്ളവർ ക്രമേണ അധ:പതിക്കും. മാനസിക യാഥാർത്ഥ്യത്തിൽ തൽപരത്വമാർന്നവർക്കു കാറ് വേണ്ട. വലിയ കെട്ടിടം വേണ്ട. സർക്കാർ നല്കുന്ന സ്ഥാനമാനങ്ങൾ വേണ്ട. ഉത്കൃഷ്ടങ്ങളായ ഗ്രന്ഥങ്ങൾ നിറഞ്ഞ ഒരു കൊച്ചുമുറിയുടെ നടുക്കിരുന്ന് അയാൾ സ്വർഗ്ഗീയ സുഖം അനുഭവിക്കും.

കലാകാരന്മാർ മാനസികയാഥാർത്ഥ്യത്തിനു പ്രാധാന്യം കല്പിക്കുന്നവരാണ്. പക്ഷേ പലർക്കും അതിന്റെ സന്തതികളായ രചനകളുടെ ഗുണവും ദോഷവും കാണാൻ കഴിയുന്നില്ല എന്നതു നമുക്കു വേദനയുളവാക്കുന്നു.

ശ്രീ. മുണ്ടൂർ കൃഷ്ണൻകുട്ടിയെ ഞാൻ അടുത്തകാലത്ത് ആദ്യമായി കണ്ടു. എന്തൊരു നല്ല ആളാണ് അദ്ദേഹം. ചാരുതയാർന്ന ഒറ്റക്കഥകൊണ്ടു യശസ്സാർജ്ജിച്ച അദ്ദേഹത്തെ സന്തോഷത്തോടെ നോക്കിക്കൊണ്ടു ഞാൻ പശ്ചാത്താപത്തിന്റെ സ്വരത്തിൽ പറഞ്ഞു:- "താങ്കളെ അനുഗ്രഹിക്കുകയും നിഗ്രഹിക്കുകയും ചെയ്യുന്ന ആൾ" അടുത്ത ക്ഷണത്തിൽ എന്റെ അല്പത്വത്തിൽ എനിക്കു ലജ്ജ തോന്നി. അനുഗ്രഹിക്കാൻ ഞാനാര്? ഞാൻ കൃഷ്ണൻകുട്ടിയോടു ക്ഷമാപണസ്വരത്തിൽ എന്തോ പറഞ്ഞു. സംസ്കാരസമ്പന്നനായ അദ്ദേഹം എന്റെ പ്രസ്താവത്തെ നീതിമത്കരിക്കുന്ന രീതിയിൽ മറുപടി നല്കുകയും ചെയ്തു.

മാനസികയാഥാർത്ഥ്യത്തിനു യോജിച്ച വിധത്തിൽ കഥാരചന നിർവഹിക്കുന്ന മുണ്ടൂർ കൃഷ്ണൻകുട്ടി അതു പേക്ഷിച്ച് ഭൗതികയാഥാർത്ഥ്യത്തിന്റെ തലത്തിൽ എത്തിയ സന്ദർഭത്തിലാണ് 'സത്യം തിളയ്ക്കുന്ന പാത' (അതോ സത്യം തിളക്കുന്ന പാതയോ? ഇതാവാം ശരി) എന്ന കഥയെഴുതിയത്. പൊലിസിന്റെ നൃശംസത എന്ന അറുപഴഞ്ചൻ വിഷയം പ്രതിപാദിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു മാനസികയാഥാർത്ഥ്യമല്ല. സമ്പൂർണ്ണമായ ഭൗതികയാഥാർത്ഥ്യംതന്നെയാണ്. അതാവിഷ്കരിക്കുമ്പോഴും വിഷയത്തിലേക്ക് ഒരന്തർദൃഷ്ടിവ്യാപാരമുണ്ടായിരുന്നെങ്കിൽ ഈ വിമർശനം വേണ്ടിവരില്ലായിരുന്നു. കഥാകാരന്മാർ എഴുതിയേ തീരൂ എന്ന അവസ്ഥ വരുമ്പോൾ മാത്രമേ പേനയെടുക്കാവൂ. ഇല്ലെങ്കിൽ മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ കഥപോലെയുള്ള ഏറെക്കഥകൾ ആവിർഭവിക്കും. (കഥ ദേശാഭിമാനി വാർഷികപ്പതിപ്പിൽ) മാനസികയാഥാർത്ഥ്യത്തിനും മുകളിലാണ് ആധ്യാത്മികമായ യാഥാർത്ഥ്യം. ഏറെച്ചിന്തകർ അംഗീകരിച്ച ഈ വിഭജനം എന്റേതല്ലെന്നു ഞാൻ പറയേണ്ടതില്ലല്ലോ.



ജി. ശങ്കരക്കുറുപ്പ്

> കലാകാരന്മാർ മാനസിക യാഥാർത്ഥ്യത്തിനു പ്രാധാന്യം കല്പിക്കുന്നവരാണ്. പക്ഷേ പലർക്കും അതിന്റെ സന്തതികളായ രചനകളുടെ ഗുണവും ദോഷവും കാണാൻ കഴിയുന്നില്ല എന്നതു നമുക്കു വേദനയുളവാക്കുന്നു.

ദൂരെ നില്ക്കു

സാഹിത്യകാരന്മാരിൽ ഭ്രാന്തുവരും ചിലർക്ക്. അവരെ കാണാൻ, സംസാരിക്കാൻ; ഉന്മാദത്തോളമെത്തുന്നകൊതിയാണത്. എന്റെ യൗവനകാലത്ത് ഞാൻ ഇങ്ങനെയൊരു ഭ്രാന്തനായിരുന്നു. എന്റെകൂടെപ്പാഠിച്ച ശ്രീ. ജോസഫ് പതിനൊന്നാമ്മം എന്ന എഴുത്തുകാരനു വന്ന മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ ദീർഘമായ ഒരെഴുത്തു ഞാൻ വായിച്ചതോടെയാണ് എനിക്ക് ആ ഭ്രാന്ത് തുടങ്ങിയത്. ഞാൻ മഹാകവിക്ക് എഴുത്തുകൾ അയച്ചുതുടങ്ങി. തനിക്കവിതയായ (ഗദ്യത്തിലെഴുതിയ കവിതകൾ) മറുപടികൾ കിട്ടി. പലരെയും ഞാനവ കാണിച്ചു. അഭിമാനിച്ചു. ജി തിരുവനന്തപുരത്തു താമസമായപ്പോൾ ദിവസവും ഞാൻ അദ്ദേഹത്തെ സന്ദർശനങ്ങൾകൊണ്ടു ശല്യപ്പെടുത്തി. ഒരിക്കൽ അദ്ദേഹം കാശ്മീരിൽ പോയിട്ടു തിരിച്ചുവന്നു തിരുവനന്തപുരത്തെ ഡി.പി.ഐ ഓഫീസിനടുത്തുള്ള വീട്ടിലേക്കു കയറിയതേയുള്ളൂ. അദ്ദേഹത്തെ കാണാനുള്ള ആർത്തിയോടെ ഞാൻ പിറകെചെന്നു പുമുഖത്തു നില്പായി. അല്പം കഴിഞ്ഞപ്പോൾ ഒരാൾ വന്നു പറഞ്ഞു "അദ്ദേഹം ഇവിടെയില്ല." ജി വീട്ടിലേക്കു കയറിപ്പോകുന്നതു കണ്ട ഞാൻ കുറെനേരം സ്തംഭിച്ചുനിന്നു. എന്നിട്ട് ഒന്നും പറയാതെ റോഡിലേക്കു പോന്നു. മസ്തിഷ്കത്തിന്റെ ഒരു ഭാഗം വികസിക്കുമ്പോൾ മഹാകവിത്വം. വേറൊരു ഭാഗം വികസിക്കുമ്പോൾ ശാസ്ത്രകാരൻ. മറ്റൊരു ഭാഗം വികസിക്കുമ്പോൾ രാജ്യതന്ത്രജ്ഞൻ അല്ലെങ്കിൽ തത്ത്വചിന്തകൻ. അത്രേയുള്ളു. ബാക്കി കാര്യങ്ങളിലൊക്കെ ഇവരെല്ലാം സാധാരണ മനുഷ്യരെപ്പോലെയാണ്. അതുകൊണ്ട് ഇവരിൽനിന്നൊക്കെ ദൂരെ നില്ക്കുന്നതാണ് നല്ലത്. അല്ലെങ്കിൽ ദു:ഖവും മോഹഭംഗവും ഉണ്ടാകും.

പാപവും പരിഹാരവും

(16-ാം പേജിൽ നിന്നും)

അങ്ങനെ ആകുമ്പോൾ ആ സ്ഥാപനം കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള ഏർപ്പാട് ആ സംഘം ഏറ്റെടുത്തുകൊള്ളും. ഇത് അടിയന്തിരമായി ചെയ്യേണ്ട ഒരു കാര്യമാണെന്ന് എനിക്കു തോന്നുന്നു.

സംഘത്തിന്റെ ഭരണം ഫലപ്രദമാക്കുന്നതിന് സംഘം ജോലിക്കാരുടെ മേൽ പൂർണ്ണാധികാരമുള്ള ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കേണ്ടത് വളരെ അത്യാവശ്യമാണ്. സ്ഥാപനത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് അത് കൂടിയേതീരൂ.

അവസാനമായി ഇത്രമാത്രം. സംഘം നശിക്കുന്നത് നമുക്ക് അപമാനമാണ്. ആപല്ക്കരമാണ്. അത് മനസ്സിൽ കരുതി അംഗങ്ങൾ പെരുമാറുക. നാം തമ്മിലുള്ള വാഗ്വാദങ്ങളും ഗോഗ്വാവിളികളും സംഘത്തിന്റെ സൽപ്പേരും വിശ്വാസ്യതയും നശിപ്പിക്കാനേ ഉപകരിക്കൂ. സംഘത്തിലെ പ്രമുഖരായ അംഗങ്ങൾ സർക്കാരിനെ സമീപിച്ച് ഈ വൈതരണിയിൽനിന്ന് നമ്മെ രക്ഷിക്കണമെന്നപേക്ഷിച്ചുകൂടേ?

NOW ON SALE

1. Kapila Vatsyayan : Conceots of Time-Ancient and Modern	Rs. 1250.00
2. T.N. Krishnan (Ed.) : Health. Poverty and Development in India	Rs. 450.00
3. Paulo Freire : Pedagogy of the Oppressed	Rs. 247.00
4. Milan Kundera : The Farewell Party	Rs. 095.00
5. S.L. Bhyrappa : Vamshavriksha	Rs. 150.00
6. Ayn Rand : The fauntain Head	Rs. 190.00
7. John Grisham : The Runway Jury	Rs. 382.00

MODERN BOOK CENTRE
G.P.O. Junction, Thiruvananthapuram - 695 001
Phone : 331826, 331816

പത്രത്തിൽ വരുന്നതെല്ലാം ജനങ്ങൾ വിശ്വസിക്കുമെന്നു കരുതണ്ട. കേരളം അതിനു തെളിവാണ്. അല്ലെങ്കിൽ, ഞാൻ മുഖ്യമന്ത്രിയാവുമായിരുന്നില്ലല്ലോ.

മുഖ്യമന്ത്രി ഇ.കെ. നായനാർ.

ആറുമാസം കഴിഞ്ഞിട്ടുപോരേ ഈ വീമ്പിളക്കലൊക്കെ.

* * * * *

കേരളത്തിലെ ബിരുദങ്ങൾക്ക് സംസ്ഥാനത്തിനു പുറത്ത് വിലയില്ലാത്ത അവസ്ഥയാണുള്ളത്.

എ.കെ. ആന്റണി.

അത് എം.എം.ഹസ്സൻമാരുടെ ബിരുദത്തിനല്ലേ?

* * * * *

ഏറ്റവും കൂടുതൽ കഞ്ചാവുകൃഷിയുള്ളത് കേരളത്തിലാണ്. പീച്ചി, ചിമ്മിനി കാടുകളിൽ നടക്കുന്ന കഞ്ചാവുകൃഷിക്കെതിരേ നടപടിയെടുക്കാൻ മന്ത്രിതന്നെ ആത്മാർത്ഥത പ്രകടിപ്പിക്കണം.

ലോനപ്പൻ നമ്പാടൻ.

നമ്പാടൻ വീണ്ടും കള്ളം പറയുന്നു.

* * * * *

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി കൂടുതൽ കേന്ദ്രസഹായം ലഭ്യമാക്കാൻ വേണ്ടതൊക്കെ സംസ്ഥാന സർക്കാർ ചെയ്യും.

മന്ത്രി കെ.രാധാകൃഷ്ണൻ.

കേന്ദ്രവിരുദ്ധ സമരമായിരിക്കും.

* * * * *

വീട്ടിൽ കറന്റുപോയാൽ അത് ശരിയാക്കാനറിയാതെ ഇലക്ട്രിഷ്യനെ തേടിപ്പോകുന്ന ഇലക്ട്രിക്കൽ എഞ്ചിനീയർമാരാണ് നമുക്കുള്ളത്. തെങ്ങിൻതൈ പിരിച്ചുനടാൻ അറിഞ്ഞുകൂടാത്തവരും മടിക്കുന്നവരുമായ ബി.എസ്.സി അഗ്രികൾച്ചറൽ ബിരുദധാരികളും നമുക്കുണ്ട്.

വിദ്യാഭ്യാസമന്ത്രി പി.ജെ. ജോസഫ്.

മാന്യന്മാരെ അപമാനിക്കാൻ നല്ല വിരുതാണല്ലോ ജോസഫിന്.

* * * * *

അഞ്ചുവർഷംകൊണ്ട് സംസ്ഥാനം പച്ചക്കറിയാൽ സ്വയം പര്യാപ്തമാകുമെന്ന് നായനാർ പറയുന്നു. വെണ്ടയും വെള്ളരിയും മാവും നട്ട് അഞ്ചുവർഷം കഴിഞ്ഞ് കായ് പറിക്കുമെന്നാണോ ഇതിനർത്ഥം?

സി.വി.പത്മരാജൻ.

ഭരണകാലത്ത് നട്ടതെല്ലാം പറിക്കാറായല്ലോ.

* * * * *



സമഗ്ര സിനിമാ നയമുണ്ടാക്കും. ഇന്ത്യൻ സിനിമയിൽ മുൻപന്തിയിലാണ് കേരളം. എങ്കിലും അടിസ്ഥാന സൗകര്യങ്ങളില്ലാത്തതിനാൽ ജോലികൾ മിക്കതും മദിരാശിയിലാണ്. ഇതു മാറ്റാനാണ് ചലച്ചിത്ര വികസന കോർപ്പറേഷനുണ്ടാക്കിയത്.

മന്ത്രി ടി.കെ.രാമകൃഷ്ണൻ.

ഈ ചലച്ചിത്ര വികസന കോർപ്പറേഷനങ്ങ് കോടമ്പാക്കത്ത് കൊണ്ടുപോകുന്നതല്ലേ നല്ലത്.

* * * * *

വ്യവസായ മേഖലയിലെ എല്ലാ പ്രശ്നങ്ങളും പഠിച്ച് പരിഹാരം കാണാനാണ് സർക്കാർ ശ്രമിക്കുന്നത്.

മന്ത്രി സുശീലാഗോപാലൻ.

പഠിക്കാൻ അഞ്ചുകൊല്ലം മതിയാവുമോ?

* * * * *

നൂറ്റിപ്പതിനൊന്നു കൊല്ലമായി പലരും കോൺഗ്രസ്സിനെ പിളർക്കാൻ നോക്കിയിട്ടുണ്ട്. ഇനി ആരൊക്കെ ശ്രമിച്ചാലും കോൺഗ്രസ്സ് പിളരുകയുമില്ല. സംഘടന ശക്തിപ്പെടണമെന്നാണ് മുഴുവൻ പാർട്ടി അംഗങ്ങളും ആഗ്രഹിക്കുന്നത്.

കെ. കരുണാകരൻ.

മുരളി ഇതൊന്നും കേൾക്കുന്നില്ലേ?

* * * * *

പൂലർച്ചയ്ക്ക് നാലന്മണിക്കുണരുമ്പോൾ ഒരു കിളിയുടെ ചിലമ്പൽ കേൾക്കാം. ഒരു ദിവസവും അതു തെറ്റാറില്ല. തുടർന്ന് ഒന്നൊന്നായി കിളികൾ ശബ്ദിച്ചുതുടങ്ങും. ഒരു സംഘഗാനം പോലെ അത് അന്തരീക്ഷമാകെ നിറയും. വായിക്കാനറിയുംമുമ്പെ ഇങ്ങനെ കണ്ടും കേട്ടുമാണ് എന്റെ മനസ്സ് വളർന്നത്.

ഡോ. ജോർജ് ഓണക്കൂർ.

എന്നിട്ടും നല്ലൊരു പൈങ്കിളിയായില്ലല്ലോ.

* * * * *

കേരള ജനതാദൾ ആഗസ്റ്റ് മാസത്തിനു ശേഷം ഇടതുമുന്നണിയിൽ അംഗമാകും.

കെ. ചന്ദ്രശേഖരൻ.

ആഗസ്റ്റാവുമ്പോഴേക്കും കേരള ജനതാദൾ കാണുമോ?

* * * * *

തിരക്കേറിയ ബസ്സുകളിലെ യാത്രക്കാരായ സ്ത്രീകളെ ശല്യപ്പെടുത്തുന്ന പൂവാലന്മാരെ പൊലീസ് പിടികൂടിത്തുടങ്ങി. ഇന്നലെമാത്രം ബസ്സുകളിൽ നടത്തിയ പരിശോധനയിൽ ഇരുന്നൂറിലേറെ പൂവാലന്മാർ പിടിയിലായി.

വാർത്ത.

പിടിച്ചിട്ടവരെ എന്തു ചെയ്യും?

* * * * *

ദളിത് വിഭാഗത്തിൽനിന്നു മന്ത്രിമാരെ നിശ്ചയിക്കുമ്പോൾ മേമ്പൊടിക്ക് ഒരാളെ മാത്രം അവരോധിക്കുന്ന ഇന്നത്തെ ഏർപ്പാട് അവസാനിപ്പിക്കാൻ രാഷ്ട്രീയപ്പാർട്ടികൾ തയ്യാറാകണം.

എം. എം. ഹസ്സൻ.

ഒരു സ്ത്രീ കൂടി ആയാൽ മതിയോ?

* * * * *

സ്ത്രീകൾക്കെതിരേയുള്ള അതിക്രമത്തെക്കുറിച്ച് മുഖ്യമന്ത്രി നായനാർ വിലകുറഞ്ഞ തമാശകളാണു പറയുന്നത്.

കെ. ആർ. ഗൗരിയമ്മ.

തമാശ പറയാനുള്ള കഴിവാണ് നായനാരെ ഇവിടംവരെ എത്തിച്ചതെന്ന ചരിത്രസത്യം ഗൗരിയമ്മ എന്തുകൊണ്ട് മനസ്സിലാക്കുന്നില്ല.

* * * * *

ക്ഷൗരം ചെയ്യുന്നതുപോലെയാണ് അക്കാദമി ഭരണസമിതികളെ സർക്കാർ മാറ്റുന്നത്. ഓരോ സർക്കാർ വരുമ്പോഴും അവർക്ക് താത്പര്യമുള്ളവർ അക്കാദമി ഭരിക്കുന്നു.

തിക്കോടിയൻ.

കക്ഷിരാഷ്ട്രീയം ഇല്ലാത്തതുകൊണ്ടല്ലേ തിക്കോടിയൻ കോഴിക്കോടുതന്നെ ഇരിക്കേണ്ടിവന്നത്.

* * * * *

സാംസ്കാരികമന്ത്രി സിനിമാഗാനം ആലപിച്ചത് സദസ്സിന് കൗതുകമായി. ഇന്നലെ വി.ജെ.ടി ഹാളിൽ നടന്ന സത്യൻ അനുസ്മരണ ചടങ്ങിൽ ഉദ്ഘാടകനായ മന്ത്രി ടി.കെ. രാമകൃഷ്ണനാണ് സത്യൻ നായകനായി അഭിനയിച്ച സ്നേഹസീമ എന്ന ചിത്രത്തിലെ താരാട്ടുപാട്ടിന്റെ ചില വരികൾ ഈണത്തിൽ ചൊല്ലിയത്.

വാർത്ത.

വരൂ,
ഗന്ധർവ്വഗായകാ വേഗം
കാതോർത്തുനിൽക്കുന്നു കാലം.

* * * * *

കേരളത്തിൽ പ്രതിപക്ഷമുണ്ടോ ഇല്ലേ എന്ന് നായനാർക്ക് പിന്നീട് മനസ്സിലാവും.

കെ. ശങ്കരനാരായണൻ.

ഭീഷണിയാണോ?

Edited, Printed and Published by S. Jayachandran Nair on behalf of Kala Kaumudi Publications (P) Ltd. at Kala Kaumudi Press, Thiruvananthapuram
Managing Editor : M. Sukumaran